ജനകീയാസൂത്രണം

പുൽപറ്റ ഗ്രാമപഞ്ചായത്ത്



# വികസന രേഖ

അധികാരം ജനങ്ങളിലേക്ക്



ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. അവയുടെ ഉദ്ധാരണത്തിലൂടെ മാത്രമേ പുരോഗതി സാധ്യ



നമുക്ക് എന്തു കിട്ടും എന്നതിനു പകരം നമുക്ക് എന്ത് ചെയ്യാൻ കഴിയും എന്ന ചിന്തയാണ് നാടിന്റെ വികസനത്തിന് ഇന്നാവശ്യം

ഇ.എം.എസ്.
(അദ്ധ്യക്ഷൻ,
ജനകീയാസൂത്രണം
ഉന്നതതല ഉപദേശക സമിതി

114-4

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

## സമഗ്ര വികസനരേഖ

*ഒരച്ഛനമ്മക്കു പിറന്ന മക്കൾ*
*ഓർത്താലൊരൊറ്റത്തറവാട്ടുകാർ നാം*
*നാഥന്റെ മുറ്റത്തു വിളഞ്ഞു നിൽക്കും*
*നന്മുന്തിരിക്കൊത്തു മനുഷ്യവർഗ്ഗം*
*–ഉള്ളൂർ*

**ചീഫ് എഡിറ്റർ : പി. മൊയ്തീൻകുട്ടി ഹാജി (പ്രസിഡന്റ്)**

**എഡിറ്റോറിയൽ ബോർഡ്**
**പി.ഡി. നമ്പീശൻ മാസ്റ്റർ**
**ഒ.പി. ആലിബാപ്പു.**
**ഒ.പി.കെ. അബ്ദുൽ ഗഫൂർ**
**സബാഹ് പുൽപറ്റ**
**പി. അബ്ദുസ്സലാം**
**പി. അബ്ദുല്ലത്തീഫ്**
**സി. അബ്ദുൽ ജബ്ബാർ**

കവർ ഡിസൈൻ : എൻ. നടരാജൻ
ചിത്രം ആർട്സ്, തൃപ്പനച്ചി

◆

ടൈപ്പ് സെറ്റിംങ് : ഇൻഫോനെറ്റ് ഡി.ടി.പി.
കോഴിക്കോട്, ഫോൺ: 723170
നിർമ്മിതി : ഇൻഫോനെറ്റ് ക്രിയേഷൻസ്,
കോഴിക്കോട്

# ഉള്ളടക്കം

ആമുഖം
പൊതുവിവരവും ഭരണപരമായ ചരിത്രവും
സാമൂഹിക സാംസ്കാരിക ചരിത്രം
ഭൂപ്രകൃതിയും വിഭവങ്ങളും
വികസന മേഖലകളുടെ അവലോകനം
കൃഷിയും ജലസേചനവും
മൃഗസംരക്ഷണവും മത്സ്യബന്ധനവും
വിദ്യാഭ്യാസം
കുടിവെള്ളം പൊതുജനാരോഗ്യം
വ്യവസായം
ഗതാഗതം ഊർജ്ജം മാർക്കറ്റ്
ഭവനനിർമ്മാണം ക്ഷേമപ്രവർത്തനങ്ങൾ
സംസ്കാരം
വനിത
സഹകരണം
പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
വിഭവസമാഹരണം
ഉപസംഹാരം.

# പുൽപറ്റ ഗ്രാമപഞ്ചായത്ത് ഭരണസമിതി

പ്രസിഡന്റ്



**പി. മൊയ്തീൻ കുട്ടി ഹാജി**

വൈസ് പ്രസിഡന്റ്



**ഇ.കെ. ആയിഷ**

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



**വി.പി. മൊയ്തീൻ കുട്ടി**

**മെമ്പർമാർ**

**ഒ.പി. മുഹമ്മദ് ഹാജി**
**പി. പത്മാവതി ടീച്ചർ**
**എം. പാത്തുമ്മ**
**ടി.പി. മെഹബൂബ്**
**പി.കെ. ഉണ്ണികൃഷ്ണൻ**
**തയ്യിൽ അലവിഹാജി**
**ഫാത്തിമ ടീച്ചർ**
**വി. മുഹമ്മദ് കുഞ്ഞി**
**കെ. അബ്ദുറഹ്മൻ ഹാജി.**

# ആമുഖം

ഇന്ത്യ നമ്മുടെ മാതൃരാജ്യം. നൂറ്റാണ്ടുകളോളം വൈദേശികാധിപത്യത്തിൽ കഴിഞ്ഞ് സാമ്പത്തികവും, സാമൂഹികവുമായി തകർന്നടിഞ്ഞ് 1947ൽ സ്വാതന്ത്ര്യം നേടിയ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യം. അധികാരത്തിന് വേണ്ടി തമ്മിൽ തല്ലിയ രാജാക്കൻമാരുടെ കാലഘട്ടം കഴിഞ്ഞ്, നമ്മുടെ മാതൃഭൂമിയുടെ ഭരണരംഗം പിടിച്ചടക്കിയ വൈദേശിക ശക്തിക്കെതിരെ, ജാതിമതപരിഗണനകൾ മാറ്റിവെച്ച് ഐതിഹാസികമായി പൊരുതി 1947 ആഗസ്റ്റ് 15ന് സ്വാതന്ത്ര്യം നേടിയ ജനത പുതിയ നൂറ്റാണ്ടിലേക്ക് കാലെടുത്തുവെക്കുന്നു. സ്വാതന്ത്ര്യത്തിന് ശേഷം അരനൂറ്റാണ്ടിലധികം കാലം കഴിഞ്ഞിരിക്കുന്നു!.

പഞ്ചവത്സരപദ്ധതികളിലൂടെ, സ്വാതന്ത്ര്യം കിട്ടിയതിന് ശേഷം ജനങ്ങളുടെ പുരോഗതി ലക്ഷ്യമാക്കി നാം പ്രവർത്തിക്കുന്നു. എട്ട് പഞ്ചവത്സര പദ്ധതികൾ നടപ്പിലായികഴിഞ്ഞിരിക്കുന്നു. പല മേഖലകളിലും വികസനം ഉണ്ടായി. എങ്കിലും ക്ഷേമരാഷ്ട്രമെന്ന നമ്മുടെ സ്വപ്നം ഇന്നും മരീചികയാണ്. ഇനിയും അനേക കാതം മുന്നോട്ട് പോവേണ്ടിയിരിക്കുന്നു. അതിശക്തമായ ഒരു കാർഷികമേഖലയുടെ ബലത്തിൽ പടുത്തുയർത്തുന്ന ഒരു വ്യാവസായിക ശക്തിയായി ഇന്ത്യ വളരേണ്ടിയിരിക്കുന്നു. കാലാകാലങ്ങളിൽ ദേശീയ സംസ്ഥാന ആസൂത്രണബോർഡുകൾ പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും, ഗ്രാമീണജനതയുടെ പ്രശ്നങ്ങൾ മനസ്സിലാക്കി വേണ്ടത്ര പരിഗണന നല്കാൻ കേന്ദ്രീകൃത ആസൂത്രണത്തിന് കഴിയാതെ പോവുകയാണ്. അധികാര വികേന്ദ്രീകരണം മാത്രം പോരാ; ആസൂത്രണ വികേന്ദ്രീകരണം കൂടി വേണം. അതെ. താഴെതട്ടിൽനിന്നാരംഭിക്കണം ആസൂത്രണം. അവിടെയാണ് ജനകീയാസൂത്രണത്തിന്റെ പ്രസക്തി.

പുതിയ പഞ്ചായത്ത് രാജ് നിയമം, സ്വതന്ത്ര ഇന്ത്യയുടെ പാർലമെന്റിൽ വളരെ വൈകി മാത്രം രൂപം കൊണ്ട സുപ്രധാന നിയമം നാളെത്തെ പുത്തൻ പ്രതീക്ഷയായി നിലനിൽക്കുന്നു. ഈ നിയമത്തിന്റെ ചുവടുപിടിച്ച് കേരള നിയമസഭ പാസ്സാക്കിയ പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് നിലവിൽവന്ന ത്രിതല പഞ്ചായത്തുകളിലൂടെ, ഗ്രാമസഭകളിലൂടെ വിശദമായ ചർച്ചകൾ നടത്തി 9ാം പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും ഇന്ത്യക്ക് തന്നെ മാതൃകയായി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി മാറുന്നു. ആസൂത്രണം മൂലം ഫലം ലഭിക്കേണ്ടത് യഥാർത്ഥത്തിൽ ആർക്കാണോ അവർ തങ്ങൾക്ക് വേണ്ട പദ്ധതികൾ രൂപപ്പെടുത്തുന്ന ജനകീയ ജനാധിപത്യവും അതിലൂടെ രൂപപ്പെടുന്ന പുത്തൻ രാഷ്ട്രീയ സംസ്കാരവും വീണ്ടും കേരളം ഇന്ത്യക്ക് മാതൃകയാവുന്നുവെന്നതിന്റെ ഉദാഹരണമാണ്.

# ജനകീയ ആസൂത്രണം പഞ്ചായത്ത് തലപ്രവർത്തനങ്ങൾ ഒരു വിലയിരുത്തൽ

## ഒന്നാംഘട്ടം

സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും ഒമ്പതാം പദ്ധതി ജനകീയ പദ്ധതി ആക്കാൻ തീരുമാനിച്ചതോടുകൂടി തന്നെ ഈ പഞ്ചായത്തിലും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. രണ്ട് വാർഡിന് ഒരാൾ എന്ന തോതിൽ DRP മാരെ തെരഞ്ഞെടുത്തു. അരീക്കോട് 14.9.96 മുതൽ 16.9.96 കൂടിയുള്ള ദിവസങ്ങളിൽ നടന്ന ഒന്നാംഘട്ട ജില്ലാതല പരിശീലന ക്യാമ്പിൽ ഈ പഞ്ചായത്തിൽ നിന്നും 8 പേർ പങ്കെടുത്തു. P.D. നമ്പീശൻ മാസ്റ്റർ, O.P. ആലി ബാപ്പു, അബ്ദുൽ ഗഫൂർ, സബാഹ് പുൽപ്പറ്റ, E.അബു, ചന്ദ്രശേഖരൻ മാസ്റ്റർ, O.P. ലത്തീഫ്, P. അബ്ദുസ്സലാം എന്നിവരായിരുന്നു അവർ. പരിശീലനത്തിന്റെ അവസാനദിവസം പഞ്ചായത്തു തല ശില്പശാലക്കു രൂപരേഖ തയ്യാറാക്കി. P.D. നമ്പീശൻ മാസ്റ്ററെ DRP കൺവീനറായും, O.P. ആലിബാപ്പുവിനെ കോ ഓർഡിനേറ്ററായും തെരഞ്ഞെടുത്തു. തുടർന്ന് 19.9.96 ന് പുൽപ്പറ്റ G.L.P. സ്കൂളിൽ വച്ച് പഞ്ചായത്ത് തല ശില്പശാല നടത്തി. ഒരു വാർഡിൽ നിന്നും തെരഞ്ഞെടുത്ത 5 L.R.P മാരും പഞ്ചായത്ത് മെമ്പർമാരും ഉദ്യോഗസ്ഥരും മറ്റുമായി 100ലധികം പേർക്ക് ഈ ഘട്ടത്തിൽ പരിശീലനം നൽകി. തുടർന്ന് ഗ്രാമസഭകൾ നടത്താനുള്ള സമയബന്ധിത പദ്ധതികൾ തയ്യാറാക്കി.

## ഗ്രാമസഭകൾ:

ഒന്നാംഘട്ട ജനകീയ ആസൂത്രണ പരിപാടിയുടെ ഉത്പന്നമായിരുന്നുവല്ലോ വിശേഷാൽ ഗ്രാമസഭകൾ. ഓരോ വാർഡിലും വിപുലമായ സ്വാഗതസംഘങ്ങൾ രൂപീകരിച്ച് വ്യാപകമായ പ്രചരണം നടത്തിയ ഗ്രാമസഭകൾ ശരിക്കും ഒരു ഗ്രാമീണ ഉത്സവത്തിന്റെ പ്രതീതി ജനിപ്പിച്ചിരുന്നു. ഒരു ദിവസം 2 വാർഡിൽ എന്ന തോതിൽ 24.9.96 മുതൽ 30.9.96 കൂടിയുള്ള ദിവസങ്ങളിലായിരുന്നു ഗ്രാമസഭകൾ നടന്നിരുന്നത്. തങ്ങളുടെ ആവശ്യങ്ങൾ ഉന്നയിക്കാൻ വീട്ടുജോലിയും കൂലിപണിയും ഒഴിവാക്കി സ്ത്രീകളും പട്ടികജാതിക്കാരും വൻതോതിൽ പങ്കെടുത്തു എന്നത് എടുത്തുപറയത്തക്ക പ്രത്യേകതയായിരുന്നു. എല്ലാ ഗ്രാമസഭകളിലും ഈ പഞ്ചായത്തിന്റെ നായകനായ പ്രസിഡണ്ട് ശ്രീ. P:. മൊയ്തീൻ കുട്ടി ഹാജി അദ്ധ്യക്ഷം വഹിച്ചു. ഈ പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ജില്ലാപഞ്ചായത്ത് മെമ്പർ M.C. മുഹമ്മദ് ഹാജി ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ M.C.കുഞ്ഞാലൻകുട്ടി, രോഹിണി മുത്തൂർ എന്നിവർ വിവിധ ഗ്രാമസഭകൾ ഉദ്ഘാടനം ചെയ്തു. 5 ഗ്രൂപ്പുകളായിട്ടായിരുന്നു ഗ്രാമസഭകളിൽ ചർച്ച നടന്നിരുന്നത്. ചർച്ചകൾ ഫലപ്രദവും സജീവവുമായിരുന്നു. 12 വാർഡുകളിൽ നടന്ന ഗ്രാമസഭകളിൽ ഏതാണ്ട് 2500 ആളുകൾ പങ്കെടുത്തു. ശരാശരി ഓരോ ഗ്രാമസഭയിലും 200 ആളുകൾ പങ്കെടുത്തിരുന്നു. ഗ്രാമസഭകളിൽ 25% സ്ത്രീകളും 15% പട്ടികജാതിക്കാരും പങ്കെടുത്തു.

ഗ്രാമസഭകൾക്കുശേഷം DRPമാരും LRPമാരും മറ്റു വിദഗ്ധർമാരും ചേർന്ന് ഗ്രാമസഭ റിപ്പോർട്ട് ക്രോഡീകരിച്ചു. അതോടൊപ്പം തന്നെ ദ്വിതീയ വിവരശേഖരണത്തിനുള്ള ചെറിയ ഗ്രൂപ്പുകൾ രൂപീകരിക്കുകയും ചെയ്തിരുന്നു.

## രണ്ടാംഘട്ടം

കിഴിശ്ശേരി ഗണപത് U.P. സ്കൂളിൽ വെച്ച് 26.10.96 മുതൽ 28.10.96 കൂടിയുള്ള 3 ദിവസങ്ങളിലായി നടന്ന രണ്ടാംഘട്ട ജില്ലാതല പരിശീലന ക്യാമ്പിൽ ആദ്യഘട്ടത്തിൽ പങ്കെടുത്ത DRPമാരും പഞ്ചായത്ത് പ്രസിഡണ്ട്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, മെമ്പർമാർ എന്നിവരും പങ്കെടുത്തു. തുടർന്ന് 2.11.96 ന് പുൽപ്പറ്റ ഗവർമ്മെണ്ട് എൽ.പി.സ്കൂളിൽ വച്ചു നടന്ന രണ്ടാംഘട്ട ശില്പശാലയിൽ LRPമാർ, ഉദ്യോഗസ്ഥർ തുടങ്ങി 80ഓളം ആളുകൾ പങ്കെടുത്തു.

## പഠനപര്യടനവും വിഭവ ഭൂപട നിർമ്മാണവും

രണ്ടാംഘട്ട പരിശീലനത്തെ തുടർന്ന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ

DRPമാർ, പഞ്ചായത്ത് മെമ്പർമാർ, PHC, വില്ലേജ്, കൃഷിഭവൻ, വിദ്യാഭ്യാസവകുപ്പിലെ ഉദ്യോഗസ്ഥർ പഞ്ചായത്ത് ഓഫീസിൽ കൂടിയിരുന്ന് വിഭവഭൂപട നിർമ്മാണത്തെക്കുറിച്ച് ചർച്ച ചെയ്യുകയും പഠനപര്യടനത്തിനുള്ള റൂട്ട് നിശ്ചയിക്കുകയും ചെയ്തു. തുടർന്ന് രണ്ടു ദിവസങ്ങളിലായി ഈ പഞ്ചായത്തിലെ മുഴുവൻ ഭൂപ്രകൃതിയും ബന്ധപ്പെടുത്തികൊണ്ട് 2 സംഘങ്ങൾ പഠനപര്യടനം നടത്തി.

## ദേശീയ പുനരർപ്പണദിനം

ജനകീയ ആസൂത്രണ പരിപാടിക്ക് തുടക്കം കുറിച്ചുകൊണ്ട് കേരളപ്പിറവിദിനമായ നവംബർ 1ന് സംസ്ഥാന വ്യാപകമായി നടന്ന പുനരർപ്പണദിനം ഈ പഞ്ചായത്തിൽ സമുചിതമായി ആചരിച്ചു. പഞ്ചായത്ത് ബോർഡ് യോഗം ചേർന്ന് അന്ന് ഓരോ വാർഡിലും ഒരു 'ജനാധിപത്യ റോഡ്' ജനകീയ പങ്കാളിത്തത്തോടുകൂടി നിർമ്മിക്കാൻ തീരുമാനിച്ചു. തുടർന്ന് 1ാം തീയതിയും തുടർന്നുള്ള ദിവസങ്ങളിലുമായി 12 വാർഡുകളിലും ഓരോ പുതിയ റോഡുകൾ നിർമ്മിച്ചു. ഓരോ വാർഡിലും ശരാശരി 150-200 ആളുകൾ ഈ പുത്തൻ വികസന പ്രവർത്തനത്തിൽ പങ്കാളികളായി. പ്രസ്തുത പ്രവൃത്തിയുടെ ഒരു വീഡിയോ കവറേജ് തന്നെ പഞ്ചായത്ത് റെക്കോർഡു ചെയ്തിട്ടുണ്ട്.

### പുനരർപ്പണദിനത്തിന്റെ ഭാഗമായി നടന്ന പ്രവൃത്തികൾ.

| വാർഡ് | പ്രവൃത്തി |
|---|---|
| I | കോടാമ്പറ്റ-അമ്പലകണ്ടി റോഡ്. |
| II | കൂട്ടാവിൽ-ചെമ്പാറ റോഡ് |
| III | കുന്നത്തീരി റോഡ്<br>അക്ഷര റോഡ് |
| IV | ചെകിരിയൻ മൂച്ചി-കവലപ്പാറ റോഡ് |
| V | കല്ലച്ചാൽ-ചോലയിൽ -മാറാണിപടി- ലക്ഷംവീട് റോഡ് |
| VI | പാലാട്ടുകുണ്ട് റോഡ് |
| VII | ചെമ്പ്രീരിസൗത്ത് തൃപ്പനച്ചി റോഡ് |
| VIII | വായനശാല-ആരക്കോട് റോഡ് |
| IX | തൃപ്പനച്ചി-അങ്ങാടി നീരുഴി റോഡ് |
| X | |
| XI | ഒയലം കുന്ന് കോളനി റോഡ് |
| XII | കിഴക്കേപ്പടി-കാവുങ്ങപാറ റോഡ്. |

### വികസനറിപ്പോർട്ട് തയ്യാറാക്കൽ

ഗ്രാമസഭറിപ്പോർട്ട് ക്രോഡീകരണം, ദ്വിതീയ വിവരശേഖരണം, പഠനപര്യടന വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി 10.11.96ന് വികസനറിപ്പോർട്ട് തയ്യാറാക്കൽ ആരംഭിച്ചു. DRPമാരും പഞ്ചായത്ത് മെമ്പർമാരും കൂടിയിരുന്ന് 5 ദിവസം കൊണ്ട് വികസനറിപ്പോർട്ടിന്റെ ഏകദേശരൂപം തയ്യാറാക്കി. തുടർന്ന് LRPമാർ, വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട വിദഗ്ധർ ഉദ്യോഗസ്ഥർ എന്നിവരുടെ സഹായത്തോടെ 17.11.96 ന് വികസന റിപ്പോർട്ടിന് അന്തിമ രൂപം നൽകി. തുടർന്ന് പഞ്ചായത്ത് ബോർഡ് യോഗം ചേർന്ന് അംഗീകരിച്ചു പ്രസിദ്ധീകരിച്ച റിപ്പോർട്ടാണ് നിങ്ങളുടെ കൈകളിൽ എത്തിയിട്ടുള്ളത്.

# പൊതുവിവരവും ഭരണപരമായ ചരിത്രവും

## 1. പൊതുവിവരം

പഞ്ചായത്തിന്റെ പേര് : പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജ് : പുൽപ്പറ്റ

ബ്ലോക്ക് പഞ്ചായത്ത്

ഡിവിഷനുകൾ :പൂക്കൊളത്തൂർ, പുൽപ്പറ്റ

ബ്ലോക്ക് പഞ്ചായത്ത് : അരീക്കോട്

താലൂക്ക് : ഏറനാട്

ജില്ല : മലപ്പുറം

അസംബ്ലി മണ്ഡലം : മഞ്ചേരി

വിസ്തീർണ്ണം : 30.12 ചതുരശ്ര കി.മീറ്റർ

ജനസംഖ്യ : 29570

വാർഡുകളുടെ എണ്ണം : 12

പ്രസിഡണ്ട് :P. മൊയ്തീൻ കുട്ടി ഹാജി

വൈസ് പ്രസിഡണ്ട് : E.K. ആയിഷ

## 2. ഭരണപരമായ ചരിത്രം

പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ ഡിസ്ട്രിക്ടിൽ 1956ൽ ആണ് പരീക്ഷണാർത്ഥം ചില പഞ്ചായത്തുകൾ നിലവിൽ വരുന്നത്. ആ കൂട്ടത്തിൽ നിലവിൽ വന്ന ഒരു പഞ്ചായത്ത് ആണ് നമ്മുടേത്. അതായത് ഐക്യകേരളം നിലവിൽ വരുന്നതിന് മുമ്പ് തന്നെ നമ്മുടെ പഞ്ചായത്ത് രൂപീകൃതമായിട്ടുണ്ട്. പുല്പറ്റ അംശം എന്ന പേരിലറിയപ്പെട്ടിരുന്ന പുല്പറ്റ, പൂക്കൊളത്തൂർ, ഒളമതിൽ, ചെറുപുത്തൂർ, തോട്ടേക്കാട്, കാരാപറമ്പ് ഭാഗങ്ങളായിരുന്നു അന്നത്തെ പുൽപ്പറ്റ പഞ്ചായത്ത്. കാരാപറമ്പ് ആയിരുന്നു അന്നത്തെ പഞ്ചായത്താസ്ഥാനം. E. കുഞ്ഞുമുഹമ്മദാണ് ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട്. E. മൊയ്തീൻകുട്ടി, K. ബാലകൃഷ്ണൻനായർ, V. മൊയ്തീൻകുട്ടി, O.P. കുഞ്ഞാലൻകുട്ടി, P. ചാത്തൻ, P.C. അഹമ്മത് മൊല്ല എന്നിവരായിരുന്നു ആദ്യഭരണസമിതിയംഗങ്ങൾ. ഈ സമിതി 16.10.56 മുതൽ പ്രവർത്തനം നടത്തിയിരുന്നതായി പഞ്ചായത്ത് രേഖകളിൽ നിന്ന് മനസ്സിലാകുന്നു. ആദ്യപ്രസിഡണ്ട് E.കുഞ്ഞിമുഹമ്മദ് അക്കാലത്ത് മദ്രാസിൽ പോയിട്ടാണ് പഞ്ചായത്തിനാവശ്യമായ റെക്കോർഡുകൾ കൊണ്ടുവന്നിരുന്നത്. പ്രഥമ പ്രസിഡണ്ട് രാജിവെച്ചശേഷം വൈസ് പ്രസിഡണ്ടായിരുന്ന E. മൊയ്തീൻകുട്ടി ചാർജ്ജ് ഏറ്റെടുത്തു. 1960 വരെ അദ്ദേഹം തുടർന്നു. പിന്നീട് E.V. അബൂബക്കർ എതിരില്ലാതെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. 1964 ലെ പഞ്ചായത്ത് പുനഃസംവിധാനം വരെ അദ്ദേഹം തുടർന്നു.

1964 ലെ പഞ്ചായത്ത് പുനഃസംഘടനയിൽ പഞ്ചായത്ത് അതിർത്തി വികസിപ്പിച്ചു. തൃപ്പനച്ചി അംശത്തിൽ ഉൾപ്പെട്ടിരുന്ന തൃപ്പനച്ചി പാലക്കാട്, മുത്തന്നൂർ പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തി ഇന്നത്തെ പഞ്ചായത്തിന്റെ രൂപമായി മാറി. പിന്നീട് 1964 ൽ ബാലറ്റ് അടിസ്ഥാനത്തിൽ 7 വാർഡുകളിലായി നടന്ന തെരഞ്ഞെടുപ്പിൽ വികസിപ്പിച്ച പുൽപ്പറ്റ പഞ്ചായത്തിന്റെ പ്രഥമ ഭരണസമിതിയംഗങ്ങൾ E.V. അബൂബക്കർ (പ്രസിഡണ്ട്) T.P. മുഹമ്മത് മുസ്ലിയാർ (വൈസ് പ്രസിഡണ്ട്) P. മമ്മതിശ്ല, N.M. മൊയ്തീൻകുട്ടി, K.K. ഗോവിന്ദൻ നായർ, E.മൊയ്തീൻകുട്ടി ഹാജി, T. മറിയം, P. കാരി എന്നിവരായിരുന്നു. 1964 ജൂലായ് 25ന് മെമ്പർ സ്ഥാനത്ത് തുടരാൻ അയോഗ്യത കൽപിച്ച T. മറിയത്തിനുപകരം K. ഉണ്ണിയ്യ ടീച്ചറെ തെരഞ്ഞെടുത്തു. ശ്രീ. കെ.കെ. ഗോവിന്ദൻ മാസ്റ്റർ രാജി വച്ച ഒഴിവിൽ മുത്തന്നൂർ (IV) വാർഡിൽ നിന്നും എതിരില്ലാതെ തെരഞ്ഞെടുത്ത O.P.K മുഹമ്മദ് (മുല്ലേങ്ങൽ) 1966 നവംബർ 1 മുതൽ ഈ ഭരണസമിതിയംഗമായി. 1967 ജനുവരി 21 ന് C.M. ശാരദ വനിത മെമ്പർ എന്ന നിലയിൽ ഈ സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടു.

10.8.72 മുതൽ ശ്രീ. P. മമ്മതിശ്ശയെ പ്രസിഡണ്ടായി തെരഞ്ഞെടുത്തു. 16 വർഷം നീണ്ട ഭരണസമിതിയുടെ പ്രവർത്തനം അവസാനിക്കുന്നത് 1979 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പോടെയാണ്. 1979 ലെ തെരഞ്ഞടുപ്പിൽ 9 വാർഡുകളായിരുന്നു. 197988 കാലത്തെ ഭരണസമിതിയിൽ O.P. മുഹമ്മദ് ഹാജി പ്രസിഡണ്ടും K.P.ബീരാൻകുട്ടി വൈസ് പ്രസിഡണ്ടുമായിരുന്നു. ഭരണസമിതി മെമ്പർമാർ O.P. മുഹമ്മദ് ഹാജി (1ാം വാർഡ്) K.P. ബീരാൻകുട്ടി (2ാം വാർഡ്) K.V. ജയലക്ഷ്മി (3ാം വാർഡ്) ചൂലൻ (4ാം വാർഡ്) K. ഹംസ ഹാജി (5ാം വാർഡ്) T.P. രായിൻ ഹാജി (6ാം വാർഡ് ) P.മമ്മതിശ്ശ (7ാം വാർഡ് ) P.D. നമ്പീശൻ (8ാം വാർഡ്) ചോലയിൽ മുഹമ്മദ് ഹാജി (9ാം വാർഡ്) എന്നിവരായിരുന്നു.

1988ൽ നടന്ന തെരഞ്ഞെടുപ്പിൽ O.P. മുഹമ്മദ് ഹാജി പ്രസിഡണ്ടും ചോലയിൽ മുഹമ്മദ് ഹാജി വൈസ് പ്രസിഡണ്ടുമായിരുന്നു. അന്നത്തെ ഭരണസമിതിയംഗങ്ങൾ O.P. മുഹമ്മദ് ഹാജി (വാർഡ് 1) E. അബൂബക്കർ (വാർഡ് 2) A.P. വിശ്വനാഥൻ (വാർഡ് 3) P.V. ആമിന (വാർഡ് 4) പുക്കോടൻ മുഹമ്മദ് ഹാജി (വാർഡ് 5) V. മുഹമ്മദ് കുഞ്ഞി (വാർഡ് 6) K.T. സൈതലവി ഹാജി (വാർഡ് 7) M.C. അഹമ്മദ് കുട്ടി (വാർഡ് 8) P. സരോജിനി (വാർഡ് 9) ചോലയിൽ മുഹമ്മദ് ഹാജി (വാർഡ് 10) എന്നിവരായിരുന്നു. ചോലയിൽ മുഹമ്മദ് ഹാജിയുടെ നിര്യാണത്തെ തുടർന്ന് M.C. അഹമ്മദ് കുട്ടിയെ വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുത്തു.

1992ലെ 73-ാം ഭരണഘടന ഭേദഗതി പ്രകാരം നിലവിൽവന്ന പുതിയ ത്രിതലപഞ്ചായത്ത് സംവിധാനം അനുസരിച്ച് 1995 സെപ്റ്റംബർ 25ന് നടന്ന പുതിയ പഞ്ചായത്ത് തെരഞ്ഞെടുപ്പിലൂടെ നിലവിൽ വന്ന ഭരണസമിതിയാണ് ഇപ്പോൾ നിലവിലുള്ളത്. 1995 ഒക്ടോബർ 2ന് നിലവിൽ വന്ന ഈ ഭരണസമിതിയിൽ പ്രസിഡണ്ട് P.മൊയ്തീൻകുട്ടി ഹാജിയും വൈസ് പ്രസിഡണ്ട് E.K. ആയിഷ യുമാണ്.

## നിലവിലുള്ള ഭരണസമിതി അംഗങ്ങൾ

P. മുഹമ്മദ് ഹാജി (വാർഡ് 1), P. പത്മാവതി ടീച്ചർ (വാർഡ് 2), V.P. മൊയ്തീൻ കുട്ടി (വാർഡ് 3), E.K. ആയിഷ (വാർഡ് 4), K. പാത്തുമ്മ (വാർഡ് 5), P. മൊയ്തീൻ കുട്ടി ഹാജി (വാർഡ് 6), T.P. മെഹബൂബ് (വാർഡ് 7), P.K. ഉണ്ണികൃഷ്ണൻ (വാർഡ് 8), തയ്യിൽ അലവി ഹാജി (വാർഡ് 9), C.P. ഫാത്തിമ (വാർഡ് 10), V.മുഹമ്മദ് കുഞ്ഞി (വാർഡ് 11), K. അബ്ദുറഹിമാൻ ഹാജി (വാർഡ് 12).

23.1.1972 ലാണ് നിലവിലുള്ള പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനം ചെയ്തത്. 1972ലാണ് പുൽപറ്റയിൽ നിന്ന് പൂക്കൊളത്തൂരിലേക്ക് പഞ്ചായത്ത് ആഫീസ് മാറ്റിയത്. O.P. ചേക്കുട്ടി ഹാജി സംഭാവന ചെയ്ത സ്ഥലത്താണ് പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്നത്.

## c) നിലവിലുള്ള അതിർത്തികൾ:

ഈ പഞ്ചായത്തിന്റെ പടിഞ്ഞാറ് കുഴിമണ്ണ പഞ്ചായത്തും കിഴക്ക് മഞ്ചേരി മുനിസിപ്പാലിറ്റി, തൃക്കലങ്ങോട് പഞ്ചായത്ത് എന്നിവയും വടക്ക് കാവന്നൂർ, തൃക്കലങ്ങോട് പഞ്ചായത്തും തെക്ക് മൊറയൂർ, പൂക്കോട്ടൂർ പഞ്ചായത്തും സ്ഥിതി ചെയ്യുന്നു.

## D) വിവിധ ഓഫീസുകൾ:

പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, കൃഷിഭവൻ, VEO ഓഫീസ്, ഫസ്റ്റ് ക്ലാസ് ജുഡീഷൻ കോടതി (ഫോറസ്റ്റ്), തൃപ്പനച്ചി PHC, ചെറുപുത്തൂർ ഹോമിയോ ആശുപത്രി, പൂക്കൊളത്തൂർ മൃഗാശുപത്രി, 3 ഗവ: എൽ.പി.സ്കൂൾ, 7 എയിഡഡ് L.P. സ്കൂൾ, U.P. സ്കൂളുകൾ 1 ഹൈസ്കൂൾ, 6 സബ്സെന്ററുകൾ എന്നിവയാണ്

# സാമൂഹിക സാംസ്ക്കാരിക ചരിത്രം

നമ്മുടെ പഞ്ചായത്തിൽ ലിഖിതമായ ഒരു ചരിത്രം ഒന്നും ഇല്ലെങ്കിലും കേട്ടറിവുകൾ വെച്ചു നോക്കുമ്പോൾ സമ്പുഷ്ടമായൊരു ഭൂതകാലം നമുക്കുണ്ടായിരുന്നതായി മനസ്സിലാക്കാം. പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ ഡിസ്ട്രിക്ടിലെ പിന്നോക്കം നിൽക്കുന്ന ഏറനാട്ടിലെ കർഷക ഗ്രാമമായിരുന്നു പുൽപറ്റ. കാർഷിക വൃത്തിയെമാത്രം ആശ്രിയിച്ചികഴിഞ്ഞിരുന്ന പഴയ തലമുറ ജന്മി കുടിയാൻ സമ്പ്രദായം ശക്തമായി നിലനിന്നിരുന്ന പ്രദേശം. നമ്മുടെ പല പ്രദേശങ്ങളുടെയും പേരുകൾ പരിശോധിക്കുമ്പോൾ സമ്പന്നമായൊരു ഭൂതകാലത്തെ കുറിച്ച് സൂചനകൾ ലഭിക്കുന്നു. തൃപനച്ചി, പൂക്കളത്തൂർ, ചെറുപുത്തൂർ, വളമംഗലം എന്നീ പേരുകൾ തന്നെ ഇതിനു ഉദാഹരണം. പഴയകാലത്ത് സവർണമേധാവിത്വം കൊടികുത്തി വാണിരുന്ന പ്രദേശമായിരുന്നു ഇന്നറിയപ്പെടുന്ന പുല്പറ്റ പഞ്ചായത്തിന്റെ പല ഭാഗങ്ങളു.

പഴയകാലത്ത് 72 ഓളം മനകൾ ഉണ്ടായിരുന്നതായി പറയുന്നു. ഈ മനകളിലെല്ലാം നമ്പൂതിരിമാരായിരുന്നു താമസിച്ചിരുന്നത്. അവർ ജന്മിമാരായിരുന്നു. പഞ്ചായത്തിന്റെ പലഭാഗത്തും ഇന്നും കാണപ്പെടുന്ന പഴയക്ഷേത്രങ്ങൾ പഴയ കാലത്തെ ആഡ്യ സംസ്ക്കാരത്തിന്റെ പോരിമ വിളിച്ചിറയിക്കുന്ന സാമൂതിരി വാഴ്ചകാലത്ത് നിർമ്മിച്ച തൃപ്പനച്ചിയിലെ ശിവക്ഷേത്രം ഇന്നും ഭക്തന്മാരെ ആകർഷിക്കുന്നു.

അക്കാലത്ത് ജനവിഭാഗങ്ങളിലധികവും ശാലിയന്മാരും, ചെട്ടിയന്മാരും മറ്റു കുല തൊഴിൽ എടുത്തു ജീവിച്ചിരുന്നവരും ആയിരുന്നു. ടിപ്പുവിന്റെ വരവോടെയാണ് സാമൂഹിക ഘടനയിൽ മാറ്റങ്ങൾ ഉണ്ടായത്. ക്രമേണ മുസ്ലീങ്ങളുടെ എണ്ണം മനഃപരിവർത്തനത്തിലൂടെയും മറ്റും കൂടിക്കൂടി വന്നു. എന്നാൽ ജന്മിത്വവും, സവർണമേധാവിത്വവും യാതൊരു മാറ്റവും ഇല്ലാതെ തുടരുകയും ചെയ്തു.

പഴയ കാലത്തെ കാർഷിക ചരിത്രം പരിശോധിക്കുമ്പോൾ പുല്പറ്റ പഞ്ചായത്തിലെ പല ഭാഗങ്ങളിലും വൻ തോതിൽ നെല്ലുല്പാദിപ്പിച്ചിരുന്നതായി കാണാൻ കഴിയും. ഒരുപൂ, ഇരുപൂ, മുപ്പൂ നിലങ്ങൾ പാട്ട വ്യവസ്ഥയിൽ ആയിരുന്നു. കുടിയാന്മാർ കൃഷിചെയ്തിരുന്നു. ഭൂമിയുടെ ഉടമസ്ഥാവകാശം പരിപൂർണ്ണമായും ജന്മിമാരിൽ നിലകൊണ്ടു. കുടിയാൻ ഒന്നുമില്ലെങ്കിലും, ജന്മിക്ക് കൊടുക്കേണ്ട പാട്ടം നൽകിയേ മതിയാവൂ. അല്ലെങ്കിൽ ഒഴിപ്പിക്കൽ നടപടി നേരിടേണ്ടിവന്നിരുന്നു. മാത്രമല്ല അക്കാലത്ത് നാണ്യയിളവുകളായ തെങ്ങ്, കവുങ്ങ്, കശുവണ്ടി എന്നിവ തുലോം കുറവായിരുന്നു. കാരണം ഭൂമിയുടെ ഉടമസ്ഥാവകാശം ജന്മിമാരിൽ കുടികൊണ്ടിരുന്നതിനാൽ അത്തരം ദീർഘകാല നാണ്യവിളവുകൾ ഉണ്ടാക്കാൻ കുടിയാന്മാർ മടിച്ചിരുന്നു. ഈ സ്ഥിതി വിശേഷം നമ്മുടെ നാട്ടിൽ മാറിയത്, ഭൂപരിഷ്ക്കരണ നിയമങ്ങളുടെ വരവോടെയാണ്. എന്നാൽ എടുത്തുപറയേണ്ട ഒരു കാര്യം, പഴയ കാലത്ത് നമ്മുടെ നാട്ടിൽ ധാരാളം ഇഞ്ചി കൃഷിയും. കുരുമുളക് കൃഷിയും ഉണ്ടായിരുന്നു എന്നുള്ളതാണ്.

വിദ്യാഭ്യാസപരമായി ആദ്യകാലങ്ങളിൽ സവർണ കുടുംബങ്ങളിൽ സംസ്കൃത പഠനം സജീവമായിരുന്നു. പിന്നീട്കൂടി പള്ളിക്കൂടങ്ങൾ നിലവിൽ വരികയും, മലയാള പഠനം ആരംഭിക്കുകയും ചെയ്തു. മുസ്ലീംകളുടെ ഇടയിൽ ഓത്തുപള്ളികൾ സജീവമായിരുന്നു. അത്യാവശ്യ മതപഠനം നടത്തിയിരുന്നത് ഈ ഓത്തുപള്ളികളിലൂടെയാണ് 1915ൽ തൃപ്പനച്ചിയിൽ ആണ് പഞ്ചായത്തിൽ ആദ്യമായി ഒരു എൽ.പി.സ്ക്കൂൾ നിലവിൽ വരുന്നത്. അദ്യകാലത്ത് വളമംഗലത്ത് ഒരു സർക്കാർ സ്ക്കൂൾ ഉണ്ടായിരുന്നത്. ചില സാങ്കേതിക കാരണങ്ങളാൽ ഇല്ലാതായി. ഒരുപാട് ചരിത്ര സംഭവങ്ങൾക്ക് നമ്മുടെ പ്രദേശങ്ങൾ സാക്ഷ്യം വഹിച്ചിട്ടുണ്ട്. 1921 ലെ ലഹള കാര്യമായി ഈ പ്രദേശങ്ങളെ ബാധിച്ചിരുന്നില്ല.

എന്നാൽ ബ്രിട്ടീഷു പട്ടാളം ഈ ഭാഗങ്ങളിലൂടെയെല്ലാം ലഹളക്കാരെയും തേടി നടന്നിരുന്നതായി പഴമക്കാർ പറയുന്നു. അതുപോലെ പഴമക്കാർ അനുസ്മരിക്കുന്ന മറ്റൊരു കാര്യം 1930 കളിൽ ഉണ്ടായ കൊടുങ്കാറ്റ് ആണ്. അന്ന് വൻനാശനഷ്ടങ്ങൾ പല ഭാഗങ്ങളിലും ഉണ്ടായി. 1939 40 കളിൽ ഉണ്ടായ കോളറയും രണ്ടാം ലോകമഹായുദ്ധ കാലത്തുണ്ടായ കടുത്ത ഭക്ഷ്യക്ഷാമവും ഇന്നും പഴമക്കാർ ഓർക്കുന്ന ദുരിതങ്ങളാണ്.

ദേശീയ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തോട് കൂടിയാണ് ഇവിടെയും മാറ്റങ്ങൾ ഉണ്ടായത്. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കും, അനാചാരങ്ങൾക്കും എതിരായി സമൂഹ മനഃസാക്ഷി ഉണരാൻ തുടങ്ങിയത് ഈ കാലഘട്ടത്തിലാണ്. ഇത് ദൂരവ്യാപകമായ ഫലങ്ങൾ നമ്മുടെ പഞ്ചായത്തിലും ഉണ്ടാക്കി. സാമൂഹ്യസംസ്കാരിക മണ്ഡലങ്ങളിൽ ഒരു കൂട്ടായ്മ രൂപപ്പെട്ടു വന്നു. ഗതാഗതരംഗത്ത് യാതൊരു വിധ സൗകര്യങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നില്ല. പഴയകാലത്ത് 'ഊടുവഴികൾ' അഥവാ ഊരുവഴികൾ ആയിരുന്നു ഉണ്ടായിരുന്നത്. ഇതിന് ഒരു മാറ്റം വരുന്നത് സ്വാതന്ത്ര്യത്തിന് ശേഷം മാത്രമാണ്.

സാമൂഹിക രംഗത്തെ ചരിത്രം വിലയിരുത്തുമ്പോൾ ഗ്രന്ഥശാലകളുടെ പ്രവർത്തനം വിസ്മരിച്ചു കൂടാ. 1963 കാലം തൊട്ട് നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വായനശാലകൾ ഉണ്ടായി. പുല്പറ്റ, തൃപ്പനച്ചി, പാലക്കാട് എന്നിവിടങ്ങളിലുള്ള വായനശാലകൾ എടുത്തുപറയേണ്ടവയാണ്. സാഹിത്യ രംഗത്ത് പ്രഗൽഭമതികളായ വരും നമ്മുടെ പഞ്ചായത്തിലുണ്ട്. അക്കൂട്ടത്തിൽ സ്മരണീയൻ അന്തരിച്ച തേലപ്പുറത്ത് നാരായണൻ നമ്പീശൻ പ്രത്യേകം സ്മരിക്കപ്പെടേണ്ട ആളാണ്. സാമൂഹ്യരാഷ്ട്രീയ രംഗത്ത് നവോത്ഥാനത്തിനും, പുരോഗമന ആശയങ്ങളുടെ പ്രചരണത്തിനും വേണ്ടി പ്രവർത്തിച്ച മഹൽ വ്യക്തികളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരുടെയെല്ലാം പ്രവർത്തനത്തിന്റെ ഫലമായാണ് പല സാമൂഹ്യരാഷ്ട്രീയ മാറ്റങ്ങളും നമ്മുടെ നാട്ടിലുണ്ടായത്.

ഐക്യകേരളം നിലവിൽ വരുന്നതിന് മുമ്പ് തന്നെ പുല്പറ്റ പഞ്ചായത്ത് രൂപീകൃതമായിട്ടുണ്ട്. മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ ഡിസ്ട്രിക്ടിൽ 1956ൽ ആണ് പരീക്ഷണാർത്ഥം ചില പ്രദേശങ്ങളിൽ പഞ്ചായത്തുകൾ നിലവിൽ വരുന്നത്. അങ്ങിനെ നിലവിൽ വന്ന പഞ്ചായത്തുകളിൽ ഒന്നാണ് പുല്പറ്റ പഞ്ചായത്ത്.

അതെ, നമ്മുടെ പഞ്ചായത്തിന്റെ പൂർവ്വകാല ചരിത്രം മനസ്സിലാക്കി ഇന്നലെയുടെ നേട്ടങ്ങൾ ഉൾക്കൊണ്ട് ഇന്നിന്റെ വെല്ലുവിളികളെ നമുക്ക് നേരിടാം.

# ഭൂപ്രകൃതിയും വിഭവങ്ങളും

## 1. ഭൂപ്രകൃതി

മലപ്പുറം ജില്ലയിൽ ഏകദേശം മദ്ധ്യഭാഗത്ത് വടക്കോട്ടു മാറി സ്ഥിതി ചെയ്യുന്ന പുൽപ്പറ്റ പഞ്ചായത്തിന്റെ പൊതുവായ കിടപ്പ് കിഴക്കു നിന്ന് പടിഞ്ഞാറോട്ടാണ്. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്ത് പൊതുവിൽ അഞ്ചായി തരം തിരിക്കാവുന്നതാണ്.

1. ചെറു ചരിവ്
2. ഇടത്തരം ചരിവ്
3. സമതലം
4. ഉയർന്ന സമതലം
5. താഴ്‌വര

ഇവയിൽ ചരിവുകളാണ് കുടുതൽ കാണുക. സമതലങ്ങളും താഴ്‌വരകളും ഉണ്ട്. ഒരു തരം ഉറച്ച ചെമണ്ണ് ഉള്ള (Laterite) പ്രദേശമാണിത്. നെല്ല്, നാളികേരം, കശുവണ്ടി, അടയ്ക്ക എന്നിവയാണ് പ്രധാന കൃഷികൾ. തെക്കുഭാഗം കൂടുതൽ കുന്നിൻ പ്രദേശവും പടിഞ്ഞാറു ഭാഗത്തേക്ക് കൂടുതൽ സമതലവുമായിട്ടാണ് പഞ്ചായത്തിന്റെ കിടപ്പ്. പഞ്ചായത്തിലെ പ്രധാന തോട് വടക്കു പടിഞ്ഞാറോട്ടൊഴുകി ചാലിയാറിൽ ചേരുന്നു.

## കാലാവസ്ഥ

കേരളത്തിൽ അനുഭവപ്പെടുന്ന പൊതുകാലാവസ്ഥയിൽ നിന്ന് ഭിന്നമല്ല ഈ പഞ്ചായത്തിൽ ഉള്ളത്. ജൂൺമുതൽ ആഗസ്ത് വരെ ഇടവപ്പാതിയും ഒക്ടോബർ നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നു. ഡിസംബർ ജനുവരി മാസങ്ങളിൽ തണുപ്പനുഭവപ്പെടുന്നു. ഫെബ്രുവരി മുതൽ മെയ് വരെ വേനൽകാലം.

ഇടവപ്പാതി കാലത്ത് ഒന്നാംവിളയും തുലാവർഷത്തോടനുബന്ധിച്ച് രണ്ടാം വിളയും കൃഷി ചെയ്യുന്നു. അപൂർവ്വമായി മാർച്ച്, ഏപ്രിൽ മാസത്തിൽ ഇടമഴ ലഭിക്കാറുണ്ട്.

## ജലലഭ്യത:

മഴയെ ആശ്രയിച്ചുള്ള കാർഷിക വ്യവസ്ഥയാണ് നമ്മുടെ പഞ്ചായത്തിലും നിലവിലുള്ളത്. വർഷത്തിൽ ശരാശരി 2907 മില്ലിമീറ്റർ മഴ ലഭിക്കുന്ന പ്രദേശമാണിത്. വർഷപാതത്തിന്റെ കണക്കനുസരിച്ച് ലഭിക്കുന്ന മഴയുടെ 75% ഇടവപ്പാതി സമയത്താണ്. തുലാവർഷത്തിൽ ലഭിക്കുന്ന മഴയുടെ അളവ് കുറഞ്ഞാൽ അത് വരൾച്ചക്ക് കാരണമായിത്തീരാറുണ്ട്. ചില വർഷങ്ങളിൽ കിണറുകളിൽ ജലദൗർലഭ്യം അനുഭവപ്പെടുകയും കുടിവെള്ളക്ഷാമത്തിനു കാരണമാകുകയും ചെയ്യാറുണ്ട്.

ജലസ്രോതസ്സിൽ അധികവും കിണറുകളിൽ നിന്നുള്ള ജലമാണ്. കുടിക്കാനും ചെറിയ തോതിൽ കൃഷിക്കും ഇത് ഉപയോഗപ്പെടുത്തുന്നു. വാർഡുകളിൽ നടത്തിയ സർവ്വേയിൽ എടുത്തുപറയേണ്ട ഒരു കാര്യം, എല്ലാവാർഡുകളിലും പഴയകാലത്ത് നിലവിലുണ്ടായിരുന്ന കുളങ്ങളും നീരുറവകളും കണ്ടെത്തിയിട്ടുണ്ട് എന്നതാണ്.

എടുത്തുപറയാവുന്ന മറ്റൊരു കാര്യം പഞ്ചായത്തിനെ വടക്കൻ അതിർത്തിയിൽ കൂടി ഒഴുകുന്ന കടുങ്ങല്ലൂർ തോടിനെപറ്റിയാണ്. മഴക്കാലങ്ങളിൽ നിറഞ്ഞു കവിഞ്ഞൊഴുകുകയും വേനൽ അവസാനത്തിൽ വെള്ളം ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ്.

## മണ്ണ്

പഞ്ചായത്തിലെ മണ്ണിന്റെ ഘടന ഉറച്ച ചെങ്കല്ല് നിറഞ്ഞ മണ്ണ് (Latenate soil) ആണ്. ഈ മണ്ണിന്റെ പ്രത്യേകതയായി അനുഭവപ്പെട്ട കാര്യം, ശരിയായ രീതിയിൽ വളം പ്രയോഗിച്ചെങ്കിൽ മാത്രമേ കാർഷികോത്പാദന ക്ഷമത കൂട്ടാൻ

കഴിയൂ എന്നതാണ്.

വ്യാപകമായ തോതിൽ മണ്ണുപരിശോധന നടത്താത്തതിനാൽ പ്രദേശത്തെ മണ്ണിന്റെ രാസഘടനയെ പറ്റി കർഷകർക്ക് ബോധ്യമായിട്ടില്ല.

## ഭൂവിനിയോഗം

പഞ്ചായത്തിലെ ഭൂമിയുടെ വിസ്തൃതി വില്ലേജ് ആഫീസിലെ രേഖയനുസരിച്ച് 3010.4195 ഹെക്ടർ ആണ് ഇതിൽ നിലം 396.4835 ഹെ. പുരയിടം 2485.6175 ഹെ. പുറപോക്ക് 78.3185 ഹെ. കൃഷിയിടമായ തരിശ് 50ഹെക്ടറുമുണ്ട്. നിലങ്ങളിൽ തന്നെ ഇരുപ്പൂനിലങ്ങളും ഉൾപ്പെടും. പഞ്ചായത്തിലെ മുഖ്യ വിളകൾ നെല്ല്, തെങ്ങ്, കവുങ്ങ് കശുമാവ് എന്നിയാണ്. ഇപ്പോൾ പലയിടത്തും റബ്ബർപ്ലാന്റേഷനും ആരംഭിച്ചിട്ടുണ്ട്. കുന്നിൻ പ്രദേശങ്ങളിലധികവും കശുമാവ് കൃഷിയാണുള്ളത്. പഞ്ചായത്തിലെ എല്ലാപ്രദേശങ്ങളിലും തെങ്ങ് കാണപ്പെടുന്നു. താഴ്വരകളിലുംപാടങ്ങളിൽ പോലും കമുക് കൃഷി വ്യാപിക്കുന്നതായി കാണാം. ഭൂവിനിയോഗത്തിന്റെ കണക്കുനോക്കിയാൽ ഇനിയും വികസിപ്പിച്ചെടുക്കാൻ കഴിയുന്ന നാണ്യ വിളകളാണ് കശുമാവും റബ്ബറും.

## ജൈവസമ്പത്ത്.

സസ്യലതാദികളുടെ കാര്യത്തിൽ വൈവിധ്യം നമ്മുടെ പഞ്ചായത്തിൽ എല്ലായിടത്തും കാണാം. വൃക്ഷലതാദികൾ, തേക്ക്, പ്ലാവ്, മാവ്, മറ്റനേകം മരങ്ങളും അടങ്ങുന്ന സസ്യസമ്പത്ത് ഇന്നും നിലനിൽക്കുന്നു. പഴയകാലത്ത് പണയത്തിന്റെ പലഭാഗങ്ങളിലും വൻമരങ്ങൾ ഉണ്ടായിരുന്നു. എന്നാൽ മനുഷ്യന്റെ കടന്നാക്രമണം മൂലം ഈ ജൈവസമ്പത്ത് ഒരളവോളം നഷ്ടം സംഭവിച്ചു പോയിട്ടുണ്ട്. എല്ലാതരം മരങ്ങളും തഴച്ചുവളരുന്ന മണ്ണാണിവിടെയുള്ളത്. അതുപോലെ വിവിധതരം പയറിനങ്ങൾ, വാഴകൾ, പച്ചക്കറികൾ കുന്നുകളിലും സമതലങ്ങളിലും കാണന്ന വിവിധയിനം പുല്ലുകളും ഈ പ്രദേശം സസ്യലതാദികളാൽ സമ്പുഷ്ടമാണെന്നു കാണാം.

പഴയകാലത്ത് വിവിധയിനം പക്ഷിമൃഗാദികളുടെ വിഹാര കേന്ദ്രമായിരുന്ന പഞ്ചായത്തിൽ ഇന്ന് കാട്ടുമൃഗങ്ങളും വിവിധതരം പക്ഷികളും അപൂർവമായ കാഴ്ചയാണ്. സാധാരണയായികാണുന്ന പക്ഷികൾ കാക്ക, തത്ത, മൈന, ചെറുതരം കിളികൾ, പ്രാവുകൾ തുടങ്ങിയവാണ്. തത്തകളും പ്രാവുകൾക്കും എണ്ണത്തിൽ കുറവുവന്നിട്ടുണ്ട്. വംശംനാശം, സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരിനം പക്ഷിയാണ് അരിപ്രാവ് എന്നറിയപ്പെടുന്ന ഒരുതരം ചെറിയ പ്രാവ്. കാട്ടുകോഴി, കുളക്കോഴി എന്നിവ പഞ്ചായത്തിൽ പലഭാഗത്തായി ഇന്നും അപൂർവ്വമായെങ്കിലും കാണപ്പെടുന്നു. കൊക്ക് പൊൻമാൻ എന്നിവയും എണ്ണത്തിൽ കുറവാണെങ്കിലും എല്ലായിടത്തും കാണപ്പെടുന്നു. കീരിയും കുറുക്കനും മുയലും മൊച്ചയും പൊതുവെ കാണപ്പെടുന്നു.

പഴയകാലത്ത് നമ്മുടെ കുന്നിൻ പ്രദേശങ്ങളിൽ കണ്ടുവന്നിരുന്ന പെരുമ്പാമ്പ്, മുള്ളൻപന്നി, ഈനാംപേച്ചി(ഇത്തിൾമുള്ളൻ) തുടങ്ങിയവ നാമാവശേഷമായിരിക്കുന്നു. എടുത്തുപറയാവുന്ന മറ്റൊരുകാര്യം കന്നുകാലി സമ്പത്ത് തീരെ ശോഷിച്ചു പോയിരിക്കുന്നു എന്നതാണ്. ഇന്ന് വ്യാപകമായ കന്നുകാലിവളർത്തൽ പഞ്ചായത്തിലെവിടെയും ഇല്ല. വീടുകളിൽ വളർത്തുന്ന ഒറ്റപ്പെട്ട ആടുകളും പശുക്കളും മാത്രമാണ് ഇന്ന് ആകെയുള്ള കാലിസമ്പത്ത്.

ജലജീവികളുടെ കാര്യത്തിലും ഈ കുറവ് ശ്രദ്ധേയമാണ്. കടുങ്ങല്ലൂർ തോട്ടിൽ മുമ്പ് കണ്ടിരുന്ന മുതലകളും വിവിധതരം ശുദ്ധജല മത്സ്യങ്ങളും പാടെ അപ്രത്യക്ഷമായിരിക്കുന്നു. നമ്മുടെ തോടുകളിലും കുളങ്ങളിലും സമൃദ്ധമായികണ്ടിരുന്ന ശുദ്ധജല മത്സ്യങ്ങളിൽ പലതിനും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ കടന്നാക്രമണവും കീടനാശിനികളുടെ അനിയന്ത്രിതമായ പ്രയോഗവും ഈ ജീവി ജാലങ്ങൾക്ക് ഭീഷണിയായിത്തീർന്നിട്ടുണ്ട്.

## മനുഷ്യവിഭവം.

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 28970, പുരുഷൻമാർ 14940,

സ്ത്രീകൾ 14630 എന്നിങ്ങിനെയാണ്. ലഭ്യമായ വിവിരം വെച്ചുനോക്കുമ്പോൾ ഇന്ന് ഏകദേശം 30970 ഓളം വരും ജനസംഖ്യ.

199596 വർഷത്തെ ജനന മരണ കണക്കനുസരിച്ച് ജനനിരക്ക് കഴികാലത്തേതിൽ നിന്നു കുറഞ്ഞതായി കാണാം. പൊതു ജീവിതനിലവാരം ഉയർന്നു വരുന്നു. നമ്മുടെ പഞ്ചായത്തിൽ ബിരുദവും ബിരുദാന്തരബിരുദവും നേടിയവർ ഏറെ യുണ്ടെന്നത് ഒരു വസ്തുതയാണെങ്കിലും പ്രൈമറിവിദ്യാഭ്യാസം കഴിഞ്ഞ് തുടർന്ന് പഠിക്കാത്തവരാണധികവും. ഡോക്ടർമാരും എഞ്ചിനീയർമാരും വക്കീൽമാരും ഈ പിന്നോക്കപഞ്ചായത്തിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്.

സ്ത്രീവിദ്യാഭ്യാസരംഗത്ത് അടുത്ത കാലത്തായി ആശാവഹമായ ഉണർവ് ഉണ്ടായിട്ടുണ്ട്. സ്കൂൾതലത്തിൽ വിശേഷിച്ച് ഹൈസ്കൂൾതലത്തിൽ പെൺകുട്ടികൾ കൂടുതലായി കാണുന്നു. സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവരും സംസ്ഥാനതലത്തിൽ അറിയപ്പെടുന്നവരുമായ വനിതകൾ ഈ പഞ്ചായത്തിലുണ്ട്.

1991 ലെ സെൻസസ് പ്രകാരം 4967 പുരുഷതൊഴിലാളികളും 745 സ്ത്രീതൊഴിലാളികളുമടക്കം 5712 തൊഴിലാളികൾ പഞ്ചായത്തിലുള്ളതായി കാണുന്നു. ഇതിൽ തന്നെ കൃഷിക്കാർ 824 പേരും കർഷകതൊഴിലാളികൾ 2345ഉം ഇന്റസ്ട്രിയൽ തൊഴിലാളികൾ 80ഉം മറ്റുരംഗത്ത് തൊഴിലെടുക്കുന്നവർ 2448 ഉം ആണ്. അതു പോലെ 8886 പുരുഷൻമാർക്കും 13460 സ്ത്രീകൾക്കും തൊഴലില്ല എന്ന് സെൻസസ് റിപ്പോർട്ടുകളിൽ സൂചിപ്പിക്കുന്നു.

മുഖ്യതൊഴിൽ കൃഷിസംബന്ധമായ തൊഴിൽ തന്നെയാണ്. ഇപ്പോൾ കെട്ടിട നിർമാണ രംഗം സജീവമായി വരുന്നതുകൊണ്ട് ആ രംഗത്തേക്ക് കൂടുതൽ ആളുകളും ആകർഷിക്കപ്പെടുന്നു. പിന്നെ പരമ്പരാഗതമായ തൊഴിലെടുക്കുന്ന ആശാരി, കല്ലാശാരി, കൊല്ലൻ എന്നിവരും തൊഴിൽ മേഖലയിൽ സജീവമായിട്ടുണ്ട്.



# വികസനമേഖലകൾ

## പ്രാഥമികമേഖല

### A. കൃഷിയും ജലസേചനവും

#### കാർഷിക ചരിത്രം

ആദ്യകാലത്ത് ജന്മിത്ത്വം അതിശ്കത മായിനിലനിന്നിരുന്ന പ്രദേശമാണിത്. ആ കാലങ്ങളിൽ പാട്ടം, വെറും പാട്ടം, കാണം എന്നീ വ്യവസ്ഥയിന്മേലാണ് കൃഷി ഭൂമി അധികവും കൃഷി ചെയ്തിരുന്നത്.

സ്വാന്ത്യാനനതരം വന്ന നിയമ മാറ്റങ്ങളിലൂടെയാണ് ഈ ജന്മിത്വ വ്യവസ്ഥിതിക്ക് മാറ്റം വന്നത്. പ്രത്യേകിച്ച് കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്ക്കരണ നിയമം ജന്മി–കുടിയാൻ വ്യവസ്ഥയിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കി. കാർഷിക രംഗത്ത് ഉല്പാദന ക്ഷമത കൂട്ടാൻ ഈ പരിഷ്ക്കരണത്തിന് സാധിച്ചിട്ടുണ്ടെന്ന് പറയാം. ഭൂമിയുടെ ഉടമസ്ഥാവകാശം കിട്ടിയതിന് ശേഷമാണ് നമ്മുടെ പ്രദേശങ്ങളിൽ നാണ്യ വിളവുകളായ തെങ്ങ്, കമുക്, സഖു

**കൃഷിഭൂമികളുടെ വിസ്തീർണ്ണം, മൊത്തം ഉൽപ്പാദനം, ഉൽപ്പാദനക്ഷമത**

| വിള | വിസ്തീർണം ഹെക്ടർ | മൊത്തം ഉല്പാദനം മെട്രിക് ടൺ | ഉല്പാദനക്ഷമത ഹെക്ടറിൽ |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 212.2 | 424.4 | 2.0 MT |
| നെല്ല് (രണ്ടാംവിള) | 258.8 | 595.24 | 2.3 MT |
| പയർ വർഗങ്ങൾ | 22.0 | 17.60 MT | 0.8 MT |
| എള്ള് | 6.0 | 4.80 MT | 0.8 MT |
| പച്ചക്കറി | 98.6 | 197.00 MT | 2.0 MT |
| തെങ്ങ് | 1112.0 | 300240 Nos | 450.0 |
| വാഴ | 180 | 3600.00 MT | 20.0 MT |
| മരച്ചീനി | 30.4 | 304.00 MT | 10.0 MT |
| കുരുമുളക് | 15.0 | 15.00 MT | 1.5. MT |
| കശുമാവ് | 807.5 | 1575.00 MT | 3.0 MT |
| റബ്ബർ | 16.0 | 16.00 MT | 4.0 MT |
| കവുങ്ങ് | 722.0 | 524.00 MT | 1.0 MT |
| കിഴങ്ങുവർഗം | 40.0 | 80.00 MT | 2.0 MT |

പട്ടിക –1 അവലംബം –കൃഷിഭവൻ

വണ്ടി എന്നിവ വൻ തോതിൽ കൃഷി ചെയ്യാന തുടങ്ങിയത്.

**1. ഇന്നത്തെവിളചേരുവയും ഉൽപ്പാദനക്ഷമതയും:**

പഞ്ചായത്തിലെ ഇന്നത്തെ പ്രധാനവിളകൾ നെല്ല്, തെങ്ങ്, കമുക്, വാഴ, കശുമാവ്, പച്ചക്കറി, മരച്ചീനി, മധുരക്കിഴങ്ങ്, ചേന, ചേമ്പ് മറ്റുകിഴങ്ങുവർഗങ്ങൾ, കുരുമുളക്, റബ്ബർ, മാവ്, പ്ലാവ്, പയർവർഗങ്ങൾ, എള്ള്, എന്നിവയാണ്. ഈകൃഷി ചെയ്യുന്ന ഭൂമികളുടെ വിസ്തീർണ്ണം ഇവയുടെ മൊത്തം ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ സംബന്ധിച്ച വിവരങ്ങൾ പട്ടികയായി താഴെ കൊടുക്കുന്നു.

**2. ജലസേചന സൗകര്യങ്ങൾ**

**കുളങ്ങൾ:** പഞ്ചായത്തിൽ 12 വാർഡുകളിലായി ചെറുതും വലുതുമായി വറ്റാത്ത 32 കുളങ്ങൾ ഉണ്ട്. ഇവയിൽ 11 എണ്ണം പഞ്ചായത്ത് കുളങ്ങളും ബാക്കി സ്വകാര്യ കുളങ്ങളുമാണ്. ഇത് സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

| വാർഡ് | ആകെകുളങ്ങൾ | പഞ്ചായത്ത്വക | സ്വകാര്യം |
|---|---|---|---|
| 1 | 4 | 2 | 2 |
| 2 | 2 | 2 | - |
| 3 | 4 | 2 | 2 |
| 4 | 3 | 1 | 2 |
| 5 | 2 | 1 | 1 |
| 6 | 3 | 1 | 2 |
| 7 | 2 | - | 2 |
| 8 | 3 | - | 3 |
| 9 | 3 | - | 3 |
| 10 | 2 | 1 | 1 |
| 11 | 2 | 1 | 1 |
| 12 | 2 | - | 2 |
| ആകെ | 32 | 11 | 21 |

### കിണറുകൾ

പഞ്ചായത്തിൽ മൊത്തം 26 പെതു കിണറുകൾ ഉണ്ട്. വാർഡുതിരിച്ചു വിവരങ്ങൾ പട്ടികയായി താഴെ ചേർക്കുന്നു.

| വാർഡ് | കിണറുകളുടെ എണ്ണം |
|---|---|
| 1 | 3 |
| 2 | 2 |
| 3 | - |
| 4 | 7 |
| 5 | 1 |
| 6 | 3 |
| 7 | 1 |
| 8 | 1 |
| 9 | 2 |
| 10 | 3 |
| 11 | 2 |
| 12 | 1 |
| ആകെ | 26 |

### കുഴൽ കിണറുകൾ

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി 19 കുഴൽ കിണറുകൾ ഉണ്ട്. ഇവയിൽ ഭൂരിഭാഗവും പ്രവർത്തനരഹിതമാണ്.

### തോടുകൾ

ഈ പഞ്ചായത്തിലെ 1,2,4,5,9,10 വാർഡ് പ്രദേശങ്ങളെ ബന്ധപ്പെടുത്തി പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി കടന്നുപോകുന്ന പ്രധാനപ്പെട്ട തോടാണ് കടുങ്ങല്ലൂർ തോട്, കൂടാതെ 10,11,12 എന്നീ വാർഡുകളുമായി ബന്ധപ്പെട്ടുകൊണ്ട് പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തുകൂടി കടന്നുപോകുന്ന തോടാണ് മൊറയൂർ കടുങ്ങല്ലൂർ തോട്. 10,11,12 വാർഡുകളുമായി ബന്ധപ്പെട്ടുപോകുന്ന മോങ്ങം, മുഴിക്കൽ തോടാണ് മൂന്നാമത്തേത്. മേൽപ്പറഞ്ഞ തോടുകളുടെ ഇരുഭാഗങ്ങളിലുമുള്ള വയലുകളിലാണ് ഈ പഞ്ചായത്തിലെ പ്രധാന നെൽകൃഷിയുള്ളത്.

### തടയണകൾ

**ഉപയോഗപ്രദമായവ** : 1 പുത്തൻചിറ, 2. പുറ്റമണ്ണ

പൂർണ്ണമായി നശിച്ചവ 1. പാട്ടാതൊടികചിറ, പുത്തൻതോട്ടിങ്ങലരുചിറ, 3 തേറീരിചിറ 4. ആലുങ്ങൾ ചിറ

### പുതുതായി നിർമ്മിക്കേണ്ടവ

1. ആനപ്പാലം ചിറ
2. കരിപ്പാലിചിറ
3. പാലശ്ശീരിചിറ
4. മുണ്ടുപാലം ചിറ

5. പാലേങ്ങാടുപടിചിറ

6. ആലുങ്ങചിറ

### ഉൽപ്പന്നങ്ങളുടെ വിലയും വിപണനവും

പഞ്ചായത്തിനകത്ത് നിലവിൽ വിപണനസൗകര്യങ്ങൾ കുറവാണ്. പൊതുമാർക്കറ്റില്ല. കാർഷിക ഉൽപ്പന്നങ്ങൾ മഞ്ചേരി കിഴിശ്ശേരി തുടങ്ങിയ വിദൂര സ്ഥലങ്ങളിൽ കൊണ്ടുപോയി വിൽക്കേണ്ട അവസ്ഥയാണ്. ഉൽപ്പന്നങ്ങൾക്ക് കിട്ടുന്ന വില അപര്യാപ്തമാണ്. കാർഷികവ്യവസായങ്ങൾ, വ്യാപാരങ്ങൾ, നിലവിലില്ലാത്തതിനാൽ കർഷകരിൽ നിന്ന് സാധനങ്ങൾ ഇടത്തട്ടുകാർ വാങ്ങുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഇതുമൂലം കർഷകർക്ക് ന്യായവില കിട്ടുന്നില്ല. മാത്രമല്ല വിലയുടെ 20% ഇടത്തട്ടുകാർക്കാണ് ലഭിക്കുന്നത്.

### കാർഷികബന്ധങ്ങൾ

പഞ്ചായത്തിലെ മൊത്തം കൃഷിഭൂമിയെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

ഉടമസ്ഥരുടെ എണ്ണം

| | |
|---|---|
| പുരയിടം | 2485.617 H. |
| നിലം | 396.483 H. |
| പുറമ്പോക്ക് | 78.318 H. |
| തരിശ് | 50 H. |
| ആകെ | 3010.419 H. |
| ഭൂമിയുടെ വിസ്തീർണം | |
| 1–10 സെന്റ് | 2206 |
| 10–25 സെന്റ് | 2100 |
| 25–50 സെന്റ് | 1000 |
| 50സെന്റ് – 1 ഏക്കർ | 3600 |
| 1–2 ഏക്കർ | 800 |
| 2–5 ഏക്കർ | 1000 |
| 5 ഏക്കറിനുമുകളിൽ | 480 |

സ്വയം പണിയെടുക്കുന്ന കൃഷിക്കാരുടെ എണ്ണം കുറഞ്ഞുവരുന്നു. കൃഷിപ്പണിയിൽ കർഷകരുടെ പങ്കാളിത്തം കുറഞ്ഞുവരുന്നതിനാൽ കൃഷിയുടെ ഉൽപ്പാദനച്ചെലവ് കൂടുകയും ആദായം കുറഞ്ഞുവരുകയും ചെയ്യുന്നു. കൃഷിഭൂമിയിൽ സ്വന്തമായി പണിയെടുക്കുന്ന കർഷകർ 15%വും കർഷകതൊഴിലാളികൾ 41% വുമാണ്.

### കൂലി സേവനവ്യവസ്ഥകൾ

കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു. പരമ്പരാഗത കാർഷിക തൊഴിലുകളിലേക്ക് പോകുന്നതും കൃഷിയോട് കർഷകർക്കുള്ള ആഭിമുഖ്യകുറവും ഇതിന് കാരണമാണ്. കൂടാതെ ഗൾഫ് പണത്തിന്റെ സ്വാധീനം മൂലം പുതുതായി കെട്ടിട നിർമ്മാണ രംഗത്ത് അടുത്തകാലത്തുണ്ടായികൊണ്ടിരിക്കുന്ന വർദ്ധനവ് ഈ മേഖലകളിലേക്ക് തൊഴിലാളികളെ ആകർഷിക്കുന്നു. ആ രംഗത്തെ കൂലി വർദ്ധനവും ഇതിന് കാരണമാണ്. കൂലി നിരക്കുകൾ വിശദവിവരം പട്ടികയായി താഴെ ചേർക്കുന്നു.

| ഇനം | പുരുഷൻ | സ്ത്രീ |
|---|---|---|
| ഉഴവ് | 150 | - |
| കിളക്കൽ | 80-100 | - |
| ഞാറുനടൽ | - | 60-75 |
| കളുപറി | - | 60-75 |
| കൊയ്ത്ത് | - | 60-75 |
| മെതി | - | 60-75 |
| തേങ്ങയിടൽ | 150 | - |
| കീടനാശിനി തളിക്കൽ | 150 | - |

### വളത്തിന്റെ ഉപഭോഗം

കർഷകർ പ്രധാനമായും രാസവളങ്ങളാണ് ഉപയോഗിക്കുന്നത്. ജൈവവളങ്ങളുടെ ലഭ്യതകുറവ് വിലവർദ്ധനവ്, കൂലിച്ചെലവ് എന്നീ കാരണങ്ങളാലാണ് കർഷകർ രാസവളങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത്. വർഷത്തിൽ ശരാശരി 300 മെട്രിക്ടൺ രാസവളങ്ങൾ ഈ പഞ്ചായത്തിലെ കർഷകർ വിവിധവിളകൾക്കായി ഉപയോഗിച്ചുവരുന്നു.

### രോഗങ്ങൾ

കാർഷികവിളകൾക്ക് ദോഷകരമായി ബാധിക്കുന്ന രോഗങ്ങളും കീടബാധയും കാർഷികമേഖലയെ പ്രതികൂലമായി ബാധിക്കുന്നു. നെൽകൃഷിയെ ബാധിക്കുന്ന പ്രധാനകീടങ്ങൾ തണ്ടുതുരപ്പൻ, ഓലചുരുട്ടിപ്പുഴു, ഗാളീച്ച, ചാഴി എന്നിവയാണ്. ബ്ലാസ്റ്റ്, പോളചീയൽ എന്നീ രോഗങ്ങളും ഈ വിഭാഗ

ങ്ങളിൽ കണ്ടുവരുന്നു.

കൊമ്പൻചെല്ലി, ചെമ്പൻചെല്ലി എന്നിവയാണ് തെങ്ങിനെ ബാധിക്കുന്ന പ്രധാനകീടങ്ങൾ, കൂമ്പുചീയൽ, ചെന്നീരൊലിപ്പ് എന്നീ രോഗങ്ങളും തെങ്ങുകളെ ബാധിക്കുന്നു.

ചെറുപുത്തൂർ, വളമംഗലം, തോട്ടേക്കാട് ഭാഗങ്ങളിൽ മംഗളി, മഞ്ഞളിപ്പ് എന്നീ രോഗങ്ങൾ കവുങ്ങ് കൃഷിയെ നശിപ്പിക്കുന്നു. കുരുമുളകു കൃഷിക്ക് ദ്രുതവാട്ടം, പൊള്ളരോഗം എന്നിവയാണു ദോഷം ചെയ്യുന്നത്.

കശുമാവ് കൃഷിയെ തടിതുരപ്പൻപുഴു, തേയില കൊതുക് എന്നീ കീടങ്ങളും ഡൈബാക്ക് എന്ന രോഗവുമാണ് എന്നിവയാണു ബാധിക്കുന്നത്. കുറുനാമ്പ്, കൊക്കൻ രോഗം എന്നിവയാണ് വാഴയ്ക്ക് പ്രശ്നമുണ്ടാക്കുന്നത്.

ഒരു വലിയ വിഭാഗം ആളുകളുടെ വരുമാന മാർഗമായ പച്ചക്കറിക്ക് പഴുപ്പുരോഗം കൂടാതെ, കീടങ്ങൾ, ഫ്രൂട്ട്ഫ്ളൈ എന്നിവ ഭീഷണിയായി വരുന്നു.

### വായ്പാ സൗകര്യങ്ങൾ

പഞ്ചായത്തിൽ വായ്പാ സഹായത്തിനായി പ്രവർത്തിക്കുന്ന മൂന്ന് സ്ഥാപനങ്ങളാണ് പുൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക്, തൃപ്പനച്ചി സൗത്ത് മലബാർ ഗ്രാമീൺബാങ്ക്, പുൽപ്പറ്റ പട്ടികജാതി സഹകരണ ബാങ്ക് എന്നിവ.

### കാർഷിക വികസന പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ കാർഷികവികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നത് കൃഷിഭവനാണ്. കൃഷിഭവന്റെ കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്ന പാടശേഖരസമിതികളുടെ പ്രവർത്തനം ഊർജ്ജിതമായി നടക്കുന്നു.

**പഞ്ചായത്തിലെ പാടശേഖരങ്ങൾ താഴെ പറയുന്നു.**

| പാടശേഖരം | വിസ്തീർണ്ണം(ഹെ) |
|---|---|
| 1. കുന്നിക്കൽ | 25 |
| 2. കാരാപറമ്പ് | 25 |
| 3. തോട്ടേക്കാട് | 25 |
| 4. പുൽപ്പറ്റ | 19 |
| 5. ഒളമതിൽ | 23 |
| 6. പാലക്കാട് | 25 |
| 7. തൃപ്പനച്ചി | 18 |
| 8. മുത്തന്നൂർ | 17 |
| 9. പുറ്റമണ്ണ | 20 |
| 10. വെണ്ണക്കോട് | 40 |
| 11. ചോലമുക്ക് | 24 |

കൂടാതെ പഞ്ചായത്ത് തലത്തിൽ കേര വികസനസമിതി (റജിസ്റ്റർ ചെയ്യാത്തത്) പ്രവർത്തിക്കുന്നുണ്ട്.

കൃഷിഭവൻ മുഖേന 1995-96 വർഷം വിതരണം നടത്തിയ നടീൽ വസ്തുക്കളുടെയും മറ്റു പദ്ധതികളുടേയും വിവരങ്ങൾ

### നടീൽ വസ്തുക്കൾ

| | |
|---|---|
| 1. തെങ്ങ് തൈകൾ | 660 |
| 2. കശുമാവ് തൈകൾ | |
| 3. കുരുമുളക് വള്ളികൾ | 6000 |
| 4. കവുങ്ങിൻ തൈകൾ | 250 |
| 5. ഗ്രാമ്പു തൈകൾ | 50 |
| 6. കറുവപ്പട്ട തൈകൾ | 20 |

### ദുരിതാശ്വാസം

പ്രകൃതിക്ഷോഭം മൂലം വിനാശം സംഭവിച്ച 39 കർഷകർക്കായി 32785 രൂപ വിതരണം ചെയ്തു.

താഴെ പറയുന്ന കാർഷിക ഉപകരണങ്ങൾ ഈ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| ട്രാക്ടർ | 1 |
| ട്രില്ലർ | 3 |
| റോക്ക്സ്പ്രെയർ | 30 |
| നാപ്ഡാക് സ്പ്രെയർ | 25 |
| മെതിയന്ത്രം | 10 |

### സമഗ്ര നാളികേര വികസനം

1995-96 വർഷം സമഗ്ര നാളികേര വികസനത്തിന്റെ ഭാഗമായി 51 കർഷകർക്ക് കിണർ നിർമ്മിക്കാൻ സഹായം നൽകുകയും 48 പമ്പ്സെറ്റ്, 12 റോക്കർ സ്പ്രെയർ 100 കി. പച്ചിലവളവിത്ത്, ഒരു തെങ്ങുകയറ്റ യന്ത്രം എന്നിവ വിതരണം നടത്തുകയും ചെയതു. പുതുതായി കിണർ കുഴിക്കാനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനം തുടരുന്നു.

## മണ്ണ് സംരക്ഷണം

കടുങ്ങല്ലൂർ ,തോട്, കളത്തിൻപടിതോട്, മുത്തര[illegible] എന്നിവയ്ക്ക് കുറെ ഭാഗം പാർശ്വ ഭിത്തികെട്ടിമണ്ണ [illegible] ഇല്ലായ്മയാരുക്കി യിട്ടുണ്ട്.

കൂടാതെ പ്രത്യേക ഘടകപദ്ധതി പ്രകാരം IHDP കോളനിയായി അംഗീകരിച്ച പുളിക്കല കണ്ടി കോളനിയിലേക്ക് നടീൽ വസ്തുക്കൾ, കീടനാശിനികൾ എന്നിവ എത്തിക്കാനുള്ള പദ്ധതികൾ നടപ്പിലാക്ക.

| പ്രശ്നങ്ങൾ | സാധ്യതകൾ/പരിഹാര നിർദ്ദേശങ്ങൾ |
|---|---|
| 1. ജലസേചന സൗകര്യങ്ങളുടെ അഭാവം | കൃഷിക്ക് ഉപയുക്തമായ സ്ഥലങ്ങളിൽ കൂടുതൽ കുളങ്ങൾ, കിണറുകൾ എന്നിവ നിർമ്മിക്കുക. കുളങ്ങൾ റിപ്പയർ ചെയ്യുക, തോടുകൾക്ക് ആഴവും വീതിയും കൂട്ടി പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കുക, തോടുകൾക്ക് ആവശ്യമായ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുക. കർഷകർക്ക് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ ധനസഹായം നൽകുകയും വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുക. |
| 2. മണ്ണിന്റെ ഫലപുഷ്ടിക്കുറവ് | ജൈവവളങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കാനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുക. മണ്ണൊലിപ്പ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക. സാമൂഹ്യ വനവൽക്കരണം നടപ്പിലാക്കാൻ പറ്റുമോ എന്ന് നോക്കുക. മെഗ്നീഷ്യം, കുമ്മായം മുതലായ സാധനങ്ങൾ ലഭ്യമാക്കുക. പയർ വർഗ്ഗചെടികളുടെ കൃഷി വ്യാപിപ്പിക്കുക. വ്യാപകമായ രീതിയിൽ മണ്ണ് പരിശോധന നടത്തുക. |
| 3. മുഴുവൻ ഭൂമിയും കൃഷിക്ക് ഉപയോഗിക്കുന്നില്ല. | തരിശായി കിടക്കുന്ന ഭൂമിയിൽ അനുയോജ്യമായ കൃഷി വിപുലപ്പെടുത്തുക. (കശുമാവ്, റബ്ബർ, മാവ് തുടങ്ങിയവ) ഇടവിള കൃഷികൾ വ്യാപിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുക. (വാഴ, കൈതച്ചക്ക കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, ഔഷധസസ്യങ്ങൾ പുരയിട കൃഷിയും ഇടവിളകളും പ്രോത്സാഹിപ്പിക്കുക.) |
| 4. മണ്ണൊലിപ്പ് : | പഞ്ചായത്ത് തലത്തിൽ വാട്ടർ ഷെഡ് പദ്ധതി നടപ്പിൽ വരുത്തുക. ആവശ്യമായ സ്ഥലങ്ങളിൽ മണ്ണ്ക്കയ്യാല, കല്ല്കയ്യാല, പുൽകൃഷി വികസനം മുതലായ പദ്ധതികൾ നടപ്പിലക്കുക. |
| 5. പാടങ്ങൾ നികത്തപ്പെടുന്നു | കെട്ടിടനിർമ്മാണത്തിനും റോഡു നിർമ്മാണത്തിനും പാടങ്ങൾ ഒഴിവാക്കാനുള്ള നിയമങ്ങൾ നടപ്പിലാക്കുക. |

| | |
|---|---|
| | കൃഷി ആദായമാക്കാൻ കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക. |
| 6. കീടബാധ | പ്രതിരോധശേഷിയുള്ള വിത്തിനങ്ങൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.<br>സംയോജിത കീടരോഗ നിയന്ത്രണ പദ്ധതി വിപുലമാക്കുക.<br>ജൈവകീടനാശിനികളുടെ ഉപയോഗം വർദ്ധിപ്പിക്കുക.<br>കർഷകർക്കുള്ള വിജ്ഞാനവ്യാപന പദ്ധതി കാര്യക്ഷമമാക്കുക. |
| 7. നടീൽവസ്തുക്കളുടെ അഭാവം. | കൃഷിഭവനിലൂടെ നല്ലയിനം വിത്തുകളും തൈകളും യഥാസമയം ലഭ്യമാക്കുക.<br>വിവിധ നഴ്സറികൾ നിർമ്മിക്കാനാവശ്യമായ സഹായം കൃഷിഭവനിലൂടെ നടപ്പിലാക്കുക. |
| 8. നീർക്കെട്ട്. | നീർക്കെട്ട് അനുഭവപ്പെടുന്ന സ്ഥലത്ത് തോടുകൾക്ക് ആഴവും വീതിയും കൂട്ടി പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുക. |
| 9. ഉൽപ്പാദനക്ഷമതകുറവ്. | ശാസ്ത്രീയ കൃഷിരീതികൾ നടപ്പിലാക്കുക. |
| 10. ജൈവവളങ്ങളുടെ കുറവ് | ജൈവവള ഉപയോഗത്തെകുറിച്ച് ബോധവൽക്കരണം നടത്തുക. കമ്പോസ്റ്റ് വള നിർമ്മാണം വർദ്ധിപ്പിക്കുക. പച്ചില വളവിത്തുകളുടെ വിതരണം വ്യാപകമാക്കുക. |
| 11. കാർഷികതൊഴിലാളികളുടെ അഭാവം | കന്നുകാലി വളർത്തൽ വിപുലീകരിക്കുക.<br>പുതിയ തലമുറയെ കാർഷികരംഗത്തേക്ക് കൊണ്ടുവരാനുള്ള ബോധവൽക്കരണം നടത്തുക. |
| 12. ഉൽപന്നങ്ങളുടെ വിലക്കുറവ് | 8. ഉൽപ്പന്നങ്ങളുടെ വിലക്കുറവ്<br>പൊതുമാർക്കറ്റ് സ്ഥാപിക്കുക. കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ തുടങ്ങുക. |
| 13. കൃഷിഭവനിൽ നിന്ന് ആവശ്യമായ സഹായം യഥാസമയം കിട്ടുന്നില്ല. | പൊതുജനപങ്കാളിത്തം ശക്തിപ്പെടുത്തുക. ജനപ്രതിനിധികൾ അടങ്ങുന്ന സൗഹൃദസമിതികൾ രൂപീകരിക്കുക. കൃഷിഭവനിലൂടെ നടപ്പാക്കുന്ന പദ്ധതികൾ യഥാസമയം കർഷകരെ അറിയിക്കാനുള്ള ഏർപ്പാട് ചെയ്യുക.<br>നാളികേര വികസനസമിതി റജിസ്റ്റർ ചെയ്ത് പ്രവർത്തനം ജനകീയമാക്കുക. |
| 13. ജലസേചന ഉപാധികൾ ശരിയായി പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. | നിലവിലുള്ള ക്രോസ്ബാർ നന്നാക്കുക. പുറ്റമണ്ണ, ആലുങ്ങൽ ചിറ, തേറീരിചിറ എന്നിവ നിന്നാക്കുക. |

| | |
|---|---|
| | കൂടുതൽ AVCBകൾ നിർമ്മിക്കുക, കുളങ്ങൾ നന്നാക്കുക. കൂടുതൽ കിണറുകൾ കണ്ടെത്തുക. |
| 15. തരിശു ഭൂമി വിനിയോഗം | തരിശുഭൂമികളിൽ കശുമാവ് റബ്ബർ, മാവ് എന്നിവ വെച്ചു പിടിപ്പിക്കാൻ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സാധ്യതയുണ്ട്. |
| 16. മൂന്നാം വിള വേണ്ടത്ര ഉപയോഗിക്കുന്നില്ല. | മൂന്നാം വിള സമയത്ത് വയലുകളിൽ പച്ചക്കറി, എള്ള് തുടങ്ങിയ കൃഷികൾ നടത്താൻ സാധിക്കും. |

കാർഷികമേഖലയെ ശക്തിപ്പെടുത്തിയെങ്കിൽ മാത്രമേ നമ്മുടെ പ്രദേശങ്ങളിൽ മാറ്റങ്ങളുണ്ടാവൂ. കാരണം അടിസ്ഥാനപരമായി കാർഷികമേഖലയെ ആശ്രയിച്ചാണ് നമ്മുടെ സാമ്പത്തിക വ്യവസ്ഥിതി നിലകൊള്ളുന്നത്. രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടണമെങ്കിൽ കാർഷികമേഖലയിൽ ഉല്പാദനം കൂട്ടിയേ തീരു. നമ്മുടെ പ്രധാന ഭക്ഷ്യധാന്യമായ നെല്ലിന്റെ ഉല്പാദനം കൂട്ടേണ്ടിയിരിക്കുന്നു. ഭക്ഷ്യവസ്തുക്കൾക്ക് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന അവസ്ഥ മാറ്റണം. അതിന് ഉള്ള സ്ഥലങ്ങളിൽ ശാസ്ത്രീയ സമീപനം കൈകൊണ്ട്, മണ്ണറിഞ്ഞ് വളം ചെയ്ത്, ഒരിഞ്ച് ഭൂമിയും പാഴാക്കാതെ കൃഷി ചെയ്തേ മതിയാവൂ. ഇത്തരം ഒരു സമീപനരീതി കൈകൊണ്ട് പഞ്ചായത്തിൽ കൃഷി വർദ്ധിപ്പിക്കാൻ നമുക്ക് പദ്ധതികൾ ആവിഷ്കരിക്കണം.

OO



# മൃഗ സംരക്ഷണം മത്സ്യബന്ധനം

പഞ്ചായത്തിലെ കന്നുകാലി സമ്പത്ത് പരിശോധിക്കുമ്പോൾ മുൻകാലത്തേക്കാൾ എണ്ണത്തിൽ വളരെയധികം കുറവു വന്നിട്ടുണ്ടെന്നു കാണാം. ആട്, പശു, എരുമ എന്നിവയാണ് പഞ്ചായത്തിലെ വളർത്തു മൃഗങ്ങൾ. ഉഴവു കാളകളും വളരെ ചുരുങ്ങിയ തോതിൽ വളർത്തപ്പെടുന്നുണ്ട്. വളർത്തു പക്ഷികളിൽ കോഴിയാണധികം. ഇപ്പോൾ പഞ്ചായത്തിൽ 862 പശുക്കളും 1296 ആടുകളും, 109 കാളകളും, 67 എരുമകളും 14 പോത്തുകളും ഉണ്ടെന്നാണ് കണക്ക് ഇതിൽ തന്നെ സങ്കരയിനം പശുക്കളുടെ 702–ഓളം വരും. നാടൻ പശുക്കളുടെ എണ്ണം 160 മാത്രമെ വരു. വളർത്തു കോഴികൾ എല്ലാ വീടുകളിലും മിക്കവാറും വളർത്തപ്പെടുന്നുണ്ട്. പഞ്ചായത്തിലെ മൊത്തം കോഴികളുടെ എണ്ണം ഏകദേശം 17000 ത്തോളം വരും. പഞ്ചായത്തിലെ മൃഗങ്ങളുടെയും പക്ഷികളുടേയും വിശദമായ വിവരം താഴെ ചേർക്കുന്നു.

**മൃഗങ്ങൾ**

| പശു നാ. | പശു സ. | കാള നാ. | കാള സ. | എരുമ | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|
| 160 | 702 | 109 | 41 | 67 | 14 | 1296 | 64 |

**പക്ഷികൾ**

| പൂവൻ കോഴി | പിടക്കോഴി | താറാവ് ആൺ | താറാവ് പെൺ | മറ്റുള്ളവ |
|---|---|---|---|---|
| 2868 | 13260 | 92 | 1222 | 568 |

കന്നുകാലികളേയും, പക്ഷികളേയും ബാധിക്കുന്ന രോഗങ്ങൾ പരിശോധിക്കുമ്പോൾ ദഹനസംബന്ധമായ രോഗങ്ങളാണ് കൂടുതൽ റിപ്പോർട്ട് ചെയ്തു കാണുന്നത്. ശ്വാസകോശസംബന്ധമായ രോഗങ്ങൾ, അകിടുവീക്കം, കുളമ്പുരോഗം, മുടന്തൻ പനി, ത്വക്ക് രോഗങ്ങൾ, ധാതുലവണങ്ങളുടെ അഭാവം എന്നീ രോഗങ്ങളും കണ്ടുവരുന്നുണ്ട്.

**പട്ടിക (അവലംബം മൃഗാശുപത്രി)**

| നം | രോഗങ്ങൾ | പശു | എരുമ | ആട് | കോഴി |
|---|---|---|---|---|---|
| 1. | 2 | 3 | 4 | 5 | 6 |
| 1. | ദഹനസംബന്ധമായവ | 259 | 61 | 399 | 814 |
| 2. | ശ്വാസകോശസംബന്ധം | 150 | 25 | 160 | 800 |
| 3. | ഉപാപചയസംബന്ധം | 20 | 1 | 3 | – |
| 4. | ത്വക്ക് രോഗങ്ങൾ | 90 | 3 | 20 | – |
| 5. | ധാതുലവണങ്ങളുടെ അഭാവം | 30 | – | 15 | 100 |
| 6. | പരാദരോഗങ്ങൾ | 200 | 30 | 100 | 500 |
| 7. | പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 50 | 4 | 30 | – |
| 8. | വന്ധ്യത | 20 | – | 4 | – |
| 9. | അകിടുവീക്കം | 50 | – | 60 | – |
| 10 | മുടന്തൻപനി | 60. | 5 | – | – |

പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ അലഞ്ഞു നടക്കുന്ന പട്ടികൾ ഉണ്ടെന്ന് ഗ്രാമസഭകളിലെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത്തരം പട്ടികളുടെ അക്രമണത്തിന്നിരയാകുന്നത് കൂടുതലും ആടുകളാണ്.

കന്നുകാലി വളർത്തൽ രംഗത്ത് കാര്യമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. മുൻ കാലങ്ങളിൽ നാടൻ ഇനം പശുക്കളായിരുന്നു അധികവും. എന്നാൽ ഇന്ന് സ്ഥിതി ആകെ മാറി. ആകെ 862 പശുക്കൾ ഉള്ളതിൽ 702 എണ്ണവും സങ്കരയിനത്തിൽ പെട്ടതാണ്. ഈ കണക്ക് കാണിക്കുന്നത് ഈ രംഗത്ത് ബോധവൽക്കരണ പ്രക്രിയ ഫലപ്രദമായിട്ടുണ്ട് എന്നാണ്.

പുല്പറ്റ പഞ്ചായത്തിൽ ഒരു മിൽക്ക് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. തൃപ്പനച്ചിയിലാണ് ഈ സൊസൈറ്റിയുടെ ആസ്ഥാനം. നിത്യേന 80 ലിറ്ററോളം പാൽ മാത്രമെ സംഭരിക്കുന്നുള്ളു. ഈ നില മെച്ചപ്പെടുത്താൻ പാൽ ഉല്പാദന രംഗത്ത് ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 4 ഗോബർ ഗ്യാസ് പ്ളാന്റുകളുണ്ട്. ചില സാങ്കേതിക കാരണങ്ങളാൽ ഇവയിൽ 3 എണ്ണം പ്രവർത്തനരഹിതമാണ്

### പ്രശ്നങ്ങൾ

1. മേച്ചിൽ സ്ഥലങ്ങളുടെ അഭാവം.
2. കാലിത്തീറ്റയുടെ ലഭ്യതക്കുറവും, വിലവർദ്ധനവും
3. ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത
4. ക്ഷീര വിപണനത്തിന്നുള്ള സൗകര്യക്കുറവ്
5. കോഴിവസന്ത തടയാൻ ഫലപ്രദമായ സൗകര്യമില്ലായ്മ
6. സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത.
7. അലഞ്ഞു നടക്കുന്ന പട്ടികളുടെ ശല്യം.
8. കന്നുകാലികളുടെ അറവിനും, വില്പനക്കുമുള്ള സൗകര്യമില്ലായ്മ.

### സാധ്യതകൾ

1. മേച്ചിൽ സ്ഥലങ്ങൾ കൂട്ടാൻ കഴിയില്ലെങ്കിലും കാലിത്തീറ്റ ലഭ്യത ഉറപ്പുവരുത്താൻ മാർഗ്ഗങ്ങൾ ആരായണം. പുതിയ ഇനം തീറ്റപുൽകൃഷി ഇക്കാര്യത്തിൽ പരിഗണിക്കാവുന്നതാണ്.
2. കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും അമിത വില ഒഴിവാക്കാൻ മാർഗ്ഗങ്ങൾ ആരായണം.
3. പാലിനും, പാലുല്പന്നങ്ങൾക്കും പഞ്ചായത്തിനകത്തു തന്നെ മാർക്കറ്റുണ്ടാക്കാനുള്ള സാദ്ധ്യത ആരായണം.
4. നിലവിലുള്ള പാൽ സഹകരണസംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.
5. നല്ലയിനം കന്നുകാലികളെ വാങ്ങുന്നവർക്കും വളർത്തുന്നവർക്കും സാമ്പത്തിക സഹായവും ഇൻഷൂറൻസും ഉറപ്പാക്കുക.
6. സ്വന്തമായ കെട്ടിടവും, ക്വാർട്ടേഴ്സും, മറ്റു അത്യാവശ്യ സൗകര്യങ്ങളും ഉണ്ടാക്കി മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
7. കോഴിവസന്ത തടയുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുകയും, യഥാസമയത്ത് കോഴികൾക്ക് കുത്തിവെപ്പും നടത്തുക.
8. അലഞ്ഞു നടക്കുന്ന പട്ടികൾക്ക് ഉടമസ്ഥരുണ്ടെങ്കിൽ കുത്തിവെപ്പ് എടുത്ത് ലൈസൻസ് എടുക്കുക. അല്ലാത്തവയെ നശിപ്പിക്കുക.
9. പഞ്ചായത്തിൽ സ്ഥിരമായി മാംസവില്പന നടത്തുന്നതിന് അറവ്, വില്പനശാലകൾ നിർമ്മിക്കുക.
10. ക്ഷീര സഹകരണസംഘം മുഖേന [illegible]കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റയും, ഇൻഷൂറൻസും ലഭ്യമാക്കുന്നതിനു വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക.
11. ബ്രോയ്‌ലർ ഫാമുകൾ തുടങ്ങാൻ മുന്നോട്ടു വരുന്നവർക്ക് ആവശ്യമായ ബോധവൽക്കരണവും, സാമ്പത്തിക സഹായവും, സാങ്കേതിക പരിജ്ഞാനവും നൽകുക.
12. വീട്ടുമുറ്റത്തെ കോഴിവളർത്തൽ പദ്ധതിക്കുള്ള പ്രോത്സാഹനം നൽകുക.
13. ആടുവളർത്തൽ, ഡയറിയൂനിറ്റുകൾ എന്നിവക്കുള്ള പ്രോത്സാഹനവും, ബോധവൽക്കരണവും നടത്തുക.

## മത്സ്യബന്ധനം

പുല്പറ്റ പഞ്ചായത്തിൽ കടലോരമോ, പുഴകളോ ഇല്ല. മത്സ്യബന്ധനവുമായി ജീവിക്കുന്ന തൊഴിലാളികളും ഇല്ല. ഇവിടെ ലഭിക്കുന്ന മത്സ്യം മുഴുവനും മറ്റു പ്രദേശങ്ങളിൽ നിന്ന് വരുന്നവയാണ്. കേരള തീരങ്ങളിൽ ലഭിക്കുന്ന എല്ലാതരം മത്സ്യങ്ങളും നമ്മുടെ ഗ്രാമീണ മാർക്കറ്റിലും ലഭ്യമാണ്. അയല, മത്തി, അയക്കോറ, മാന്തൽ, ചെമ്മീൻ,എന്നിവയും ലഭിക്കുന്നു. വില കൂടുതൽ നൽകേണ്ടി

വരുന്നു എങ്കിലും മത്സ്യം ഉപഭോഗം കൂടി കൂടിവരുകയാണ്.

മത്സ്യമേഖലയിൽ പഞ്ചായത്തിന് എന്ത് ചെയ്യാൻ കഴിയും എന്ന് പരിശോധിക്കുമ്പോൾ ഒന്നു രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായി തോന്നുന്നു. ഒന്നാമതായി മത്സ്യം നമ്മുടെ ഭക്ഷ്യവസ്തുക്കളിൽ പ്രധാനപ്പെട്ടതാണ്. നിശ്ചിത വിലയില്ല. രണ്ടാമതായി ശുദ്ധജല മത്സ്യകൃഷി നടപ്പിലാക്കാൻ നമ്മുടെ പഞ്ചായത്തിൽ സാദ്ധ്യതകൾ ഉണ്ടോ എന്നന്വേഷിക്കുകയാണ്. ഇതു വരെയും ഒരു ചലനവും ഈ രംഗത്ത് നടത്താൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിനകത്ത് കുറെ ശുദ്ധജലകുളങ്ങൾ ഉണ്ട്. ഇവയിൽ പരീക്ഷണാർത്ഥം കുറെ ശുദ്ധജല മത്സ്യങ്ങൾ വളർത്തി നോക്കാവുന്നതാണ്.

പഴയകാലത്ത്, നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകിപ്പോകുന്നു കടുങ്ങല്ലൂർ വലിയ തോട്ടിൽ ധാരാളം ശുദ്ധജലമത്സ്യങ്ങൾ ഉണ്ടായിരുന്നു. ബ്രാൽ, മൊയ്യ്, കണ്ണൻ, വാള തുടങ്ങിയവയായിരുന്നു ഇവിടെ കാണപ്പെട്ടിരുന്ന ശുദ്ധജലമത്സ്യങ്ങൾ. പക്ഷെ ഉവയുടെ വംശനാശം മിക്കവാറും സംഭവിച്ചു കവിഞ്ഞു. ഈയിടെയായി ശ്രദ്ധിക്കപ്പെട്ട ഒരു കാര്യം ശുദ്ധ ജലമത്സ്യങ്ങൾക്ക് വന്ന രോഗമാണ്. ശരീരമാകെ വ്രണം വന്ന് തോട്ടിലും, കുളങ്ങളിലും ഉള്ള മത്സ്യങ്ങളെല്ലാം ചത്തു. ഇതിന്ന് ഒരു കാരണമായി പറയുന്നത് കീടനാശിനികളുടെ വ്യാപകമായ ഉപയോഗമാണ്.

## സാധ്യതകൾ

1. ശുദ്ധജല മത്സ്യകൃഷിയെ സംബന്ധിച്ച് പഞ്ചായത്ത് തല ബോധവൽക്കരണം നടത്താം.

2. കുളങ്ങളിലും കിണറുകളിലും ശുദ്ധജലമത്സ്യകൃഷി നടത്താൻ തയ്യാറുള്ളവർക്ക് സാമ്പത്തിക, സാങ്കേതിക സാഹായങ്ങൾ നൽകുക.



# വിദ്യാഭ്യാസം

**ആമുഖം.**

പുരാതന ഭാരതം ഇതര രാജ്യങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസപരമായി വളരെ മുന്നിലായിരുന്നു എന്നത് ഒരു ചരിത്ര വസ്തുതയായിരുന്നു. കേരളം മത സംഘടനകളുടെയും മിഷനറി പ്രവർത്തകരുടെ ശ്രമഫലമായി മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസ രംഗത്ത് വളരെ മുന്നിലാണല്ലോ. എന്നാൽ ചരിത്രപരമായ കാരണങ്ങളാൽ മലബാറിലെ ജനങ്ങൾക്ക് ഈ മേഖലയിൽ തിരുവിതാംകൂറിലെ ജനവിഭാഗങ്ങളോടപ്പം എത്താൻ സാധിച്ചിട്ടില്ല.

മലബാറിലെ എറ്റവും വലിയ താലൂക്കായ ഏറനാട് താലൂക്കിന്റെ സിരാകേന്ദ്രമായ മഞ്ചേരിയിൽ നിന്ന് 8 കിലേമീറ്റർ പടിഞ്ഞാറ് മാറി സ്ഥിതി ചെയ്യുന്ന പുൽപ്പറ്റ പഞ്ചായത്തിലും 1915 വരെ വിദ്യാഭ്യാസ സൗകര്യങ്ങൾ വളരെ കുറവായിരുന്നു. വിദ്യാഭ്യാസ സൗകര്യങ്ങൾ കുറച്ചെങ്കിലും ഉണ്ടായിരുന്ന മഞ്ചേരി, അരീക്കോട് പ്രദേശങ്ങളുമായി ബന്ധപ്പെടാൻ യാത്രാ സൗകര്യങ്ങളും ഉണ്ടായിരുന്നില്ല. തങ്ങളുടെ പിന്നോക്കാവസ്ഥയുടെ അടിസ്ഥാന കാരണം വിദ്യാഭ്യാസ സൗകര്യങ്ങളുടെ അഭാവമാണ് എന്ന വസ്തുത ചിലരെങ്കിലും മനസ്സിലാക്കിയത് കൊണ്ടാണ് സ്കൂൾ വിദ്യാഭ്യാസത്തിന് തുടക്കം കുറിക്കാൻ പഞ്ചായത്ത് നിവാസികൾക്ക് സാധിച്ചത്. 1915 ൽ തൃപ്പനച്ചിയിൽ ഒരു സ്കൂൾ സ്ഥാപിച്ചതോട് കുടിയാണ് പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്. തോട്ടക്കാട് യു.പി.സ്കൂളും, പാലക്കാട്, ഒളമതിൽ, മുത്തന്നൂർ എന്നിവിയങ്ങളിലെ എൽ. പി സ്കൂളുകളും ആദ്യകാലത്ത് ആരംഭിച്ചവയാണ്.

സ്കൂളുകളുടെ നടത്തിപ്പ് തികച്ചും അനാദായകരമായ ഒരു കാലഘട്ടത്തിൽ വിദ്യാലയങ്ങൾ തുടങ്ങാൻ ചില വ്യക്തികളെങ്കിലും മുന്നോട്ട് വന്നത് കൊണ്ടാണ് വിദ്യാഭ്യാസ രംഗത്ത് തുടക്കം കുറിക്കാൻ പഞ്ചായത്ത് നിവാസികൾക്ക് സാധിച്ചത്. തോട്ടക്കാട് എ.യു.പി സ്കൂൾ മാനേജർ ഇ. മൊയ്തീൻകുട്ടി ഹാജി, തൃപ്പനച്ചി എ.യു.പിസ്കൂൾ മാനേജരായിരുന്ന കെ.കെ ഗോവിന്ദൻ മാസ്റ്റർ ഒളമതിൽ എ.യം.എൽ.പി സ്കൂൾ മാനേജരായിരുന്ന എം.സി കോമുക്കുട്ടി മാസ്റ്റർ പാലക്കാട് എ.എം.എൽ.പി സ്കൂൾ മാനേജരായിരുന്ന വി.മോയിൻ മാസ്റ്റർ മുത്തന്നൂർ സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന അനന്തമംഗലത്ത് മമ്മവറാൻ മാസ്റ്റർ തുടങ്ങിയവർ പുൽപ്പറ്റയുടെ വിദ്യാഭ്യാസ ചരിത്രത്തിന്റെ സൃഷ്ടാക്കളും ആദ്യകാല പതാകവാഹകരിൽ പ്രമുഖരുമായിരുന്നു. ആദ്യകാല ഓത്തുപള്ളികളിലെ മൊല്ലാക്കമാരുടെ പ്രവർത്തനവും സ്മരണീയമാണ്. ഈ ഓത്തുപള്ളികളിൽ പലതും പിന്നീട് സ്കൂളുകളായി മാറുകയായിരുന്നു.

വിദ്യാഭ്യാസപരമായി ഏറെക്കുറെ മുന്നേറിയ ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂളും 3 യു.പി സ്കൂളും 10 എൽ.പി സ്കൂളുകളുമുണ്ട്. ഇവയിൽ 3 എൽ.പിസ്കൂളുകളൊഴിച്ച് മറ്റുള്ളവ സ്വകാര്യ മേഖലയിലാണ്.

## പട്ടിക –1

## വിദ്യാർത്ഥികൾ അദ്ധ്യാപകർ

| നമ്പർ | ഇനം | സ്കൂൾ | മാനേജ്മെന്റ് | വാർഡ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | ആൺ | പെൺ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| 1. | H.S. | C.M.H.S പൂക്കൊളത്തൂർ | എയിഡഡ് | 1 | 905 | 972 | 1877 | 38 | 31 | 69 |
| 2. | U.P+L.P | A.U.P.S തൃപ്പനച്ചി | „ | 8 | 770 | 739 | 1509 | 19 | 26 | 45 |
| 3. | U.P+L.P | A.U.P.S തോട്ടേക്കാട് | „ | 5 | 730 | 604 | 1334 | 11 | 32 | 43 |
| 4. | U.P | PMSMAUPS ഒളമതിൽ | „ | 7 | 198 | 172 | 370 | 3 | 10 | 13 |
| 5. | L.P. | M.L.P.S കാരാപ്പറമ്പ് | „ | 2 | 220 | 210 | 430 | 4 | 11 | 15 |
| 6. | L.P | A.M.L.P.S ചെറുപുത്തൂർ | „ | 7 | 125 | 88 | 213 | 5 | 3 | 8 |
| 7. | L.P | A.M.L.P.S മുത്തന്നൂർ | „ | 9 | 100 | 89 | 189 | 6 | 1 | 7 |
| 8. | L.P | A.M.L.P.S ചോലയിൽ മുക്ക് | „ | 10 | 88 | 77 | 165 | 2 | 4 | 6 |
| 9. | L.P | P.M.S.A.P.T.M.A.L.P.S പാലക്കാട് നോർത്ത് | „ | 12 | 75 | 73 | 148 | 3 | 2 | 5 |
| 10. | L.P | A.M.L.P.S പാലക്കാട് | „ | 11 | 134 | 128 | 262 | 3 | 7 | 10 |
| 11. | L.P | A.M.L.P.S ഒളമതിൽ | „ | 6 | 130 | 131 | 261 | 3 | 6 | 9 |
| 12. | L.P | G.M.L.P.S. പൂക്കൊളത്തൂർ | ഗവ: | 1 | 134 | 126 | 260 | 5 | 4 9 | |
| 13. | L.P | G.M.L.P.S. പുൽപ്പറ്റ | „ | 4 | 93 | 90 | 183 | 2 | 4 | 6 |
| 14. | L.P | G.M.L.P.S. വളമംഗലം | „ | 6 | 89 | 95 | 184 | 2 | 1 | 3 |
| | | | | | 3791 | 3594 | 7385 | 106 | 142 | 248 |

സർക്കാർ സ്കൂളുകളിൽ പൂക്കൊളത്തൂർ വളമംഗലം എന്നീ എൽ.പി സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടെങ്കിലും പുൽപ്പറ്റ എൽ.പി. സ്കൂൾ ഇപ്പോഴും വാടക കെട്ടിടത്തിലാണ്.

പ്രീ.പ്രൈമറിതലത്തിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെകുറിച്ചുള്ള ചിന്ത അടുത്താകലത്താണ് ജനങ്ങളിൽ സ്വാധീനം ചെലുത്തിത്തുടങ്ങിയത്. അഞ്ചു വസ്സിൽ താഴെയുള്ള കുട്ടികൾക്ക് അടുത്തകാലം വരെ ഏതാനും അങ്കണവാടികൾ മാത്രമായിരുന്നു ആശ്രയം ഇപ്പോൾ ചില മതസാംസ്കാരിക സംഘടനളുടെ ആഭിമുഖ്യത്തിൽ അഞ്ച് സ്വകാര്യ പ്രീ പ്രൈമറി വിദ്യാലയങ്ങൾ നടത്തി വരുന്നുണ്ട്. ഇത് തന്നെ പഞ്ചായത്തിലെ 4 വാർഡുകളിൽ മാത്രമൊതുങ്ങുന്നു. മറ്റിടങ്ങളിൽ ഇപ്പോഴും പ്രീ പ്രൈമറി സൗകര്യങ്ങളില്ല.

പട്ടിക. 1 വിശദമായി പരിശോധിച്ചാൽ പഞ്ചായത്തിലെ വിദ്യാർത്ഥികളിൽ മുൻതൂക്കം ആൺകുട്ടികൾക്കാണ് എന്ന് മനസ്സിലാക്കാം. എന്നാൽ ചെറിയൊരു ഹൈസ്കൂളിൽ ആൺകുട്ടികളെക്കാൾ കൂടുതൽ പെൺകുട്ടികളാണ്.

സാമ്പത്തിക സാമൂഹ്യകാരണങ്ങളാൽ വളരെ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇടക്ക് വെച്ച് പഠനം നിർത്തുന്നുണ്ട്.

ലോവർ പ്രൈമറി ഘട്ടത്തിൽ വിദ്യാർത്ഥികളെ സ്കൂളുകളിൽ നിന്ന് കൊഴിഞ്ഞ് പോകാതെ നില നിർത്താൻ സാധിക്കുന്നുണ്ട് എന്ന് പട്ടികയിൽ നിന്നും മനസ്സിലാക്കാം. എന്നാൽ യു.പി തലത്തിലെത്തുമ്പോൾ കൊഴിഞ്ഞ്പോക്ക് ആരംഭിക്കുകയും ഹൈസ്കൂൾതലത്തിലെത്തുമ്പോൾ കൊഴിഞ്ഞ്പോക്ക് ഗണ്യമായി കൂടുകയും ചെയ്യുന്നുണ്ട്.

സാമ്പത്തിക പരാധീനത മൂലം രക്ഷിതാക്കളെ സഹായിക്കേണ്ട ബാധ്യത വന്നു ചേരുന്നതിനാലും

### പഠനം നിർത്തിയവരുടെ കണക്ക്

| സ്റ്റാൻ– ഡേർഡ് | ആകെകുട്ടികൾ | | | പഠനംനിർത്തിയവർ | | | S.C.S.T. പഠനം നിർത്തിയവർ | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | 272 | 232 | 504 | 0 | 1 | 1 | – | – | – |
| 2 | 305 | 298 | 603 | – | | | | – | – |
| 3. | 282 | [illegible] | [illegible] | 1 | 0 | | – | – | – |
| 4 | 288 | 261 | 549 | – | – | – | – | – | – |
| 5 | 420 | 388 | 808 | 1 | 0 | 1 | – | – | – |
| 6 | 386 | 353 | 739 | 5 | 0 | 5 | 1 | 0 | 1 |
| 7. | 418 | 373 | 791 | 7 | 4 | 11 | 3 | 0 | 3 |
| 8. | 380 | 374 | 754 | 67 | 24 | 91 | 9 | 3 | 12 |
| 9. | 319 | 331 | 650 | 49 | 25 | 74 | 0 | 1 | 1 |
| 10 | 205 | 267 | 472 | 6 | 28 | 34 | 0 | 1 | 1 |

അനാകർഷകമായ വിദ്യാഭ്യാസ രീതി തുടരുന്നതിലാനും ചിലരെങ്കിലും ഹൈസ്കൂൾ തലത്തിലെത്തുന്നതിനു മുമ്പ് തന്നെ വിദ്യാഭ്യാസം അവസാനിപ്പിക്കുന്നുണ്ട്.

ജീവിതഗന്ധിയായ വിദ്യാഭ്യാസത്തിന്റെ അഭാവം, പഴഞ്ചൻ ബോധന രീതി, വിദ്യാഭ്യാസവും ജീവിതവും തമ്മിലുള്ള അകൽച്ച, വീടുകളിലെ പഠനസാഹചര്യത്തിന്റെ പരിമിതി തുടങ്ങിയവ ഹൈസ്കൂൾ വിദ്യാർത്ഥിയെ സ്കൂളിൽ നിന്ന് അകറ്റുകയും ആകർഷകമായ ഗൾഫ്, ഡ്രൈവിംഗ് എന്നീ മേഖലകളിലേക്ക് ചെന്നെത്തുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

പെൺകുട്ടികളിൽ നല്ലൊരു വിഭാഗം വിവാഹം കഴിയുന്നതിനാലാണ് വിദ്യാഭ്യാസം അവസാനിപ്പിക്കുന്നത്. സാമ്പത്തികമായ പിന്നോക്കാവസ്ഥ ചിലരെയെങ്കിലും അഗതിമന്ദിരങ്ങളിൽ എത്തിക്കുന്നു.

പട്ടികയിൽ നിന്നും 10ാം ക്ളാസ്സിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം ഓരോവർഷവും കുറയുന്നതായി കാണാം. ജനന നിരക്കിലുള്ള കുറാവാണ് ഇതിന് പ്രധാനമായും കാരണം. വിദ്യാഭ്യാസത്തെ വരേണ്യവൽക്കരിക്കാൻ നടക്കുന്ന ബോധപൂർവ്വമായ ശ്രമം ചെറുതായെങ്കിലും സ്വാധീനം ചെലുത്തുന്നതിനാൽ അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് കുട്ടികൾ മാറുന്നതും ഒരു കാരണമാണ്.

അഞ്ച് വയസ്സിന് മേലെയുള്ള എല്ലാ കുട്ടികളെയും പ്രൈമറി സ്കൂളുകളിൽ ചേർക്കപ്പെടുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. പട്ടികജാതി–പിന്നോക്ക വിഭാഗങ്ങളിൽ പെട്ടവർ പഴയകാലങ്ങളെ അപക്ഷിച്ച് ഇക്കാര്യത്തിൽ വളരെ ഉൽബുദ്ധരാണ്.

പഞ്ചായത്തിലെ ജനസംഖ്യയുടെ 12 ശതമാനത്തോളം വരുന്ന പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസ കാര്യത്തിലുള്ള താല്പര്യം കൂടി വരികയും കൊഴിഞ്ഞ്പോക്ക് താരതമ്യേന കുറഞ്ഞു വരികയും ചെയ്യുന്നുണ്ട്.

പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപരമായ പൊതുവിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക പരിശോധിച്ചാൽ ആകെ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി പട്ടികജാതി വിദ്യാർത്ഥികൾ സ്കൂളിൽ എത്തുന്നുണ്ട് എന്ന് മനസ്സിലാക്കാം.

മൊത്തം പട്ടിക ജാതി വിഭാഗത്തെ വിലയിരുത്തുമ്പോൾ ഉയർന്ന പഠനമേഖലയിലേക്ക് ചെന്നെത്തുമ്പോൾ വളരെ കുറവാണെന്ന് മനസ്സിലാകും. എന്നാലും സാങ്കേതിക വിദ്യാഭ്യാസ മേഖല (E.N.G.G.)യിലും വൈദ്യശാസ്ത്ര രംഗത്തും (M.B.B.S) സെലക്ഷൻ ലഭിച്ചവർ കൂട്ടത്തിലുണ്ട്. ഡിഗ്രി വരെ പഠിച്ചവരും കുറെപേരുണ്ട്.

പട്ടിക-3

| ക്ളാസ് | ആകെ വിദ്യാർത്ഥികൾ | | | പട്ടികജാതി വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | 272 | 232 | 504 | 26 | 21 | 47 |
| 2. | 305 | 298 | 603 | 31 | 40 | 71 |
| 3. | 282 | 254 | 536 | 28 | 16 | 44 |
| 4. | 288 | 261 | 549 | 29 | 30 | 59 |
| 5. | 420 | 388 | 808 | 46 | 43 | 89 |
| 6. | 386 | 343 | 739 | 41 | 48 | 89 |
| 7. | 418 | 373 | 791 | 55 | 45 | 100 |
| 8. | 380 | 374 | 754 | 56 | 45 | 101 |
| 9. | 319 | 331 | 650 | 31 | 29 | 60 |
| 10 | 205 | 267 | 472 | 28 | 22 | 50 |
| ആകെ | 3275 | 3131 | 6406 | 371 | 339 | 710 |

**വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ**

വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ഏറ്റവും വലിയ പോരായ്മയാണ്. പുൽപറ്റ ജി. എൽ.പി സ്കൂൾ ഒഴികെ മറ്റുള്ളവ ക്ളാസ്സ് മുറികളുടെയും കെട്ടിടങ്ങളുടെയും കാര്യത്തിൽ ഏറെക്കുറെ സ്വയം പര്യാപ്തമാണ്.

കുടുതലും എയ്ഡഡ് സ്കൂളുകളായതിനാൽ ഫർണിച്ചർ, ജീവനക്കാർ എന്നീ മേഖലകളിൽ ധന്യമാണെങ്കിലും കളിസ്ഥലം, ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ അപര്യാപ്തമാണ്. ക്ളാസ്സ് മുറികളിൽ ഒതുങ്ങി കഴിയേണ്ടി വരുന്ന വിദ്യാർത്ഥികൾക്ക് കഴിയുന്നത്ര ഉൻമേഷം പകരാൻ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പരിമിതികൾ വെളിപ്പെടുത്തുന്ന വസ്തുതകൾ പട്ടിക 4ൽ കാണാം.

മൂത്രപ്പുരയില്ലാത്ത 2ഉം കക്കൂസില്ലാത്ത7ഉം സ്കൂളുകൾ

പഞ്ചായത്തിലുണ്ട് ലൈബ്രറി ഇല്ലാത്ത 5ഉം ലബോറട്ടറി ഇല്ലാത്ത് 7ഉം സ്കൂളുകൾ പഞ്ചായത്തിലുണ്ട് 5 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കളിസ്ഥലമില്ല എന്നും മനസ്സിലാക്കണം.

പല വിദ്യാലയങ്ങളിലും പി.ടി.എ കൾ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. പൂക്കൊളത്തർ സിഎച്ച്എം ഹൈസ്കൂൾ, തൃപ്പനച്ചി യുപി സ്കൂൾ ഒള്മതിൽ യുപി സ്കൂൾ എന്നിവിടങ്ങളിൽ പിടിഎ കൾ മുൻകൈ എടുത്ത് ശുദ്ധജലവിതരണത്തിനായി ടാങ്കുകളും പൈപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. സ്കൂളുകളുടെ അയൽവക്ക വീടുകളെ ആശ്രയിക്കുന്ന വിദ്യാർത്ഥികൾക്ക് അത് വലിയ ഉപകാരം തന്നെയാണ്.

അടിസ്ഥാന സൗകര്യങ്ങളില്ലാത്ത ഒരു സ്കൂളുന്റെ ചുറ്റുപാടിൽ അധ്യയനം നടത്താൻ നിർബന്ധിക്കപ്പെടുന്ന വിദ്യാർത്ഥികൾ എല്ലാ അർത്ഥത്തിലും പിൻതള്ളപ്പെട്ട് പോകും. ഈ സാഹചര്യത്തിലാണ് അധ്യാപകരും രക്ഷിതാക്കളും മാനേജരും ബഹുജനങ്ങളുംമടങ്ങിയ പുതിയ കൂട്ടായ്മ വളർത്തി എടുക്കാൻ നാം പ്രതിജ്ഞ ചെയ്യേണ്ടതുണ്ട്

പഠനനിലവാരം ഉയർത്താൻ മാതൃസമാജങ്ങളുടെ പ്രവർത്തനം ചില സ്കൂളിലെങ്കിലും മാതൃകാപരമാണ്. പഠനനിലവാരം ഉയർത്താൻ പൂക്കൊളത്തൂർ ഹൈസ്കൂൾ തുടങ്ങിയ സ്കൂളുകളിൽ പിടിഎ കമ്മിറ്റികൾ പ്രോത്സാഹന സമ്മാനം ഏർപ്പെടുത്തിയിട്ടുണ്ട്

ഇത്തരം സംരഭങ്ങൾക്ക് പഠനനിലവാരം

| നമ്പർ | സ്കൂൾ | വിസ്തീർണ്ണം ഏക്കറിൽ | ഓഫീസ്മുറി | സ്റ്റാഫ്മുറി | ലാബ് | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | ഗ്രൗണ്ട് | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | സിഎംഎച്ച്എസ് പൂക്കൊളന്നൂർ | 3.70 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. | എയുപിഎസ് തൃപ്പനച്ചി | 2.25 | ,, | ,, | ,, | ,, | ,, | ,, | ഉണ്ട് | ,, | ,, | ,, |
| ~~3.~~ | ~~എയുപിഎസ് തോട്ടക്കാട്~~ | ~~1.5~~ | ~~,,~~ | ~~,,~~ | ~~,,~~ | ~~,,~~ | ~~,,~~ | ~~,,~~ | ~~,,~~ | ~~,,~~ | ~~,,~~ | ~~,,~~ |
| 4. | ജിഎംഎൽപിഎസ് പൂക്കൊളന്നൂർ | 1 | ,, | ,, | ,, | ,, | ,, | ,, | ,, | ഇല്ല | ഇല്ല | ,, |
| 5. | എഎൽപിഎസ് കാരപ്പറമ്പ് | 0.36 | ,, | ,, | ഇല്ല | ഇല്ല | ,, | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ,, |
| 6. | ജിഎൽപിഎസ് പുൽപ്പറ്റ | 0.215 | ഇല്ല | ഇല്ല | ,, | ,, | ,, | ഉണ്ട് | ഉണ്ട് | ഉണ്ട് | ,, | ,, |
| 7. | ജിഎൽപിഎസ് വളമംഗം | 1 | ,, | ,, | ,, | ,, | ഇല്ല | ,, | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 8. | എ.എംഎൽപിഎസ് ഒളമതിൽ | 1.42 | ,, | ,, | ഇല്ല | ,, | ഉണ്ട് | ,, | ഉണ്ട് | ഇല്ല | ,, | ,, |
| 9. | പിഎസ്എംഎസ്എഎംഎയുപിഎസ് ഒളമതിൽ | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ,, | ,, | ഇല്ല | ഉണ്ട് | ഉണ്ട് | ,, | ,, |
| 10. | എഎംഎൽപിഎസ് ചെറുപുന്നൂർ | 1 | ,, | ,, | ഇല്ല | ,, | ,, | ഇല്ല | ,, | ഉണ്ട് | ഉണ്ട് | ,, |
| 11. | എഎംഎൽപിഎസ് മുത്തന്നൂർ | $1^1/_2$ | ഇല്ല | ഇല്ല | ഉണ്ട് | ,, | ,, | ,, | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 12. | എഎംഎൽപിഎസ് ചോലമുക്ക് | $1^1/_2$ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ,, | ഉണ്ട് | ഇല്ല | ഉണ്ട് | ,, |
| 13. | എഎംഎൽപിഎസ് പാലക്കാട് | 1.30 | ,, | ,, | ,, | ,, | ഉണ്ട് | ,, | ഉണ്ട് | ഉണ്ട് | ,, | ,, |
| 14. | എൽപിഎസ് പാലക്കാട് നോർത്ത് | 1 | ,, | ,, | ഉണ്ട് | ഉണ്ട് | ,, | ,, | ഇല്ല | ഇല്ല | ,, | ഇല്ല |

ഉയർത്തുന്നതിൽ എത്രമാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്നത് വിമർശനവിധേയമാക്കേണ്ടതാണ്. യാത്രാ സൗകര്യങ്ങളുടെ കുറവും കുട്ടികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

വിദ്യാർത്ഥികളുടെ പഠനനിലവാരം ആശാവഹമല്ലെന്ന് കഴിഞ്ഞ വർഷങ്ങളിലെ എസ് എസ് എൽ സി വിജയശതമാനത്തിന്റെ പട്ടിക പരിശോധിച്ചാൾ വ്യക്തമാവുന്നതാണ്.

വിദ്യാഭ്യാസത്തിൽ സമൂഹത്തിന്റെ താല്പര്യക്കുറവ് , ഗൾഫ് പണത്തിന്റെ സ്വാധീനം, ദൃശ്യമാധ്യമങ്ങളുടെ വ്യാപനം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ വ്യാപനം, പഴഞ്ചൻ ബോധനരീതി സാമൂഹ്യ പിന്നോക്കാവസ്ഥ മൽസരപരീക്ഷ കളെ മാത്രമ ലക്ഷ്യം വെച്ച് കൊണ്ടുള്ള വിദ്യാഭ്യാസ രീതി, ആശാസ്ത്രീയമായ മൂല്യനിർണയരീതി, കേന്ദ്രീകൃതആസൂത്രണസംവിധാനം തുടങ്ങിയ നിലവാരത്തകർച്ചയുടെ കാരണങ്ങളിൽ ചിലതാണ്.

പട്ടിക 5

| സ്കൂൾ | വർഷം | വിജയശതമാനം |
|---|---|---|
| സി എച്ച് എം എച്ച് എസ് പൂക്കൊളത്തൂർ | 1991–92 | 32.48 |
| | 92–93 | 27.95 |
| | 93–94 | 27.86 |
| | 94–95 | 23.7 |
| | 95–96 | 24.4 |

പ്രൈമറി തലത്തിൽ നിന്നും സെക്കന്ററി തലത്തിലെത്തുമ്പോൾ 30% ത്തിൽ താഴെ മാർക്ക് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുന്നു

## പട്ടിക 6

### 96–97പാദവാർഷിക പരീക്ഷ

| | ആകെ വിദ്യാർത്ഥികൾ | 30%താഴെ മാർക്ക് ലഭിച്ചവർ | 30%ത്തിനും 40%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 40 %നും 50%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 50%നും 60%നും ഇടയിൽ മാർക്ക ലഭിച്ചവർ | 60% ത്തിനുമേൽ മാർക്ക് ലഭിച്ചവർ |
|---|---|---|---|---|---|---|
| III | 590 | 114 | 180 | 104 | 91 | 101 |
| IV | 547 | 78 | 109 | 137 | 108 | 115 |
| V | 754 | 147 | 193 | 243 | 101 | 70 |
| VI | 739 | 180 | 190 | 226 | 93 | 50 |
| VII | 770 | 198 | 282 | 156 | 87 | 47 |
| VIII | 710 | 442 | 126 | 63 | 70 | 9 |
| IX | 627 | 399 | 107 | 80 | 27 | 14 |
| X | 446 | 296 | 47 | 71 | 12 | 20 |

എന്നും 60% കൂടുതൽ മാർക്ക് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി കുറയുന്നു എന്നും പട്ടിക 6 ൽ നിന്ന് വ്യക്താണ്. ഓൾ പ്രമോഷൻ സമ്പ്രദായം, സിലബസ്സിന്റെ ഭാരം, മൂല്യനിർണ്ണയരീതിയിലെ വ്യത്യാസം, അനഭിലഷണീയപ്രവണതകളുടെ വളർച്ച എന്നിവകുത്തനെയുള്ള ഈ നിലവാരത്തകർച്ചക്ക് കാരണമാവാം.

## II പാഠ്യേതര വിഷയങ്ങൾ

പാഠ്യേതര വിഷയങ്ങളിൽ പഞ്ചായത്തിലെ സ്കൂളുകൾ പൊതുവെ നിലവാരം പുലർത്തുന്നുണ്ട് മൊറയൂരിൽ വെച്ച് നടന്ന മേഖലാ സ്പോർട്സിൽ പൂക്കൊളത്തൂർ ഹൈസ്കൂൾ രണ്ടാം സ്ഥാനം നേടിയിട്ടുണ്ട് ഈ വർഷം കിഴിശ്ശേരി സബ് ജില്ലാ തലത്തില ശാസ്ത്രമേളയിൽ ഒന്നാം സ്ഥാനം നേടിയത് ചെറുപുത്തൂർ എഎംഎൽപി സ്കൂളും എൽ.പി, യു.പു വിഭാഗം കായികമേളയിൽ ഒന്നാം സ്ഥാനം ലഭിച്ചത് തോട്ടക്കാട് യുപി സ്കൂളിനുമാണ്. തൃപ്പനച്ചി എയുപിഎസ് ഗണിതശാസ്ത്രമേളയിൽ 2ാം സ്ഥാനവും കായികമേള യുപി വിഭാഗത്തിൽ മൂനാം സ്ഥാനവും നേടിയിട്ടുണ്ട് എഎംഎൽപിഎസ് മുത്തന്നൂർ, എഎംഎൽപിഎസ് ഒളമതിൽ എന്നിവയും ഉയർന്നനിലവാരം പുലർത്തിയ ജേതാക്കളാണ്.

കുട്ടികൾക്ക് പഠനം, പരീക്ഷ എന്നൊക്കെ കേൾക്കുന്നത് ഒരു പീഢനവും ശിക്ഷയും ആയി തോന്നുന്ന ഘട്ടത്തിൽ സ്കൂൾ ജീവിതം രസകരവും മടുപ്പിക്കാത്തതും ഹൃദ്യവുമായിതീരുന്നത് പഠനാനുബന്ധപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴാണ്.

വിദ്യാലയങ്ങൾക്ക് വിഷമമുണ്ടാക്കുന്ന സമാന്തര വിദ്യാലയങ്ങളൊന്നും പഞ്ചായത്തിലില്ല. എങ്കിലും പൂക്കൊളത്തൂരിൽ രണ്ട് സമാന്തര വിദ്യാലയങ്ങളുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളൊ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല.– പ്രിഡിഗ്രി വിദ്യാഭ്യാസത്തിനു പോലും മഞ്ചേരി–മലപ്പുറം തുടങ്ങിയ ദൂരദിക്കുകളിൽ പോകേണ്ട വിദ്യാർത്ഥികൾക്ക് പൂക്കൊളത്തൂർ ഹൈസ്കൂളിൽ പ്ളസ്ടു ആരംഭിച്ചാൽ അതൊരു ആനുഗ്രഹമായിരിക്കും. പ്രീ പ്രൈമറി തലത്തിൽ പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ 5 സ്ഥാപനങ്ങളുണ്ട്

അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ സാക്ഷരതാ പ്രവർത്തനം വളരെ സജീവമായിരുന്നു എങ്കിലും ആവേശം തുടർന്നും നിലനിർത്താൻ കഴിയാതെ പോയതിനാൽ ക്രമേണ നിരക്ഷരായി എന്നതാണ് ദുഖ:സത്യം പാലക്കാട് – കഞ്ഞിരത്തിങ്ങൽ കാൻഫെഡിന്റെ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

വായനശാലകളും ഗ്രന്ഥശാലകളും ജനശിക്ഷണനിലയവും കാര്യക്ഷമമാക്കിയാൽ ഈ രംഗം കൂടുൽ കാര്യക്ഷമമാകും.

## പ്രശ്നങ്ങൾ

വിദ്യാഭ്യാസം ഒരു സാമൂഹികപ്രക്രിയയാണ് പക്ഷെ വിദ്യാഭ്യാസത്തിൽ സാമൂഹിക പങ്കാളിത്തം ഇന്ന് വളരെ കുറവാണ്. ഇത് വിദ്യാഭ്യാസ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. നമ്മുടെ അക്കാദമിക്ക് തലം വളരെ ദുർബലമാണ്. പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗം പരിപോഷിപ്പിക്കണമെങ്കിൽ കൂട്ടായ സംരംഭം ആവശ്യമാണ്. കൂട്ടായി ശ്രമിച്ചാൽ പ്രാദേശികമായോ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചോ പരിഹരിക്കാവുന്നവയും ഗ്രാമപഞ്ചായത്തിന്റെയും ഉപരിസഭകളുടെയും സഹകരണത്തോടെയും പരിഹരിക്കാവുന്നയും കൂട്ടത്തിലുണ്ട് പഞ്ചായത്തിലെ വിദ്യാഭ്യാസപരമായ ആവശ്യങ്ങളും പ്രശ്നങ്ങളും താഴെ പറയുന്ന രീതിയിൽ സംഗ്രഹിക്കാം.

I. പഠന സൗകര്യങ്ങൾ പലസ്ഥലത്തും ലഭ്യമല്ല

(a) 3ാം വാർഡിൽ ഷാപ്പുംകുന്ന് ഭാഗത്ത് ഒരു തരത്തിലുള്ള വിദ്യാലയവും നിലവിലില്ല

(b) ഒന്നാം വാർഡിലെ പല്ലാരപറമ്പ് ഭാഗത്തെ വിദ്യാർത്ഥികൾ പഠനശാല വളരെ അകലെയാണ്.

(c) പഞ്ചായത്തിൽ എസ്. എസ്. എൽ. സി. ക്ക് ശേഷം തുടർ വിദ്യാഭ്യാസത്തിന് സൗകര്യമില്ല

(d) പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ നിന്ന് പൂക്കൊളത്തൂർ ജിഎഎംഎൽപി സ്കൂൾ, വളമംഗലം ജിഎൽപിഎസ്, മുത്തന്നൂർ എഎംഎൽപി സ്കൂൾ,എഎംഎൽപിഎസ് പാലക്കാട്, എഎംഎൽപിഎസ് കാരാപ്പറമ്പ് എന്നിവ അപ്ഗ്രേഡ് ചെയ്യണം എന്നും പഞ്ചായത്തിൽ (9ാം വാർഡിൽ) ഒരു ഹൈസ്കൂൾ സ്ഥാപിക്കണമെന്നും ആവശ്യമുയർന്നിറ്റുണ്ട്

പഞ്ചായത്തിലെ 7ാം വാർഡിൽ ചെറുപുത്തൂർ പ്രദേശത്ത് ഒരു ഹൈസ്കൂൾ സ്ഥാപിക്കണമെന്ന് ആവശ്യമുയർന്നിട്ടുണ്ട്.

II സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ കുറവാണ്.

(a) ജി.എൽ.പി. പുൽപ്പറ്റ സ്കൂളിന് കെട്ടിടമില്ല

(b) പല സ്കൂളുകൾക്കും കളിസ്ഥലം, ലാബ്, ലൈബ്രറി സൗകര്യങ്ങൾ വേണ്ടത്രയില്ല. ചിലയിടങ്ങളിൽ ഇവതീരെയില്ല

(c) ചില സ്കൂളുകളിൽ കക്കൂസും മൂത്രപ്പുരകളും സൗകര്യപ്രദമല്ല

III തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യം തീരെയില്ല

IV പഠനനിലവാരം കുറഞ്ഞു വരുന്നു.

V പിടിഎ കളുടെ പ്രവർത്തനം ചില സ്കൂളുകളിൽ ശക്തമല്ല

VI യാത്രാസൗകര്യങ്ങൾ പരിമിതമാണ്

VII പഞ്ചായത്തിലെ 8 വാർഡുകളിൽ പ്രീ പ്രൈമറി സ്കൂളുകളില്ല

VIII അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ വളർച്ച ഇപ്പോൾ നേരിട്ട് ബാധിച്ചിട്ടില്ലെങ്കിലും ഈ ഭാഗത്തേക്ക് ജനങ്ങൾ ചിന്തിച്ച് തുടങ്ങിയിരിക്കുന്നു.

IX കലാകായിക രംഗങ്ങളിൽ പ്രോത്സാഹനം കൊടുക്കാൻ പ്രത്യേക സംവിധാനം ഇല്ല

X വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് ശ്രദ്ധിക്കപ്പെടുന്നില്ല.

XI വിദ്യാഭ്യാസത്തിൽ സാമൂഹ്യ പങ്കാളിത്തം വളരെക്കുറവാണ്.

XII അനൗപചാരിക വിദ്യാഭ്യാസം കൂമ്പടഞ്ഞ് കൊണ്ടിരിക്കുന്നു.

XIII അധ്യാപക-വിദ്യാർത്ഥി ആനുപാതം അശാസ്ത്രീയമാണ്

XIV വിദ്യാർത്ഥികളുടെ ആവശ്യകതാബോധമില്ലായ്മ

XV പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല

## പരിഹാര നിർദ്ദേശങ്ങൾ

I (a) 3ാം വാർഡിൽ ഒരു പ്രൈമറി സ്കൂൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

(b) ഒന്നാം വാർഡിലെ പല്ലാരപറമ്പ് ഭാഗത്ത് ഒരു എൽ.പി സ്കൂൾ അനുവദിക്കാൻ ശ്രമിക്കുക

(c) പൂക്കൊളത്തൂർ ഹൈസ്കൂളിൽ പ്ളസ്ടു ആരംഭിക്കുക

(d) ഗ്രാമസഭകളുടെ ആവശ്യം പരിഗണിച്ച് പൂക്കൊളത്തൂർ ജി.എം.എൽ.പിഎസ്, മുത്തന്നൂർ എ.എം. ജിഎൽപിഎസ്, പാലക്കാട് എഎംഎൽപിഎസ് കാരാപ്പറമ്പ് എ.എംഎൽപിഎസ്, വളമംഗലം ജി. എൽ.പി.എസ്. എന്നിവ അപ്ഗ്രേഡ് ചെയ്യുക. പഞ്ചായത്തിൽ 9ാം വാർഡിലും 7ാം വാർഡിൽ

ചെറുപുത്തൂർ ഭാഗത്തും ഹൈസ്കൂൾ അനുവദിക്കുക

II (a) പുൽപ്പറ്റ ജി.എൽ.പി.എസ് ഇപ്പോൾ നടത്തുന്ന

കെട്ടിടമോ, തൊട്ടടുത്ത് ലഭിക്കാനുള്ള എതെങ്കിലും സ്ഥലമൊ പി.ടി.എയുടെ നേതൃത്തിൽ സ്വായത്തമാക്കാൻ ശ്രമിക്കുകയും പഞ്ചായത്തിന്റെ കൂട്ടായ്മ പിന്തുണ നൽകുകയും ചെയ്യണം. ബിൽഡിംഗിന് സർക്കാർ തലത്തിൽ ലഭിക്കുന്ന പരാമാവധി സഹായം തേടാവുന്നതാണ്.

(b) കളിസ്ഥലം അനുവദിക്കുകയെന്നത് സ്വകാര്യ സ്കൂളുകളിൽ മാനേജ്മെന്റിന്റെ ബാധ്യതയാണ്. പി.ടി.എ കൾക്ക് കൂടുതൽ സഹകരിക്കാനാകും.. കക്കൂസ്, ശുദ്ധജലവിതരണം എന്നിവയുടെ സംസ്ഥാപനത്തിന് KER നിർദ്ദേശിങ്ങൾ പാലിക്കുകയും PTA മുൻകൈ എടുക്കുകയും വേണം. സ്വകാര്യ സ്കൂളുകളുടെ ഭാഗ്യ നിർഭാഗ്യങ്ങൾക്കെല്ലാം കാരണം മാനേജർ മാത്രമാണെന്ന സമീപനം ആത്മഹത്യാപരമാണെന്ന് നാൾക്കുനാൾ ബോധ്യമായിവരികയാണ്. അടിസ്ഥാനം സൗകര്യങ്ങൾപോലുമില്ലാത്ത് സ്കൂൾ ചുറ്റുപാടിൽ അദ്ധ്യയനം നടത്താൻ നിർബന്ധിക്കപ്പെടുന്ന വിദ്യാർത്ഥി എല്ലാ അർത്ഥത്തിലും പിന്തള്ളപ്പെട്ട് പോകും എന്ന വസ്തുത മനസ്സിലാക്കി അധ്യാപകനും രക്ഷിതാവും മാനേജരും പൊതുജനങ്ങളും എല്ലാവരുമടങ്ങിയ പുതിയ കൂട്ടായ്മ വളർത്തിയെടുക്കേണ്ടതുണ്ട്. ഗവൺമന്റ് സ്കൂളുകൾക്ക് ജനകീയ ശ്രമത്തിലൂടെ ഇത്തരം സൗകര്യങ്ങൾ നിർമ്മിക്കാൽ കിട്ടാവുന്ന സ്രോതസ്സുകൾ പരമാവധി ഉപയോഗിക്കണം.

III തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ ITTI, പോളിടെക്നിക്ക്, എന്നിവ സ്ഥാപിക്കുക. ടൈലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഡ്രൈവിങ്ങ് സ്കൂൾ, സോപ്പുനിർമ്മാണം, തേനീച്ച വളർത്തൽ, എന്നിവ നേരിട്ട് പണമുടക്കില്ലാതെ സന്നദ്ധസംഘടനകളുടെ സഹായത്തോടെ അരംഭിക്കാവുന്നതാണ്. പഞ്ചായത്ത് സ്വയം സഹായിക്കാനും നിലവിലുള്ള സഹായം വാങ്ങിക്കൊടുക്കാനും പരമാവധി ശ്രമിക്കണം.

IV പഠനനിലവാരം ഉയർത്തുന്നതിന് അത്യാവശ്യമായി മാതൃസമാജങ്ങളെ ഉത്തേജിപ്പിക്കുക. അമ്മമാരെ ബോധവൽക്കരിക്കുക. അമിതമായ സാമ്പത്തിക ശേഷി കുട്ടികളിലൂടെ ചോർന്നുപോകുന്ന രംഗം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക. മാസപ്പരീക്ഷകൾ നടത്തുക. ക്ളാസ്സടിസ്ഥാത്തിൽ പി.ടി.എ വിളിക്കുക. പത്തിലേക്ക് ക്ളാസ്കയറ്റം നൽകുമ്പോൾ അവർക്ക് മെറിറ്റിടിസ്ഥാനത്തിൽ ഡിവിഷൻ തിരിച്ച് പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകമായി കോച്ചിംഗ് കൊടുക്കുക. ഓരോ ക്ളാസ്സിലും കൂടുതൽ മാർക്ക് നേടിയവർക്ക് അവാർഡുകൾ നൽകുക

V. സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തി സ്കൂൾ ഒരു സാമൂഹ്യ സ്ഥാപനമായി മാറ്റണം. രക്ഷിതാക്കൾ കുട്ടികളുടെ വിദ്യാഭ്യാസകാര്യങ്ങൾ അന്വേഷിക്കാൻ നിരന്തരം സ്കൂളുകളിൽ എത്തുന്നത് പതിവാക്കണം. സ്കൂളുകൾ നന്നാക്കുന്ന കാര്യത്തിൽ ഞങ്ങൾക്കും കുറെ കാര്യങ്ങൾ ചെയ്യാനുണ്ടെന്ന ബോധം പരിസര വാസികൾക്കും, നാട്ടുകാർക്കും, രക്ഷിതാക്കൾക്കും, ഉണ്ടാവണം. ഇതിന് പി.ടി.എ എല്ലാ സ്കൂളുകളിലും ശക്തമാക്കുകയും അതിന്റെ പ്രവർത്തന കുറിച്ച് രക്ഷിതാക്കളെ ബോധവൽക്കരിക്കുകയും വേണം. പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുണ്ടാക്കി വേണ്ട സഹകരണം ചെയ്യേണ്ടതാണ്. പി.ടി.എ ശ്രമിച്ചാൽ വമ്പിച്ച മാറ്റം ഓരോ പാഠശാലയിലുമുണ്ടാകും.

VI ഓർക്കാപുറത്ത് ഓട്ടം നിർത്തുന്ന ബസ്സുകൾ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പാസഞ്ചേഴ്സ് അസോസിയേഷൻ ഉണ്ടാക്കി ഔദ്യോഗിക തലത്തിൽ പരിഹാരം കാണാവുന്നതാണ്. വിദ്യാലയ സമയത്തിനുസൃതമായി കുട്ടകളെ കയറ്റിക്കൊണ്ട് പോകാൻ ബസ്സുടമകളോടും പല ബസ്സുകളിലായി കുട്ടികളെ അയക്കാൻ സ്കൂളുകളോടും നിർദ്ദേശിക്കണം.. യാത്രാക്കാരിൽ ചിലരുടെയും ബസ്സ്തൊഴിലാളികളുയെടും ക്രമം തെറ്റിയ പെരുമാറ്റങ്ങൾക്കും ചർച്ചയിലൂടെ പരിഹാരം കാണാവുന്നതാണ്.

VII പഞ്ചായത്തിൽ പ്രീ പ്രൈമറി സ്കൂളുകൾ സ്ഥാപിക്കാൻ സർക്കാർ സംവിധാനങ്ങളോ സന്നദ്ധസംഘടനകളുടെ താല്പര്യങ്ങളൊ ഉപയോഗപ്പെടുത്താൻ ശ്രമിക്കാവുന്നതാണ്.

VIII അൺഎയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനങ്ങൾക്ക് പ്രചോദനം നിലവിലുള്ള അംഗീകൃത സ്കൂളുകളുടെ നിലവാരത്തകർച്ചയാണ്. ഉദ്ബുദ്ധരായ രക്ഷിതാക്കൾ നന്നായി പഠിക്കുന്ന കുട്ടികളെ പിൻവലിക്കുകയും അവരെ അൺ എയ്ഡഡ് സ്കൂളുകളിലയക്കുകയും ചെയ്യുന്ന പ്രവണത കണ്ടുവരുന്നുണ്ട്. ഏതാണ്ടെല്ലാ സ്ക്കൂളുകളേയും ഒരു പരിധിവരെ ഇതു ബാധിക്കുന്നുണ്ട്. ചില സ്കൂളുക്ളിൽ നിലവാരം വർദ്ധിപ്പിക്കാനുള്ള ശക്തമായ നീക്കം നടക്കുന്നുവെങ്കിലും മുഴുവൻ

അദ്ധ്യാപകരുടെയും കൂട്ടായ്മയിലൂടെ മാത്രമെ സമ്പൂർണ്ണ പരിഹാരം കാണാനാവൂ. ആദ്യകാലത്തെ അപേക്ഷിച്ച് എസ്.എസ്.എൽ.സി വിജയ ശതമാന ത്തിൽ വന്ന കുറവ് ഈ രംഗത്ത് ചൂണ്ടിക്കാണിക്ക പ്പെട്ടിട്ടുണ്ട്. പിൻവലിക്കൽ വ്യാപകമായിക്കഴിഞ്ഞാൽ നിലവിലുള്ള ജീവനക്കാർക്ക് ജോലി നഷ്ടം വരെ സംഭവിക്കാവുന്ന ഭയാനകമായ ഭാവി മുന്നിൽക്കണ്ട് എല്ലാ ഘടകങ്ങളെയും പഞ്ചായത്തടിസ്ഥാനത്തിൽ ബോധവൽക്കരിക്കണം.

IX പഞ്ചായത്തടിസ്ഥാനത്തിൽ സ്കൂൾ Complex ഉകൾ സ്ഥാപിക്കുകയും മാറ്റുരക്കാൻ അവ സരം ഉണ്ടാക്കുകയും ചെയ്ത് കലാകായിക രംഗ ങ്ങളെ പോഷിപ്പിക്കാൻ ശ്രമം വേണം.

X ഇടക്കാലക്കൊഴിഞ്ഞ് പോക്കിനുള്ള കാരണ ങ്ങൾ പലതാണ്. സാമ്പത്തിക പരാധീനത അനുഭ വിക്കേണ്ടി വരുന്ന രക്ഷിതാവിനെ സഹായിക്കേണ്ട ബാദ്ധ്യത കുട്ടികൾ പഠനം ഇടക്ക് വെച്ചവസാനിപ്പി ക്കാൻ കാരണമാണ്. ഇവരെ പരിധിയിലൊതുങ്ങിയ രീതിയിൽ സഹായിക്കാനുള്ള പദ്ധതികൾ ആവി ഷ്കരിക്കുകയും പഠനോപകരണങ്ങൽ സൗജന്യ മായി വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്. അനാഥശാലകളിലേക്ക് മാറിപ്പോകുന്ന വിദ്യാർത്ഥി കളുമുണ്ട് സാധ്യമാകുന്ന രീതിയിൽ അവരെ പരിര ക്ഷിക്കാൻ പദ്ധതികളാവിഷ്കരിക്കുക. നിലവിലുള്ള അനാഥ സംരക്ഷണ സ്ഥാപനങ്ങൾക്ക് വളർച്ചക്കാവ ശ്യമായ സൗകര്യങ്ങളേർപ്പെടുത്തുകയും പുതുതായി പഞ്ചായത്തിൽ അനാഥാസംക്ഷണ സ്ഥാപനം സ്ഥാപിക്കാൻ സർക്കാർ സഹായം തേടുകയും ചെയ്യുക.

XI സ്കൂളുകളും സമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുന്നതിന് സ്കൂളുകളെ ഒരു സാമൂഹ്യ സ്ഥാപനമാക്കി മാറ്റിയാൽ മാത്രമെ വിദ്യാ ഭ്യാസം എന്ന സാമൂഹിക പ്രക്രിയ പൂർണമാകുക യുള്ളൂ. ഇതിന് കൂട്ടായ ഒരു സംരംഭം വേണം. ഇതിന് കൂട്ടായ്മ സൃഷ്ടിച്ചെടുക്കുന്നതിൽ പ്രാദേ ശിക ഭരണ സ്ഥാപനങ്ങളുടെ പങ്കി വലുതാണ്., വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സജീവമായ പങ്കാ ളിത്തം വഹിക്കാൻ സന്നദ്ധരായ സംഘടനകളു ടെയും വ്യക്തികളുടെയും സേവനം ഉപയുക്തമാക്കാവുന്നതാണ്.

ഒരു പ്രദേശത്തുള്ള അദ്ധ്യാപകർ തമ്മിലും വിദ്യാലയങ്ങൾ തമ്മിലും ആശയ കൈമാറ്റങ്ങളും പ്രർത്തന മേഖല മെച്ചപ്പെടുത്തുന്നതിനാവശ്യമായ ചർച്ചകളും ഉണ്ടാവണം. അറിവും കഴിവും വർദ്ധി പ്പിക്കുന്നതിനും അനുഭവങ്ങൾ പങ്കിടുന്നതിനും വേദികളുണ്ടാവണം.

XII സാക്ഷരതാ പ്രവർത്തനം ഒരിക്കൽ കൂടി വിലയിരുത്തുകയും തുടർ പഠനപരിപാടികൾ ആസൂ ത്രണം ചെയ്യുകയും വേണം. നവസാക്ഷരർ നിര ക്ഷരാവുന്നത് തടയുന്നതിന് ഇതാവശ്യമാണ്. കാൻഫെഡ് യൂനിറ്റുകളെ പുനരുദ്ധരിക്കാവുന്നതാ ണ്.ലൈബ്രറികളെയും വായനശാലകളുടെയും ജനശിക്ഷണ നിലയങ്ങളുടെയും പ്രവർത്തനം സജീ വമാക്കണം.

XIII അധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക

XIV വിദ്യാഭ്യാസ നിലവാരം ഉയർത്താൻ അടിയന്തിരമായി ചെയ്യേണ്ട ഒരു കാര്യം വിദ്യാർത്ഥി കളിൽ ആവശ്യകതാ ബോധം വളർത്തുക എന്നതാണ്. പാദവാർഷിക പരീക്ഷവരെ കുട്ടികൾക്ക് പഠനകാര്യങ്ങളിലുണ്ടാവുന്ന താല്പര്യം മറ്റ് മേഖല കളിലേക്ക് തിരിയുന്നതും ശ്രദ്ധിക്കേണ്ടതാണ്. ദൃശ്യ മാധ്യമങ്ങളുടെ വ്യാപനവും നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചരണവും ഇതിനൊരു കാരണമായിരുന്നേക്കാം. നിരന്തരം കാര്യങ്ങളന്വേ ഷിക്കാൻ രക്ഷിതാവ് സ്കൂളുകളിലെത്തുന്നത് വിദ്യാർത്ഥികളുടെ ശ്രദ്ധ ഇത്തരം മേഖലകളിലേക്ക് വഴിമാറിപ്പോകുന്നത് തടയുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും സഹായകരമായിരിക്കും.

XV പഞ്ചായത്ത്തല വിദ്യാഭ്യാസ വികസന സമിതി രൂപീകരിച്ച് അവയുടെ നേതൃത്വത്തിൽ,

1. പാഠക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ വർക്ക്ഷാപ്പ് നടത്തുക

2. സ്കൂൾ സന്ദർശന പരിപാടി

3. ഓറിയന്റേഷൻ കോഴ്സുകൾ

4. പിന്നോക്കം നിൽക്കുന്ന ഏതെങ്കിലും സ്കൂൾ ദത്തെടുക്കുക.

XVI സ്കൂൾതല വിദ്യാഭ്യാസ വികസന സമിതി രൂപീകരിച്ച് അവയുടെ നേതൃത്വത്തിൽ

1, സബ്ജക്ട് കൗൺസിലുകൾ രൂപീകരിച്ച്, സെമിനാറുകൾ, ക്വിസ് പ്രോഗ്രാമുകൾ തുടങ്ങിയവ നടത്തുക

2. ലബോറട്ടറി, ലൈബ്രറി മുതലായവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക

3. മാസംതോറുമുള്ള പരീക്ഷകൾ നിർബന്ധമാക്കുക

4. ദിനാചരണങ്ങൾ, സാഹിത്യസമാജം, കയ്യെഴുത്ത് മാസിക മുതലായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

XVII അധ്യാപകർക്ക് റിഫ്രഷൻ കോഴുസുകൾ ഏർപ്പെടുത്തുക

വിദ്യാഭ്യസ കാര്യങ്ങളിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ഒരു കൂട്ടായ പ്രവർത്തനം ഉണ്ടാവുകയും വിദ്യാഭ്യാസത്തിൽ സാമൂഹത്തിക പങ്കാളിത്തം ഉറപ്പാക്കുകയും അതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകുകയും അവരുടെ ഫണ്ടിന്റെ ഒരു നിശ്ചിത ശതമാനം വിദ്യാഭ്യാസത്തന് നീക്കി വെക്കുകയും ചെയ്താൽ വിദ്യാഭ്യാസമേഖലയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ തീർച്ചായായും നമുക്ക് സാധിക്കും.

■ ■ ■ ■



# കുടിവെള്ളവും പൊതുജനാരോഗ്യവും

**1. കുടിവെള്ളം**

ശുദ്ധവായു, ശുദ്ധജലം ശുചിത്വമുള്ള പാർപ്പിടം എന്നിവയാണ് ജനങ്ങളുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും സ്വാധീനം ചെലുത്തുന്ന ഘടകങ്ങൾ.

പുല്പറ്റ പഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ്സ് കിണറുകളാണ്. 6368 വീടുകളുള്ളതിൽ 764 വീട്ടുകാർക്കും സ്വന്തമായി കിണറുകളില്ല. 78% കുടുംബങ്ങളും കുടിവെള്ളത്തിന് സ്വന്തം കിണറുകളാണുപയോഗിക്കുന്നത്. 14% അയൽ വീടുകളെയും 5% പൊതു കിണറുകളെയും 3% പൊതു ടാപ്പുകളെയും ആശ്രയിക്കുന്നു. പഞ്ചായത്തിൽ കുടിവെള്ളത്തിന് കൂടുതൽ ക്ഷാമം അനുഭവപ്പെടുന്നത് പുല്പറ്റ, തൃപ്പനച്ചി പരിസരങ്ങളും ആരക്കോട്, ഒളമതിൽ പാലക്കാട് പ്രദേശങ്ങളുമാണ്. വേനലിന്റെ അവസാന സമയങ്ങളിൽ പഞ്ചായത്തിലെ മിക്ക കിണറുകളിലും വെള്ളം കുറയുകയും വെള്ളത്തിന് ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു.

പഞ്ചായത്തു തലത്തിൽ മൊത്തത്തിൽ ബാധകമാവുന്നതും ചർച്ചയിൽ രൂപപ്പെട്ടതുമായ നിർദ്ദേശങ്ങളും പ്രശ്ന പരിഹാരങ്ങളും സൂക്ഷ്മ വിശകലനത്തിനായി താഴെ ചേർക്കുന്നു. (പട്ടിക–2)

ചെറുകിട ശുദ്ധജല പദ്ധതികളെ കുറിച്ച് എല്ലാ വാർഡുകളിൽ നിന്നും പരാമർശങ്ങളുണ്ട്. ഒന്നാം വാർഡിൽ വളയക്കോട് ഭാഗത്ത് വലിയൊരു വട്ടക്കിണർ കുഴിച്ച് പുക്കൊളത്തൂർ ജി.എൽ.പി. സ്ക്കൂളിന് സമീപമുള്ള സ്ഥലത്ത് വാട്ടർ ടാങ്ക് സ്ഥാപിച്ച് പൂക്കൊളത്തൂരിന്റെ പല ഭാഗത്തേക്കും വെള്ളമെത്തിക്കാവുന്നതാണ്.

8–ാം വാർഡിൽ ആരക്കോട് ഭാഗത്ത് വട്ടക്കിണർ കുഴിച്ച വാട്ടർ ടാങ്ക് സ്ഥാപിച് 8,7,6 വാർഡുകളിലേക്ക് വെള്ളം എത്തിക്കാം.

9–ാം വാർഡിൽ തൃപ്പനച്ചി അങ്ങാടിക്ക് സമീപമുള്ള വയലിൽ ഒരു വട്ടക്കിണർ കുഴിച്ച് പൊത്തങ്ങോട് മിനി സ്റ്റേഡിയത്തിനടുത്ത് ടാങ്ക് നിർമ്മിച്ച് പി.എച്ച്.സി.യിലേക്കും സമീപ പ്രദേശത്തേക്കും 9,10 വാർഡുകളിലേക്കും ശുദ്ധജലമെത്തിക്കാം.

പന്ത്രണ്ടാം വാർഡിൽ മൈലപ്പാറയിൽ കുഴൽ കിണർ കുഴിച്ച് 11,12 വാർഡുകളിലും ശുദ്ധജലം വിതരണം ചെയ്യാവുന്നതാണ്.

രണ്ടാം വാർഡ് ഗ്രാമസഭയിൽ നിന്നും നിർദ്ദേശിക്കപ്പെട്ടതുപോലെ പുല്പറ്റ പഞ്ചായത്തിനെ

**പട്ടിക –1**

| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | കുഴൽ കിണർ | | |
|---|---|---|---|---|---|---|
| വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തവ | വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തവ | പൊതു കിണർ | സ്വകാര്യ കിണർ | മൊത്തം കിണർ |
| 26 | 1 | 5579 | 13 | 19 | 12 | 5650 |

പട്ടിക–2

## കുടിവെള്ളം: പ്രശ്നപ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

| വാർഡ് | പ്രശ്ന മേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1 | മൂന്നാം പടി, കുന്നിക്കൽ കോളനി, കോലോത്തും തൊടി, ചാലിക്കൽ, കാഞ്ഞിരത്തറ, തോട്ടക്കാട്, പള്ളിക്കുന്ന്, പൂക്കൊള്ളർ എൽ.പി.സ്കൂൾ ഭാഗം. | വളയക്കോട്ടിൽ ഒരു വട്ട കിണർ കുഴിച്ച് 10 എച്ച്.പി. മോട്ടോർ വച്ച് എൽപി.സ്ക്കൂളിന് മുകളിലുള്ള സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണാം. |
| 2 | ചെമ്പാറ, ചുള്ളക്കാട് അംഗൻവാടി പരിസരം, ഞാവൽ മിനി സ്റ്റേഡിയം, താന്നിപ്പാറ, നിരന്നത്ത് പറമ്പ് കൈകോട്ടുപറമ്പ്, കാവുങ്ങൽ കണ്ടി മുണ്ടേൃൻ കുന്നത്ത്. | നിലവിലുള്ള കുഴൽ കിണറിന് ടാങ്ക് നിർമ്മിച്ച് വീടുകളിലേക്ക് കണക്ഷൻ നൽകുക, മഞ്ചേരി അർബൻ വാട്ടർ സ്കീമിൽ പഞ്ചായത്തിനെ ഉൾപെടുത്തുക. |
| 3 | ചേന്ദംപറമ്പ്, ഷാപ്പിൻ കുന്ന് കല്ലിടുമ്പ് കുന്നത്തിരി മഠത്തിൽ, കിഴക്കെ പറമ്പ് ഭാഗം, പാലക്കാ പോക്ക് ഭാഗം, കക്കാട് മല ഭാഗം. | നിലവിലുള്ള കുഴൽ കിണറിന് ടാങ്ക് കെട്ടി വെള്ളവിതരണം കാര്യക്ഷമമാക്കുക. |
| 4 | കൊട്ടാകുന്ന്, മൊഴകുന്ന്, വല്ലത്ത് കുഴി, വലിയാവിൽ, ചെമ്മലമുക്ക്, പറക്കുന്ന്, ചുണ്ടാമ്പുറത്ത് കുന്ന്, ആലുങ്ങ പറമ്പ് മദ്രസ വരെയുള്ള ഭാഗം. | പള്ളിയറപ്പടി ഭഗവതി ക്ഷേത്രത്തിന് സമീപം ഒരു വട്ടക്കിണർ കുഴിച്ച് ടാങ്ക് കെട്ടി കുടിവെള്ളം വിതരണം ചെയ്യുക. |
| 5 | കല്ലച്ചാൽ മേലേ ഭാഗം, എരഞ്ഞിക്കോട്, മൂച്ചിക്കുന്ന്, അത്തികുണ്ട് ഈങ്ങേപാറ, വട്ടപ്പാറകുന്ന്, തോട്ടെക്കാട് ലക്ഷംവീട്, പുളിക്കലെ കണ്ടി, ചാത്തൻപറമ്പ്. | തോട്ടക്കാട് യു.പി.സ്ക്കൂൾ പി.ടി.എ. ഏറ്റെടുത്ത കിണർ നന്നാക്കി ടാങ്ക് കെട്ടി വെള്ളം വിതരണം ചെയ്യുക. |
| 6 | നടുവത്ത് കുന്ന് കോളനി, ചക്കും കുന്ന് പറമ്പ്, നെല്ലിക്കുന്നത്ത് കോളനി, കാളികണ്ടം കോളനി, കൊറളിയാട്ടുപറമ്പ്, വരിക്കക്കാട്, വെട്ടുകാട്ടിൽ, കുന്നത്ത് പറമ്പ്, കാമ്പുറത്ത് പറമ്പ്, വെട്ടുവക്കുണ്ട് കോളനി. | പട്ടിലകത്ത് വയലിലുള്ള സ്വകാര്യകുളം ഏറ്റെടുത്ത് മോട്ടോർ വെച്ച് നടുവത്ത്കുന്ന് കോളനിയിൽ ടാങ്ക് കെട്ടി ജല വിതരണം നടത്തുക. വെട്ടുവകുണ്ട് കോളനിക്ക് സമീപം കുഴൽ കിണർ കുഴിക്കുക. |

| വാർഡ് | പ്രശ്ന മേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 7 | മൂച്ചിത്തോട്ടത്തിൽ വെള്ളകാട്ടുകുന്ന്. ആക്കം പറമ്പ് താഴെ പറമ്പ്, വാളപ്രകുന്ന്, ആലുങ്ങപറമ്പ്, കരുവാട്ടകുന്ന്, കുന്നത്ത് പുറായ്, തണ്ണൂൻപാറ, കുറ്റിപ്പാല പറമ്പ്, മാട്ടാലമ്മൽ, ലക്ഷം വീട്, പേവുങ്ങ പറമ്പ്, കുന്നുമ്മൽ, എളാർപറ്റ ഹരിജൻ കോളനി. | എളാർപ്പറ്റ ഹരിജൻ കോളനി, ചെമ്പ്രീരി, മൂച്ചിത്തോട്ടം ഭാഗം എന്നിവിടങ്ങളിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളം വിതരണം ചെയ്യുക. |
| 8 | ചാവൽകാട് കോളനി, പത്തായക്കോട് അങ്കണവാടി, വായനശാല മുതൽ ശിവക്ഷേത്രം വരെ, ലക്ഷം വീട് കോളനി. | ആരക്കോട് ഭാഗത്തോ തൃപ്പനച്ചി അങ്ങാടിക്കു സമീപമുള്ള വയലിലോ കുളം കുഴിച്ച് ടാങ്ക് കെട്ടി മോട്ടോർ സ്ഥാപിച്ച് പൈപ്പ് ലൈൻ ഏർപ്പെടുത്തുക. |
| 9 | തൃപ്പനച്ചി പി.എച്ച്.സി. പരിസരം, കച്ചേരികുന്ന് കോളനി, അക്കംപുറം കോളനി, നീരുഴി കോളനി, പൊത്തങ്ങോട്, കളത്തിങ്ങൽ, കുന്നും പുറം, നെച്ചിത്തടം. | തൃപ്പനച്ചി അങ്ങാടിക്കം സമീപം വയലിൽ വട്ടകിണർ കുഴിച്ച്, പൊത്തൻകോട്ട് കുന്നിലെ മിനി സ്റ്റേഡിയത്തിനടുത്ത് ടാങ്ക് കെട്ടി പി.എച്ച്.സി. യിലേക്കും പരിസരങ്ങളിലേക്കും ജലമെത്തിക്കുക. |
| 10 | കക്കേടത്ത് പറമ്പ്, കണ്ണി പറമ്പ്, തൃത്താകാട്ട് പറമ്പ്, പട്ടീരിമുക്ക്. | കുഴൽ കിണർ കുഴിച്ച് ജലക്ഷാമം പരിഹരിക്കുക. വട്ടക്കിണർ കുഴിച്ച് വെള്ളം സപ്ലൈ ചെയ്യാൻ കഴിയുമോ എന്നാരായുക. |
| 11 | കാവുങ്ങപാറ, സ്ക്കൂൾ പറമ്പ്, കൈത്തോട്ടുപറമ്പ്, ചെങ്ങനചാലിൽ, തിരുമംഗലം, നടുവകുന്ന്, വെണ്ണേക്കാട്, ഓയലം കുന്ന് കോളനി, മണ്ണാരക്കൽ. | നിലവിലുള്ള കാവുങ്ങപ്പാറ കുഴൽ കിണറിൽ മോട്ടോർ സ്ഥാപിക്കുക. പുതിയ ഒരു കുഴൽ കുണർ കൂടി കുഴിക്കുക. |
| 12 | ആതാടികുന്ന്, ആനപ്പാലം ഭാഗം, കാഞ്ഞിരം സ്ക്കൂൾ സമീപം, ഈയാറമ്മൽ, കൊഞ്ഞത്ത് കോളനി, മൊട്ടകുന്നുമ്മൽ അംഗനവാടി ഭാഗം, കുഴിയം പറമ്പ്. | മൈലാടിപ്പാറ കുഴൽ കിണറുണ്ടാക്കി ടാങ്ക് കെട്ടി പൈപ്പ് ലൈൻ ഏർപ്പെടുത്തുക |

മഞ്ചേരി അർബൺ വാട്ടർ സ്കീമിൽ ഉൾപ്പെടുത്തുക, കേടുവന്ന ടാപ്പുകൾ നന്നാക്കുക, വാട്ടർ അതോറിട്ടിയുടെ മേഖലാ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ കൊണ്ടുവരിക, പൊതു ടാപ്പുകളിൽ നിന്നും നഷ്ടപ്പെടുന്ന ജലം ഇല്ലായ്മ ചെയ്യാൻ ഗുണ നിലവാരം മെച്ചപ്പെടുത്താനും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

നാലാം വാർഡിൽ കുടിവെള്ളക്ഷാമത്തെ സംബന്ധിച്ച് പരാതികൾ ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുണ്ട്. നാലാം വാർഡിൽ പള്ളിയപടി ഭാഗത്ത് വട്ടകിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് ലൈൻ ഏർപ്പെടുത്തിയാലിതിന് പരിഹാരമാകും.

ആറാം വാർഡിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ ആരക്കോട്, നടുവത്ത് കുന്നു കോളനി, ഒളമതിൽ ഭാഗങ്ങളിലേക്ക് വെള്ളമെത്തിക്കാൻ പട്ടിലകത്ത് കുണ്ടിലുള്ള സ്വാകാര്യ കുളം ഏറ്റെടുത്ത് നടുവത്ത് കുന്നു കോളനിയിൽ ടാങ്ക് കെട്ടി വെള്ളം വിതരണം ചെയ്യാവുന്നതാണെന്ന് ഗ്രാമസഭ നിർദ്ദേശിച്ചിട്ടുണ്ട്. അത്പോലെ കുടിവെള്ള ക്ഷാമമുള്ള പ്രദേശമാണ് വെട്ടുകുണ്ട് കോളനി. അവിടെ ഒരു പൊതുകിണറോ, കുഴൽ കിണറോ കുഴിച്ച് പ്രശ്നം പരിഹരിക്കാമെന്ന് ഗ്രാമ സഭ നിർദ്ദേശിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ മാർച്ച് മാസം മുതൽ ജൂൺ വരെയാണ് കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നത്. പൊതുവിൽ എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. പ്രകൃതിദത്തമായ ജലസ്രോതസ്സുകൾ കണ്ടെത്തി വട്ടക്കിണറുകൾ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് ലൈൻ ഏർപ്പെടുത്തി ചെറുകിട കടിവെള്ള പദ്ധതികൾ നടപ്പിലാക്കാനാവുമോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഇത്തരം ജലസ്രോതസ്സുകൾ പല വാർഡുകളിലും കണ്ടെത്തിയിട്ടുണ്ട്യ ഇപ്പോൾ കാരാപറമ്പിലുള്ള കുഴൽ കിണറിൽ നിന്നുള്ള ജലവിതരണം ഒന്നുകൂടി വിപുലപ്പെടുത്തുവാൻ കഴിയും. വാട്ടർ അതോറിട്ടി ഈ കിണറിൽ നിന്ന് 81 പൈപ്പുകൾ സ്ഥാപിച്ചു ജല വിതരണ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അവ പൂക്കൊളത്തൂർ (11-ാം വാർഡ്), കാരാപ്പറമ്പ് (വാർഡ് 2), ഷാപ്പിൻ കുന്ന് (വാർഡ് 3), തൃപ്പനച്ചി (വാർഡ് -9) എന്നീ വാർഡുകളിൽ ചില ഭാഗങ്ങളിൽ മാത്രം ഒതുങ്ങുന്നു. ഇതിന്റെ പ്രവർത്തനം മെച്ചമാകണമെങ്കിൽ കൂടുതൽ സംഭരണ ശേഷിയുള്ള ഒരു ടാങ്ക് കെട്ടി ജലവിതരണം നടത്താൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്.

**പ്രശ്നങ്ങൾ**

പല വാർഡുകളും സ്ഥിരമായ കുടി വെള്ളക്ഷാമം നേരിടുന്നു.

ചില വാർഡുകളിൽ മണ്ണിനടിയിൽ കരിങ്കൽ പാറയുള്ളതിനാൽ കിണറുകൾ കുഴിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു.

കുഴൽ കിണറുകൾ പലതും ഫലപ്രദമല്ല. ഇരുമ്പ് പൈപ്പിട്ട കുഴൽ കിണറുകളിലെ വെള്ളത്തിന്ന് രുചിവ്യത്യാസം അനുഭവപ്പെടുന്നുണ്ട്. പൈപ്പുവെള്ളം സദാസമയവും കിട്ടുന്നില്ല.

**സാധ്യതകൾ, നിർദ്ദേശങ്ങൾ**

നിലവിലുള്ള പൊതു കിണറുകളെല്ലാം ഉപയോഗയോഗ്യമാക്കുക.പൊതു ടാപ്പുകളുടെ അറ്റകുറ്റപ്പണി നടത്തുക.

ജലസംരക്ഷണത്തെക്കുറിച്ചും, ജലജന്യരോഗങ്ങളെക്കുറിട്ടും ബോധവൽക്കരണ പരിപാടികൾ തയ്യറാക്കുക

പഞ്ചായത്തിലെ പ്രകൃതിദത്തമായ ജലസ്രോതസുകൾ കണ്ടെത്തി വട്ടകിണറുകൾ കുഴിച്ച് ടാങ്ക് ഉണ്ടാക്കി പൈപ്പ് ലൈൻ ഏർപ്പെടുത്തി ജലവിതരണം നടത്താൻ പറ്റുമോയെന്ന് പരിശോധിക്കുക.

**ആരോഗ്യം**

1972 വരെ പഞ്ചായത്തിലെ ആരോഗ്യ രംഗം ഏതാനും പാരമ്പര്യ വൈദ്യ കുടുംബങ്ങളെയാണ് ആശ്രയിച്ചിരുന്നത്. ഈ വിഭാഗത്തിൽ തന്നെ വിഷ ചികിത്സയും കണ്ണുരോഗ ചികിത്സയും പ്രത്യേകം ലഭ്യമായിരുന്നു. ആധുനിക ചികിത്സാ സൗകര്യങ്ങളൊന്നും ലഭ്യമായിരുന്നില്ല. മന്ത്രം ജപിക്കൽ, ചരട് ഊതല്ഡ, മാരണം തുടങ്ങിയ അബദ്ധജടിലമായ ചികിത്സാ സമ്പ്രദായം വളരെ കുറച്ചാണെങ്കിലും ഇന്നും നിലനിൽക്കുന്നു. 1972 ആഗസ്ത് മാസത്തിൽ തൃപ്പനച്ചിയിൽ സ്ഥാപിതമായ പ്രാഥമികാരോഗ്യ കേന്ദ്രമാണ് ആധുനിക ചികിത്സക്കുള്ള പരിഗണനീയമായ ഏക സ്ഥാപനം. 1978 മുതൽ ചെറുപുത്തൂരിൽ ഒരു ഹോമിയോ ഡിസ്പെൻസറി കൂടി പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇതിനു പുറമെ സ്വകാര്യ മേഖലയിൽ മൂന്ന് ഹോമിയോ ക്ലിനിക്കുകളും ഒരു അലോപ്പതി ക്ലിനിക്കും 6 ആയുർവ്വേദ ക്ലിനിക്കുകളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

ഇതെല്ലാമുണ്ടെങ്കിലും പഞ്ചായത്തിലെ പൊതു ആരോഗ്യ സ്ഥിതിയിൽ ഇതനുസരിച്ചുള്ള ഗുണകരമായ മാറ്റം കാണുന്നില്ല എന്നാണ് കണക്കുകൾ കാണിക്കുന്നത്. 1995-96-ൽ 698 ത്വക്ക്

രോഗികളും 5489 വാതരോഗികളും 3027 പകർച്ച വ്യാധിയുള്ളവരും 28 വിഷബാധയേറ്റവരും 10248 മറ്റു രോഗങ്ങൾക്ക് അടിമപ്പെട്ടവരുമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

പഞ്ചായത്തിലെ ജനനനിരക്ക് 13.93ഉം മരണനിരക്ക് 3.01 ഉം ആകുന്നു. ശരാശരി കുടുംബാംഗങ്ങളുടെ എണ്ണം 5 ആണ്. പഞ്ചായത്തിലെ ഏക ആശ്രയം ആരോഗ്യരംഗത്ത് തൃപ്പനച്ചിയിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രം മാത്രമാണ്. 10 കിടക്കകളോട്കൂടിയുള്ള സൗകര്യങ്ങളും ആവശ്യമുള്ള ജീവനക്കാരും ഉണ്ടെങ്കിലും രോഗികളെ അഡ്മിറ്റ് ചെയ്യാൻ കഴിയുന്നില്ലെന്നതാണ് അവസ്ഥ. 1995-96 ലെ അഡ്മിഷൻ വെറും 139 പേർക്ക് മാത്രമേ ലഭിച്ചിട്ടുള്ളു. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കഴിവുള്ള രണ്ട് ഡോക്ടർമാരുണ്ടെങ്കിലും അവരുടെ സേവനം മതിയാകുന്നില്ല.

ആരോഗ്യ സംരക്ഷണകാര്യത്തിൽ ഔഷധങ്ങളുടെ അത്രതന്നെ പ്രാധാന്യം ബോധവൽക്കരണ പ്രക്രിയകൾക്കുമുണ്ട്. ഫീൽഡ് വർക്കർമാരുടെ പ്രവർത്തനം വിപുലപ്പെടുത്തി ഈ രംഗത്തെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താവുന്നതാണ്. സബ്സെന്ററുകളിൽ നിന്നുള്ള കുത്തിവെയ്പും സ്ക്കൂൾ ആരോഗ്യ പരിപാടിയും ഭംഗിയായി നടക്കുന്നുണ്ട്.

**പ്രായ ഘടന**

പഞ്ചായത്തിൽ ഒരു വയസിനു താഴെ 691 കുട്ടികളും 1 മുതൽ 2 വയസുവരെ 605 കുട്ടികളും 2 വയസു മുതൽ 3 വയസുവരെ 733 കുട്ടികളും 3 മുതൽ 5 വയസുവരെ 1323 കുട്ടികളുമാണുള്ളത്. വികലാംഗരായി 119 ആളുകളുണ്ട്.

1995-96 വർഷത്തിൽ തൃപ്പനച്ചി പി.എച്ച്.സി. യിൽ കിടത്തി ചികിത്സ ലഭിച്ചവർ 139 ഉം ഔട്ട് പേഷ്യന്റ് 17162 പേരുമാണ്. ഹോമിയോ ഡിസ്പൻസറിയിൽ ഔട്ട് പേഷ്യന്റിന്റെ എണ്ണം 13955 ആണ്.

**കുട്ടികളുടെ പോഷണ നിലവാരം**

കുട്ടികളുടെ ശുചിത്വം, പ്രതിരോധ കുത്തിവെയ്പ്, സമീകൃതാഹാരം കുട്ടികൾക്ക് ലഭ്യമാക്കൽ എന്നീ വിഷയങ്ങളിൽ അമ്മമാരെ ബോധവൽക്കരിക്കാൻ വേണ്ട സംവിധാനങ്ങളേർപ്പെടുത്തണം.

**പരിസര ശുചിത്വം**

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രധാനം ശുചിത്വത്തിനാണല്ലോ. ഇതിൽ പരിസര ശുചിത്വം പാലിക്കാൻ പ്രാഥമികമായി വേണ്ടത് കക്കൂസുകളാണ്. 60% ആളുകൾ ഫ്ളഷ് ഔട്ട് കക്കൂസുകൾ ഉപയോഗിക്കുന്നു. എന്നാൽ 2547 കുടുംബങ്ങൾക്ക് കക്കൂസുകളില്ല. അതിനാൽ വ്യാപകമായി കുട്ടികളിലും മുതിർന്നവരിലും വിരശല്യവും ഉദര രോഗങ്ങളും കൂടുതലായി കണ്ടുവരുന്നു. 1995-96 ലെ സ്ഥിതി വിവരക്കണക്കു പ്രകാരം 7785 പേർക്ക് ജലജന്യരോഗങ്ങൾ ബാധിച്ചതായി കണക്കുകൾ കാണിക്കുന്നു.

(ആരോഗ്യ സ്ഥാപന സർവേ റിപ്പോർട്ട് -അവലംബം)

ഗ്രാമസഭയിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ കക്കൂസ് നിർമ്മാണ മേഖലയിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

**പട്ടിക -3**

**പരിസര ശുചിത്വം**

| | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശം |
|---|---|---|
| 1. | സാമ്പത്തിക പരാധീനത | ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് സാമ്പത്തിക സഹായം നൽകി കക്കൂസ് നിർമ്മിക്കാനുള്ള പദ്ധതി തയ്യാറാക്കുക. |
| 2. | സ്ഥല പരിമിതി | ബ്ലോക്ക് ചെലവിൽ പൊതു കക്കൂസുകൾ കോളനികളിൽ നിർമ്മിക്കാനാവുമോ എന്നാരായുക. |
| 3. | ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തത് | ആരോഗ്യ വകുപ്പിന് കീഴിൽ ബോധവൽക്കരണം നടത്തുക. |

പഞ്ചായത്തിലെ എല്ലാ വീടുകളിലും കക്കൂസ് എന്ന ലക്ഷ്യവുമായി ആരോഗ്യരംഗത്ത് കാതലായ മാറ്റം വരുത്താൻ കഴിയുന്ന പരിപാടികൾ ആവിഷ്കരിക്കണം.

കൊതുകു നിർമ്മാർജ്ജനം നടത്തുന്നതിന് മരുന്ന് തളിക്കുക, വെള്ളം കെട്ടിനിൽക്കുന്നത് തടയുക, അറവുശാലകളിലും മത്സ്യമാർക്കറ്റിലുമുണ്ടാവുന്ന അവശിഷ്ടങ്ങൾ കുഴിച്ചുമൂടുക. തോടുകളിലൂടെ പാഴ്വസ്തുക്കൾ ഒഴുക്കാതിരിക്കണം.

രാസവസ്തുക്കളുടെ ഉപയോഗവും കീടനാശിനി പ്രയോഗിക്കുന്നതും കഴിയുന്നത്ര കുറയ്ക്കുക, ഹെൽത്ത് ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ കൃത്യസമയത്ത് പരിശോധന നടത്തുക, ഭൂ ഉപയോഗ ശൂന്യമായ വസ്തുക്കൾ നശിപ്പിക്കുക (ചാമ്പലാക്കുക), ജലജന്യ രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക, ചികിത്സാ കേന്ദ്രങ്ങൾ കൂടുതൽ ഉണ്ടാക്കാനുള്ള മാർഗ്ഗങ്ങൾ ആരായുക (ഗവ: ഉടമയിൽ പുതിയ ഡിസ്പൻസറികൾ തുടങ്ങിക, സഹകരണാടിസ്ഥാനത്തിൽ ആശുപത്രി തുടങ്ങുവാൻ പറ്റുമോ എന്നന്വേഷിക്കുക, കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെപ്പ് കാര്യക്ഷമമാക്കുക, മുഴുവൻ കുട്ടികൾക്കും കുത്തിവെയ്പ് നടത്തുക, അതിന് വേണ്ടി രക്ഷിതാക്കൾക്ക് ബോധവൽക്കരണം.

**നിർദ്ദേശങ്ങൾ:-**

**(ഗ്രാമസഭാ റിപ്പോർട്ടവലംബം)**

റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട മുഴുവൻ പ്രശ്നങ്ങളുടെയും പരിഹാരമാർഗ്ഗങ്ങൾ താഴെ പറയുന്ന കാര്യങ്ങളിലൂടെ കണ്ടെത്താം.

1. പഞ്ചായത്തിലുള്ള ഏക പി.എച്ച്.സി. യിൽ ഡോക്ടർമാരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കാൻ സൗകര്യങ്ങളുണ്ടാക്കുക. രണ്ടു ഡോക്ടർമാരെയും ആസ്പത്രി പരിസരത്ത് താമസിപ്പിക്കുക, പി.എച്ച്.സി. കോമ്പൗണ്ടിൽ ഒരു ഗൈനക്കോളജി ഡോക്ടറെ താമസിപ്പിക്കാൻ സൗകര്യമുണ്ടാക്കുക.

2. തൃപ്പനച്ചി പി.എച്ച്.സി. 24 മണിക്കൂറും പ്രവർത്തിക്കുന്ന, ആശുപത്രിയാക്കി 50 കിടക്കകളിൽ അഡ്മിറ്റ് ചെയ്യാൻ സൗകര്യപ്പെടുന്ന പുതിയ ബ്ലോക്ക് നിർമ്മിക്കുക, ഒരു ഗൈനക്കോളജിസ്റ്റിനെയും ഒരു ചൈൽഡ് സ്പെഷ്യലിസ്റ്റിനേയും നിയമിക്കുക.

3. പി.എച്ച്.സി.യിൽ ഫെബ്രുവരി മാർച്ച് ഏപ്രിൽ മാസത്തിൽ കുടിവെള്ളം ലഭിക്കുന്നില്ല. ഇതിന് ശാശ്വത പരിഹാരം കാണുക.

4. പി.എച്ച്.സി.യിലും ഹോമിയോ ഡിസ്പൻസറിയിലും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക.

5.വളമംഗലം, തോട്ടക്കാട് ഭാഗത്ത് ആയുർവേദ ആശുപത്രികൾ സ്ഥാപിക്കുക.

6. സമൂഹത്തിലെ വൃദ്ധജനങ്ങൾക്ക് കൂടുതൽ സേവനം ലഭ്യമാക്കുന്നതിന് ഒരു വൃദ്ധസദന കേന്ദ്രം സ്ഥാപിക്കുക, ഇവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പരിശീലനം നേടിയവരെ നിയമിച്ച് ഉയർച്ചക്കാവശ്യമായ പദ്ധതി നടപ്പാക്കുക.

7. ഹെൽത്ത് കാർഡ് ഏർപ്പെടുത്തി, ചികിത്സക്കെത്തുന്നവരുടെ മുൻകാല ആരോഗ്യ നിലയെക്കുറിച്ചുള്ള വിവരം, രോഗനിർണ്ണയം എന്നിവ വേഗത്തിലുള്ളതും കുറ്റമറ്റതുമാക്കാൻ സഹായിക്കുക, കൂടുതൽ കാണുന്ന മാരക രോഗങ്ങൾ ആരംഭത്തിൽ തന്നെ കണ്ടുപിടിക്കാൻ സൗകര്യമേർപ്പെടുത്തുക. ഇക്കാര്യത്തിൽ സന്നദ്ധ സംഘടനകളുടെ സേവനം ഉറപ്പാക്കുക.

8. പി.എച്ച്.സി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാക്കി കൂടുതൽ ഫലപ്രദമാക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്താൻ അധികൃതരിൽ സമ്മർദ്ദം ചെലുത്തുക.

9. പതിനൊന്ന് പാരമ്പര്യ വൈദ്യകുടുംബങ്ങൾ പുൽപറ്റ പഞ്ചായത്തിലുണ്ട്. അവരുടെ കൂടിച്ചേരലുകൾ സംഘടിപ്പിക്കുക, ചിതറിക്കിടക്കുന്ന വൈദ്യവിജ്ഞാനം ഏകീകരിക്കുക.

10. ജനങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്താൻ പുകവലി, മുറുക്കൽ, പാൻപരാഗ് പൊടി വലി ഉപയോഗം, മദ്യപാനം എന്നിവ നിർമ്മാർജ്ജനം ചെയ്യാനാവശ്യമായ ബോധവൽക്കരണം നടത്തുക.

11. നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആയുർവേദം, അലോപ്പതി, ഹോമിയോ വിഭാഗങ്ങളെ സംഘടിപ്പിച്ച് സെമിനാറുകൾ സംഘടിപ്പിക്കുക.

**പൊതുവായ ആവശ്യം**

പഞ്ചായത്തിലെ ആരോഗ്യരംഗത്തെ അതിപ്രധാന പ്രശ്നം 'തൃപ്പനച്ചി പ്രാഥമികാരോഗ്യ കേന്ദ്രം' മുഴുവൻ ജനങ്ങളുടെയും ആശ്രയകേന്ദ്രമാക്കാൻ ബന്ധപ്പെട്ട അധികാരികളോട് വേണ്ടത് ചെയ്യിക്കാൻ പരിശ്രമിക്കുക.

പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളിലും കണ്ടുവരുന്ന കാൻസർ, ടി.ബി. പോലുള്ളത് കാലേക്കൂടി കണ്ടുപിടിക്കാൻ മെഡിക്കൽ കേമ്പ് സംഘടിപ്പിക്കുക. എയ്ഡ്സിനെപ്പറ്റി ബോധവൽക്കരണം നടത്തുക.

പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങളായ തൃപ്പനച്ചി പി.എച്ച്.സി., ചെറുപുത്തൂർ ഹോമിയോ ഡിസ്പൻസറി, വിവിധ വാർഡുകളിലെ സബ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ചികിത്സാരംഗത്തും, പ്രതിരോധ കുത്തിവെപ്പുകളുടെ കാര്യത്തിലും പഞ്ചായത്തിനകത്തെ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം ഇനിയും വിപുലീകരിക്കണം. അതുപോലെ തോട്ടക്കാട്, വളമംഗലം മുതലായ ഗതാഗത സൗകര്യങ്ങളില്ലാത്ത, ഒറ്റപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളിൽ ആയുർവ്വേദ ഡിസ്പൻസറികൾ അനുവദിച്ചു കിട്ടണമെന്ന് ഗ്രാമസഭകളിൽ നിന്ന് ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

പട്ടിക -4

## പഞ്ചായത്തിലെ ആരോഗ്യ രംഗം: വാർഡുതിരിച്ച സ്ഥിതിവിവര കണക്ക്

**(അവലംബം: ഗ്രാമ സഭാ റിപ്പോർട്ട്)**

| വാർഡ് | സ്ഥാപനങ്ങൾ | കാണപ്പെടുന്ന പ്രധാന രോഗം | പ്രശ്നങ്ങൾ | മെച്ചപ്പെടാനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|
| 1. | ഇല്ല. | വയറിളക്കം, ഛർദ്ദി, കണ്ണുരോഗം | ചികിത്സ ലഭിക്കാൻ പ്രയാസമുണ്ട്. ഈ പ്രദേശത്ത് ആരോഗ്യവകുപ്പിന്റെ ശ്രദ്ധയെത്തുന്നില്ല. | സബ് സെന്റർ സ്ഥാപിക്കുകയും സ്ഥിതി വിവരക്കണക്കുകളെടുക്കുകയും ചികിത്സക്ക് വേണ്ട ഉപദേശം നൽകുകയും വേണം. |
| 2. | ഇല്ല. | വയറിളക്കം, ചെങ്കണ്ണ്, അഞ്ചാം പനി, പൊട്ടി. | അടിക്കടി രോഗപ്രതിരോധത്തിനാവശ്യമായ നിർദ്ദേശങ്ങളും മരുന്നുകളും ലഭിക്കുന്നില്ല. | സ്ഥിരം ചികിത്സ ലഭിക്കാൻ സ്ഥാപനങ്ങൾ വേണം. |
| 3. | സബ് സെന്റർ | വയറിളക്കം, ഛർദ്ദി, ചെങ്കണ്ണ്, മുണ്ടിനീര്. | കുട്ടികൾക്ക് കുത്തിവയ്പ് നടത്താറുണ്ട്. മറ്റ് യാതൊരു സഹായവും സെന്റർ മുഖേന ലഭ്യമല്ല. | ജനങ്ങളെ ബോധവൽക്കരിക്കുകയും ചികിത്സാ സൗകര്യമേർപ്പെടുത്തുകയും വേണം. |
| 4. | സബ്സെന്റർ | അഞ്ചാം പനി, കണ്ണുരോഗം. | കുത്തിവെയ്പ് നടത്താറുണ്ട്. മറ്റ് ആരോഗ്യ ചികിത്സാരംഗത്ത് വേറെ നേട്ടങ്ങളൊന്നുമില്ല. | പകർച്ച വ്യാധി പരിശോധിക്കുകയും പ്രതിരോധ നടപടികൾ ഊർജ്ജിതമാക്കുകയും വേണം. |
| 5. | സബ്സെന്റർ | ചപ്പട്ട, പനി, ചിക്കൻപോക്സ്. | കുത്തിവെയ്പല്ലാത്ത മറ്റ് ചികിത്സാരീതികൾ ലഭിക്കുന്നില്ല. | തോട്ടക്കാട് ആയുർവേദ ആശുപത്രി സ്ഥാപിക്കണം. |
| 6. | ഇല്ല. | ചപ്പട്ട ചിക്കൻ പോക്സ് | ദൂരദിക്കിലെ ആശുപത്രികളെ അവലംബിക്കുകയേ നിവൃത്തിയുള്ളൂ. | 1. ഒരു സബ്സെന്ററെങ്കിലും തുടങ്ങി, മുന്നറിയിപ്പ് നല്കുന്ന ബോധവൽക്കരണ ക്ലാസുകൾ ഫലവത്താകും.<br>2. വളമംഗലത്ത് ഒരു ആയുർവേദ ആശുപത്രി അനുവദിക്കുക. |
| 7. | (1) ഹോമിയോ ഡിസ്പൻസറി<br>(2)സബ് സെന്റർ | വയറിളക്കം, പനി, ചെങ്കണ്ണ്, ടൈഫോയ്ഡ് | ഹോമിയോ ഡിസ്പെൻസറിയിൽ പമിമിതമായ ചികിത്സ ലഭിക്കുന്നു. സെന്ററിലും ഹോമിയോ ഡിസ്പെൻസറിയിലും വെള്ളവും വെളിച്ചവും ഇല്ല. | കൂടുതൽ മരുന്നും സൗകര്യവും ഏർപ്പെടുത്തി വിപുലീകരിക്കണം. ഇവ വൈദ്യുതീകരിക്കുകയും പഞ്ചായത്ത് ജലവിതരണം നടത്തുകയും വേണം. |

| വാർഡ് | സ്ഥാപനങ്ങൾ | കാണപ്പെടുന്ന പ്രധാന രോഗം | പ്രശ്നങ്ങൾ | മെച്ചപ്പെടാനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|
| 8. | സബ് സൻറർ | മഞ്ഞപ്പിത്തം, വയറിളക്കം, ടൈഫോയ്ഡ്. | സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. അറ്റകുറ്റപ്പണികൾ നടത്തി തുറന്നു പ്രവർത്തിക്കാത്തതിനാൽ പ്രയോജനം ലഭിക്കുന്നില്ല. | അറ്റകുറ്റപ്പണി നടത്തി തുറന്നു പ്രവർത്തിക്കണം. കുത്തിവെയ്പുകളും ക്ലാസുകളും സംഘടിപ്പിക്കണം. |
| 9. | (1) പ്രൈമറി ഹെൽത്ത് സെന്റർ | ചപ്പട്ട പൊട്ടി കണ്ണുരോഗം, വയറിളക്കം, പനി, ജലദോഷം, കുട്ടികളുടെ സാധാരണ രോഗങ്ങൾ. | (1) രണ്ടു ഡോക്ടർമാർ നിയമിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഒരു ഡോക്ടറുടെ പകൽ സമയ സേവനം മാത്രമേ ലഭിക്കുന്നുള്ളൂ.<br>(2) രാത്രികാല ചികിത്സാ സൗകര്യങ്ങളില്ല.<br>(3) ആശ്രിതരുടെ എണ്ണം ക്രമാതീതമാണ്.<br>(4) കുടിവെള്ളത്തിനും മറ്റാവശ്യങ്ങൾക്കുള്ള വെള്ളത്തിനും ക്ലേശിക്കുന്നു.<br>(5) ഷിഫ്റ്റാക്കാൻ സ്റ്റാഫില്ല.<br>(6) അഡ്മിറ്റ് സൗകര്യം അപര്യാപ്തമാണ്.<br>(7) ആവശ്യമായ മരുന്നുകൾ കുറവാണ്. | (1) ഡേക്ടർമാരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കണം.<br>(2) ഗൈനക്കോളജി, ചൈൽഡ് സ്പെഷലിസ്റ്റുകളെ നിയമിക്കുക.<br>(3) 50 പേരെയെങ്കിലും കിടത്തി ചികിത്സിക്കാനുതകും വിധം ആശുപത്രി വിപുലീകരിക്കണം.<br>(4) ജല ലഭ്യത ഉറപ്പാക്കണം. തൃപ്പനച്ചി അങ്ങാടിക്ക് സമീപം വട്ട കിണർ കുഴിച്ച് പൊത്തങ്ങോട്ട് കുന്നിൽ ടാങ്ക് കെട്ടി പി.എച്ച്.സി. യിലേക്കും പരിസരങ്ങളിലേക്കും വെള്ളമെത്തിക്കണം.<br>(5) ആവശ്യമായ സ്റ്റാഫിനെ നിയമിക്കുക.<br>(6) ആവശ്യമായ മരുന്ന് ലഭ്യമാക്കുക.<br>(7) ആരോഗ്യ ക്ലാസ് സംഘടിപ്പിക്കുക.<br>(8) ബ്ലഡ് ബാങ്ക്, എക്സ്റേ സൗകര്യം ഏർപ്പെടുത്തുക.<br>(9) രോഗനിർണ്ണയം മുൻകൂട്ടി നടത്താൻ കേമ്പ് സംഘടിപ്പിക്കുക. |
| 10. | ഇല്ല | ഛർദ്ദി, വയറിളക്കം | ആവശ്യമായ ചികിത്സാ സൗകര്യം ലഭ്യമല്ല. അകലെയുള്ള സ്ഥലങ്ങളിലെ സൗകര്യം മാത്രമേ ഉപയോഗിക്കാൻ കഴിയുന്നുള്ളൂ. | ഈ വാർഡിൽ ഒരു ആരോഗ്യ കേന്ദ്രത്തിന്റെ സേവനം ഉറപ്പാക്കണം. |
| 11. | ഇല്ല | വയറിളക്കം, ഛർദ്ദി | പ്രത്യേക സൗകര്യങ്ങളില്ലാത്തതിനാൽ അകലെയുള്ള ആശുപത്രികളെ ഉപയോഗിക്കാൻ നിർബന്ധിതരാവുന്നു. | അടുത്ത ആശുപത്രികളെ പ്രത്യേക വിഭാഗം ഡോക്ടറുടെ സേവനം പ്രത്യേക സമയത്ത് തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലത്ത് ഏർപ്പെടുത്തുക. |
| 12. | സബ് സെന്റർ | വയറിളക്കം, മലേറിയ, ക്ഷയരോഗം | കുത്തിവയ്പുകളും, അംഗനമാരുടെ കണക്കെടുപ്പും നടക്കുന്നു. | രോഗചികിത്സക്കാവശ്യമായ സംവിധാനങ്ങളേർപ്പെടുത്തണം. |



# വ്യവസായം

വ്യാവസായികമായി വളരെ പിന്നിൽ നിൽക്കുന്ന പുൽപ്പറ്റ പഞ്ചായത്തിൽ എടുത്ത് പറയാവുന്ന പരമ്പരാഗത, കുടിൽ, ചെറുകിട, വൻകിടവ്യവസായങ്ങൾ ഒന്നും തന്നെയില്ല പൊതുവേ കാർഷിക മേഖലയായിട്ടാണ് ഈ പ്രദേശം അറിയപ്പെടുന്നത്

## I പരമ്പരാഗതമായ കുടിൽ വ്യവസായങ്ങൾ

1. വളര കാലങ്ങളായി പുൽപ്പറ്റ പഞ്ചായത്തിലെ തൃപ്പനച്ചി ഭാഗങ്ങളിൽ മുളകൊണ്ടുള്ള കുട്ട്, വട്ടി, മുറം എന്നിവ നിർമ്മിച്ചു വന്നിരുന്നു. കുട, ബെൽറ്റ്, വല എന്നിവയുടെ നിർമ്മാണവും കുടിൽ വ്യവസായമായും നടന്നു വന്നിരുന്നു. കുലത്തൊഴിലായി ചെയ്തുവന്നിരുന്ന ഈ വ്യസായങ്ങൾ ഇന്ന് അംസ്കൃത വസ്തുക്കളുടെ അഭാവം മൂലം നാശോന്മുഖമായിരിക്കുന്നു.

2. ഇവിടെ നിലനിന്നിരുന്ന മറ്റൊരു കുടിൽ വ്യവസായമായിരുന്നു പായ നിർമ്മാണം. മുഖ്യമായും സ്ത്രീകൾ ചെയ്തുവന്നിരുന്ന ഈ തൊഴിലും അനാദായകരവും തഴയുടെ ലഭ്യതക്കുറവു കൊണ്ടും ഇന്ന് ഇല്ലാതായിരിക്കുന്നു.

3.കുലത്തൊഴിലായി ഇരുമ്പുപണിയും മരപ്പണിയും സ്വന്തം വീടുകളിൽ ചെയ്തുവന്നിരുന്നു. കൃഷിക്കാവശ്യമായ ഉപകരണങ്ങളും വീട്ടുപകരണങ്ങളും കൊല്ലന്മാർ നിർമ്മിച്ചു വന്നിരുന്നു. മരം കൊണ്ടുള്ള ഗൃഹോപകരണങ്ങളും കാർഷികോപകരണങ്ങളും മരയാശാരിമാർ നിർമ്മിച്ചുവന്നിരുന്നു. പരമ്പരാഗതമായി നിലവിലുണ്ടായിരുന്ന ഈ വ്യവസായങ്ങൾ ആധുനിക വൽക്കരണത്തിന്റെയും അസംസ്കൃത വസ്തുക്കളുടെ ദൗർബല്യവും കൊണ്ട് നശിച്ചുകൊണ്ടിരിക്കുന്നു. പരമ്പരാഗത വ്യവസായത്തിൽ ഇന്നും നിലനിൽക്കുന്നത് ആഭരണനിർമ്മാണമാണ്.

4.പഴയകാലങ്ങളിൽ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മരം കൊണ്ടുള്ള ചക്ക് ഉണ്ടായിരുന്നു. ഇവിടെ ഉല്പാദിപ്പിച്ചിരുന്ന കൊപ്ര, എള്ള് എന്നിവ മരച്ചക്കുകളിൽ ആട്ടി എണ്ണ ഉൽപാദിപ്പിച്ചിരുന്നു. യന്ത്രവൽക്കരണത്തോടെ അവ പാടെ അപ്രത്യക്ഷമായിരിക്കുന്നു.

5. ചെറിയതോതിലെങ്കിലും ഇന്നും നടന്നുവരുന്ന ഒന്നാണ് കളിമൺപാത്ര നിർമാണം. ചെറുപുത്തൂരിലെ രണ്ടു മൂന്നു കുടുംബങ്ങൾ മാത്രമെ ഇന്ന് ഈരംഗത്ത് അവശേഷിക്കുന്നുള്ളു.

6.ശാലിയർ നടത്തിവരുന്ന തുണിനെയ്ത്താണ് മറ്റൊരു പരമ്പരാഗതവ്യവസായം. 'കുഴിത്തറി' ഉപയോഗിച്ച് നെയ്തിരുന്ന സമ്പ്രദായം തന്നെ ഇന്നത്തെ തലമുറയ്ക്കജ്ഞാതമാണ്. തൃപ്പനച്ചി, മുത്തന്നൂർ പ്രദേശങ്ങളിൽ മുമ്പുപയോഗിച്ചരുന്ന തറികൾ ഇന്നും നിലനിൽക്കുന്നുണ്ട്.

7. പരമ്പരാഗതമായി പപ്പട നിർമ്മാണവും വീടുകളിൽ നിലവിലുണ്ടായിരുന്നു. രുചികരവും പ്രശസ്തി നേടിയുരുന്നതുമായ ഈ വ്യവസായം ഇന്ന് തീരെയില്ല.

## II ആധുനിക ചെറുകിട വ്യവസായങ്ങൾ

പുൽപ്പറ്റ പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ വൻകിടവ്യവസായങ്ങൾ ഒന്നും തന്നെയില്ല. സ്വകാര്യ മേഖലയിൽ പ്രവർത്തി

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | വാർഡ് | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ |
| 1 | ഈർച്ചമിൽ | 10 | | 1 | | | | | | 1 | | | | | 2 |
| 2 | റൈസ്മിൽ | 13 | 1 | 1 | 1 | 2 | – | 1 | 1 | 3 | 1 | 1 | 1 | – | 13 |
| 3. | ഓയിൽമിൽ | 8 | 1 | 1 | 1 | 1 | – | 1 | 1 | 1 | – | – | – | 1 | 8 |
| 4. | ചെരുപ്പ് നിർമ്മാണം (വനിതകൾ) | 4 | | | | | | | | 1 | | | | | 1 |
| 5. | നൂൽ നൂൽപ്പ് (വനിതകൾ) | 16 | | | | 1 | | | | | | | | | 1 |
| 6. | ഇൻഡസ്ട്രിയൽ വർക്ക്സ് | 8 | 1 | 1 | | 1 | | | | 1 | | | | | 4 |
| 7. | റോക്ക് ക്രഷർ | 20 | 1 | | | | | | | | | | | | 1 |

ക്കുന്ന ഏതാനും ചെറുകിട വ്യവസായസംരഭങ്ങൾ മാത്രമാണുള്ളത്. ഈർച്ച മില്ലുകൾ, റൈസ്മില്ലുകൾ, എണ്ണയാട്ടു മില്ലുകൾ, എന്നിവ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഏതാനും ഇൻഡസ്ട്രിയൽസും തൃപ്പനച്ചിയിലെ വനിതാ ചെരുപ്പ് നിർമ്മാണശാല, പുൽപ്പറ്റയിലെ വനിതാ നൂൽനൂൽപ്പ് കേന്ദ്രം, പൂക്കളത്തൂരിലെ റോക്ക് ക്രഷർ എന്നിവയുമാണ് പഞ്ചായത്തിലെ അകെയുള്ള വ്യവസായങ്ങൾ (ചാർട്ട് കാണുക)

ഈ പഞ്ചായത്തിൽ വർധിച്ചുകാണുന്ന വ്യവസായം റൈസ്മിൽ അണ്. എന്നാൽ തൊഴിൽ രംഗത്ത് കാര്യമായ വർധന ഈ രംഗത്തുണ്ടാകുന്നില്ല. കാരണം ഒരു മില്ലിൽ ഒരു തൊഴിലാളിക്കുള്ള സാധ്യതമാത്രമാണുള്ളത് സ്ത്രീ തൊഴിലാളികൾക്കുള്ള തൊഴിൽ സാധ്യതകളും ഉണ്ടാകുന്നില്ല.

കാർഷിക വിഭവങ്ങളായ അടയ്ക്ക, നാളീകേരം, എന്നിവ സുലഭമായുണ്ടെങ്കിലും ചെറുകിടകച്ചവടക്കാർ അവ വാങ്ങി വിണനം നടത്തുകയാണ്. ആവ ഇവിടെ തന്നെ സംസ്ക്കരിക്കുവാൻ കഴിഞ്ഞാൽ പ്രത്യകിച്ച് കൂടുതൽ സ്ത്രീകൾക്ക് തൊഴിലവസരമുണ്ടാകും. നാളീകേരത്തെ അടിസ്ഥാനമാക്കി ധാരാളം വ്യവസായങ്ങൾക്കുള്ള സാധ്യതകൾ ഇവിടെ ഉണ്ട്.

വ്യവസായ രംഗത്ത് സഹകരണ മേഖലയിൽ ഒന്നും തന്നെ ഇവിടെയില്ല. ബാങ്കുകളുടെ ധനസഹായത്തോടെ മാത്രം തുടങ്ങിയതാണ് ഇവിടെയുള്ള ചെറുകിട വ്യവസായങ്ങൾ

**അസംസ്കൃ വസ്തുക്കളുടെ ലഭ്യത**

ഓയിൽ മില്ലുകൾക്കാവശ്യമായ കൊപ്ര ഇവിടെ തന്നെ ലഭിക്കുന്നുണ്ട്. എന്നാൽ വൻതോതിൽ എണ്ണ ഉല്പാദിപ്പിക്കാനുള്ള ഒരു യൂണിറ്റുമില്ല. കയർനിർമ്മാണത്തിനാവശ്യമായ ചകിരിയും സുലഭമാണ്. ആണവ ഉപയോഗപ്പെടുത്താനുള്ള സംരഭങ്ങളില്ല. ഈർച്ചമില്ലുകൾക്കാവശ്യമായ മരം പുറമെനിന്ന് കൊണ്ടുവരികയാണ്. റബ്ബറും ഇവിടെ ഉല്പാദിപ്പിക്കുന്ന ഒരു അസംസ്കൃത വിഭവമാണ്. എന്നാൽ വ്യാവസായിക ഉപയോഗം ഇവിടെയില്ല.

**പ്രശ്നങ്ങൾ**

ഈ പഞ്ചായത്തിൽ വ്യവസായിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്

1. സംരഭകരുടെ അഭാവം.
2.അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം
3.സാങ്കേതിക പരിഞ്ജാനത്തിന്റെ കുറവ്
4.വിപണനസാധ്യയുടെ കുറവ്
5. ധനസഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്
6. വൈദ്യുതി ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ
7.ലൈസൻസ് ലഭിക്കാനുള്ള കാല താമസം.
8.പരമ്പരാഗത കുടിൽ വ്യവസായങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം
9.വൈവിധ്യമില്ലായ്മ
10 ഈ പഞ്ചായത്തിൽ ലഭിക്കുന്ന അംസ്കൃത

വസ്തുകൾ ഉപയോഗപ്പെടുത്തി ചെറുകിട വൻകിട വിയവസായങ്ങൾ തുടങ്ങാനുള്ള സാധ്യതക്കുറവ്

**നിർദ്ദേശങ്ങൾ**

1. പരമ്പരാഗതമായ വ്യവസായങ്ങൾ നവീകരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുംമുള്ള സാധ്യതകൾ പോഷിപ്പിക്കുക.

2.വ്യവസായ സംരഭകർക്കാവശ്യമായ പ്രോത്സാഹനവും പരിശീലനവും നൽകാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക. സംരഭകർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാനുള്ള ഏർപ്പാടുണ്ടാക്കുക

3. ഇവിടെ ലഭ്യമായ പ്രധാന വിഭവങ്ങളായ നാളികേരം, അടയ്ക്ക, കശുവണ്ടി, എന്നിവ അടിസ്ഥാനമാക്കിയുള്ള ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാനുള്ള പരിപാടികൾ അവിഷ്കരിക്കുക. തൊണ്ട്, ചിരട്ട എന്നിവ ഉപയോഗപ്പെടുത്തുന്ന വ്യവസായങ്ങൾ തുടങ്ങുക. ഇവിടെ ലഭ്യമാകുന്ന റബ്ബർ ഇവിടെ ഉപയോഗപ്പെടുത്താനുള്ള വ്യവസായം തുടങ്ങുക

4.മാങ്ങ, കശുമാങ്ങ, ചക്ക എന്നിവ അടിസ്ഥാനമാക്കി ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാധ്യത ആരായുക

5.മെഴുക് തിരി, ചോക്ക്, സാനിറ്ററി ലോഷൻ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ ആരായുക

6.തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുക

7.പ്ളാസ്റ്റിക്ക്, തുകൽ, റബ്ബർചെരുപ്പ് നിർമ്മാണം ആരംഭിക്കുക

8.ബേക്കറി ഉല്പന്നങ്ങൾ, നാളീകേരം ഉപയോഗിച്ചുള്ള ഭക്ഷ്യോല്പന്നങ്ങൾ എന്നവയുടെ നിർമ്മാണം തുടങ്ങുക

9. വാഹനങ്ങൾക്കുപയോഗിക്കാവുന്ന ചെറിയതരം സ്പെയർ പാർട്ടുകളുടെ നിർമ്മാണം തുടങ്ങുക.

10 ഗൃഹനിർമ്മാണോപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക

11. റേഡിയേറ്റർ റിപ്പയറിംഗ്, ടയർ റീട്രേഡിംഗ് എന്നീ സംരഭങ്ങൾക്കുള്ള സാധ്യതയുണ്ടാക്കുക

12 ചിരട്ടയിലെ കരകൗശലത്തിന്റേയും ഇലക്ട്രോണിക്സിന്റെയും സമന്വയമായ 'ചിരക്ട്രോണിക്സ്' എന്ന പുതിയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള ചെറുകിട വ്യവസായങ്ങൾക്കുള്ള സാധ്യത ഈ പഞ്ചായത്തിന്റെ മാത്രം പ്രത്യേകതയാണ്. അതിന്റെ വികസനത്തിനുള്ള സഹായം ലഭ്യമാക്കുക.

13. വ്യവസായങ്ങൾ തുടങ്ങുന്നതിനും നിലനിർത്തുന്നതിനും ആവശ്യമായ തോതിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുക

14. ഇവിടെ ലഭ്യമാകുന്ന അസംസ്കൃത വിഭവങ്ങളും മനുഷ്യവിഭവശേഷിയും പരമാവധി പ്രയോജനപ്പെടുത്തുവാനുള്ള പദ്ധതി രൂപപ്പെടുത്തുക

നമ്മുടെ പഞ്ചായത്തിൽ വൻകിട വ്യവസായത്തിന് സാധ്യത കുറവാണെങ്കിലും ഇവിടെ ലഭ്യമായ കാർഷികോല്പന്നങ്ങൾ ഉപയോഗപ്പെടുത്തി ചെറുകിട വ്യവസായങ്ങൾ തുടങ്ങാനാവുമോ എന്നരായണം.

■




# ഗതാഗതം, ഊർജ്ജം

## ഗതാഗതം

കേരളത്തിലെ പിന്നോക്ക പഞ്ചായത്തുകളിൽ ഒന്നായ പുൽപ്പറ്റയുടെ വികസന പിന്നോക്കാവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട കാരണം ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തതയാണ്. റോഡ് ഗാതഗതത്തെ മാത്രം ആശ്രയിക്കുന്ന ഈ പഞ്ചായത്തിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ മാത്രമാണ് അൽപ്പമെങ്കിലും റോഡുകളുണ്ടായത്. പഞ്ചായത്തിൻെറ സാമ്പത്തികബുദ്ധിമുട്ടു കാരണം കൂടുതൽ ചിലവു വരുന്ന റോഡുകൾ നിർമ്മിക്കാൻ കഴിയാത്ത അവസ്ഥയാണ്. PWD റോഡുകൾ താരതമ്യേന കുറവായ ഈ പഞ്ചായത്തിൽ കുന്നും മലകളും നിറഞ്ഞ ഭൂപ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് എല്ലാ രംഗങ്ങളിലും അഭിവൃദ്ധി പ്രാപിക്കണമെങ്കിൽ ഈ മേഖലയിൽ കൂടുതൽ സാമ്പത്തിക മുതൽമുടക്ക് സർക്കാർ തലത്തിൽ ആവശ്യമാണ്. വരുമാനത്തിൻെറ നല്ലൊരു ശതമാനം റോഡുകൾക്ക് വേണ്ടി ചിലവഴിച്ചിട്ട്പോലും വേണ്ടത്ര ഗതാഗത സൗകര്യങ്ങൾ ഉണ്ടാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

### റോഡുകളുടെ പൊതുസ്ഥിതി : -

ഈ പഞ്ചായത്തിൽ PWD പഞ്ചായത്ത് റോഡുകളായിമൊത്തം 74.1 കി.മീ ആണ്. ഇതിൽ PWD ടാർചെയ്ത റോഡുകൾ 13.1 കി.മീ ഉം പഞ്ചായത്ത് ടാർ ചെയ്തത്. (JRY സ്കീമിൽ ഉൾപ്പെടുത്തി കൊണ്ട്) 6.75 കി.മീ. ഉം ബാക്കി 54.25 കി.മീ ചെയ്യാത്തവയുണ്. ഇതിൽ നിന്നും ആകെ റോഡുകളുടെ 73% ടാർചെയ്യാത്തവയുമാണ്. ഒരു ചതുരശ്ര കി.മീ വിസ്തീർണ്ണത്തിന് ശരാശരി 2.25 കി.മീ. റോഡ് മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. ഇത് സംസ്ഥാന ശരാശരി ആയ 3.2 കി.മീ. ച.കി.മീറ്ററിനെക്കാൾ ഏറെ താഴ്ന്നതാണ്. ഇത് ഈ പഞ്ചായത്തിൽ ഇനിയും കൂടുതൽ റോഡുകൾ ഉണ്ടായാൽ മാത്രമേ സംസ്ഥാന ശാരശരിക്ക് ഒപ്പം എത്തുകയേയുള്ളൂ.

ടാർ ചെയ്ത റോഡുകൾ വിശകലനം ചെയ്യുമ്പോൾ ഒരു ച.കി.മീ വിസ്തീർണ്ണത്തിന് 605 മീറ്റർ ടാർ റോഡ് മാത്രമെയുള്ളൂ. പഢ്ചായത്തിലെ മൊത്തം ജനസംഖ്യയും ടാർ റോഡിൻെറ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് 67 C.M. റോഡ് മാത്രമേയുള്ളൂ.

പഞ്ചായത്തിലെ റോഡുകളിൽ ബസ് ഗതാഗതമുള്ള പ്രധാനപ്പെട്ട ഒരേ ഒരു റൂട്ട് ആണ് മഞ്ചേരി- കുഴിശ്ശേരി റോഡ്. ഈ റോഡിൽ ഒരു ബസ് വെയ്റ്റിഗ്ഷെഡ് പോലുമില്ല. പൂക്കളത്തൂർ-കാരാപ്പറപ്പ്, തൃപ്പനച്ചി എന്നിവിടങ്ങളിൽ പാർക്കിംഗ് ചെയ്യുന്ന ഓട്ടോ ടാക്സി വാഹനങ്ങൾ ഉണ്ട്. അവർക്ക് യാതൊരു വിധ പാർക്ക് സൗകര്യവും ഇല്ല. ടാർ ചെയ്ത റോഡുകളിൽ കാരാപ്പറമ്പ് - മോങ്ങം, പാലക്കാട് -മോങ്ങം എന്നീ പ്രധാന റൂട്ടുകൾ ബസ് ഗതാഗതമില്ലാത്തത് ജനങ്ങളുടെ യാത്രാ പ്രശ്നം രൂക്ഷമാകുന്നു.

**പഞ്ചായത്തിലെ നിലവിലുള്ള ടാർ റോഡുകൾ, അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാസൗകര്യങ്ങൾ എന്നിവ താഴെ കൊടുക്കുന്ന പട്ടികയിൽ ചേർക്കുന്നു.**

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം | വീതി | ബസ്സൗകര്യം |
|---|---|---|---|---|---|
| 1 | മഞ്ചേരി-കിഴിശ്ശേരി | PWD | 5.100 | 8 കി. | ഉണ്ട് |
| 2 | മഞ്ചേരി-അരീക്കോട് | PWD | 1 കി.മീ | 10മീ | ഉണ്ട് |
| 3 | കാരപറമ്പ്-മോങ്ങം | PWD | 4.750 കി.മി. | 8 മീ. | ഇല്ല |
| 4 | പാലക്കാട്-മോങ്ങം | PWD | 1.750 കി.മീ. | 8 മീ. | ഇല്ല |
| 5 | തൃപ്പനച്ചി-കാവന്നൂർ | PWD | 0.500 കി.മീ. | 8 മീ. | ഇല്ല |
| 6 | കാഞ്ഞിരത്തറ-ചാലിക്കൽ | പഞ്ചായത്ത് | 0.750 കി.മീ. | 6 മീ. | ഇല്ല |
| 7 | ചോലേംകുന്ന്-ആശുപത്രി | പഞ്ചായത്ത് | 1.500 കി.മീ. | 6 മീ. | ഇല്ല |
| 8 | പൂക്കുളത്തൂർ-വളമംഗലം-വള്ളുവമ്പ്രം | പഞ്ചായത്ത് | 1.250 കി.മീ. | 8 മീ | ഇല്ല |
| 9 | കുന്നത്തീരി-കുളത്തുംപടി | പഞ്ചായത്ത് | 0.750 കി.മീ | 6 മീ. | ഇല്ല |
| 10 | പുൽപ്പറ്റ-കല്ലച്ചാർ-പുല്ലാര | പഞ്ചായത്ത് | 0.250 കി.മീ. | 8 മീ. | ഇല്ല |
| 11 | ആരക്കോട്-ചെറുവത്തൂർ | പഞ്ചായത്ത് | 0.500 കി.മീ. | 8 മീ. | ഇല്ല |
| 12 | ആശുപത്രിപ്പടി-മീഞ്ചിറ | പഞ്ചായത്ത് | 1 കി.മീ. | 8 മീ. | ഇല്ല |
| 13 | കാവുങ്ങപ്പാറ-സ്കൂൾ റോഡ് | പഞ്ചായത്ത് | 0.250 കി.മീ. | 4 മീ. | ഇല്ല |
| 14 | കാവുങ്ങപ്പാറ-ഒഴുകൂർ | പഞ്ചായത്ത് | 0.500 കി.മീ. | 8 മീ. | ഇല്ല |
| | ആകെ ടാർ ചെയ്ത റോഡ് | | 19.850 കി.മീ. | | |

**1 നിലവിലുള്ള റോഡുകൾ-പ്രശ്നങ്ങൾ-പരിഹാരങ്ങൾ പട്ടികരൂപത്തിൽ താഴെ കൊടുക്കുന്നു**
(ഗ്രാമസഭ റിപ്പോർട്ട്)

| റോഡ് | പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|
| 1 മഞ്ചേരി-കിഴിശ്ശേരി റോഡ് | 1 ടാർ ചെയ്ത ഭാഗത്തിൻെറ വീതി കുറവ്<br>2 വെള്ളം ഒഴുകിപോകാനുള്ള ഓടകളില്ലായ്മ നടപ്പാതയില്ലായ്മ<br>3 ഇലക്ട്രിക്, ടെലിഫോൺ പോസ്റ്റുകളുടെ തടസ്സങ്ങൾ<br>4 റോഡിൻെറ ശോചനീയാവസ്ഥ<br>5 പാർശ്വഭിത്തികളില്ലായ്മ<br>6 ബസ് വെയ്റ്റിങ്ങ് ഷെഡുകളില്ലായ്മ | 1 റോഡ് വീതി കൂട്ടി 6 മീറ്ററെങ്കിലും ടാർ ചെയ്യുക.<br>2 പുൽപ്പറ്റ, പള്ളിപ്പടി, പാലക്കാട് അങ്ങാടികളിൽ ഓടകൾ നിർമ്മിക്കുക ജനങ്ങൾ കൂടുന്ന അങ്ങാടികളിൽ ഓടകൾ നിർമ്മിച്ച് സ്ലാബിടുക<br>3 വാഹനങ്ങൾക്ക് സൈഡ് കൊടുക്കുന്നതിന് തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക<br>4 യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുക.<br>5 വയൽ, താഴ്വര പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന ഭാഗങ്ങളിൽ സൈഡ് ഭിത്തി നിർമ്മിക്കുക<br>6 പൂക്കുളത്തൂർ, പുൽപ്പറ്റ, പള്ളിപ്പടി, തൃപ്പനച്ചി, പാലക്കാട്, കുഴിയം പറമ്പ് എന്നിവിടങ്ങളിൽ വെയ്റ്റിങ്ങ് ഷെഡുകൾ നിർമ്മിക്കുക |
| 2 മഞ്ചേരി-അരീക്കോട് | 1 ഓടകളില്ല<br>2 ഇലക്ട്രികം പോസ്റ്റുകളുടെ തടസ്സം | 1 കാരാപറമ്പ്ഒ, ഷാപ്പിൻകുന്ന് ഭാഗങ്ങളിൽ ഓടകൾ നിർമ്മിക്കുക<br>2 പോസംറ്റുകൾ മാറ്റി സ്ഥാപിക്കുക |
| 3 കാരാപറമ്പ്-മോങ്ങം | 1 ഓടകളില്ല<br>2 ടാറിങ്ങ് വീതി കുറവം<br>3 ബസ് സർവീസുകൾ ഇല്ലായ്മ<br>4 റോഡിലെ കയറ്റങ്ങൾ | 1 ഓടകൾ സ്ഥാപിക്കുക<br>2 ടാറിങ്ങ് വീതി കൂട്ടുക<br>3 ബസ് സർവീസുകൾ തുടങ്ങുക<br>4 റോഡിലെ കയറ്റം കുറക്കുക |

| | | |
|---|---|---|
| 4 പാലക്കാട്-മോങ്ങം | 1 കയറ്റം കൂടുതൽ | 1 കയറ്റം കുറക്കുക |
| | 2 ഒടിവളവുകൾ | വളവ് നിവർത്തുക |
| | 3 ഓടകളില്ലായ്മ | 3 ഓടകൾ നിർമ്മിക്കുക |
| | 4 ബസ് സവീസ് ഇല്ലായ്മ | 4 ബസ് സർവീസ് ആരംഭിക്കുക |
| 5 തൃപ്പനച്ചി-മീഞ്ചിറ-കാവന്നൂർ | 1 ടാറിങ് പൊളിഞ്ഞു പോയത് | 1 റീ ടാറിങ് നടത്തുക |
| | 2 ഓടകൾ ഇല്ലായ്മ | 2 ഓടകൾ നിർമ്മിക്കുക |
| | 3 വളവുകൾ കൂടുതൽ | 3 വളവുകൾ നിവർത്തുക |
| 6 കാഞ്ഞിരത്തറ-ചാലിക്കൽ റോഡ് | 1 ടാറിങ് പൂർണമാകാത്തത് | 1 ടാറിങ് പൂർത്തിയാക്കുക |
| | 2 ഓടകൾ ഇല്ലായ്മ | 2 ഓടകൾ നിർമ്മിക്കുക |
| 7 ചാലേംകുന്ന്-ആശുപത്രിപ്പടി | 1 ടാറിങ് പൂർണമാകാതിരിക്കൽ | 1 ടാറിങ് പൂർണമാക്കുക |
| | 2 ഓടകൾ ഇല്ലായ്മ | 2 ഓടകൾ നിർമ്മിക്കുക |
| | 3 വീതി കുറവ് | 3 വീതി കൂട്ടുക |
| 8 (1) പൂക്കുളത്തൂർ-വളമംഗലം | ടാറിങ് പൂർത്തിയാകാതിരിക്കൽ | ടാറിങ് പൂർത്തിയാക്കുക |
| (2) വളമംഗലം-കാളികണ്ടം പുല്ലാര റോഡ് | ഓടകൾ ഇല്ലാതിരിക്കൽ | ഓടകൾ നിർമ്മിക്കുക, വീതി കൂട്ടുക |
| (3) കുന്നത്തീരി-കളത്തുംപടി | വളവുകളും കയറ്റങ്ങളും | വളവുകളും കയറ്റങ്ങളും ചുരുക്കുക |
| (4) പുൽപ്പറ്റ-കല്ലച്ചാൽ-പുല്ലാര | പണി പൂർത്തിയാക്കുക | |
| (5) ആരക്കോട്-ചെറുവത്തൂർ | ടാറിങ് പൂർത്തിയാകാതിരിക്കൽ | ബസ് സർവീസ് ആരംഭിക്കുക |
| (6) ആശുപത്രിപ്പടി-മീഞ്ചിറ | | |
| (7) കറവുങ്ങപ്പാറ-ഒഴുകൂർ റോഡ് | | |
| (8) കറുവങ്ങപ്പാറ-സ്കൂൾ റോഡ് | | |
| (9) ഒളമതിൽ-മാനിറക്കൽ റോഡ് | | ടാർ ചെയ്യുക |

## II പുതിയ റോഡുകൾ

ഗ്രാമസഭകളിൽ ഏറ്റവും സജീവമായി ചർച്ചക്കു വന്ന പ്രധാന പ്രശ്നം പുതിയ റോഡുകൾക്കു വേണ്ടിയുള്ള ആവശ്യങ്ങളാണ്. 12 വാർഡുകളിൽ നിന്നും 113 റോഡുകൾ നിർമ്മിക്കാൻ വേണ്ടി ആവശ്യം ഉയർന്നിട്ടുണ്ട്. ഇവയുടെ വിശദമായ വിവരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.

## III ടാർ റോഡുകളുടെയും ചെമ്മൺ റോഡുകളുടെയും ശോചനീയാവസ്ഥ

നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥയും അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തേണ്ടതിന്റെ ആവശഹ്യകതയും ചെമ്മൺ റോഡുകൾ മെറ്റൽ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ട ആവശ്യകതയും ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. ഇവ പട്ടികയായി അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.

## IV റോഡ് നിർമ്മാണം ഉയർത്തുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ

പഞ്ചായത്ത് നിർമ്മിച്ച റോഡുകൾ നാടിന്റെ പുരോഗതിക്ക് ആക്കം കൂട്ടിയെങ്കിലും ചെറിയ തോതിലുള്ള പാരിസ്ഥിതികപ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടത് മണ്ണൊലിപ്പ്, നീർക്കെട്ട്, വയൽ നികത്തൽ എന്നിവയാണ്. സമതലത്തിലും, താഴ്ന്ന പ്രദേശങ്ങളിലും മൺറോഡുകളായി മാറിയ ഇടവഴികൾ വർഷകാലത്ത് താഴ്ന്ന പ്രദേശങ്ങളിലേക്ക് വെള്ളം ഒഴുകിപ്പോകാൻ സഹായകരമായിരുന്നു. മൺറോഡുകളുടെ നിർമ്മാണരീതി ഓടകളില്ലായ്മ എന്നിവ ഇത്തരം റോഡുകളിൽ നീർക്കെട്ടുകൾ ഉണ്ടാക്കുയും മഴക്കാലങ്ങളിൽ ഗതാഗതയോഗ്യമല്ലാത്തരീതിയിൽ റോഡുകളെ മാറ്റുകയും ചെയ്യുന്നു.

**ടാർ ചെയ്യേണ്ട റോഡുകൾ** (ഗ്രാമസഭ റിപ്പോർട്ട്)

| വാർഡ് | | റോഡ് | ദൂരം/കി.മീ. |
|---|---|---|---|
| I | 1 | വില്ലേജ്പടി-വളയക്കോട് | 2.000 |
| | 2 | പല്ലാരപറമ്പ്-കൂട്ടാവ് | 2.000 |
| | 3 | കാഞ്ഞിരത്തറ-ചാലിക്കൽ | 0.750 |
| | 4 | പള്ളിക്കുന്ന്-കാരാപറമ്പ് | 0.300 |
| | 5 | ആരക്കോട്-മഞ്ഞളേങ്ങൽ | 0.400 |
| | 6 | നായർപടി-എടത്തിൽപള്ളിയാളി | 2.000 |
| II | 1 | കൂട്ടാവ്-ചെമ്പാറ റോഡ് | 1.500 |
| | 2 | കൂട്ടാവ്-പാലശ്ശേരികുത്ത്-പള്ളിപ്പടി റോഡ് | 2.000 |
| | 3 | കാരാപറമ്പം-എസ്റ്റേറ്റ് റോഡ് | 0.500 |
| III | 1 | ഷാപ്പിൻകുന്ന്-കീട്ടുപാറ | 1.000 |
| | 2 | അക്ഷര റോഡ് | 0.150 |
| IV | 1 | മൂശാരിക്കണ്ടി-കാരാപറമ്പം | 2.000 |
| | 2 | പാലക്കത്തോട്-ആനക്കുണ്ട്-കൂട്ടാവ് റോഡ് | 2.500 |

| | | | |
|---|---|---|---|
| V | 1 | എരഞ്ഞിക്കോട്-പുല്ലാര | 3.000 |
| | 2 | മഞ്ഞളേങ്ങൽ-എടത്തിൽപള്ളിയാളി | 1.000 |
| | 3 | തോട്ടക്കാട്-പുളിക്കലകണ്ടി കോളനി | 0.500 |
| VI | 1 | ഒളമതിൽ-വളമംഗലം | 2.000 |
| | 2 | കാളികണ്ടം-കോളനി | 1.500 |
| | 3 | പുളിക്കലകണ്ടി ഹരിജൻകോളനി | 1.000 |
| VII | 1 | ചെറുവത്തൂർ-ചെമ്പ്രീരി | 1.000 |
| | 2 | ചെമ്പ്രീരി-കാരാട്ട് | 0.500 |
| VIII | 1 | തൃപ്പനച്ചി വായനശാല-ആരക്കോട് | 1.500 |
| | 2 | പാലക്കാട് വായനശാല-ചെമ്പ്രീരി | 1.500 |
| | 3 | അടിച്ചികുന്ന്-കോഴിത്താഴി | 1.000 |
| IX | 1 | പുത്തൻപുര-കരിപ്പാലി-വെള്ളച്ചാൽപള്ളിപ്പടി | 1.500 |
| | 2 | കൈപ്പകശ്ശേരിപ്പടി-പൊത്താംകോട്-പടിഞ്ഞാറ്റിയകം റോഡ് | 1.500 |
| | 3 | തയ്യിൽപടി-പള്ളിപ്പടി | 0.300 |
| | 4 | തൃപ്പനച്ചി-ആക്കംപുറം-നീരൊഴി-സ്റ്റേഡിയം റോഡ് | 0.750 |
| X | 1 | പാലോട്-പൂച്ചേങ്ങൽ | 0.750 |
| | 2 | പാലോട്-മുണ്ടുപാലം | 0.700 |
| | 3 | ആലുങ്ങപ്പറമ്പ്-കൂരാക്കോട് | 0.800 |
| XI | 1 | കാവുങ്ങപ്പാറ-ഒഴുകൂർ | 0.500 |
| | 2 | നടുവത്ത്-പാലക്കാട് | 1.000 |
| | 3 | വെണ്ണ ക്കോട്-വിസപ്പടി | 0.500 |
| | 4 | പള്ളി-പൂവത്തിച്ചാൽ | 0.750 |
| XII | 1 | കാഞ്ഞിരം-പുതിയത്ത് ചെമ്പ്രീരി | 1.000 |
| | 2 | കിഴക്കേപ്പടി-കാവുങ്ങപ്പാറ | 1.000 |
| | 3 | കുഴിയംപറമ്പം-മണ്ണാറക്കൽ | 1.000 |
| | 4 | കുഴിയംപറമ്പ്-പൊക്കനാൽ | 0.600 |

## അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തേണ്ട റോഡുകൾ

അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനു വേണ്ടി ഗ്രാമസഭകളിൽ നിന്നും ഉയർന്നുവ റോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

| വാർഡ് | നമ്പർ | റോഡ് | ചെയ്യേണ്ട പ്രവൃത്തി |
|---|---|---|---|
| I | 1 | കൂട്ടാവിൽ-പല്ലാരപറമ്പ് റോഡ് | റിപ്പയറിങ്ങ് |
| | 2 | കൂട്ടാവിൽ-എളയൂർ റോഡ് | ,, |
| | 3 | ചോലേംകുന്ന്-ഹരിജൻ കോളനി | ,, |
| II | 4 | കാരാപറമ്പ്-പാലശ്ശീരിക്കുന്ന് | റിപ്പയറിങ്ങ് |
| | 5 | കാരാപറമ്പ്-താണിക്കപാറ | തോട്ടിന് പാലം |
| | 6 | കാരാപറമ്പ്-മിനി സ്റ്റേഡിയം | റിപ്പയറിങ്ങ് |
| III | 7 | ഞാവൽ-താണിയം കുണ്ട് | റിപ്പയറിങ്ങ് |
| | 8 | ഷാപ്പിൻകുന്ന്-കരിമ്പനക്കൽ | ,, |
| | 9 | ഷാപ്പുംകുന്ന്-കീട്ടുപ്പാറ | ,, |
| VI | 10 | പുൽപ്പറ്റ-മൂശാരിക്കണ്ടി | റിപ്പയറിങ്ങ് |
| | 11 | പാലക്കത്തോട്-ആനക്കുണ്ട്-കൂട്ടാവ് | ആനക്കുണ്ടിൽ പാലം |
| V | 12 | എരഞ്ഞിക്കോട്-പുല്ലാര | റിപ്പയറിങ്ങ്/നിർമ്മാണം |
| | 13 | പുളിക്കലകണ്ടി-കോളനി | ,, |
| VI | 14 | മാനാറക്കൽ-ഹരിജൻകോളനി | റിപ്പയറിങ്ങ്/ടാറിംഗ് |
| | 15 | കാളികണ്ടംറോഡ് | ,, |
| | 16 | പാലാട്ടുകുണ്ട് റോഡ് | ,, |
| VII | 17 | ചെറുവത്തൂർ-എം.സി.പടി അംഗൻവാടി | റിപ്പയറിങ്ങ് |
| | 18 | ലക്ഷംവീട് കോളനി | ,, |
| | 19 | ആരക്കോട്-കോഴിത്താഴി | ,, |
| | 20 | മോങ്ങം-പാലക്കാട്-ചെമ്പ്രീരി | ,, |
| | 21 | ഏളാർപറ്റ കോളനി | ,, |
| | 22 | തൃപ്പനച്ചി-വായനശാല-സൗത്ത് തൃപ്പനച്ചി | ,, |

| | | | |
|---|---|---|---|
| VIII | 23 | തൃപ്പനച്ചി വായനശാല-ആരക്കോട് | റിപ്പയറിങ്ങ് |
| | 24 | പാലക്കാട് വായനശാല-ചെമ്പ്രീരി | '' |
| | 25 | പത്തായക്കോട് അംഗൻവാടി-ചാപ്പിൽകാട് | '' |
| | 26 | കുളപ്പുര നടപ്പാലം | നടപ്പാലം നിർമ്മിക്കുക |
| IX | 27 | മീഞ്ചിറ-ഇല്ലിക്കാപോക്ക് | |
| | 28 | പുത്തൻപുര-കരിപ്പാൻചിറ | |
| | 29 | തയ്യിൽപടി-വെള്ളച്ചാൽ | |
| | 30 | കുഴിക്കാട്ട് കുന്ന്-മുണ്ടപ്പാലം | |
| | 31 | ഡിസ്പൻസറി-പടിഞ്ഞാറ്റിയം ഭാഗം | |
| | 32 | ആക്കംപുറം-നീരുഴി | |
| | 33 | കുഴൽകിണർ-കച്ചേരിക്കുന്ന് | |
| X | 34 | പാലോട്-മുണ്ടുപാലം | |
| | 35 | മൊത്തൻകുന്ന്-മോയിൻപാലം | |
| | 36 | പാലോട്-തോലിക്കത്തോട് | |
| | 37 | പാലക്കാട്-കൂരാത്തോട് | |
| XI | 38 | ഒഴലംകുന്ന്-കോളനിറോഡ് | |
| | 39 | പുതിയത്ത്-ചെമ്പ്രീരി | |
| XII | 40 | കാഞ്ഞിരം-പുതിയത്ത്കോളനി | |
| | 41 | കിഴിശ്ശേരി-മഞ്ചേരിരോഡ് (PWD) | |

## ജനകീയ പങ്കാളിത്തവും റോഡ് വികസനവും

പുതിയ റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപണികളും നടത്തുന്നതിന് മനുഷ്യ വിഭവം ദാനമായി നൽകാൻ ഈ പഞ്ചായത്ത് നിവാസികൾ എന്നും തൽപരരാണ്. ധാരാളം പഞ്ചായത്ത് റോഡുകളുടെ നിർമ്മാണത്തിന് തുടക്കം കുറിച്ചത് നാട്ടകാർ ശ്രമദാനമായി നിർമ്മിച്ച റോഡുകൾ പിന്നീട് പഞ്ചായത്ത് ഏറ്റെടുത്തതുമൂലമാണ്. ദേശീയ പുനരർപ്പണ ദിനത്തിന്റെ ഭാഗമായി 12 വാർഡുകളിലും നടന്ന പുതിയ റോഡ് നിർമ്മാണം നാടിൻ വികസനത്തിന് ശ്രമദാനം നടത്താനുള്ള മനുഷ്യ സന്നദ്ധതയുടെ ഒടുവിലത്തെ ഉദാഹരണങ്ങളാണ്.

## പ്രശ്നങ്ങളും സാദ്ധ്യതകളും:-

| | പ്രശ്നങ്ങൾ | സാദ്ധ്യതകൾ |
|---|---|---|
| 1. | ചിലവാർഡുകളിൽ വേണ്ടത്ര റോഡ് സൗകര്യമില്ല്യ | ഗ്രാമസഭകളിൽ പുതുതായി ഉയർന്ന് വന്ന റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുക. |
| 2. | നിലവിലുള്ള റോഡുകളുടെ നിലവാരം വളരെ മോശമാണ് | ഓടകൾ ഇല്ലാത്ത റോഡുകൾക്ക് അവ നിമ്മിക്കുകയും യഥാസമയം അറ്റകുറ്റ പണികൾ നടത്തുകയും ചെയ്യുക. |
| 3. | ബസ് വെയ്റ്റിങ്ങ് ഷെഡുകളില്ല | പ്രധാന ഗതാഗത സൗകര്യമുള്ള റോഡുകളിൽ ബസ് സ്റ്റോപ്പുകൾ നിർമ്മിക്കുക. |
| 4. | റോഡുകൾ വീതി കുറവാണ് | പ്രധാന റോഡുകളുടെ (PWD)വീതി കൂട്ടാൻ നടപടി സ്വീകരിക്കുക. |
| 5. | റോഡുകൾ വർഷത്തിൽ ഒരിക്കൽ പോലും അറ്റകുറ്റപണികൾ നടത്താറില്ല | മഴക്കാലം കഴിഞ്ഞാലുടൻ വർഷം തോറും അറ്റകുറ്റപണികൾ നടത്തുക. |
| 6 | നീർക്കെട്ടുകൾ മൂലം മഴക്കാലത്ത് റോഡുകൾ ഗതാഗതയോഗ്യമല്ലാതെയാകുന്നു | ഓവു പാലങ്ങൾ, പാർശ്വ ഭിത്തികൾ എന്നിവ ആവശ്യമുള്ള റോഡുകളിൽ നിർമ്മിക്കുക. |
| 7. | റോഡുകൾ തമ്മിൽ പരസ്പരം ബന്ധിപ്പിക്കാത്ത അവസ്ഥ | പരസ്പരം ബന്ധിപ്പിക്കാൻ കഴിയുന്ന റോഡുകൾ ബന്ധപ്പെടുത്തുക. |
| 8. | ഓട്ടോ, ടാക്സി പാർക്കിങ്ങിനുള്ള അസൗകര്യം | പുൽപ്പറ്റ, പൂക്കളത്തൂർ, തൃപ്പനച്ചി-അങ്ങാടികളിൽ വാഹനങ്ങൾക്ക് പാർക്കിങ്ങ് സൗകര്യം ഏർപ്പെടുത്തുക |

### അനുബന്ധം- 1

### നിലവിലുള്ള റോഡുകളുടെ പൊതു സ്ഥിതി സൂചിപ്പിക്കുന്ന പട്ടിക

(ഗ്രാമസഭ റിപ്പോർട്ട്)

| വാർഡ് | സീരിയൽ നമ്പർ | പേര് | ദൂരം/ കി.മീ. | വീതി (മീ.) | പൊതുസ്ഥിതി | | | അടിയന്തിരമായി ചെയ്യേണ്ട പ്രവൃത്തി |
|---|---|---|---|---|---|---|---|---|
| | | | | | മെറ്റൽ | ഓട | കലുങ്കം | |
| I | 1 | എടത്തിൽപള്ളിയാളി നായർപടി | 2 കി.മീ. | 4 മീ. | ഇല്ല | ഇല്ല | ഇല്ല | ടാർ ചെയ്യണം |
| | 2 | കാഞ്ഞിരത്തറ-ചാലിക്കൽ | 1 കി.മീ. | 6മീ. | ഭാഗികം | ഇല്ല | ഇല്ല | ടാറിങ്ങ് പൂർത്തിയാക്കണം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 3 | ആലുങ്ങചിറ-നടുക്കാട്ട് കുണ്ട് | 1കി.മീ. | 4മീ. | ഇല്ല | ഇല്ല | ഇല്ല | |
| | 4 | ലക്ഷംവീട് കോളനി-പൂക്കളത്തൂർ | 0.250 | 4മീ. | ഇല്ല | ഇല്ല | ഇല്ല | |
| | 5 | പുത്തൻചിറ-ആശാരികണ്ടി | 0.500 | 4മീ. | ഇല്ല | ഇല്ല | ഇല്ല | |
| | 6 | പള്ളിപ്പടി-കാരപ്പള്ളി | 0.750 | 4മീ. | ഇല്ല | ഇല്ല | ഇല്ല | |
| | 7 | ചോലേംകുന്ന്-ആശുപത്രി | 1.500 | 6മീ. | ഭാഗികം | ഇല്ല | ഭാഗികം | ടാറിങ്ങ് പൂർത്തിയാക്കുക. |
| | 8 | ആരക്കോട്-മഞ്ഞളേങ്ങൻ | 0.400 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 9 | ചോലേംകുന്ന്-അമ്പലപ്പടി | 0.500 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 10 | കാരപറമ്പ്-പൂക്കളത്തൂർ-മോങ്ങം | 2.000 | 8 | ടാർ | ഇല്ല | ഉണ്ട് | |
| | 11 | പൂക്കളത്തൂർ-വളമംഗലം | 1.250 | 8 | ഭാഗികം | ഇല്ല | ഇല്ല | ടാറിങ്ങ് പൂർത്തിയാക്കുക |
| | 12 | പള്ളിക്കുന്ന്-കാരപറമ്പ് | 0.300 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 13 | പൊക്കനാൽ-വെള്ളംകുന്ന് | 0.300 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 14 | വില്ലേജ് പടി-വളയക്കോട് | 0.500 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 15 | ചാലിക്കൽ-കുന്നിക്കൽ | 1.000 | 5 | ഇല്ല | ഇല്ല | ഇല്ല | |
| | 16 | കല്ലേങ്ങൽ-മാണിക്കുന്ന് | 0.300 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 17 | വളയക്കോട്-ചേപ്പിമ്മൽ | 0.400 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 18 | കോടാംപറ്റ-വള്ളിയാളിതൊടി | 0.500 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 19 | രാമൻചിറ-ഫുട്പാത്ത് | 0.500 | 2 | ഇല്ല | ഇല്ല | ഇല്ല | |
| | 20 | മഞ്ചേരി-കിഴിശ്ശേരി | 1.500 | 8 | ഉണ്ട് | ഉണ്ട് | ഉണ്ട് | വീതി കൂട്ടുക |
| | 21 | കൂട്ടാവിൽ-പല്ലാര | 2.000 | 8 | ഇല്ല | ഇല്ല | ഇല്ല | ടാർചെയ്യണം |
| II | 22 | കൂട്ടാവിൽ-എളയൂർ | 1.000 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 23 | ചെമ്പാറ-ചെങ്ങര | 0.500 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 24 | പാലശ്ശേരിക്കുന്ന്-കാരാപറമ്പ് | 0.500 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 25 | ആനക്കുണ്ട്-പാലക്കതോട് | 1.500 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 26 | അരീക്കോട്-മഞ്ചേരി | 0.500 | 10 | ടാറിങ്ങ് | ഇല്ല | ഉണ്ട് | ഓടനിർമ്മിക്കണം |
| | 27 | കാരാപറമ്പ്- എസ്റ്റേറ്റ് | 1.000 | 4 | ഇല്ല | ഇല്ല | ഇല്ല | ടാർചെയ്യണം |
| | 28 | കാരാപറമ്പ്-സ്റ്റേഡിയം | 0.300 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 29 | ഞാവലിങ്ങൽ-റബ്ബർറാട്ട | 0.250 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 30 | ചുള്ളക്കാട്-ഞാവലിങ്ങൽ | 1.000 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 31 | നാഗേരിചാൽ-ചുള്ളക്കാട് | 0.250 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 32 | കാരാപറമ്പ്-മോങ്ങം | 1.500 | 8 | ടാറിങ്ങ് | ഇല്ല | ഉണ്ട് | ഓടനിർമ്മിക്കണം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| III | 33 | കുന്നത്തീരി-കളത്തും പടി | 1.000 | 6 | ഭാഗികം | ഇല്ല | ഇല്ല | ടാറിങ്ങ് പൂർ-പൂർത്തിയാക്കുക. |
| | 34 | ഷാപ്പുംകുന്ന്-കീട്ടുപാറ | 1.000 | 6 | ഇല്ല | ഇല്ല | ഇല്ല | ,, |
| | 35 | അക്ഷരറോഡ് | 0.150 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 36 | ഷാപ്പുംകുന്ന്-കരിമ്പനക്കൽ | 1.000 | 5 | ഇല്ല | ഇല്ല | ഇല്ല | |
| | 37 | നരമംഗലം റോഡ | 0.200 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 38 | അരീക്കോട്-മഞ്ചേരി | 0.500 | 10 | ടാറിങ്ങ് | ഇല്ല | ഉണ്ട് | ഓടകൾ ഉണ്ടാക്കുക |
| IV | 39 | കോളേജ്-ആലുങ്ങൽ | 1.000 | 6 | ഇല്ല | ഇല്ല | ഇല്ല | ടാർചെയ്യണം |
| | 40 | കഴത്തിടുക്ക-വലിയാവിൽ | 0.500 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 41 | പാലക്കത്തോട്-ആനക്കുണ്ട് | 1.000 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 42 | കല്ലച്ചാൽ-നാദകര | 1.000 | 6 | ഭാഗികം | ഇല്ല | ഇല്ല | ടാറിങ്ങ് പൂർ-ത്തിയാക്കുക |
| | 43 | കണ്ടം കുളം-കാരാപറമ്പ് | 1.000 | 4 | ഇല്ല | ഇല്ല | ഇല്ല | |
| V | 44 | കഴുത്തിടുക്ക്-പള്ളിറോഡ് | 0.500 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 45 | എരഞ്ഞിക്കോട്-പുല്ലാര | 1.500 | 8 | ഇല്ല | ഇല്ല | ഇല്ല | |
| | 46 | മഞ്ഞളേങ്ങൽ-പുലിക്കോട് | 0.500 | 5 | ഇല്ല | ഇല്ല | ഇല്ല | |
| | 47 | മഞ്ചേരി-കിഴിശ്ശേരി | 0.350 | 8 | ഉണ്ട് | ഇല്ല | ഉണ്ട് | |
| | 48 | തോട്ടക്കാട്-പുളിക്കലണ്ടി | 0.500 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 49 | മഞ്ഞളേങ്ങൽ-എടത്തിൽ-പള്ളിയാളി. | 0.3000 | 6 | ഇല്ല | ഇല്ല | ഇല്ല | |
| VI | 50 | ഒളമതിൽ-വളമംഗലം | 2.000 | 8 | ഇല്ല | ഇല്ല | ഇല്ല | അടിയന്തിരമായി ടാർ ചെയ്യണം. |
| | 51 | പാലാട്ട്കുണ്ട്-മാനിപറമ്പ് | 0.300 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 52 | മോങ്ങം-കാരാപറമ്പ് | 1.250 | 8 | ഉണ്ട് | ഇല്ല | ഉണ്ട് | |
| | 53 | കാളികണ്ടം-കോളനി | 0.600 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 54 | വളമംഗലം-പൂക്കളത്തൂർ | 1.000 | 8 | ഭാഗികം | ഇല്ല | ഇല്ല | ടാറിങ്ങ് പൂർ-ത്തിയാക്കണം. |
| VII | 55 | ആരക്കോട്-ചെറുവത്തൂർ | 0.750 | 8 | ഭാഗികം | ഇല്ല | ഇല്ല | ടാറിങ്ങ് പൂർ-ത്തിയാക്കണം. |
| | 56 | ഒളമതിൽ-വെളക്കാട് | 0.150 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 57 | ലക്ഷംവീട് കോളനി | 0.500 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 58 | രണ്ടത്താണി-ചുരിക്കുന്ന് | 0.500 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 59 | എളാർപെറ്റ കോളനി | 0.300 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 60 | ചെറുവത്തൂർ മില്ല് റോഡ് | 0.100 | 8 | ഇല്ല | ഇല്ല | ഉണ്ട് | |
| | 61 | ചെമ്പ്രീരി കാരാട്ട് റോഡ് | 0.500 | 6 | ഇല്ല | ഇല്ല | ഇല്ല | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 62 | ചെറുവത്തൂർ-ചെമ്പ്രീരി | 1.000 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 63 | ചെറുവത്തൂർ സ്ക്കൂൾ | 0.100 | 3 | ഇല്ല | ഇല്ല | ഇല്ല | |
| | 64 | കോഴിത്താഴി-ആലുങ്ങൽ | 1.000 | 3 | ഇല്ല | ഇല്ല | ഇല്ല | |
| | 65 | തൃപ്പനച്ചി-ചെറുവത്തൂർ | 1.000 | 8 | ഇഉല്ല | ഇല്ല | ഇല്ല | |
| VIII | 66 | വായനശാല-ആരക്കോട് | 0.750 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 67 | തൃപ്പനച്ചി-ചെറുവത്തൂർ | 1.000 | 8 | ഇല്ല | ഇല്ല | ഇല്ല | |
| | 68 | ഓട്ടുപാറപ്പുറം-ചാവിൽക്കാട് | 0.400 | 8 | ഇല്ല | ഇല്ല | ഇല്ല | |
| | 69 | അടിച്ചിക്കുന്ന്-കോഴിത്താളി | 0.300 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 70 | പെരുംതൃക്കോവ്-ചേപ്പിക്കുന്ന് | 0.200 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 71 | പാലക്കാട് കൈരളി-ചെമ്പ്രീരി | 1.000 | 8 | ഉണ്ട് | ഉണ്ട് | ഇല്ല | |
| | 72 | മഞ്ചേരി-കിഴിശ്ശേരി | 1.000 | 8 | ഉണ്ട് | ഉണ്ട് | ഇല്ല | |
| | 73 | തൃപ്പനച്ചി-കാവന്നൂർ | 1.250 | 8 | ഉണ്ട് | ഇല്ല | ഇല്ല | |
| IX | 74 | പുത്തൻപുര-കരിപ്പാൽ | 1.000 | 8 | ഇല്ല | ഇല്ല | ഇല്ല | |
| | 75 | കുഴിക്കാട്ടുകുണ്ട്-പാറമ്മൽ | 0.300 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 76 | വെള്ളച്ചാൽ-പള്ളിപ്പടി | 0.500 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 77 | ആശുപത്രിപ്പടി-മീഞ്ചിറ | 1.000 | 8 | ഉണ്ട് | ഇല്ല | ഇല്ല | |
| | 78 | തയ്യിൽപ്പടി-പള്ളിപ്പടി | 0.200 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 79 | ആക്കംപുറം-നീരുഴി-പടിഞ്ഞാറ്റിയം | 1.000 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 80 | മീഞ്ചിറ-കാവന്നൂർ | 0.100 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 81 | തേറോട്ടത്തിൽ | 0.100 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 82 | മഞ്ചേരി-കിഴിശ്ശേരി | 0.250 | 8 | ഉണ്ട് | ഇല്ല | ഇല്ല | |
| X | 83 | തൃപ്പനച്ചി-മുത്തന്നൂർ-കാവന്നൂർ | 0.750 | 8 | ഭാഗികം | ഇല്ല | ഉണ്ട് | ടാറിങ്ങ് പൂർത്തിയാക്കണം |
| | 84 | പാലോട്-മുണ്ടുപാലം | 0.700 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 85 | പാലോട്-ഇല്ലത്തുംകണ്ടി | 1.000 | 4 | ഇല്ല | ഇല്ല | ഇല്ല | |
| | 86 | മുണ്ട്പാലം-കിഴിക്കാട്ട് കുണ്ട് | 0.750 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 87 | പാലോട്-ചിറപ്പാലം | 0.700 | 8 | ഇല്ല | ഇല്ല | ഇല്ല | |
| | 88 | പൊരുതനങ്ങോട് | 0.300 | 6 | ഇല്ല | ഇല്ല | [illegible] | |
| | 89 | കൈരളി-കൂരക്കോട് | 0.800 | 6 | ഇല്ല | ഇല്ല | [illegible] | |
| XI | 90 | കാവുങ്ങപ്പാറ സ്ക്കൂൾ | 0.250 | 4 | ഭാഗികം | [illegible] | [illegible] | |
| | 91 | ഒഴലംകുന്ന് | 0.250 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 92 | തണിംപാറ-ചെമ്പ്രീരി | 0.200 | 6 | ഇല്ല | ഇല്ല | ഇല്ല | |
| | 93 | കാവുങ്ങപ്പാറ-ഒഴുകൂർ | 1.000 | 8 | ഇല്ല | ഇല്ല | ഇല്ല | |

| | | | | | | | |
|---|---|---|---|---|---|---|---|
| | 94 | പള്ളി-വെണ്ണക്കോട്-പൂവത്തിച്ചാൽ | 0.750 | 6 | ഇല്ല | ഇല്ല | ഇല്ല |
| | 95 | കാഞ്ഞിരത്തിങ്ങൽ-മോങ്ങം | 0.750 | 8 | ഉണ്ട് | ഇല്ല | ഉണ്ട് |
| | 96 | കാഞ്ഞിരം-പുതിയത്ത് | 0.750 | 6 | ഇല്ല | ഇല്ല | ഇല്ല |
| XII | 97 | പുതിയത്ത്-ചെമ്പ്രീരി | 0.200 | 6 | ഇല്ല | ഇല്ല | ഇല്ല |
| | 98 | കൈരളി-പൂരക്കോട് | 0.200 | 6 | ഇല്ല | ഇല്ല | ഇല്ല |
| | 99 | കെ.കെ.പടി-കാവുങ്ങപ്പാറ | 0.700 | 6 | ഇല്ല | ഇല്ല | ഇല്ല |
| | 100 | വിസപ്പടി-വെണ്ണക്കോട് | 0.500 | 6 | ഇല്ല | ഇല്ല | ഇല്ല |
| | 101 | ചോലക്കകുണ്ട്-കോളനി | 0.500 | 6 | ഇല്ല | ഇല്ല | ഇല്ല |
| | 102 | മഞ്ചേരി-കിഴിശ്ശേരി | 1.500 | 8 | ഉണ്ട് | ഇല്ല | ഉണ്ട് |
| | 103 | കാഞ്ഞിരം-മോങ്ങം | 0.500 | 8 | ഉണ്ട് | ഇല്ല | ഉണ്ട് |

**അനുബന്ധം- 2**

**ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പുതിയ റോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു.**

| വാർഡ് | നമ്പർ | പേര് | ദൂരം |
|---|---|---|---|
| I | 1 | പഞ്ചായത്ത്-കോട്ടമ്മൽ -വളയക്കോട്ട് -പൊരുതനങ്ങോട്-ലക്ഷം വീട്-കാഞ്ഞിരത്തറ. | |
| | 2 | കുതിരാടത്ത്പറമ്പ്-മണ്ണിൽ പാടം റോഡ് | |
| | 3 | ലക്ഷം വീട്-ചപ്പങ്ങത്തോട് റോഡ് | |
| | 4 | ആശാരിക്കുണ്ട്-പുത്തൻ പുരക്കൽറോഡ് പൂർത്തീകരണം | |
| | 5 | പല്ലാരപറമ്പ്-അത്തിക്കോട്ടിൽ റോഡ് കല്ലേങ്ങൽ ചാള റോഡുമായി ബന്ധപ്പെടുത്തുക. | |
| | 6 | കൊടംപറ്റ പൊറായിൽ അമ്പലക്കണ്ടി. | |
| | 7 | ലക്ഷം വീട്-തെഞ്ചീരിപ്പാറ | |
| | 8 | മദ്രസ-വല്ലാരപറമ്പ് | |
| | 9 | പള്ളിക്കുന്ന്-കാനാപറമ്പ് | |
| | 10 | വില്ലേജ്പടി-വളയക്കോട്. | |
| | 11 | വളയക്കോട്-പുതുകുളം | |
| | 12 | ആരക്കോട്-മഞ്ഞളേങ്ങൽ-വളമംഗലം. | |
| | 13 | കാഞ്ഞിരത്തറ-ചാലിക്കൽ | |
| | 14 | വല്ലാരപറമ്പ്-കുട്ടാവിൽ | |
| | 15 | കാരപ്പള്ളി-കരിപ്പാലി-മുണ്ടുപാലം റോഡ്. | |
| | 16 | കാഞ്ഞിരത്തറ-എടത്തിൽ പള്ളിയാളി | |
| | 17 | ഹൈസ്ക്കൂൾ പടി-പുതിയത്ത്കുന്ന്-കല്ലേങ്ങൽ. | |
| | 18 | കോളനി-ആശുപത്രിപ്പടി | |

| | | | |
|---|---|---|---|
| | 19 | നായർപടി-എടത്തിൽ പള്ളിയാളി. | |
| | 20 | പുളിക്കലക്കണ്ടി-പാണ്ട്യാലിറോഡ് | |
| | 21 | കരുപാപ്പറ്റ-കുളത്തിങ്ങൽ റോഡ് | |
| II | 22 | കൂട്ടാവിൽ-പാലശ്ശേരിക്കുന്ന് നായർ പടി | |
| | 23 | കൂട്ടാവ്-ചെമ്പാറ-ചെങ്ങര | |
| | 24 | ഞാവലിങ്ങൽ-കറയക്കാട്-പള്ളിയറപ്പടി | |
| III | 25 | കാരാപറമ്പ്-കള്ളിക്കാ പറമ്പ് | |
| | 26 | കൂമ്പേമ്മൽ-കല്ലിടുമ്പ് റോഡ് | |
| | 27 | കിടങ്ങഴി-ചെണ്ണം പറമ്പ് റോഡ് | |
| | 28 | ഷാപ്പും കുന്ന്-പുൽപ്പറ്റ | |
| IV | 29 | പുല്ലാര-പുൽപ്പറ്റ-കാരാപറമ്പ് | |
| | 30 | നാല് സെൻറ് കോളനി വഴി നറുകര വനിതാ കോളേജ്. | |
| | 31 | പള്ളിയറപ്പടി-അരിമ്പ്രതൊടി | |
| | 32 | മദ്ധ്യകഴുത്തിടുക്ക്-മഠത്തിൽ കുണ്ട്-പാലക്കത്തോട് | |
| | 33 | ചെകിരിയൻ മൂച്ചി-താനിക്കാകുണ്ട് | |
| | 34 | ആലുങ്ങൽ പറമ്പ് വഴി ആലുങ്ങൽ പറമ്പിലേക്ക് | |
| V | 35 | കല്ലച്ചാൻ-എരഞ്ഞിക്കോട് | |
| | 36 | കല്ലച്ചാൽ-പാലക്കത്തോട് | |
| | 37 | തടിക്കുന്ന്-എരഞ്ഞിക്കോട്-പുല്ലാര | |
| | 38 | മഞ്ഞളേങ്ങൽ-എടത്തിൽ പള്ളിയാളി | |
| | 39 | ആലുംകുന്ന്-പുളിക്കോട്-മഞ്ഞളേങ്ങൽ | |
| | 40 | പുൽപ്പറ്റ-കല്ലച്ചാൻ-പുല്ലാരറോഡ് പൂർത്തീകരണം | |
| | 41 | ലക്ഷംവീട്-ഈങ്ങാം പാറ -വട്ടക്കിണർ | |
| VI | 42 | കാളികണ്ടം ഹരിജൻ കോളനി | |
| | 43 | രണ്ടത്തണി-ചെറുവത്തൂർ-പള്ളിപ്പടി | |
| | 44 | വളമഗാലം-പിലക്കചാൽ-എരഞ്ഞിക്കോട് | |
| | 45 | മനാറക്കൽ-പാലാട്ട് കുണ്ട് മാണിപറമ്പ് റോഡ് | |
| | 46 | മഞ്ഞളേങ്ങൽ-കച്ചറപ്പാറ | |
| | 47 | ചക്കും കുഴി-പുല്ലാര | |
| | 48 | നടുവത്ത് കോളനി-നെല്ലിക്കുന്ന് ഹരിജൻ കോളനി- മഞ്ഞളേങ്ങൽ റോഡ് | 2.50 കി.മീ |
| | 49 | വളമംഗലം-പുല്ലാരറോഡ് | |
| | 50 | പാലാട്ടുകുണ്ട്-ചോലക്കൽ റോഡ് | |
| | 51 | പുളിക്കലകണ്ടി-കോളനി റോഡ് | |
| | 52 | മഞ്ഞളേങ്ങൽ-എടച്ചേരി കുണ്ട്-എരഞ്ഞിക്കോട് | |

| | | |
|---|---|---|
| VII | 53 | ചെറുപുത്തൂർ വലിയ ജുമാമസ്ജിദ്-<br>ഒളമതിൽ യു.പി.സ്കൂൾ റോഡ് |
| | 54 | പാറക്കാട് - മാടാല - ചെറുപുത്തൂർ റോഡ് |
| | 55 | സൗത്ത് തൃപ്പനച്ചി - മദ്രസപ്പടി -<br>വെള്ളക്കാട് - ചെമ്പ്രീരിപ്പടി റോഡ് |
| | 56 | സൗത്ത് തൃപ്പനച്ചി - പാലക്കാട് -<br>വായനശാല റോഡ് |
| | 57 | എളാർപറ്റ - ഒരപ്പുണ്ടിപ്പാറ -<br>ചീനിക്കൽ റോഡ് |
| | 58 | ഒരപ്പുണ്ടിപ്പാറ - പൊലിയേടത്ത് പറമ്പ്<br>രണ്ടത്താണി റോഡ് |
| | 59 | ആലുങ്ങപ്പറമ്പ് - പാറമ്മക്കണ്ടി റോഡ് |
| | 60 | മാടാല - പള്ളിപ്പടി റോഡ് |
| | 61 | സൗത്ത് തൃപ്പനച്ചി - നീരോത്ത്കണ്ടി റോഡ് |
| | 62 | പുതിയേടത്ത് പാടം - അംഗൻവാടിറോഡ് |
| VIII | 63 | തൃപ്പനച്ചി അങ്ങാടി - ആരക്കോട് |
| | 64 | തൃപ്പനച്ചി മദ്രസ - അമ്പലപ്പടി |
| | 65 | ലക്ഷം വീട് കോളനി റോഡ് |
| | 66 | ചെമ്മരത്തി വഴി എനിക്കുന്ന് |
| | 67 | ചാവിൽക്കാട് കോളനി - ചെമ്പ്രീരി -<br>മോങ്ങം |
| | 68 | തൃപ്പനച്ചി വായനശാല - ആരക്കോട്<br>റോഡ് പൂർത്തീകരണം. |
| | 69 | തൃപ്പനച്ചി ഇസ്ലാഹിയ്യ മദ്രസ ഇടവഴി<br>റോഡാക്കുക. |
| | 70 | ചേപ്പിമ്മൽ വളയക്കോട്. |
| | 71 | കൊന്നോളത്ത് ഇടവഴി - അംഗൻ വാടി<br>റോഡ്. |
| | 72 | നാരങ്ങാളി-ചേപ്പിമ്മൽ |
| | 73 | ശ്മശാന റോഡ് |
| | 74 | വായന ശാല റോഡിൽ നിന്നും അമ്പലം<br>വഴി മോങ്ങം റോഡുമായി ബന്ധപ്പെടുത്തുക |
| | 75 | പട്ടല്ലൂർ - പൊത്തങ്ങോട് റോഡ് |
| IX | 76 | മീഞ്ചിറ - കുന്നുംപുറം കോളനി വഴി പൂച്ചേങ്ങൽ റോഡ് |
| | 77 | സ്റ്റേഡിയം - ആക്കം പുറം നീരുഴി വഴി തൃപ്പനച്ചി അങ്ങാടി |

| | | |
|---|---|---|
| | 78 | ആക്കംപുറം കുഴൽ കിണർ ചിത്രം പാടൻ മുക്ക് |
| | 79 | തയ്യിൽപടി - നെച്ചിത്തടം റോഡ് |
| | 80 | കുന്നും പാറേങ്ങൽ - മീഞ്ചിറ |
| | 81 | ഇലിക്കാപോക്ക് - കാഞ്ഞിരമല |
| | 82 | പൊത്തങ്ങോട്ടുകര - പടിഞ്ഞാറ്റിയകം |
| | 83 | മീഞ്ചറ പള്ളിപ്പടി |
| | 84 | കുഴിക്കാട്ടുകുണ്ട് - മുണ്ടുപാലം |
| | 85 | കരിപ്പാൽചിറ - എളയൂർ റോഡ് |
| | 86 | പടിഞ്ഞാറ്റിയകം - പൊട്ടേങ്ങൽ |
| | 87 | പൊത്തങ്ങോട്ടുകര തൃപ്പനച്ചി സ്കൂൾപടി |
| | 88 | നെച്ചിത്തടം - സ്കൂൾപടി |
| | 89 | മുണ്ടുപാലം - പാറമ്മൽ |
| | 90 | വെള്ളച്ചാൽ - മണ്ണംപുളി റോഡ് |
| | 91 | തട്ടാൻകണ്ടി - മാട്ടു ക്കുന്നുമ്മൽ റോഡ്. |
| | 92 | തയ്യിൽപടി - നടുക്കര - പടിഞ്ഞാറ്റിയകം റോഡ് |
| | 93 | പൊത്തങ്ങോട്ടുകര - വായനശാല റോഡ് |
| | 94 | ഓത്തുപള്ളിപോക്ക് - വെള്ളച്ചാൽ |
| X | 95 | വട്ടക്കണ്ടം - പാലശ്ശേരി - തൃത്തേക്കാട്ടിൽ |
| | 96 | ചോലയിൽ - ചെവിടിയിൽ |
| | 97 | കണ്ണിപറമ്പ് കോളനി - കോടക്കംതൊടി |
| | 98 | ചീനിയം പുറത്ത് - തേറീരിയിൽ റോഡ് |
| | 99 | പൂച്ചേങ്ങൽ - ഇല്ലിക്കാപോക്ക് |
| | 100 | പൂച്ചേങ്ങൽ - അടിയത്ത്-കാഞ്ഞിരമല |
| | 101 | പാലോട് - പടിഞ്ഞാറ്റിയകം. |
| XI | 102 | കാഞ്ഞിരം - മോങ്ങം |
| | 103 | സ്കൂൾപറമ്പ് - പുതുയത്ത് റോഡ് |
| | 104 | കാവുങ്ങപ്പാറ -- പൂവത്തിച്ചാല് |
| | 105 | ചെമ്പ്രീരി - പുതായത്ത് |
| | 106 | ഒയലംകുന്ന് - കോളനി |
| | 107 | വാലഞ്ചേരിക്കുന്ന് - കാവുങ്ങപ്പാറ റോഡ് |
| | 108 | വാളപ്രപൊറായിറോഡ് |
| | 109 | പാറക്കാട് നടുവത്ത് റോഡ് |
| XII | 110 | കുഴിയം പറമ്പ് - മദ്രസപറമ്പ് റോഡ് |
| | 111 | കുഴിയം പറമ്പ് - പുളിയക്കോട് റോഡ് |
| | 112 | കിഴക്കേപടി - തവളം കുഴി - പുളിയക്കോട് റോഡ് |
| | 113 | പുത്തിരിക്കൽ - ചെറുകോട്ടാട്ട് റോഡ് |
| | 114 | കുന്നുമ്മൽ -, ഈശ്വര പറമ്പ് റോഡ് |
| | 115 | പൂവ്വൻചാലു - ആതാടിക്കുന്ന് റോഡ് |

# ഊർജ്ജം



ഈ പഞ്ചായത്തിലെ ബഹുഭൂരിഭാഗം വീടുകളിലും പാചകത്തിന് വിറകും വെളിച്ചത്തിന് മണ്ണെണ്ണയും ആണ് ഉപയോഗിക്കുന്നത്. പുരോഗതിയുടെ പ്രധാന ഉപാധിയായ വൈദ്യുതി 1970ന് ശേഷമാണ് ഈ പഞ്ചായത്തിലെ കാരാപറമ്പിൽ ആദ്യമായി എത്തിയത്. ഇന്ന് എല്ലാ വീടുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ഒരു വാർഡിലും പൂർണമായിട്ടില്ല. ആകെയുള്ള കെട്ടിടങ്ങളിൽ 46.52% വൈദ്യുതീകരിച്ചതും ബാക്കിയുള്ളവ വൈദ്യുതീകരിക്കാനുള്ളതുമാണ് അപേക്ഷ നൽകി വൈദ്യുതിക്കു കാത്തിരിക്കുന്ന 464 വീടുകളുമുണ്ട്.

അരീക്കോട്, കൊണ്ടോട്ടി, മഞ്ചേരി ഇലക്ട്രിക് സെക്ഷനുകളുടെ കീഴിലായിട്ടാണ് ഈ പഞ്ചായത്തിലെ ഉപഭോക്താക്കൾ. ഈ അവസ്ഥ മാറ്റിയെടുക്കുന്നതിന് ഈ പഞ്ചായത്തിലെ മുഴുവൻ ഉപഭോക്താക്കളെയും ഒരു സെക്ഷന് കീഴിലാക്കുന്നത് ഉപകാരപ്രദമായിരിക്കും.

വൈദ്യുത ഉപഭോക്താക്കളെ സംബന്ധിച്ച വിവരം പട്ടികയിൽ കൊടുക്കുന്നു.

| സെക്ഷൻ ഓഫീസ് | നിലവിലുള്ള ഉപഭോക്താക്കൾ | | | | അപേക്ഷ നീൽകി കാത്തിരിക്കുന്നവരുടെ എണ്ണം | | |
|---|---|---|---|---|---|---|---|
| | ഗാർഹികം | കാർഷികം | വ്യവസായം | വ്യാപാരം | ഓർഡിനറി | O.T.P | O.Y.E.C |
| മഞ്ചേരി നോർത്ത് | 1231 | 138 | 18 | 163 | 107 | 1 | 28 |
| അരീക്കോട് | 846 | 114 | 12 | 92 | 290 | 5 | 15 |
| കൊണ്ടോട്ടി | 580 | 35 | 2 | 19 | 6 | 3 | 9 |

കിഴിശ്ശേരി 110KV സബ് സ്റ്റേഷനിൽ നിന്നുമാണ് ഇവിടെ വൈദ്യുതവിതരണം നടക്കുന്നത്. ഉപഭോക്താക്കൾക്ക് കറണ്ടു ചാർജ്ജ് അടക്കുന്നതിനുവേണ്ടി 5–10 കി.മീ. ദൂരം വരെ സഞ്ചരിക്കേണ്ടിവരുന്നു.

ഉപഭോക്താക്കളിൽ 82% ഗാർഹികവും 8% വ്യാപാര ഉപഭോക്താക്കളും 9% കാർഷിക ഉപഭോക്താക്കളും 1% വ്യാവസായിക ഉപഭോക്താക്കളുമാണ്.

ഈ പഞ്ചായത്തു പരിധിയിൽ 14 ട്രാൻസ്ഫോമറുകൾ നിലവിലുണ്ട്. ഇവയിലധികവും ഓവർലോഡ് വഹിക്കുന്നവയാണ്. അതുകൊണ്ടു തന്നെ ഗാർഹിക ഉപഭോക്താക്കൾ രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്നു. രാത്രി 10 മണിക്കും ട്യൂബ് ലൈറ്റുകൾ കത്താത്ത അവസ്ഥ പഞ്ചായത്തിലെ പല ഭാഗത്തും നിലവിലുണ്ട്.

വൈദ്യുതി എത്താത്ത ധാരാളം പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. ആകെയുള്ള 32 ഹരിജൻ കോളനികളിൽ 8 എണ്ണത്തിൽ മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ

## സ്ട്രീറ്റു ലൈറ്റുകൾ

ഈ പഞ്ചായത്തിൽ ആകെ 86 സ്ട്രീറ്റുലൈറ്റുകളാണുള്ളത്. ഇതിൽ ഏഴെണ്ണം സോഡിയം വേപ്പർലാമ്പുകളും 79 എണ്ണം ബൾബുകളുമാണ്. ഈ ഇനത്തിൽ ഒരു വർഷം 1225 രൂപ പഞ്ചായത്ത് ചിലവഴിക്കുന്നുണ്ട്. ഇത് ആകെ വരുമാനത്തിന്റെ 2.23% ആണ്. ഈ പഞ്ചായത്തിലെ പ്രധാന വ്യാപാര കേന്ദ്രങ്ങളായ തൃപ്പനച്ചി, പാലക്കാട്, ഒളമതിൽ ഭാഗങ്ങളിൽ സ്ട്രീറ്റുലൈറ്റുകൾ ഇല്ല.

## പാചകരംഗം

പഞ്ചായത്തിലെ മിക്കവീടുകളിലും പാചകത്തിന് വിറകാണുപയോഗിക്കുന്നത്. പുകയില്ലാത്ത അടുപ്പുകളും ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി എന്നിവയും ഉപയോഗിച്ച്പാചകം നടത്തുന്നവർ 3%ത്തിൽ താഴെ മാത്രമാണ്. സൗരവിളക്കുകൾ, പുകയില്ലാത്ത അടപ്പുകൾ എന്നിവയുടെ ഉപയോഗത്തെക്കുറിച്ച് വ്യാപകമായ ബോധവൽക്കരണം ആവശ്യമാണ്.

## പ്രശ്നങ്ങളും സാധ്യതകളും

ബഹുഭൂരിഭാഗം വീടുകളിലും വൈദ്യുതി ലഭിക്കായ്മ, രൂക്ഷമായ വോൾട്ടേജ് ക്ഷാമം, സ്ട്രീറ്റുലൈറ്റുകളുടെ അപര്യാപ്തത, വിറകിന്റെ ദൗർലഭ്യം, ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിലുള്ള പ്രയാസങ്ങൾ എന്നിവയാണ് ഊർജ്ജരംഗത്ത് ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ.

പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ പട്ടിക താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കപ്പാസിറ്റി | സ്ഥലം | സെക്ഷൻ ഓഫീസ് | അഭിപ്രായം |
|---|---|---|---|---|
| 1 | 100 KVA | കിടങ്ങഴി | മഞ്ചേരി നോർത്ത് | 150 KVA ആയി വർധിപ്പിക്കുക |
| 3 | 150 KVA | കാരാപ്പറമ്പ് | " | ——— |
| 3 | 100 KVA | പുൽപ്പറ്റ | " | കപ്പാസിറ്റി വർദ്ധിപ്പിക്കണം |
| 4 | 100 KVA | ചെങ്ങര മേലേമുക്ക് | " | " |
| 5 | 100 KVA | പൂക്കൊളത്തൂർ | " | " |
| 6 | 100 KVA | വളമംഗലം | " | " |
| 7 | 100 KVA | ചെറുപുത്തൂർ | കൊണ്ടോട്ടി | " |
| 8 | 100 KVA | രണ്ടത്താണി | " | " |
| 9 | 100 KVA | ഒളമതിൽ | " | " |
| 10 | 100 KVA | തൃപ്പനച്ചി | അരീക്കോട് | 200 KVA ആയി വർധിപ്പിക്കുക |
| 11 | 100 KVA | പൂച്ചേങ്ങൽ | " | കപ്പാസിറ്റി വർധിപ്പിക്കണം |
| 12 | 66 KVA | കച്ചേരിക്കുന്ന് | " | " |
| 13 | 100 KVA | ആനപ്പാലം | " | " |
| 14 | 100 KVA | കാവുങ്ങപ്പാറ | " | " |

പഞ്ചായത്തിൽ വൈദ്യുതി എത്താത്ത പ്രദേശങ്ങൾ പട്ടികയായി താഴെ ചേർക്കുന്നു.

| വാർഡ് | വൈദ്യുതി എത്താത്ത പ്രദേശം |
|---|---|
| 1 | വളയക്കോട് – വളമംഗലം റോഡ് കാഞ്ഞിരത്തറ, ചാലിക്കൽ, കണ്ടങ്കാളി, കോലോത്തുംതൊടി, വില്ലേജ് പടിമുതൽ പറമ്പിൽപടി വരെ |
| 2 | പാത്തിക്കൽ ഹരിജൻ കോളനി പുത്തൻ ചിറക്കൽ കോളനി, മുണ്ടിയൻ കുന്നത്ത് കോളനി, നെടുംകുന്ന് ഹരിജൻ കോളനി, ചുള്ളക്കാട് അനന്തമംഗലത്ത് |
| 3 | കുന്നത്തീരി പ്രദേശം |
| 4 | ആണ്ടിക്കാട് കോളനി<br>വലിയാവ് പ്രദേശം<br>ചുള്ളക്കാട് – ആനക്കുണ്ട് ഭാഗം |
| 5 | കല്ലച്ചാൽ, എടത്തിൽപള്ളിയാളി, പള്ളിപ്പടി |
| 6 | നെല്ലിക്കുന്നത്ത്, നടുവത്ത്, പുളിക്കലക്കണ്ടി ഭാഗങ്ങൾ |
| 7 | കൊളക്കണ്ണി, പാറക്കാട്, കുഴിഞ്ഞകുളംകണ്ടി, എളർപറ്റ,കോളനിയുടെ ഭാഗം, ചെറുപൂത്തൂർ ലക്ഷം വീടുകോളനി, വെള്ളക്കാട് ഭാഗം, ആലുങ്ങപ്പറമ്പ്, കള്ളിവളപ്പ്, വാളപ്രക്കുന്ന് പ്രദേശങ്ങൾ, മാടാലയുടെ ചിലഭാഗങ്ങൾ, തണ്ണിപ്പാറകുശവൻ കോളനി,സൗത്ത് തൃപ്പനച്ചി, കളത്തിങ്ങൽ |
| 8 | ചാവിൽകാട് കോളനി, ആരക്കോട് ചേപ്പിമ്മൽ ഭാഗം തൃപ്പനച്ചി ലക്ഷം വീടുകോളനി, തൃപ്പനച്ചി കൊട്ടപ്പറമ്പ് ഭാഗം |
| 9 | കുന്നുംപുറം കോളനി, കച്ചേരിക്കുന്ന് കോളനി, തളിയാരിൽ എലിയക്കോട് മുക്ക്, കളത്തിങ്ങൽ, നച്ചിങ്ങാത്തൊടി, ആക്കമ്പുറം, നീരുഴികോളനികൾ |
| 10 | പാലോട്, മുണ്ടുപാലം, തേലക്കാട്, അന്നാരത്തൊടി, പാനോളിത്തൊടി, തൃത്തേക്കാട്, പാലശ്ശേരി, അടിയത്ത്, കണ്ണിപറമ്പ് കോളനി, ചീനിയംപുറം, പട്ടീരിഭാഗം |
| 11 | നടുവത്ത് കോളനി ഭാഗം |
| 12 | മോയക്കാട്, നടുക്കണ്ടി, ആതാടിക്കുന്ന് |

പുതുതായി സ്ട്രീറ്റു ലൈറ്റുകൾ ആവശ്യമുള്ള സ്ഥലങ്ങൾ വാർഡ് തിരിച്ച് പട്ടിക രൂപത്തിൽ താഴെ കൊടുക്കുന്നു.

| വാർഡ് | സ്ഥലം | എണ്ണം SW/L /B * |
|---|---|---|
| I | 1. മൂന്നാം പടി to പൂക്കൊളത്തൂർ<br>2 ചാലിക്കൻ പള്ളി – കല്ലേങ്ങൽ ചാള<br>3. പഞ്ചായത്ത് പടി – കാഞ്ഞിരത്താറ<br>4 GMLPS – വളയക്കോട്<br>5 പൂക്കൊളത്തൂർ പള്ളിപ്പടി – കൂട്ടാവ്<br>6 വളയക്കോട് – വില്ലേജ് പടി | SWL - 5<br>B - 10 |
| II | കാരാംപറമ്പ് – ചാലിക്കൽ<br>പള്ളിപ്പടി ചുള്ളക്കാട് – അമ്പലപ്പടി<br>കൂട്ടാവ് – ചെമ്പാറ പാറ | SWL - 3<br>B 7 |
| III | ഷാപ്പിൻ കുന്ന് – ചിട്ടുപാറ<br>കുന്നത്തിൽ ഹരിജൻ കോളനി | SWL - 3<br>B - 7 |
| IV | കണ്ടംകുളം – ചകിരിയൻ മൂച്ചി<br>കൊടാംകുന്ന് – മോഴക്കുന്ന്.<br>പാലക്കത്തോട് – ആനക്കുണ്ട് | SWL - 3<br>B - 7 |
| V | തോട്ടക്കാട് സ്കൂൾപ്പടി<br>പാലക്കത്തോട് – എരഞ്ഞിക്കോട് | SWL - 1<br>B - 5 |
| VI | മഠക്കൽ ഹരിജൻ കോളനി<br>വളംഗലം – വള്ളുവമ്പ്രം, ഒളമതിൽ രണ്ടത്താണി | SWL - 5<br>B - 10 |
| VII | മങ്ങാട്ടീരിപ്പാടം, ചെമ്പീരികോളനി സൗത്ത് തൃപ്പ നച്ചി പള്ളിപ്പടി പാറക്കാട് ജംഗ്ഷ ൻ, കോയ്ത്തായ്, ഏളർപറ്റ കോളനി, ചെറുപുത്തൂർ പള്ളിപ്പടികൾ, രണ്ടാം ഗൈറ്റ്, തണീം പാറ, എം.സി പ്പടി, ഓുങ്ങാട്ടുവളവ്, ആശുപത്രി, മദ്രസ്സ, സ്കൂൾപടി. | SWL - 5<br>B - 10 |
| VIII | ആശുപത്രിപ്പടി – അങ്ങാടി (4)<br>വായനശാല – സ്കൂൾപ്പടി<br>മദ്രസ്സ – തൃപ്പനച്ചി മില്ല്<br>പാലക്കാട് അങ്ങാടി, ചാവിൽക്കാട് കോളനി, ആര ക്കോട്, തൃപ്പനച്ചി പത്തായക്കോട് | SWL - 6<br>B - 10 |
| IX | തയ്യിൽപ്പടി, പള്ളിപ്പടി, വെള്ളച്ചാൽ, പള്ളിപ്പടി, കരി പ്പാൽചിറ, മൂന്നാംപടി ഡിസ്പൻസറി, ആക്കംപു റം, നീരുഴി, കുന്നുംപുറം, പടിഞ്ഞാറ്റിയകം, വാക്കോ ട്ടിൽ, വടിശ്ശീരി | SWL - 5<br>B - 15 |
| X | പൂച്ചേങ്ങൽ, പാലോട്, കണ്ണിപറമ്പ്. | SWL - 2<br>B - 3 |
| XI | സ്കൂൾപടി, കാവുങ്ങപ്പാറ, പള്ളിപ്പടി,<br>പാറക്കാട്, വെണ്ണക്കോട്, പൂവത്തിച്ചാൽ.<br>വാലഞ്ചേരികുന്ന്, പുതിയത്ത് കോളനി | SWL - 5<br>B - 10 |
| XII | കുഴിയം പറമ്പ്, പൂവൻച്ചാൽ<br>കാഞ്ഞിരം, വിസപ്പടി, തങ്ങൾപ്പടി റോഡ്.<br>മാർക്കറ്റ്- | SWL - 5<br>B - 10 |

പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും പട്ടികയായി താഴെ ചേർക്കുന്നു.

| | പ്രശ്നങ്ങാം | പരിഹാരം |
|---|---|---|
| 1 | പഞ്ചാത്തിലെ ഒരു വാർഡിലും പൂർണ മായും വൈദ്യുതി എത്തിയിട്ടില്ല. | വൈദ്യുതി എത്താത്ത പ്രദേശങ്ങാം കാണിച്ചി ട്ടുള്ള പട്ടികയിൽ സൂചിപ്പിച്ച സ്ഥലങ്ങളിൽ മുൻഗണനാ ക്രമത്തിൽ വൈദ്യുതീകരിക്കുക |
| 2 | വൈദ്യുതി പ്രസരണ നഷ്ടം | വൈദ്യുത ലൈനുകാം കടന്നുപോകുന്ന ഭാഗ ത്തുള്ള മരച്ചില്ലകാം വെട്ടിമാറ്റുക |
| 3 | രൂക്ഷമായ വോാംട്ടേജ് ക്ഷാമം | നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ കപ്പാസിറ്റി വർധിപ്പിക്കുക. കളത്തിൻപടി, തൃപ്പനച്ചി ആശു പത്രി പടി, ഒളമതിൽ പുതിയ ട്രാൻസ് ഫോമർ സ്ഥാപിക്കുക. |
| 4 | സ്ട്രീറ്റു ലൈറ്റുകളുടെ അപര്യാപ്തത | പഞ്ചായത്തിൽ പുതുതായി 143 സ്ട്രീറ്റു ലൈറ്റു കാം സ്ഥാപിക്കുക<br>സോഡിയം വേപ്പർ ലാമ്പുകാം - 45<br>ബാംബുകാം - 98 |
| 5. | പട്ടികജാതി കോളനികളിൽ വൈദ്യുതി ഇല്ലായ്മ | വൈദ്യുതീകരിക്കാത്ത 24 കോളനികളിൽ വൈദ്യുതി എത്തിക്കുക |
| 6 | വൈദ്യുതി ബോർഡുജീവനക്കാരുടെ അനാസ്ഥ, പ്രശ്നങ്ങാം പരിഹരിക്കുന്ന തിനുള്ള വൃമുഖത | വൈദ്യുതി ബോർഡിലെ അനാസ്ഥ ജനകീയ ഇട പെടലുകാം മുഖേന അവസാനിപ്പിക്കുവാനുള്ള നട പടി സ്വീകരിക്കുക, ബോർഡിൻെറ പ്രവർത്തനം ജനകീയ പരിശോധനയ്ക്കു വിധേയമാക്കുക, ത്രിതല പഞ്ചായത്തുകാംക്ക് ഈ രംഗത്ത് കൂടു തൽ അധികാരം നൽകുക. |

# മാർക്കറ്റ്

പുൽപറ്റ പഞ്ചായത്തിൽ പൊതു മാർക്കറ്റില്ല. സാധനങ്ങളും വിൽക്കുന്നതിന് മഞ്ചേരിപോലുള്ള വിദൂര പ്രദേശങ്ങളെ ആശ്രയിക്കുന്നു. മാംസം, മത്സ്യം എന്നിവ റോഡിന്റെ ഓരങ്ങളിൽ വെച്ച് വിൽക്കുന്നത് പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കുന്നു. അത്കൊണ്ട് ഈ പഞ്ചായത്തിലെ പ്രധാന വ്യാപാരകേന്ദ്രമായ തൃപ്പനച്ചി അങ്ങാടിയിൽ ഒരു പൊതു മാർക്കറ്റും ആധുനിക സൗകര്യങ്ങളോടെയുള്ള അറവുശാലയും നിർമ്മിക്കണമെന്ന് വിവിധ ഗ്രാമസഭകളിൽനിന്നും ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തിലെ വളർന്നു വരുന്ന അങ്ങാടിയായ തൃപ്പനച്ചിയിൽ ആഴ്ചചന്ത തുടങ്ങാൻ പറ്റുമോ എന്നാലോചിക്കേണ്ടതാണ്.

# ഭവനനിർമ്മാണം, ക്ഷേമ പ്രവർത്തനങ്ങൾ

## ഭവന നിർമ്മാണം

വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ അനുദിനം പുരോഗമിച്ചു കൊണ്ടിരിക്കുന്ന പുല്പറ്റ പഞ്ചായത്തിൽ പാർപ്പിട രംഗത്ത് ഗൾഫ് സ്വാധീനം അടുത്ത കാല ത്തായി ഏറെ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുക യാണ്.

സാമ്പത്തികമായി സ്വയം പര്യാപ്തത കൈവരിച്ച വർ താരതമ്യേന കുറവായ ഈ പഞ്ചായത്തിൽ കൂലി പണിക്കാരും ഇടത്തരം കർഷകരുമാണ് കൂടുതൽ. അതുകൊണ്ട് തന്നെ കുടിലുകളും ഓടിട്ട പുരകളുമാണ് കൂടുതലായി ഇപ്പോഴുള്ളത്. എന്നാൽ കഴിഞ്ഞകുറച്ചു വർഷങ്ങലായി ടെറസ് വീടുകളും ധാരാളമായി ഉയർന്നു വരുന്നുണ്ട്. ഗൾഫ്പണം ഉദ്പാദന പരമായ മേഖലക ളിലേക്ക് തിരിച്ചുവിടാതെ കെട്ടിട നിർമ്മാണ മേഖല കളിലേക്ക് തിരിച്ചു വിടുന്നതാണ് ഇതിനു പ്രധാന കാരണം.

പഞ്ചായത്തിലെ കെട്ടിട രജിസ്റ്റർ പ്രകാരം ഈ പഞ്ചായത്തിൽ ആകെ 6368 കെട്ടിടങ്ങളാണുള്ളത്. ഇതിൽ 4892 വീടുകളും 1476 മറ്റു കെട്ടിടങ്ങളുമാണ്. വീടുകളിൽ 80%വും ഓട് മേഞ്ഞതാണ് 15% കുടിലു കളും 5% ടെറസ് ബിൽഡിംഗുകളുമാണ്. ഇതിൽനിന്നും ധാരാളം കുടിലുകളുള്ള ഈ പഞ്ചായത്തിൽ പാർപ്പിട രംഗത്ത് സമഗ്രമായ ഒരു പദ്ധതിയുടെ ആവശ്യകത മനസ്സിലാക്കാം.

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ തരംതിരിവ് സംബ ന്ധിച്ച പട്ടിക

| ആകെ കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നില യുള്ള കെട്ടിടങ്ങൾ | കോൺക്രീറ്റ് ഓട് | ഓട് | ഓല |
|---|---|---|---|---|
| 6368 | 220 | 362 | 5375 | 631 |

ഓലമേഞ്ഞ കുടിലുകളിൽ അധികവും താമസിക്കു ന്നത് പട്ടികജാതി വിഭാഗക്കാരാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മറ്റു മതജാതി വിഭാഗങ്ങളിൽ പെട്ടവരും കുടിലുകളിൽ താമസിക്കുന്നവരായുണ്ട്. ദുർബല വിഭാഗക്കാർ, ഇടത്തരക്കാർ എന്നിവരാണ് ഓട് മേഞ്ഞ വീടുകളിൽ താമസിക്കുന്നത്. പകുതിയിലധികം വീടുകളിലും ഒന്നിലേറെ കുടുംബങ്ങൾ താമസിക്കുന്ന സ്ഥിതി വിശേഷമാണുള്ളത്. ഇതിൽ ഇതിൽനിന്നും കൂടുതൽ വീടുകൾ ഇനിയും ആവശ്യമാണെന്ന് സൂചിപ്പിക്കുന്നു. കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ ഓരോ വർഷവും പുതുതായി 100നും 200നും ഇടയ്ക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നു എന്നു മനസ്സിലാക്കാം.

പഞ്ചായത്തിലെ കഴഞ്ഞ 5 വർഷത്തെ മൊത്തെ കെട്ടിട്ങ്ങളുടെ എണ്ണം പട്ടികയായി താഴെ ചേർക്കുന്നു.

| വർഷം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| കെട്ടിടങ്ങളുടെ എണ്ണം | 5596 | 6111 | 6142 | 6238 | 6368 |

പഞ്ചായത്തിൽ കൂടുതൽ വീടുകൾ നിർമ്മിക്കുന്നത് റോഡുകളുടെ പാർശ്വങ്ങളിലാണ്. പ്രത്യേകിച്ചും ടാറിട്ട റോഡുകളുടെയും ഗതാഗത സൗകര്യങ്ങളുള്ള പഞ്ചാ യത്ത് റോഡുകളുടേയും പാർശ്വങ്ങളിൽ വീടുകൾ നിർമ്മിക്കാൻ അനുയോജ്യമായ പറമ്പ് പോലെയുള്ള സ്ഥലങ്ങൾ വാഹന ഗതാഗത സൗകര്യം, റോഡ് എന്നിവ ഇല്ലാത്തതുകൊണ്ട് ഒഴിവാക്കപ്പെടുകയും പകരം റോഡുകൾ കടന്നുപോകുന്ന വയലുകൾ നിരത്തി കെട്ടിടങ്ങൾ നിർമിക്കുന്ന പ്രവണത കൂടിവ രുന്നതായും കാണാം. ഇതിൽനിന്നും കൂടുതൽഗ്രാമീണ റോഡുകൾ നിർമിച്ചാൽ പ്രത്യേകിച്ചും വയലുകൾ ഒഴി വാക്കി കുന്നുകൾ, മലകൾ എന്നിവയുമായി ബന്ധപ്പെ

...ത്തികൊണ്ട് റോഡുകൾ നിർമ്മിക്കാൻ സാധിച്ചാൽ ...യലുകൾ നികത്തപ്പെടുന്ന അവസ്ഥ ഒഴിവാക്കാൻ കഴിയും എന്നു മനസ്സിലാക്കാം.

പഞ്ചായത്തിൽ സ്വന്തമായി വീടുകളില്ലാത്ത 1844 കുടുംബങ്ങളുണ്ടെന്നാണ് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന ആവശ്യങ്ങൾ സൂചിപ്പിക്കുന്നത്. എല്ലാ വിഭാഗങ്ങളിൽ പെട്ട ആളുകളും ഈ കൂട്ടത്തിലുണ്ട്. പ്രത്യേകിച്ചും സാമ്പത്തികമായിപിന്നോക്കം നിൽക്കുന്നവരാണ് വീടുകളില്ലാത്തവരായുള്ളത്. പഞ്ചായത്തിൽ ഹൗസിംഗ്സൊസൈറ്റി ഇല്ല. വിവിധ ഭവന നിർമ്മാണ ധനസഹായ പദ്ധതികളെ കുറിച്ചു ബോധവൽകരണം നടത്തിയും ഒരു ഹൗസിംഗ് സൊസൈറ്റി സ്ഥാപിച്ചും സാമ്പത്തികമായിതീരെ ദുർബലമായവർക്ക് വേണ്ടി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സർക്കാർ തലത്തിലോ പഞ്ചായത്ത് തലത്തിലോ ഭവന നിർമ്മാണ പദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ടത് ആവശ്യമാണ്.

പട്ടിക (എ) കാണുക

സർക്കാർ ഭവന നിർമ്മാണ ബോർഡു വഴി ദുർബല ഇടത്തര വിഭാഗങ്ങൾക്ക് നടയാക്കി കൊണ്ടിരിയ്ക്കുന്ന ഭവന വായ്പ ദുർബല വിഭാഗങ്ങളിലെ വിരലിലെണ്ണാവുന്നവർക്ക് മാത്രമാണ് ലഭിച്ചിട്ടുള്ളത്. മറ്റു ഭവന നിർമാണ ഏജൻസികളിൽ നിന്നും പണം കിട്ടുന്നതിനുള്ള നിരവധി നൂലാമാലകളും അമിതമായ പലിശയും കാരണം ഇത്തരം സഹായങ്ങൾ സ്വീകരിക്കുന്നതിൽ ജനങ്ങൾ വിമുഖരാണ്. സാങ്കേതികത്വങ്ങൾ കുറച്ചുംപലിശ ലഘൂകരിച്ചും ഗ്രാമീണ ജനങ്ങളിലെ ദുർബല-ഇടത്തരം കുടുംബങ്ങളിലെ ഭവന നിർമാണ പ്രശ്നം പരിഹരിക്കാൻ നിലവിലുള്ള ഇത്തരം പദ്ധതികളിൽ ഒരു പൊളിച്ചെഴുത്ത് അനിവാര്യമാണ്.

ഈ പഞ്ചായത്തിൽ 4 ലക്ഷം വീട് കോളനികളുണ്ട്. തോട്ടേക്കാട്, പൂക്കൊളത്തൂർ, തൃപ്പനച്ചി, പെറുപുത്തൂർ എന്നിവടങ്ങളിൽ സ്ഥിതി ചെയ്യുന്ന ഈ കോളനികളിൽ 20 വീടുകളിലായി40 കുടുംബങ്ങൾ താമസിക്കുന്നു. ഈ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ പരമദയനീയമാണ്. റോഡില്ലാത്ത അവസ്ഥ, വീടുകളുടെ ദുർബലത, കുടിവെള്ളം,കക്കൂസ് എന്നിവയും അപര്യാപ്തത എന്നിവ ലക്ഷം വീട് കോളനികളുടെ പ്രധാന പ്രശ്നങ്ങളാണ്.

പുൽപറ്റ പഞ്ചായത്തിലെ അംഗീകരിച്ച 26 പട്ടിക ജാതി കോളനികളിലും 8 അംഗീകാരമില്ലാത്ത കോളനികളിലും മറ്റു ഒറ്റപ്പെട്ട് സ്ഥലങ്ങളിൽ താമസിക്കുന്നവരുമായി 632 പട്ടികജാതി കുടുംബങ്ങളുണ്ട്. ഇതിൽ 365 കുടുംബങ്ങൾക്ക് സ്വന്തമായി വീടുകൾ ഇനിയും ആവശ്യമാണ്. അതായത് പട്ടികജാതി കുടുബങ്ങളിൽ പകുതിയിലേറെയും സ്വന്തമായി വീടില്ലാത്തവരാണ്.

അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, വില വർദ്ധന, കെട്ടിനിർമാണ തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ട്, കൂലി വർദ്ധന എന്നീ ഗുരുതരമായ പ്രശ്നങ്ങൾ പാർപ്പിട രംഗത്ത്ഈ പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്നു. ഇത് മൂലം കെട്ടിട നിർമ്മാണ രംഗത്ത് ചെലവുകൂടി വരുന്നു. ചെറിയ തോതിൽ ഒരു വീടുവെക്കാൻ പോലും ലക്ഷങ്ങൾ വേണ്ട അവസ്ഥയാണിന്ന്. ഗാംഫ് പണം മൂലം കെട്ടിട നിർമ്മാണ രംഗത്ത് ബഹുനില കെട്ടിടങ്ങൾ ഉയർന്നുവരുന്നുണ്ടെങ്കിലും ഇതുണ്ടാക്കുന്ന അസന്തുലിതാവസ്ഥ ഇടത്തരം ദുർബല ജനങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നു. ചെലവു കുറഞ്ഞ ഭവന നിർമാണ രീതികളെകുറിച്ച് ബോധവൽക്കരണം അനിവാര്യമാണ്. 'നിർമ്മിതി കേന്ദ്രങ്ങൾ' പോലെയുള്ള പഞ്ചായത്ത് തലത്തിലേക്ക് വ്യാപിപ്പിച്ചാൽ ഒരു പരിധിവരെ സാധാരണ ജനങ്ങൾക്ക് ആശ്വാസം ലഭിക്കും.

JRY, RLEGP, IAY, MWS തുടങ്ങിയവ വിവിധ പദ്ധതികളിലൂടെ ദുർബലവിഭാഗങ്ങൾക്ക്വീട് നൽകാനുള്ള പദ്ധതി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്നുണ്ട് പക്ഷെ ഇത് വളരെ പരിമിതമാണ് ശരാശരി ഒരു വാർഡിന് രണ്ട് വീടുകൾ മാത്രമാണ് ഇങ്ങനെ നിർമിക്കാൻ കഴിയുന്നത് ഈ പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടില്ലാത്ത കുടുംബങ്ങൾക്ക് മുഴുവൻ വീടു നൽകാൻ ഇന്ന് നിലവിലുള്ള പദ്ധതികളിലൂടെ ചുരുങ്ങിയത് 25 വർഷം കൊണ്ടേ സാധിക്കൂ. ഈ ഗുരുതരമായ പ്രശ്നം പരിഹരിക്കാൻ സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഈ സ്ഥിതി വിവരകണക്കുകൾ വിരൽ ചൂണ്ടുന്നു പാർപ്പിട രംഗത്തെ പ്രശ്നങ്ങളും പരിഹാര സാധ്യതകളും ഇങ്ങനെ സംഗ്രഹിക്കാം

## പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സമഗ്രികളുടെ ദൗർലഭ്യം

2. റോഡ് പോലെയുള്ള സൗകര്യങ്ങളുള്ള ഭൂമിയുടെ കുറവ്

3. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കൂലി കൂടുതൽ

4. ഭവന നിർമ്മാണത്തിനുള്ള വായ്പ, സഹായം എന്നിവ ലഭിക്കാനുള്ള ബുദ്ധിമുട്ട്

5. കോളനികളിലെ പശ്ചാത്തല സൗകര്യക്കുറവ്

6. അനാവശ്യ ചെലവുകൾ ഒഴിവാക്കി വീടുകൾ നിർമ്മിക്കുന്നതിനുള്ള വിദഗ്ധരുടെ അഭാവം.

## സാധ്യതകൾ, പരിഹാര മാർഗങ്ങൾ

1. കെട്ടിട നിർമാണ സാമഗ്രികളുടെ വില കുറക്കാനുള്ള പരിപാടി

2. ചെലവു കുറഞ്ഞ ഭവന നിർമ്മാണ രീതികളുടെ പ്രചാരണം

3. തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർത്താനും കൂലി നിരക്ക് നിജപ്പെടുത്താനുമുള്ള പരിപാടികൾ ആവിഷ്കരിക്കുക

## പട്ടിക (എ)

ഓരോ വാർഡിലും ആവശ്യമുള്ളതും വീടില്ലാത്തവരുമായ കുടുംബങ്ങളെ സംബന്ധിച്ച ഒരു പട്ടിക താഴെ ചേർക്കുന്നു.

| വാർഡ് | സ്വന്തമായി വീടില്ലാത്തവർ | | | സർക്കാർ/പഞ്ചായത്ത് - സഹായം ആവശ്യമുള്ളത് | | |
|---|---|---|---|---|---|---|
| | ആകെ കുടുംബങ്ങൾ | ജനറൽ | പട്ടികജാതി | ജനറൽ | പട്ടികജാതി | ആകെ |
| 1 | 168 | 147 | 21 | 88 | 21 | 109 |
| 2 | 103 | 87 | 16 | 62 | 16 | 78 |
| 3 | 155 | 118 | 37 | 93 | 37 | 130 |
| 4 | 204 | 128 | 76 | 122 | 76 | 198 |
| 5 | 152 | 132 | 20 | 91 | 20 | 111 |
| 6 | 220 | 159 | 61 | 132 | 61 | 193 |
| 7 | 137 | 123 | 14 | 82 | 14 | 96 |
| 8 | 152 | 127 | 25 | 91 | 25 | 116 |
| 9 | 156 | 130 | 26 | 94 | 26 | 120 |
| 10 | 128 | 117 | 11 | 77 | 11 | 88 |
| 11 | 159 | 121 | 38 | 95 | 38 | 133 |
| 12 | 110 | 90 | 20 | 66 | 20 | 86 |
| ആകെ | 1844 | 1479 | 365 | 1093 | 365 | 1458 |

4. ഭൂരഹിതർക്കും, ദാരിദ്ര്യ രേഖക്കു താഴെയുള്ളവർക്കും ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിക്കൽ

5 ദുർവ്യയ ഭവന നിർമ്മാണം നിരുൽസാഹപ്പെടുത്താനുള്ള നികുതി സംവിധാനം

6. ജൈവ വേലികൾ പ്രചരിപ്പിക്കൽ

7. പഞ്ചായത്ത് തലത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക

8. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർധിപ്പിക്കുക.

### ക്ഷേമ പ്രവർത്തനങ്ങൾ

മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ വളരെയധികം പിന്നോക്കം നിൽക്കുന്ന പുൽപ്പറ്റ പഞ്ചായത്ത്. ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽയാതൊരു ചലനവുമില്ലാതെ കിടന്നിരുന്ന നമ്മുടെ പഞ്ചായത്തിലെ പ്രദേശങ്ങളും ഇപ്പോൾ മെല്ലെ മെല്ലെ ഉയർന്നെഴുന്നേൽക്കാൻ തുടങ്ങിയിട്ടുണ്ട്. വൻതോതിലുള്ള മാറ്റങ്ങൾ ഒന്നും അവ[illegible]കാശപ്പെടാനില്ലെങ്കിലും ഗാംഫ് രാജ്യങ്ങളിൽ നിന്നുള്ള തൊഴിൽ വരുമാനം സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ ഒരുണർവ് ഉണ്ടാക്കിയിട്ടുണ്ട്. ഗവർമെണ്ട് ഏജൻസികൾ മുഖേന നടത്തുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ ഒരളവു വരെ മാത്രമെനമ്മുടെ പ്രദേശങ്ങളിൽ പ്രയോജനപ്പെടുന്നുള്ളൂ.

സാമൂഹ്യ ക്ഷേമ രംഗത്ത് ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലെടുക്കുന്നവരുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് നിലവിലുള്ളത്. കേന്ദ്ര സംസ്ഥാന സർക്കാറുകൾ നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ നടപ്പിലാക്കുന്ന ക്ഷേമ നിധികളുമാണ് ഈ രംഗത്ത് എടുത്തു പറയാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനും ഉന്നമനത്തിനുമായി പ്രവർത്തിക്കുന്ന പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായുള്ള

1992 മുതൽ 1995-96 വരെ IRDP സർവെ പ്രകാരം സഹായം ലഭ്യമാക്കിയതിൻെറ സ്ഥിതി വിവരകണക്ക് താഴെ പട്ടികയായി ചേർക്കുന്നു.

| Year | No of families assisted | | | | (Invest Lakhs) | | |
|---|---|---|---|---|---|---|---|
| | sc | st | others | Total | women | subsidy | loans |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1992-93 | 25 | - | 31 | 56 | 25 | 146144/- | 283990/- |
| 1993-94 | 20 | - | 19 | 39 | 25 | 97789/- | 135575/- |
| 1994-95 | 6 | - | 16 | 22 | 2 | 96315/- | 231475/- |
| 1995-96 | 13 | - | 27 | 40 | 12 | 180664/- | 410960/- |

വനിതാ വികസന കോർപ്പറേഷനും നടപ്പിലാക്കുന്ന വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ആനുകൂല്യങ്ങൾ ചെറിയ തോതിൽ പഞ്ചായത്തിന് ലഭിക്കുന്ന നാമമാത്രമായിട്ടാണെങ്കിലുംമറ്റു പലപദ്ധതികളും പഞ്ചായത്തിലെ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

പുൽപറ്റ പഞ്ചായത്തിൽ 92ലെ സർവ്വേ പ്രകാരം 1980 കുടുംബങ്ങളും പട്ടികജാതി വിഭാഗത്തിൽ 74 കുടുംബങ്ങളും ദാരിദ്ര്യരേഖക്കു താഴെയുള്ളവരായി കണ്ടെത്തിയിരിക്കുന്നു. ഇതിൽതന്നെ 249 വീടുകൾ സ്ത്രീകൾ കുടുംബ നാഥകളായിട്ടുള്ളവയാണ്. പ്രസ്തുത IRDP സർവ്വെയിൽ കണ്ടെത്തിയ കുടുംബങ്ങളിൽ 64 പട്ടികജാതി കുടുംബങ്ങൾക്കും 94 മറ്റു വിഭാഗത്തിൽ പെട്ടവർക്കുമായി ആകെ 157 കുടുംബങ്ങൾക്കായി 520948 രൂപ സംബ്സിഡിയായി 1992-93 മുതൽ 1995-96 വർഷങ്ങളായി വിതരണം ചെയ്തിട്ടുണ്ട്. (അവലംബം: ബ്ലോക്ക് തല സ്ഥിതി വിവരകണക്ക്)

IRDP പദ്ധതിയെ കുറിച്ച് വിലയിരുത്തിക്കൊണ്ട് ഈ പഞ്ചായത്തിലെ മുഴുവൻ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന ഒരു പ്രധാന നിർദ്ദേശമാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക വരുമാന പരിധിയയുർത്തണമെന്നത്.

## DWCRA സഹായ പദ്ധതി

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂടിചേർന്നു നടത്തുന്ന സംരംഭമായ ഈ പദ്ധതിയനുസരിച്ച് ഈ പഞ്ചായത്തിൽ 3തൊഴിൽ സംരംഭങ്ങൾ പ്രവർത്തിക്കുന്നു. പൽപറ്റയിലെ നൂൽ നൂൽപ് കേന്ദ്രം തോട്ടേക്കാട്ടെ [illegible] സംഭരണകേന്ദ്രം, തൃപ്പനച്ചിയിലെ മൃദുല ചപ്പത്സ് [illegible]വയാണവ. ഇവ മൃതപ്രായത്തിലാണ്. ആവശ്യമായ അസംസ്കൃത [illegible] കിട്ടാനുള്ള ബുദ്ധിമുട്ട്, തൊഴിലാളികൾക്ക് കിട്ടുന്ന തുച്ഛമായ വേതനം കാരണമുള്ള മനംമടുപ്പ് എന്നിവ സ്ഥാപനങ്ങളെ മുന്നോട്ടു കൊണ്ടുപോകാനുള്ള പ്രധാന തടസ്സങ്ങളാണ്. ആവശ്യമായ വിപണന സൗകര്യങ്ങളുടെ കുറവ് മറ്റൊരു പ്രധാന പ്രശ്നമാണ്. കൂടുതൽ തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടാൻ ഈ പഞ്ചായത്തിലെ വിവിധ വനിതാ ഗ്രൂപ്പുകൾ തയ്യാറാണെന്നാണ് ഗ്രാമസഭകളിൽ നിന്നും മനസ്സിലാകുന്നത്. ഇതിനാവശ്യമായ ബോധവൽകരണം നടത്താനും സഹായങ്ങൾ ലഭ്യമാക്കാനും കൂട്ടായ പ്രവർത്തനങ്ങളും പദ്ധതികളും ആവശ്യമാണ്.

## ട്രൈസം

18 മുതൽ 36 വയസ് യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന ഈപദ്ധതി പ്രകാരം 1992 മുതൽ 1996 വരെ ഈ പഞ്ചായത്തിൽ പരിശീലനം കിട്ടിയവർ 8പേർ മാത്രമാണ്. പട്ടിക (ബി) കാണുക.

തൊഴിൽ രഹിതർ ധാരാളമുള്ള ഈ പഞ്ചായത്തിൽ സ്വയം തൊഴിലിന് പരിശീലനം ലഭിച്ചവർ വളരെ കുറച്ചു മാത്രമേ ഈ പദ്ധതി പ്രകാരമുള്ളൂ. പരിശീലനം കൂടുൽ പേർക്ക് നൽകുകയും ഇവർക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കാൻ സംവിധാനവും ആവശ്യമാണ്. യുവതീയുവാക്കൾക്കിടയിൽ ഈ പരിപാടിയെകുറിച്ച് വ്യാപകമായ പ്രചാരണം നടത്തുകയും യുവജനസംഘടനകളിലൂടെ കൂടുതൽ പേരെ ബോധവാൻമാരാക്കുകയും ചെയ്താൽ വളരെ പ്രയോജനമുള്ള ഒരു പരിപാടിയായി ഇതനെ മാറ്റാൻ കഴിയും.

## ടൂൾകിറ്റ്

ഗ്രാമീണ കൈതൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയായ ടൂർകിറ്റ് പദ്ധതി പ്രകാരം ഈ പഞ്ചായത്തിലെ പരമ്പരാഗത കൈതൊഴിലുകാരായ മരപ്പണിക്കാർ, കൽപണിക്കാർ

## പട്ടിക (ബി)

| Si No | Year | No. of youths trained | | | | | |
|---|---|---|---|---|---|---|---|
| | | SC | ST | others | Total | women | P.H. |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | 1992-93 | - | - | 2 | 2 | 1 | |
| 2 | 1993-94 | 1 | - | 1 | 2 | 1 | |
| 3 | 1994-95 | 1 | - | - | 1 | 1 | |
| 4 | 1995-96 | 3 | - | - | 3 | 3 | |
| Total | | 5 | - | 3 | 8 | 6 | |

അവലംബം: ബ്ലോക്ക് ഓഫീസ്

തുടങ്ങിയ ആർട്ടിസാൻസ് തൊഴിലാളികൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. 95–96 വർഷത്തിന് 18 ടൂർകിറ്റ് ഈ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്.എന്നാണ് ബ്ലോക്കിൽ നിന്ന് ലഭിച്ച കണക്കുകൾ സൂചിപ്പിക്കുന്നത്.

### CRSP കക്കൂസുകൾ

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന ഈപദ്ധതി പ്രകാരം 92–96 കാലയളവിൽ ഈ പഞ്ചായത്തിൽ 26 കക്കൂസുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ 16 എണ്ണം പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്കും 10 കക്കൂസുകൾ മറ്റു വിഭാഗങ്ങളിൽ പെട്ടവർക്കുമാണ്. ഒരു വർഷം ശരാശരി 5 പേർക്ക് മാത്രമാണ് ഈ പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ ആനകൂല്യം കിട്ടിയിട്ടുള്ളത്. കൂടുതൽ പേർക്ക് ഈ ആനുകൂല്യം ലഭ്യമാക്കുകയും ധനസഹായ സംഖ്യ ചുരുങ്ങിയത് 5000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണമെന്നാണ് പൊതുവെ ജനങ്ങളിൽ നിന്നുയർന്നു വന്ന ആവശ്യം.

### വിവിധ പെൻഷൻ ആനുകൂല്യങ്ങൾ

നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശ ജനവിഭാഗങ്ങൾക്ക് സർക്കാർ തലത്തിൽ നടപ്പിലാക്കുന്ന വിവിധ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നവർ ഈ പഞ്ചായത്തിലുണ്ട്. വാർദ്ധക്യ കാല പെൻഷൻ വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ തുടങ്ങിയവയാണ് പ്രധാനമായും ഈ പഞ്ചായത്തിൽ ലഭിക്കുന്നത്.

### (1) വാർദ്ധക്യകാല പെൻഷൻ

കേന്ദ്ര ഗവർമെൻറ് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം 65 വയസ്സ് പൂർത്തിയായവരും 5000 രൂപയിൽ താഴെ വാർഷിക വരുമാനവുമുള്ള അഗതികളായ 144പേർക്ക് പെൻഷൻ നൽകാനാണ് ഈ പഞ്ചായത്തിന് 1996–97ൽ ക്വാട്ടയായിട്ടുള്ളത്. 100 രൂപയാണ് മാസത്തിൽ ഈ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നത് ഇതിൽ 74 പേർക്ക് പെൻഷൻ പാസ്സായിട്ടുണ്ട്.

കൂടാതെ വില്ലേജ് ആഫീസ് മുഖേന 18 പേർക്ക് അഗതി പെൻഷനും ലഭിക്കുന്നു. 33പേർക്ക് വില്ലേജ് ആഫീസ് മുഖേന വാർദ്ധക്യകാല പെൻഷനും ലഭിച്ചുകൊണ്ടിരിക്കുന്നു.

### (2) വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളില്ലാത്തതും ഭർത്താവ് മരിച്ചുപോയതുമായ ദരിദ്ര സ്ത്രീകൾക്ക് ലഭിക്കുന്ന ഈ പെൻഷൻ പുൽപറ്റ വില്ലേജിൽ 45 പേർക്കാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അർഹരായ ധാരാള് സ്ത്രീകൾക്ക് ഇനിയും ഈ പെൻഷൻ ലഭിക്കേണ്ടതായുണ്ട്. അർഹരായിട്ടും അപേക്ഷ നൽകാത്തവരും ധരാളമായുണ്ട്. പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിലും ഈ പെൻഷൻ നൽകുകയു ആവശ്യമായ ബോധവൽക്കരണം നടത്തുകുയം ചെയ്യണമെന്നാണ് ഗ്രാമ സഭകളിൽ പങ്കെടുത്ത നിരവധിയാളുകൾ ഉന്നയിച്ച പ്രധാന ആവശ്യം. അതുപോലെ യഥാസമയം പെൻഷൻ ലഭിക്കാതെ ബുദ്ധിമുട്ടുന്ന സ്ഥിതി വിശേഷവുമുണ്ട്.

### (3) കർഷകത്തൊഴിലാളി പെൻഷൻ

ജീവിതകാലം മുഴുവൻ വലലേലകളിൽ ജോലി ചെയ്തവർക്ക് വാർധക്യത്തിൽ ഒരുചെറിയ ആനുകൂല്യം എന്ന നിലയിൽ 60 വയസ്സായ കർഷക തൊഴിലാളികൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന ഈ പെൻഷൻ ലഭിക്കുന്നവർ ഈ പഞ്ചായത്തിൽ 766 പേരുണ്ട്. അർഹരായ പലർക്കും ഇപ്പോഴും ഈ പെൻഷൻ കിട്ടുന്നില്ല.

ഇത്തരം ആനുകൂല്യങ്ങൾ ലഭിക്കാൻ നിരവധി കടമ്പ കൾ കടക്കേണ്ടതും പലപ്പോഴും ഓഫീസുകളിൽ നിര വധി തവണ വയസ്സ് കാലത്ത് കയറി ഇറങ്ങേണ്ട ഗതി കേടും ഒരു വിഭാഗമാളുകളെഇത്തരം ആനുകൂല്യങ്ങ ൾക്ക് അപേക്ഷ നൽകുന്നതിൽ നിന്നും പിന്തിരിപ്പി ക്കുന്നു. ഇത്തരം പെൻഷനുകൾ ഗ്രാമ പഞ്ചായത്ത് മുഖേന നൽകുകയാണെങ്കിൽ അർഹരായ മുഴുവൻ ആളുകൾക്ക് അതു ലഭിക്കാൻ കൂടുതൽ സഹായകമാ കുമെന്നാണ് ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നും ഉരു ത്തിരിഞ്ഞു വന്നിട്ടുള്ളത്.

## തൊഴിലില്ലായ്മ വേതനം

തൊഴിലില്ലാത്ത യുവതീ യുവാക്കൾക്ക് നൽകുന്ന തൊഴിലില്ലായ്മ വേതനം ഈ പഞ്ചായത്തൽ 642 പേർക്ക് കിട്ടി കൊണ്ടിരിക്കുന്നു. ഈ ആനുകൂല്യം വർദ്ധിപ്പി ക്കുകയോ കൂടുതൽ ഉപകാരപ്രദമായ രീതിയിൽ പുന: സംവിധാനം ചെയ്യുകയോ വേണമെന്നാണ്ഈ പഞ്ചാ യത്തിലെ യുവജനങ്ങളുടെ ശക്തമായ അഭിപ്രായം. കൂടു തൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് തൊഴിൽപരിശീലനം നൽകേണ്ടതും അത്യാവശ്യമാണ്.

**മറ്റു പെൻഷനുകൾ:-** ക്ഷയരോഗികൾ, കാൻസർ രോഗികൾ സ്വാതന്ത്ര്യ സമര സേനാനിക ൾക്കുള്ള പെൻഷൻ എന്നിവ ലഭിച്ചുകൊണ്ടിരുന്നവർ നാമമാത്രമായി ഈ പഞ്ചായത്തിലുണ്ടായിരുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

വിവിധ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നവ രുടെ പട്ടിക ഇങ്ങനെ സംഗ്രഹിക്കാം. പട്ടിക (സി) കാണുക.

പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന മറ്റൊരു പ്രധാന പരിപാടിയാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധന സഹായം. പട്ടികജാതി കുടുംബങ്ങൾക്ക് 2000 രൂപയും മറ്റുള്ളവർക്ക് 1000 രൂപയുമാണ് ഈ പരിപാടി പ്രകാരംസഹായം നൽകികൊണ്ടിരിക്കുന്നത്

മേൽസൂചിപ്പിച്ച ക്ഷേമ പരിപാടികൾക്കു പുറമെ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളുണ്ട്. ഇവയിൽ പ്രധാനപ്പെട്ടത് JRY അൺടൈസ്, പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോ ഗിച്ച് വീടുകൾ, കക്കൂസുകൾ എന്നിവ നിർമ്മിക്കാൻ സഹായം നൽകുന്ന പരിപാടിയാണ്. ഇതനുസരിച്ച് കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ താഴെ ചേർക്കു ന്നു. പട്ടിക (ഡി) കാണുക

### പട്ടിക (സി)

| വർഷം | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർധക്യ പെൻഷൻ | ക്ഷയരോഗി പെൻഷൻ | കാൻസർ രോഗി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | |
|---|---|---|---|---|---|---|---|---|
| 1995–96 | 18 | 45 | 167 | 33 | 60 | 15 | 766 | 642 |

(Ref:വില്ലേജ് ഓഫീസിലെ പെൻഷൻ രജിസ്റ്റർ)

### പട്ടിക (ഡി)

| വർഷം | JRY | | | അൺടൈസ് | | |
|---|---|---|---|---|---|---|
| | വീട് | കക്കൂസ് | തുക | വീട് | കക്കൂസ് | തുക |
| 1991–92 | 12 | 2 | 120400 | 6 | – | 58800 |
| 1992–93 | 6 | 4 | 64400 | 5 | – | 49000 |
| 1993–94 | 13 | 7 | 137200 | 5 | 3 | 53200 |
| 1994–95 | 1 | – | 9800 | 10 | – | 98000 |
| 1995–96 | 11 | 3 | 123000 | 8 | 150 | 311400 |

# അങ്കണവാടികൾ

സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ക്ഷേമ പ്രവർത്തനങ്ങൾ ഗ്രാമതലത്തിൽ നടപ്പിലാക്കുന്ന അങ്കണ വാടികൾ ചെയ്യുന്ന സേവനങ്ങൾ വിലമതി ക്കാൻ കഴിയാത്തതാണ്. തുച്ഛമായ വേതനം കൈപറ്റി അധികഭാരം പേറുന്ന ഈ സ്ഥാപനങ്ങളിലെ ജീവന ക്കാരികൾ സമൂഹത്തിന് മികച്ച സംഭാവന നൽകുന്നു വെന്നതാണ് സത്യം. നിരവധി അപര്യാപ്തകൾക്കിട യിലും അവർ ചെയ്യുന്ന സേവനങ്ങൾ എടുത്തുപറയ തക്കതാണ്.

ഈ പഞ്ചായത്തിൽ 12 വാർഡുകളിലായി മൊത്തം 22 അങ്കണവാടികൾ പ്രവർത്തിക്കുന്നു. സംയോജിത ശിശു വികസന പദ്ധതി (ICDS) പ്രകാരം പ്രവർത്തി ക്കുന്ന അങ്കണവാടികൾ 3 വയസ്സിനും 6 വയസ്സിനുമി ടക്കുള്ള കുട്ടികൾക്ക് അനൗപചാരിക വിദ്യാഭ്യാസം നൽകുന്നതോടൊപ്പം ഗർഭിണികൾ, അമ്മമാർ എന്നി വർക്ക് അനുപൂരക പോഷകാഹാരം നൽകലും നട ത്തിവരുന്നു. അങ്കണവാടികളുടെ ഭൗതിക സൗകര്യ ങ്ങൾ തീരെ അപര്യാപ്തകമാണ്. സ്വന്തമായി സ്ഥിര മായ കെട്ടിടമില്ലാത്തവയും ചുറ്റുമതിൽ, കളിപ്പാട്ടങ്ങൾ, ഫർണിച്ചർ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്ര ങ്ങൾ ഇല്ലായ്മ എന്നിവ ബഹുഭൂരിപക്ഷം അങ്കണവാ ടികളുടെ പ്രശ്നമാണ്.

നിലവിലുള്ള അങ്കണവാടുകളുട സ്ഥിതി വിവരം താഴെ പട്ടികയായി ചേർക്കുന്നു. പട്ടിക (ഇ) കാണുക.

1000 ജനസംഖ്യക്ക് ഒരു അങ്കണവാടി എന്ന ലക്ഷ്യം ഈ പഞ്ചായത്തിൽ സഫലീകരിച്ചിട്ടില്ല. ചുരുങ്ങിയത് 8 അങ്കണവാടികൾ കൂടി സ്ഥാപിച്ചാൽ മാത്രമേ ഈ ലക്ഷ്യം നിറവേറൂ. എരഞ്ഞിക്കോട്, കാരാപറമ്പ്, ഒളമ തിൽ മാനാറിക്കൽ, കല്ലിടുമ്പ്, ചാവൽക്കാട്, കുഴിയം പറമ്പ്, പുറ്റുമണ്ണ തുടങ്ങിയ സ്ഥലങ്ങളിൽ പുതുതായി അങ്കണവാടികൾ ആവശ്യമാണ്.

അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ കുറ വാണെന്ന് ഈ പട്ടികയിൽ നിന്നം മനസ്സിലാക്കണം. സ്ഥലമുണ്ടായിട്ടും സ്വന്തമായി കെട്ടിടമില്ലാത്ത അങ്ക ണവാടിക്ക് കെട്ടിടം നിർമ്മിക്കണം. മറ്റു കെട്ടിടങ്ങളി ല്ലാത്ത അങ്കണവാടികൾക്ക് അത് നിർമ്മിക്കാനും കളി പ്പാട്ടങ്ങൾ എല്ലാ അങ്കണവാടികൾക്ക് നൽകാനും കക്കൂസ്, ജല ലഭ്യത എന്നിവയില്ലാത്ത അങ്കണ വാടികൾക്ക് അതുണ്ടാക്കാനും അടിയന്തിര പദ്ധതി കൾ തയ്യാറാക്കേണ്ടതാണ്. ടീച്ചർമാർക്ക് അങ്കണവാടി പ്രവർത്തനങ്ങൾക്ക് പുറമെയുള്ള മറ്റു ഔദ്യോഗിക ചുമ തലകൾ ഒഴിവാക്കേണ്ടതും പരിഗണിക്കേണ്ടതാണ്.

**ക്ഷേമനിധികൾ:-** കെട്ടിട നിർമ്മാണ തൊഴി ലാളി ക്ഷേമനിധിയിൽ ധാരാളം ആളുകൾ പഞ്ചായ ത്തിൽ അംഗങ്ങളായിട്ടുണ്ട്. മറ്റു ക്ഷേമനിധികളിൽ അംഗ ങ്ങളായവർ അംഗുലീപരിമിതമാണ്.

## പ്രശ്നങ്ങൾ

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള ആനുകൂല്യങ്ങൾ കുറച്ചു പേർക്കേ ലഭിക്കുന്നുള്ളൂ.

IRDP കുടുംബങ്ങളിൽ ധാരാളം അർഹർ ഉൾപ്പെട്ടിട്ടില്ല

വിവിധ ക്ഷേമ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ

ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സാങ്കേതിക തട സ്സങ്ങളും കാലതാമസവും

അങ്കണവാടികളുടെ ഭൗതിക സാഹചര്യകുറവ്

## സാധ്യതകൾ

IRDP സർവേ ലിസ്റ്റ് കുറ്റമറ്റതാക്കുക. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ കണ്ടെത്താനുള്ളമാർഗ്ഗം കാലോചിത മായി പരിഷ്കരിക്കൽ

വനിതകൾക്കുള്ള പുതിയ 12 DWCRA യൂണിറ്റ് ആരംഭി ക്കൽ

ക്ഷേമ പദ്ധതികൾക്ക് അർഹരായവരെ ഗ്രാമസഭ കളിലൂടെ കണ്ടെത്തൽ

ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാധ്യതയുണ്ടാക്കൽ, കൂടുതൽ പേർക്ക് പരിശീലനം നൽകൽ

സ്വയം തൊഴിൽ സംരംഭങ്ങൾ കൂടുതൽ ആരംഭി ക്കൽ

ജനകീയ പങ്കാളിത്തത്തോടെ അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ

## പട്ടിക (ഇ)

| ക്രമനമ്പർ | വാർഡ് | അങ്കണവാടിയുടെ പേരും, നമ്പറും | സ്വന്തം കെട്ടിടം ഉണ്ട്/ഇല | സ്ഥലം ഉണ്ട്/ ഇല്ല | കളി പ്പാട്ടം ഉണ്ട്/ ഇല്ല | ലാട്രിൻ ഉണ്ട്/ ഇല്ല | കുടിവെള്ള സൗകര്യം ഉണ്ട്/ഇല്ല. |
|---|---|---|---|---|---|---|---|
| 1 | | കാഞ്ഞിരത്തറ45 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 2 | | പൂക്കൊളത്തൂർ 48 | ഉണ്ട്. | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 3 | | പൂക്കൊളത്തൂർ 49 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 4 | | കൂട്ടാവിൽ50 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 5 | | ചുള്ളക്കാട് 53 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 6 | | കുന്നത്തീരി 51 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 7 | | ഷാപ്പിൻകുന്ന്52 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 8 | | പുൽപറ്റ 42 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 9 | | പാലക്കത്തോട് 43 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 10 | | കല്ലച്ചാൽ 44 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 11 | | കളികണ്ടം 123 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 12 | | ചെറുപുത്തൂർ 47 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 13 | | ഒളമതിൻ 46 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 14 | | തൃപ്പനച്ചി 54 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല. |
| 15 | | പത്തായക്കോട് 55 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 16 | | വെള്ളച്ചാൽ 55 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 17 | | പൂച്ചേങ്ങൽ 57 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 18 | | ആതാടികുന്ന് 58 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 19 | | പാലക്കാട് 60 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 20 | | നടവത്ത് 122 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 21 | | പൂവ്വത്തിച്ചാൽ 61 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 22 | | ആനച്ചാലം 59 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |

## പൊതു വിതരണ കേന്ദ്രങ്ങൾ

റേഷൻ ഷാപ്പുകൾ എന്ന പേരിലറിയപ്പെട്ടിരുന്ന ഇപ്പോഴത്തെ പൊതു വിതരണ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ പന്ത്രണ്ടെണ്ണമുണ്ട്. ഈ പഞ്ചായത്തിലെ ചെറുപുത്തൂർ, വളമംഗലം ഭാഗങ്ങളിലുള്ളവർ മോങ്ങം റേഷൻ ഷാപ്പിനെ ആശ്രയിക്കുന്നു. പഞ്ചായത്തിൽ മാവേലിസ്റ്റോറോ സഹകരണമാവേലിസ്റ്റോറോ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലൊരു മാവേലി സ്റ്റോർ അത്യാവശ്യമാണ്. അർഹരായ മുഴുവൻ റേഷൻ കാർഡുടമകൾക്കും പൊതു വിതരണ കേന്ദ്രത്തിലൂടെ നിത്യോപയോഗ സാധനങ്ങൾ കിട്ടാറില്ല. പ്രത്യേകിച്ചും മണ്ണെണ്ണ, പാമോയിൽ, റവ, മൈദ, ഗോതമ്പ് എന്നിവ ആവശ്യത്തിന് ലഭിക്കാറില്ലെന്ന് പൊതുവിതരണകേന്ദ്രങ്ങളിൽ നിന്ന് ലഭിച്ച കണക്കുകൾ സൂചിപ്പിക്കുന്നു.

ഉപഭോകൃത സംഘടനകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ജനങ്ങൾക്കിടയിൽ ഉപഭോകൃത സംരക്ഷണ നിയമത്തെക്കുറിച്ചും ഉപഭോക്താവിന്റെ അവകാശങ്ങളെ കുറിച്ചും ബോധവൽക്കരണം ആവശ്യമാണ്. അതിന് ജനകീയ പങ്കാളിത്തത്തോടെ പഞ്ചായത്ത് തലത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. കൂടാതെ സിമന്റ് തുടങ്ങിയ സാധനങ്ങൾ വിതരണം ചെയ്യാൻ സിവിൽ സപ്ളൈസ് വകുപ്പിന്റെ കീഴിൽ പ്രത്യേക സംവിധാനം ഉണ്ടാക്കണമെന്ന് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ആഗ്രഹമുണ്ട്.

റേഷൻ കാർഡുകൾ വിഭജിക്കാനും പുതുതായി ആളെ ചേർക്കാനും ഇന്നനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ ഇതിന് ആവശ്യമായ സംവിധാനങ്ങളുണ്ടാക്കേണ്ടതാണ്.

# സംസ്കാരം

കേരളത്തിന്റെ സംസ്കാരത്തനിമയും മത സൗഹാർദവും നിലനിർത്തുന്ന ശാലീനവും ശാന്തവുമായ ഗ്രാമപ്രദേശമാണ് പുൽപറ്റപഞ്ചായത്ത്. വൈജ്ഞാനികരംഗത്തും ഭൗതികസൗകര്യങ്ങളുടെ കാര്യത്തിലും ഏറെ മുന്നിലായിരുന്നെങ്കിലും ഗ്രാമീണത്തനിമയോടെ വിവിധ ജാതിമതവിഭാഗങ്ങൾ സാഹോദര്യത്തോടെ സഹവർത്തിക്കുന്ന ഒരു സാംസ്കാരിക പൈതൃകം ഈ പ്രദേശത്തിനുണ്ട്.

പഞ്ചായത്തിൽ ബഹുഭൂരിപക്ഷം മുസ്ലീംകളും ഏതാണ്ട് അതിന്റെ പകുതിയോളം ഹിന്ദുമതക്കാരും വിരലിലെണ്ണാവുന്ന കുടുംബങ്ങളിൽ താമസിക്കുന്ന ക്രിസ്ത്യാനികളുമാണുള്ളത്. മുൻകാലത്ത് വേരുറച്ചില കോളനികളെ ഒഴിച്ചുനിർത്തിയാൽ, ജാതിപരിഗണനയില്ലാതെ എല്ലാവിഭാഗവും ഇടകലർന്നു ജീവിക്കുന്നു. അമ്പത്തിനാലോളം മുസ്ലീം പള്ളികളും പതിനഞ്ച് ഹിന്ദുദേവാലയങ്ങളും പഞ്ചായത്തിലുണ്ട്. പുൽപ്പറ്റ, വളമംഗലം, തൃപ്പനച്ചി, പാലക്കാട് ക്ഷേത്രങ്ങൾ വളരെ പ്രാചീനമാണ്.

ഓരോ മതവിഭാഗത്തിന്റേയും ആഘോഷങ്ങളിൽ എല്ലാവിഭാഗം ആളുകളും പങ്കെടുക്കാറുണ്ട്. ഓണം, പെരുന്നാൾ, ക്രിസ്തുമസ് തുടങ്ങിയ ദേശീയവും മതപരവുമായ ആഘോഷങ്ങളിൽ പരസ്പര സഹകരണം മുമ്പത്തെ ഇവിടെ നിലനിൽക്കുന്നു. ഇത്തരം ആഘോഷങ്ങളോടനുബന്ധിച്ച് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സൗഹാർദസമ്മേളനങ്ങ സംഘടിപ്പിക്കപ്പെടാറുണ്ട്. കൂടാതെ ഹിന്ദുക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് ശിവരാത്രിമഹോത്സവം, ഗുരുവായൂർഏകാദശി, വിവിധതാലപ്പൊലികൾ എന്നിവയും ആഘോഷിക്കപ്പെടുന്നു.

മുസ്ലീംകളിൽ സുന്നി, മുജാഹിദ് എന്നി പ്രമുഖസംഘടനകളും ഒറ്റപ്പെട്ടജമാഅത്ത്. ത്വരീഖത്ത്, തബ്ലീഗ്, ജമാഅത്ത് പ്രസ്ഥാനക്കാരും ഉണ്ട്. ഹിന്ദുക്കളിൽ പ്രധാനമായും തൊഴിലധിഷ്ഠിതജാതികൾ, പല്ലാത്തവർ, സവർണ്ണർ എന്നിങ്ങനെ അറിയപ്പെടാറുണ്ടെങ്കിലും, ജാതിപരിഗണനയാൽ അകറ്റിനിർത്തപ്പെടുന്നവർ എടുത്തുപറയാൻ മാത്രമില്ല. ഹിന്ദുക്കളിൽ നമ്പൂതിരി, വാരിയർ, മൂസ്സത്, എമ്പാന്തിരി, നമ്പീശൻ, പണിക്കർ (കളരിമാർ) നായർ, വിൽകുറുപ്പ്, തിയ്യർ, കുംഭരാർ, പെരുമണ്ണാൻ, കൊല്ലൻ, ആശാരി, തട്ടാൻ, വേലൻ, കണക്കൻ, കള്ളാടി, ചെറുമൻ, പറയൻ എന്നീ വിഭാഗങ്ങളുണ്ട്.

ക്രിസ്ത്യൻ വിഭാഗത്തിൽ റോമൻ കത്തോലിക്കർ, യക്കോബ വിഭാഗങ്ങളാണുള്ളത്. അവർക്ക് സ്വന്തമായി ആരാധനാലയങ്ങളില്ല. പ്രഭാഷണങ്ങളും പ്രചാരണങ്ങളും നടത്താറുണ്ട്.

ജനസംഖ്യയുടെ പകുതിയും ദാരിദ്ര്യരേഖയ്ക്കു താഴെയും 45% ശരാശരി വരുമാനക്കാരും അഞ്ചു ശതമാനം മാത്രം സാമ്പത്തികശേഷിയുള്ളവരുമാണ്.

പൊതു സ്ഥാപനങ്ങളുടെ വാർഷികാഘോഷങ്ങളിലും ഉത്സവകലാ കായികമേഖലകളിലും ജാതിമതപരിഗണനയില്ലാതെ സമ്പൂർണ്ണ സഹകരണം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുമുണ്ട്. രാഷ്ട്രീയ പാർട്ടികളുടെ പൊതുരംഗത്തെ കൂട്ടായ്മ, സംസ്ഥാനത്തെ പൊതു നിലവാരം നിലനിർത്തുന്നു. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾക്കുവേണ്ടി ഉയർന്നുവന്ന സ്ഥിരം സംവിധാനങ്ങളില്ല.

വിദ്യാഭ്യാസത്തിന്റെ വ്യാപനത്തോടൊപ്പം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഒരളവോളം അപ്രത്യക്ഷമായിട്ടുണ്ട്. മാരകരോഗങ്ങളെ പൈശാചിക ബാധയായി കണ്ട് ചികിത്സിക്കാൻ മടിച്ചിരുന്ന ആളുകൾ ഇന്ന് ആധുനിക ചികിത്സാരീതി സ്വീകരിക്കുന്നു എന്നത് ഇതിന്നുദാഹരണമാണ്. എങ്കിലും ഭ്രാന്ത്, അപസ്മാരം എന്നിവ അത്തരത്തിലുള്ള രോഗങ്ങളായി കാണുന്നവർ ഒരു ചെറിയ ശതമാനമെങ്കിലും ഇന്നുമുണ്ട്.

എടുത്തുപറയാവുന്ന സാസ്കാരിക സംഘടനകൾ പഞ്ചായത്തിൽ ഇല്ല. എങ്കിലും

അഞ്ചു ക്ലബ്ബുകളും (ഫീനിക്സ്പുക്കൊളത്തൂർ, ടാസ്ക് തൃപ്പനച്ചി, സി.വൈ.സി ചെറുപുത്തൂർ, യുവജനക്ലബ്ബ്പാലക്കാട്, ഒളിമ്പിയഒളമതിൽ) ശാസ്ത്രസാഹിത്യപരിഷത്തും മറ്റു മതസാംസ്ക്കാരിക സംഘടനകളും ഈ രംഗത്തു പ്രവർത്തിക്കുന്നു.

പുക്കൊളത്തൂരിലെ ഫീനിക്സ് ക്ലബ്ബ് 1994ലെ ഏറ്റവും നല്ല ക്ലബ്ബിനുള്ള ദേശീയ അവാർഡ് പ്രധാന മന്ത്രിയിൽ നിന്നും, ഏറ്റവും നല്ല ക്ലബ്ബിനുള്ള സംസ്ഥാന അവാർഡ് മുഖ്യമന്ത്രിയിൽ നിന്നും ഏറ്റുവാങ്ങിയത് ഏടുത്തു പറയാവുന്ന ഒരു കാര്യമാണ്.

വിരലിലെണ്ണാവുന്ന ഗ്രന്ഥാലയങ്ങൾ, വായനശാലകൾ, പ്രാദേശിക ക്ലബ്ബുകൾ എന്നിവയല്ലാതെ മറ്റു ജനകീയ സ്ഥാപനങ്ങൽ പഞ്ചായത്തിലില്ല. ഗ്രന്ഥാലയങ്ങളാകട്ടെ മിക്കതും നിർജീവമാണ്. ഗ്രന്ഥാലയങ്ങളുടെ പ്രവർത്തന മാന്ദ്യം സ്ഥാപനങ്ങളുമായുള്ള ജന സമ്പർക്കം കുറയാൻ കാരണമായിട്ടുണ്ട്.

| | പേര് | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം |
|---|---|---|---|
| 1. | നവോദയ വായനശാല& ഗ്രന്ഥശാല പുൽപ്പറ്റ | C | 2800 |
| 2. | പൊതു ജനഗ്രന്ഥാലയം തൃപ്പനച്ചി | C | 2700 |
| 3. | കൈരളി വായനശാല പാലക്കാട് | C | 2400 |
| 4. | പൊതുജന വായനശാല വളമംഗലം | C | 1800 |
| 5. | പുലരി വായനശാല ചെറുപുത്തൂർ (Non Recog) | | 1300 |
| 6. | ജനശിക്ഷണ നിലയം കാവുങ്ങപ്പാറ പാലക്കാട് | | 1200 |

ഏതെങ്കിലും മതസംഘടകളോ രാഷ്ട്രീയ സംഘടനകളോ കാലികമായി പ്രദ്ധീകരിക്കുന്ന ലഘുലേഖകളല്ലാതെ കൂട്ടായ പ്രവർത്തനത്തിനെ ഫലമായുള്ള സോവനീറുകളൊന്നുമില്ല. ഉപരിസൂചിത സംഘടനകളിൽ ചിലത് കയ്യെഴുത്തുമാസിക പ്രസിദ്ധീകരിക്കാറുണ്ടെങ്കിലും അത് ആ വിഭാഗത്തിൽ മാത്രം ഒതുങ്ങുന്നു.

കലാസമിതികളോ അംഗീകൃത നാടക കമ്പനികളോ നിലവിലില്ല. പഞ്ചായത്തിലെ ഹൈസ്ക്കൂൾ യു.പിസ്ക്കൂൾ യുവജനോത്സവങ്ങളിലും ക്ലബ്ബുവാർഷിക യോഗങ്ങളിലുമാണ് കലാപ്രതിഭകൾ മാറ്റുരയ്ക്കാറുള്ളത്. മദ്രസ്സകളുടെ വാർഷിക യോഗങ്ങളിലും നബിദിനപരിപാടികളിലും ക്ഷേത്രങ്ങളോടനുബന്ധിച്ച് ഉത്സവങ്ങളിലും, നാടൻ കലാരൂപങ്ങൾക്ക് പ്രത്യേക പരിഗണന ലഭിക്കുന്നു. ദഫ്മുട്ട്, കോൽക്കളി, തിരുവാതിരക്കളി, ചവിട്ടുകളി, പൂരംകളം, ചെറുമക്കളി, പടകളി തുടങ്ങിയവ ഇതിൽ പ്രധാനമാണ്. കാളപൂട്ടുമത്സരം പഞ്ചായത്തിലെ ഒരു ജനകീയ വിനോദമാണ്.

ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കൾ ചിലസ്ഥലങ്ങളിൽ നിർമ്മിക്കുന്നു. ഇലക്ട്രോണിക്സുമായി ബന്ധിപ്പിച്ച് ചിരട്ടയെ ആധുനിക ജീവിതമേഖലയിലേക്കെത്തിച്ച ഒരു ശാസ്ത്രശാഖയും പഞ്ചായത്തിൽ വളർത്തിയെടുത്തിട്ടുണ്ട്. ശ്രീ എസ്.സുപ്രസാദ് ചന്ദ്രപിള്ള എന്ന അധ്യാപകനാണ് ഇതിന്റെ ഉപജ്ഞാതാവ്.

മത രാഷ്ട്രീയ സംഘടനകളുടെ വനിതാ വിഭാഗങ്ങൾ പ്രവർത്തിച്ചിതങ്ങന്റെ ഫലമായി സ്ത്രീകളെ പൊതു രംഗവുമായി ബന്ധപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിൽ പൊതു റേഡിയോ ഇല്ല. പഞ്ചായത്ത് ആഫീസ്, ആലുങ്ങപറമ്പ് കോളനി, കണ്ണിപറമ്പ് കോളനി എന്നിവിടങ്ങളിൽ ഓരോ സെറ്റ് ടെലിവിഷൻ സ്ഥാപിച്ചിട്ടുണ്ട്. വീടുകളിൽ ടെലിവിഷൻ വ്യാപകമായിക്കൊണ്ടിരിക്കുന്നു. ഏകദേശം നാലുശതമാനം വീടുകളിൽ മാതമെ ടെലിവിഷൻ സ്ഥാപിച്ചിട്ടുള്ളൂവെങ്കിലും അതിന്റെ സ്വാധീനം പതിനഞ്ചുശതമാനം ജനങ്ങളിലെങ്കിലുമുണ്ട്. ടി.വി പരിപാടികളിൽ സനാതന മൂല്യങ്ങൾ മറികടക്കുന്നതും കായിക മത്സരങ്ങളും മാത്രമാണ് ജനങ്ങളെ സ്വാധീനിച്ചു കഴിഞ്ഞത്. അവ വിദ്യാഭ്യാസ നിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ടുതാനും. കുട്ടികൾക്ക് ടി.വി പരിപാടികൾ കാണാവുന്ന സമയം അവരെ സാംസ്ക്കാരിക മൂല്യങ്ങളുമായി ബന്ധപ്പെടുത്തു

ന്നതാക്കാൻ ഗ്രാമസഭകളിൽ നിന്നും ശക്തമായ ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിൽ സിനിമാശാലയില്ല. ആരോഗ്യവകുപ്പും മറ്റും സഹകരിച്ച് വിദ്യാലയങ്ങളിൽ ഇടയ്ക്കിടെ ഫിലിം പ്രദർശനം നടത്താറുണ്ട്.

കായികരംഗം വളരെയധികം പോഷിപ്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആൾക്കൂട്ടങ്ങളിലെ ആവശ്യപ്രകാരം താൽക്കാലികമായി സംഘടിക്കുകയും സീസൺ കഴിഞ്ഞാൽ പിരിച്ചുവിടുകയും ചെയ്യുന്ന സമിതികൾ മാത്രമേയുള്ളൂ. ഒരു ഏകീകൃത രൂപം ഈ രംഗത്തുണ്ടായിട്ടില്ല. ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൻ, ക്രിക്കറ്റ് എന്നിവയ്ക്ക് എല്ലാ വാർഡുകളിലും ടീമുകളുണ്ട്. പരിസര പ്രദേശങ്ങളിൽ മാറ്റുരയ്ക്കാറുണ്ട്. ക്ലബ്ബുകളിലെ കളിക്കാർക്ക് ജില്ലാ സംസ്ഥാന ഫുട്ബോൾ കേമ്പുകളിലേയ്ക്ക് സെലക്ഷൻ ലഭിച്ചിട്ടുണ്ടെന്നത് നേട്ടം തന്നെയാണ്. പരിശീലനസംവിധാനം തീരെ കുറവാണ്.

പഞ്ചായത്തിൽ രണ്ട് ഫുട്ബോൾ ഗ്രൗണ്ടുകൾ ഉണ്ട്. യാത്രാസൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഒന്ന് ഉപയോഗപ്രദമല്ല. വിദ്യാലയങ്ങളിലും കളിസ്ഥലങ്ങൾ അപര്യാപ്തമാണ്. കളി കരാട്ടെ എന്നി താല്പര്യമുള്ള ചെറുപ്പക്കാർ അഭ്യസിച്ചു വരുന്നു. ജിംനേഷ്യം ഇല്ല.

അശ്ലീല സിനിമകളും അനുബന്ധ പ്രസിദ്ധീകരണങ്ങളും യുവാക്കളിൽ ദുസ്വാധീനം ചെലുത്തിയിട്ടുണ്ട്. ലൈംഗിക അരാജകത്വവും ലഹരി ഉപയോഗവും വ്യാപകമാകുന്നതിനെതിരെ അധികൃതരുടെ സത്വര ശ്രദ്ധ പതിയേണ്ടതുണ്ട്. രാത്രികാലങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന പൊതുസ്ഥാപനങ്ങൾ അനാശാസ്യ പ്രവർത്തനങ്ങൾക്കുപയുക്തമാക്കുന്ന സ്ഥിതി നേരിയതോതിലെങ്കിലും ഉള്ളതിനാൽ പോലീസിന്റെ ശ്രദ്ധ പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ ലഭ്യമാക്കേണ്ടതുണ്ട്.

വിദ്യാലയങ്ങളിലെ പി.ടി.എ കളും സന്നദ്ധ സംഘടനകളും ജനപ്രതിനിധികളും ഒത്തൊരുമിച്ചു ശ്രമിച്ചാൽ ആശാവഹമായ മാറ്റം പ്രതീക്ഷിക്കാവുന്നതാണ്.

സാക്ഷരതാരംഗത്ത് പഞ്ചായത്ത് മുന്നിട്ടു നിൽക്കുന്നു. ജനങ്ങളിൽ ഭൂരിഭാഗവും വായനാശീലം ഉള്ളവരുമാണ്. കേരളത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന മിക്ക ദിനപത്രങ്ങളും പഞ്ചായത്തിൽ ഉണ്ട്. ദ ഹിന്ദു, ഇന്ത്യൻ എക്സപ്രസ് തുടങ്ങിയ ഇംഗ്ലീഷ് പത്രങ്ങൾക്കും ധാരാളം വരിക്കാരുണ്ട് എന്നതു ശ്രദ്ധേയമാണ്. നിലവാരം കുറഞ്ഞ പത്രമാസികകളും സിനിമാ പ്രസിദ്ധീകരണങ്ങളും വളരെയേറെ വായിക്കപ്പെടുന്നുണ്ട്. ഉന്നത നിലവാരം പുലർത്തുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് കുറേയേറെ വായനക്കാരുണ്ട് എന്നതു ശുഭോദർക്കമാണ്. കൂടാതെ മത രംഗത്ത് അറിയപ്പെടുന്ന ഒട്ടനവധി പ്രസിദ്ധീകരണങ്ങൾ ഇവിടെ വായിക്കപ്പെടുന്നു.

'മാതൃഭൂമി'യിൽ സ്ഥിരമായി 'ഗ്രാമീണൻ' എന്ന പേരിൽ എഴുതിക്കൊണ്ടിരിന്ന അന്തരിച്ച തേലപ്പുറത്ത് നാരായണൻ നമ്പീശൻ, ആനുകാലികങ്ങളിൽ എഴുതിക്കൊണ്ടിരുന്ന സി. അബ്ദുൽ ജബ്ബാർ തുടങ്ങിയ എഴുത്തുകാരും ഈ പഞ്ചായത്തിന്റെ സംഭാവനയാണ്. നവോത്ഥാന രംഗത്ത് പ്രവർത്തിച്ചിരുന്ന കെ. കെ. ഗോവിന്ദൻ മാസ്റ്റർ, താഴെ പറമ്പൻ മുഹമ്മദ് മുസ്ല്യാർ, അംശം മേനേലൻ കൂടിയായിരുന്ന വി. ഉണ്ണിമുഹമ്മദ്, സി.പി.കുഞ്ഞി മൊയ്തീൻ മൗലവി തുടങ്ങിയ വ്യക്തിത്വങ്ങൾ സ്മരിക്കപ്പെടേണ്ടവരാണ്.

സ്ത്രീകൾ വിദ്യാഭ്യാസസാമൂഹിക രംഗത്ത് ഏറെ മുൻപന്തിയിൽ എത്തിച്ചേർന്നു എന്നു പറഞ്ഞുകൂടെങ്കിലും ഒറ്റപ്പെട്ട വനിതാ പ്രവർത്തകർ പ്രശസ്തമായ സേവനം നടത്തുന്നുണ്ട്.

എന്നാൽ ഒരു ചെറിയ വിഭാഗമെങ്കിലും സ്ത്രീ സമൂഹത്തോട് മാന്യത പുലർത്താത്തവരും ഉണ്ട്. ഒരു മത വിഭാഗവും ഇതിൽ നിന്നും മുക്തമല്ല. സ്ത്രീധനം വിവാഹത്തിന്റെ ആത്യന്തിക ലക്ഷ്യമായി കാണുന്നവരുണ്ട്. ഈ സമീപനം കാരണം എത്രയോ വനിതകൾ സ്ഥിരവൈധവ്യം അനുഭവിക്കുന്നവരോ അവിവാഹിതരോ ആണ്. മാനസിക രോഗത്തിനും ആത്മാഹത്യക്കുപോലും ഈ സാമൂഹ്യദുരാചാരം പ്രേരകമാകുന്നുണ്ട്. വിവാഹരംഗത്തെ ധൂർത്താണ് ഈ രംഗത്തെ മറ്റൊരു പ്രശ്നം. ഒരുമതവും ഇത്തരം കാര്യങ്ങൾ അംഗീകരിക്കുന്നില്ലെങ്കിലും എല്ലാമത വിഭാഗവും ഇതൊക്കെ നടപ്പിൽ വരുത്തുന്നു. സ്ത്രീധനം നിയമവിരുദ്ധമാണെന്നത് അടിവരയിടുന്നു. ഇതിനെതിരെ ബോധവൽക്കരണം അവശ്യം ആവശ്യമാണ്.

## പ്രശ്നങ്ങൾ

1. ഗ്രന്ഥാലയങ്ങൾ, വായനശാലകൾ എന്നിവ വേണ്ടത്രയില്ല ഉള്ളവ ജനസമ്പർക്കം ഇല്ലാത്തവയാണ്.
2. വായനയിൽ മുൻപന്തിയിൽ നിൽക്കുന്നത് നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളാണ്. വിജ്ഞാന രംഗം ശുഷ്കമാകുന്നു.
3. ഇലക്ട്രോണിക് മാധ്യമങ്ങ (ഢഢ)ളുടെ മോശമായ നിലവാരം കാരണം മൂല്യങ്ങൾ തകരുന്നു. വിദ്യാഭ്യാസ രംഗത്തെ തളർത്തുന്നു.
4. വീഡിയോ കാസറ്റുകളുടെ പ്രചാരണം അശ്ലീലതയ്ക്കു പ്രചാരം നൽകി.
5. അസാൻമാർഗ്ഗികത വ്യാപകമാകുന്നു ലഹരി ഉപയോഗം കൂടുന്നു.
6. വിവാഹത്തിലെ ധൂർത്തും സ്ത്രീധനവും പെരുകി വരുന്നു.
7. കലാകായിക സമിതികളുടെ പ്രവർത്തനം അപര്യാപ്തമാണ്.
8. തനതുകലകൾ നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.
9. സമൂഹത്തിൽ സ്ത്രീ അവഗണിക്കപ്പെടുന്നു. എല്ലാരംഗത്തും പ്രതിനിധ്യം കുറവാണ്.
10. പൊതു സ്വാഭാവമുള്ള പ്രസിദ്ധീകരണങ്ങളില്ല.
11. കരകൗശല രംഗം സാമ്പത്തിക പരാധീനത അനുഭവിക്കുന്നു.
12. ആരോഗ്യ വിദ്യാഭ്യാസരംഗത്ത് ബോധവൽക്കരണം കുറവാണ്.

## സാധ്യതകൾ

1. ഗ്രന്ഥാലയങ്ങളും വായനശാലകളും ജനകീയമാക്കി മാറ്റാൻ വ്യാപകമായ പ്രചരണവും കൂട്ടായ ശ്രമമും നടത്തുക. പുസ്തകങ്ങൾ ശേഖരിക്കുകയും സ്ഥിരമായി പ്രവർത്തിക്കാൻ സമയനിഷ്ഠ ഉറപ്പുവരുത്തുകയും ചെയ്യുക.
2. നിലവാരം കൂടിയ പ്രസിദ്ധീകരണങ്ങൾ വായനശാലകളിലൂടെ പൊതു ജനങ്ങൾക്ക് ഉപയോഗിക്കാവുന്ന തരത്തിൽ സ്ഥിരം സംവിധാനങ്ങൾ ഉണ്ടാക്കണം. എല്ലാവിഭാഗം പ്രസിദ്ധീകരണങ്ങളും ദിനപത്രങ്ങളും സാമ്പത്തിക ബാധ്യതകൂടാതെ പൊതുജനങ്ങൾക്ക് വായിക്കാൻ സംവിധാനം ഏർപ്പെടുത്തുക.
3. [illegible]ണിക് മാ[illegible]്യമങ്ങൾ രചനാത്മകമായി ഉപയോ[illegible]പ്പെടു[illegible]ന്നു എന്ന് ഉറപ്പുവരുത്താൻ സെൻസർ [illegible]തമാക്കുക, വിദ്യാർത്ഥികളുടെ പഠന സമ[illegible] കഴിഞ്ഞതിനു ശേഷം മാത്രം സീരിയലുക[illegible]ക്ക് അനുമതി നൽകുക തുടങ്ങിയ നിയന്ത്രണ[illegible]ങ്ങൾ ഏർപ്പെടുത്താവുന്നതാണ്.
4. വിദ്യാഭ്യാസ മൂല്യമുള്ള ഡോക്യുമെന്ററി കാസറ്റുകൾ പ്രസിദ്ധീകരിക്കുകയും വീഡിയോ കടകൾക്ക് നിയന്ത്രണമേർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
5. രാത്രികാലങ്ങളിൽ അങ്ങാടിക[illegible] കേന്ദ്രീകരിച്ചെങ്കിലും പോലീസ് പട്രോൾ ഏർപ്പെടുത്തുന്നത് അനിയന്ത്രിതമായ അസാൻ മാർഗ്ഗികതയ്ക്ക് കടിഞ്ഞാണിടാൻ പര്യാപ്തമാകും.
6. ലളിതമായ സമൂഹവിവാഹ സംരംഭങ്ങൾ ഏർപ്പെടുത്തി ധൂർത്തും പൊങ്ങച്ചവും നിരുത്സാഹപ്പെടുത്തണം. സ്ത്രീധനം നിയമവിരുദ്ധമായതിനാൽ അതുമായി ബന്ധമുള്ളവർ ശിക്ഷിക്കപ്പെടാൻ സാഹചര്യം സൃഷ്ടിക്കുക. കൂടാതെ സ്ത്രീധനത്തിനെതിരെ ബോധവത്ക്കരണം നടത്തുക. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ സ്ത്രീധനത്തിനെതിരെ പ്രതിജ്ഞയെടുക്കാൻ യുവാക്കളെ പ്രേരിപ്പിക്കുക.
7. കലാസമിതികൾ രൂപീകരിക്കുകയും കലകളെ പ്രോത്സാഹിപ്പിക്കാൻ വേണ്ട സൗകര്യങ്ങളും അവസരങ്ങളും ഒരുക്കുക. പ്രോത്സാഹനമായി അവാർഡുകളും മറ്റും ഏർപ്പെടുത്തുക. നശിച്ചുപോകുന്ന നാടൻ കലകൾ അഭ്യസിക്കാൻ സൗകര്യമേർപ്പെടുത്തുകയും അവയ്ക്ക് വേദിയൊരുക്കുകയും ചെയ്യുക.
8. സ്ത്രീകൾക്ക് സാമൂഹ്യഘടനയിൽ അർഹമായ പ്രതിനിധ്യത്തിനു വേണ്ടി ആവശ്യമെങ്കിൽ സംവരണം ഏർപ്പെടുത്തുക.
9. എല്ലാ മേഖലകളുടെയും സഹകരണത്തോടെ വർഷംതോറും പഞ്ചായത്തു മേളകൾ സംഘടിപ്പിക്കുക. പൊതു സ്ഥാപനങ്ങൾ കേന്ദ്രീക

രിച്ച് സുവനീർ പ്രസിദ്ധീകരിക്കുക.

10. കരകൗശല മേഖലയ്ക്ക് വായ്പകൾ ലഭ്യമാക്കാൻ ആവശ്യമായ സഹായം ചെയ്യുക, ഉൽപന്നങ്ങൾക്ക് വിപണികണ്ടെത്തുക തുടങ്ങിയ കാര്യങ്ങൾക്ക് പഞ്ചായത്ത് മുൻകയ്യെടുക്കുക.

11. പഞ്ചായത്തിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുകയും ജനങ്ങൾക്ക് ബന്ധപ്പെടാൻ അവസരം ഒരുക്കുകയും ചെയ്യുക. പഞ്ചായത്തിന് ഒരു ഫിലിം പ്രൊജക്ടർ സ്വന്തമായുണ്ടാവുകയാണെങ്കിൽ ബോധവത്ക്കരണത്തിനാവശ്യമായ ഡോക്യുമെന്ററികളും ആരോഗ്യ വിദ്യാഭ്യാസ ഫിലിമുകളും ജനങ്ങളിലേക്കെത്തിക്കാൻ സാധിക്കും.

# വനിത

നാടെങ്ങും വനിതകൾ സാമൂഹ്യ രാഷ്ട്രീയ, സാംസ്കാരിക രംഗത്ത് സജീവമായി മുന്നേറുമ്പോൾ ഇതൊന്നുമറിയാതെ സ്വന്തം വീടുകളിൽ ഒതുങ്ങി കൂടുകയാണ് പുൽപറ്റ പഞ്ചായത്തിലെ ഭൂരിഭാഗം സ്ത്രീകളും. സാമൂഹ്യ പ്രവർത്തന മേഖലകളിൽ പഴയ കാലങ്ങളിൽ സ്ത്രീ പങ്കാളിത്തം തീരെ ഇല്ലായിരുന്നു. എഴുതാനും വായിക്കാനും അറിവ് ഇവർക്ക് ആദ്യകാലങ്ങളിൽ ലഭിച്ചിരുന്നില്ല. പണ്ടു കാലങ്ങളിൽ ഒരു വിഭാഗം സ്ത്രീകൾക്ക് മാറ് മറക്കാനുള്ള അവകാശം പോലും ഇല്ലായിരുന്നു. ടിപ്പുസുൽത്താന്റെ പടയോട്ടത്തിന് ശേഷമാണ് സ്ത്രീകൾക്ക് ഈ അവകാശം ലഭിച്ചു തുടങ്ങിയത്.

1991–ലെ സെൻസസ് പ്രകാരം പുൽപ്പറ്റ പഞ്ചായത്തിലെ സ്ത്രീ ജനസംഖ്യ 14630 ആണ്. ഇത് പുരുഷ ജനസംഖ്യയേക്കാൾ കൂടുതലാണ്. പട്ടികജാതി വിഭാഗത്തിലും സ്ത്രീകൾ ആണ് കൂടുതൽ.

വിദ്യാഭ്യാസത്തിന്റെ അഭാവം മൂലം സ്ത്രീകളിൽ സാമൂഹ്യബോധം തുലോം കുറവായിരുന്നു. അതു കൊണ്ട് തന്നെ സ്ത്രീകൾ അടുക്കള ജോലിയിൽ ഒതുങ്ങി കൂടി. എന്നാൽ മത,സാമൂഹ്യ, രാഷ്ട്രീയ സംഘടനകൾ ചെലുത്തിയ സ്വാധീനം മൂലം ഈ നിലയിൽ മാറ്റം വരുകയും വിദ്യാഭ്യാസ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കൂടുകയും പല തൊഴിൽ മേഖലകളിലും അവർ എത്തിപ്പെടുകയും ചെയ്തു.

സാക്ഷരതയുടെ കാര്യത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷൻമാരേക്കാൾ കുറവാണ്. പഞ്ചായത്തിലെ എൽ.പി.വിദ്യാലയങ്ങളിൽ ആൺകുട്ടികളാണ് പെൺകുട്ടികളേക്കാൾ കൂടുതൽ. എന്നാൽ ഹൈസ്കൂൾ തലത്തിൽ പെൺകുട്ടികളാണ് കൂടുതൽ. ബിരുദ ബിരുദാനന്തര രംഗങ്ങളിൽ ഏകദേശം ഇവർ തുല്യമാണ്. പുൽപ്പറ്റ പഞ്ചായത്തിലെ ഏക ഹൈസ്കൂൾ 1976ൽ ആരംഭിച്ചപ്പോൾ മൊത്തം 38 പെൺകുട്ടികൾ മാത്രമായിരുന്നു ഉണ്ടായിരുന്നതെങ്കിൽ ഇന്ന് അത് 972 ആയിമാറിയിരിക്കുന്നു. അതിൽ 424 മുസ്ലിം പെൺകുട്ടികളും 96 പട്ടികജാതി പെൺകുട്ടികളും ഉൾപ്പെടുന്നു.

വിദ്യാഭ്യാസരംഗത്ത് ഇത്രയധികം മുന്നേറ്റമുണ്ടായിട്ടും വരുമാനമുണ്ടാകുന്ന ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ എണ്ണം താരതമ്യേന വളരെ കുറവാണ്. തൊഴിൽ മേഖലകളിലെ സ്ത്രീ പങ്കാളിത്തം സൂചിപ്പിക്കുന്ന 1991ലെ സെൻസസ് പട്ടിക താഴെ കൊടുക്കുന്നു.

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷൻമാരുടെ എണ്ണം |
|---|---|---|
| കൃഷിക്കാർ | 37 | 787 |
| കർഷക തൊഴിലാളികൾ | 408 | 1941 |
| ഗതാഗതം,വാർത്താ വിനിമയം | 2 | 233 |
| നിർമ്മാണ തൊഴിലാളികൾ | 10 | 198 |
| കച്ചവടക്കാർ | 9 | 493 |
| കുടിൽ വ്യവസായം | 9 | 71 |
| മറ്റു തൊഴിലാളികൾ | 35 | 229 |

തൊഴിൽ മേഖലകളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണെന്ന് മുകളിൽ കാണിച്ച പട്ടിക

വ്യക്തമാക്കുന്നു. കാർഷിക മേഖലകളിൽ ആയിരുന്നു സ്ത്രീ തൊഴിലാളികൾ കൂടുതലെങ്കിലും ഇപ്പോൾ നിർമ്മാണ മേഖലയിലും തൊഴിലാളികൾ വർദ്ധിച്ചു വരുന്നുണ്ട്. സ്ത്രീകളെ ശക്തിപ്പെടുത്താതെ സമൂഹത്തിന്റെ പുരോഗതി സാധ്യമല്ല എന്നുള്ള ഒരു ഘട്ടത്തിൽ ഇപ്പോൾ എത്തിയിരിക്കുന്നു. ചെറുകിട വ്യവസായങ്ങൾ, മൃഗപരിപാലനം, അടുക്കളത്തോട്ടം, സ്വയം തൊഴിൽ സംരംഭങ്ങൾ ഗതാഗത വാർത്താ വിനിമയം എന്നിവയിൽ സ്ത്രീകളെ പങ്കാളികളാക്കാനുള്ള തീവ്ര യത്ന പരിപാടി നടപ്പിലാക്കേണ്ടതാണ്. തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിൽ ഒരു പ്രധാന പ്രശ്നമായതു പോലെത്തന്നെയാണ് തൊഴിൽ മേഖലയിലെ കൂലി നിരക്കിലുള്ള വ്യത്യാസവും. നിലവിലുള്ള കൂലി നിരക്കുകൾ യഥാക്രമം താഴെ കൊടുക്കുന്നു.

| തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷൻമാർ |
|---|---|---|
| കർഷക തൊഴിലാളി | 60-70 | 100 |
| നിർമ്മാണ തൊഴിലാളി | 75 | 110-120 |

പഞ്ചായത്തിൽ ആകെ 22 അംഗനവാടികൾ ഉണ്ട്. അംങ്കനവാടികൾ എല്ലാം ഒരു വിധം നല്ല നിലയിൽ പ്രവർത്തക്കുന്നുണ്ടെങ്കിലും പഠന വിനോദോപാധികളുടെ അപര്യാപ്തത എങ്ങും ദൃശ്യമാണ്. അംങ്കനവാടികളിൽ നിന്നു കിട്ടിയ വിവരമനുസരിച്ച് 258 ഗർഭിണികളും 250 മുലയൂട്ടുന്ന അമ്മമാരും ഉണ്ട്.

പഞ്ചയത്തൽ നിതകൾ മാത്രണ നടതത്തുന്ന തൊഴിൽ സംരംഭങ്ങൾ വളരെ കുറവാണ്. ആരകയുള്ള പുൽപ്പറ്റ 4-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഒരു നൂൽനൂൽപ്പു കേന്ദ്രവും തോട്ടെക്കാട് 5-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കൊപ്രസംഭരണ യൂണിറ്റും തൃപ്പനച്ചി 8-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ചെരുപ്പു നിർമ്മാണ യൂണിറ്റും മാതത്രമാണ്. ഇവ തന്നെ നിർജ്ജീവമായിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. ആവശ്യമായ അസംസ്കൃത വസ്തുക്കൾ യഥാസമയം ലഭിക്കാത്തതും തൊഴിലാളികൾക്കുള്ള വേതനം തുഛമായതു കൊണ്ട് അവർക്ക് ഈ ജോലിയോടുള്ള പൈരസ്യവും നൂൽനൂൽപ്പു കേന്ദ്രത്തിന്റെ തകർച്ചക്ക് കാരണമാകുന്നു. അതോടൊപ്പം ആവശ്യമായ റിപണി കണ്ടെത്തുവാനുള്ള പ്രയാസവും ശക്തമായ മേതൃത്വത്തിന്റെ അഭാവവും സമൂഹത്തിന്റെ അവഗണനാമനോഭാവവും തൃപ്പനച്ചിയിലെ ചെരുപ്പു യൂണിറ്റിന്റെ തകർച്ചക്ക് കാരണമാവുന്നു.

സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ പഞ്ചായത്തിൽ താരതമ്യേന കുറവാണെന്നു പറയാം. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ പതിക്കുന്നത് വളരെ വിരളമാണ്.

സാമൂഹ്യ രംഗത്ത് വളരെ പിന്നിലായ സത്രീകളെ മുന്നോട്ടു കൊണ്ടു വന്നാൽ മാത്രമേ തൊഴിൽ മേഖലയിലും പൊതുരംഗത്തും ഇവരെ കൂടുതൽ പങ്കാളികളാക്കാൻ സാധിക്കുകയുള്ളു. ബഹുജന സംഘടനകളിലെ നേതൃത്വസ്ഥാനത്ത് വനിതകളുടെ എണ്ണം പരിമിതമാണെങ്കിലും സാക്ഷരതാ രംഗത്തും സി.ബി.എൻ.പി. രംഗത്തും വനിതകൾ സജീവമാണ്.

പൊതുവെയുള്ള പുരുഷമേധാവിത്വവും ആവശ്യമായ ബോധവൽക്കരണത്തിന്റെ അപര്യാപ്തതയും വിദ്യാഭ്യാസമില്ലായ്മയും സാമൂഹ്യമായ വിലക്കുകളുമാണ് വനിതകൾ പൊതുരംഗത്തേക്ക് വരാതിരിക്കാനുള്ള ചില കാരണങ്ങൾ.

**സ്ത്രീകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രധാന പ്രശ്നങ്ങൾ:-**

1. തൊഴിലില്ലായ്മ
2. തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള വിവിധ തരത്തിലുള്ള വിവേചനങ്ങൾ
3. പൊതുരംഗത്ത് പൊതുവേയുള്ള അദൃശ്യത
4. സ്ത്രീധന സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.
5. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ.
6. പൊതുരംഗത്തു പ്രവർത്തിക്കുന്നതിനെതിരേയുള്ള സാമൂഹ്യവിലക്കുകൾ.
7. ജോലിയെടുക്കുന്ന സ്ത്രീകൾക്ക് അവരുടെ കുഞ്ഞുങ്ങളെ ഏൽപ്പിക്കാൻ ആവശ്യമായ സംരക്ഷണ കേന്ദ്രത്തിന്റെ അഭാവം.
8. കഴിവുകൾക്ക് അർഹമായ അംഗീകാരമില്ലായ്മ.
9. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിതമായ ശ്രമങ്ങളുടെ അഭാവം.
10. DWCRA യൂണിറ്റുകളുടെ പ്രവർത്തനത്തിൽ നേതൃത്വത്തിന്റെ അഭാവം.

11. വനിതകൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യമില്ലായ്മ.

12. സ്ത്രീകളുടെ നേതൃത്വ ഗുണം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ അഭാവം.

## സാധ്യതകൾ

1. വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും പരമ്പരാഗത വ്യവസായങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിശീലനവും മുൻഗണനയും നൽകുക വഴി ഒരു പരിധി വരെ സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കും.

2. തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള വിവിധ തരത്തിലുള്ള വിവേചനങ്ങൾ ഒഴിവാക്കാൻ സ്ത്രീകൾ സംഘടിതമായി മുന്നോട്ടു വരേണ്ടതുണ്ട്. ജനസംഖ്യാനുപാതികമായി ജോലികളിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തുക

3. പൊതുരംഗത്ത് പ്രവർത്തിക്കാനുള്ള അവസരങ്ങളും സാഹചര്യങ്ങളും ഒരുക്കി കൊടുക്കുകയാണെങ്കിൽ ഈ രംഗത്ത് പൊതുവേയുള്ള സ്ത്രീകളുടെ അദൃശ്യത ഒഴിവാക്കാൻ സാധിക്കും.

4. സ്ത്രീധന പീഢനങ്ങൾക്കെതിരേയും വനിതകൾക്കു നേരെയുള്ള അക്രമണങ്ങൾക്കെതിരെയും കർശനമായ നിയന്ത്രണങ്ങളും ആവശ്യമായ നിയമങ്ങളും കൊണ്ടുവരികയാണെങ്കിൽ സ്ത്രീ പീഢനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിക്കും.

5. സ്ത്രീകൾ ജോലിയെടുക്കുന്ന സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും സ്ത്രീകൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

6. സാമൂഹ്യപരമായ വിലക്കുകൾക്കെതിരെ മതിയായ ബോധവൽക്കരണം നടത്തുകയാണെങ്കിൽ കൂടുതൽ സ്ത്രീകളെ പൊതുരംഗത്തേക്ക് ഉയർത്തിക്കൊണ്ടു വരുവാൻ സാധിക്കും.

7. ജോലിയെടുക്കുന്ന സ്ത്രീകൾക്ക് അവരുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കാനുള്ള ക്രഷു പോലെയുള്ള ശിശുമന്ദിരങ്ങൾ പഞ്ചായത്തിന്റെ കീഴിൽ സ്ഥാപിക്കേണ്ടത് ആത്യാവശ്യമാണ്.

8. സ്ത്രീകളുടെ കഴിവുകൾക്ക് അർഹമായ അംഗീകാരം നൽകുന്നതിനും എല്ലാമേഖലകളിലും വേണ്ടത്ര സ്ത്രീ പ്രാധിനിധ്യം ഉറപ്പു വരുത്തുന്നതിനും രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക സംഘടനകൾ സജീവമായി രംഗത്തു വരേണ്ടതാണ്.

9. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിന് വേണ്ട സാമ്പത്തിക സഹായവും ഉപദേശ നിർദ്ദേശങ്ങളും നൽകുക.

10. സ്ത്രീകളുടെ സംഘടനക്ക് ആവശ്യമായ സഹായ സഹകരണങ്ങളും അവർക്കിടയിൽ ബോധവൽക്കരണത്തിനുള്ള കർമ്മ പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണെങ്കിൽ സ്ത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കുവാൻ സാധിക്കും.

# സഹകരണം

1904ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നത്. പുല്പറ്റ ഗ്രാമപഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ പുല്പറ്റയിൽ ആരംഭിച്ചു "വിവിധോദ്ദേശ ഐക്യ നാണയസംഘ"മാണ് ഇന്നു നിലവിലുള്ള പുല്പറ്റ കോപ്പറേറ്റീവ് ബാങ്കായി മാറിയത്. തൃപ്പനച്ചി, മുത്തന്നൂർ, പാലക്കാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ചു "മുത്തനൂർ വിവിധോദ്ദേശ ഐക്യനാണയ സംഘം" എന്ന പേരിൽ ഒരു സ്ഥാപനം ഉണ്ടായിരുന്നു. ഈ സ്ഥാപനം 1962 – 63 കാലഘട്ടങ്ങളിൽ ലിക്വിഡേറ്റ് ചെയ്തു. അതിന്നു ശേഷം 1982ൽ പുല്പറ്റ'പട്ടികജാതി സർവ്വീസ് സഹകരണ സംഘം' നിലവിൽ വന്നു. സഹകരണ മേഖലയിൽ ഈരണ്ടു സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിലനില്ക്കുന്നു.

പുല്പറ്റ പഞ്ചായത്തിൽ സർവ്വീസ് സഹകരണ ബേങ്ക് സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. പട്ടികജാതി വിഭാഗത്തിന്നുള്ള പുല്പറ്റ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആ മേഖലയിലുംനന്നായി പ്രവർത്തിക്കുന്നു.

സ്കൂൾ തലത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ വിദ്യാർഥികൾക്കാവശ്യമായ പാഠപുസ്തകങ്ങൾ നോട്ടുപുസ്തകങ്ങൾ സ്റ്റേഷനറി സാധനങ്ങൾ തുടങ്ങിയവ വിതരണം നടത്തിവരുന്നു.

ഈ പഞ്ചായത്തിലെ ഏക ക്ഷീര വികസന സഹകരണ സൊസൈറ്റി തൃപ്പനച്ചിയിൽ 1992മുതൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ 1, 8, 9,, 10, 11, 12 എന്നീ വാർഡുകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തനം നടത്തുന്നത്.

ദിവസംതോറും ഏകദേശം 80 ലിറ്ററോളം പാൽ ഈ

| | സ്ഥാപനത്തിന്റെ പേർ | സ്ഥാപിതവർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേണോവർ | ലാഭത്തിലാണോ നഷ്ടത്തിലാണോ |
|---|---|---|---|---|---|---|---|
| 1 | പുല്പറ്റ സർവീസ് സഹകരണ ബേങ്ക് | 1951 | 3209 | 5 | 32099/- | 1117408/ | ലാഭം |
| 2 | പുല്പറ്റ പട്ടികജാതി സർവ്വീസ് സഹകരണ സംഘം | 1983 | 504 | 1 | 5040/- | 76090/– | ലാഭം |

## നോൺക്രെഡിറ്റ്

തൃപ്പനച്ചി ക്ഷീരോല്പാദക സഹകരണ സംഘം തോട്ടെക്കാട് എ.യു.പി സ്കൂൾ സഹകരണ സൊസൈറ്റി തൃപ്പനച്ചി എ.യു.പി.സ്കൂൾ സഹകരണ സൊസൈറ്റി എന്നീ സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

മേൽപറഞ്ഞ പട്ടികയിൽ കാർഷിക മേഖലയിൽ

കേന്ദ്രത്തിൽ സംഭരിക്കുന്നു. 10 ലിറ്ററോളം പാൽ വിതരണം ചെയ്യുന്നു. 70 ലിറ്ററോളം പാൽ മിൽമയുടെ ഡയറിയിലേക്കു അയക്കുന്നു. ഈ ക്ഷീര വികസ സഹകരണ സംഘത്തിന്റെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിന്നു ഈ കേന്ദ്രത്തിന്റെ പരിധിയിൽ പെടാത്ത വാർഡുകൾ ഉൾക്കൊള്ളിച്ചുകൊണ്ടു ഒന്നോ രണ്ടോ സംഘങ്ങൾ കൂടി രൂപീകരിക്കണമെന്നു ഗ്രാമസഭയിൽ നിർദ്ദേശം വന്നിട്ടുണ്ട്.

പഞ്ചായത്തിൻെറ കാർഷിക വികസന രംഗത്ത് നിലവിലുള്ള സഹകരണ ബാങ്കുകാക്കുപുറമെ എം. ഡി. ബേങ്കിൻെറയോ മഞ്ചേരി കോപ്പറേറ്റീവ് ബാങ്കിൻേറയോ ഏറനാട് താലൂക്ക് കാർഷിക വികസന ബാങ്കിൻേറയോ ശാഖകാ തൃപ്പനച്ചി, ഒളമതിൽ, പാലക്കാട് കാരാപറമ്പ്എന്നീ സ്ഥലങ്ങളിൽ ഒന്നോ രണ്ടോ കേന്ദ്രങ്ങളിൽ കൂടി വന്നാൽ കർഷകർക്കു കൂടുതൽ വായ്പാസൗകര്യങ്ങാക്കു ഉപയുക്ത മാകും.

1990ൽ രൂപം കൊണ്ട സെറി കാാച്ചറൽ സൊസൈറ്റി കാരാപറ്റ് ആ സ്ഥാനമായി പ്രവർത്തിച്ചു എങ്കിലും വേണ്ടത്ര പ്രോത്സാഹനം ഈ രംഗത്ത് ലഭിക്കാതിരുന്നതുകൊണ്ട്ഈ സംഘത്തിൻെറ പ്രവർത്തനം ഇപ്പോാ ഈ പഞ്ചായത്തിൽ നിലച്ച മട്ടാണ്.

ഒളമതിൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന പുല്പറ്റ കൺസ്യൂമർ സ്റ്റോർ കഴിഞ്ഞവർഷം മുതൽ ലികിഡേഷനിലാണ്.

## പ്രശ്നങ്ങാ

1. പുതിയ പ്രവർത്തന മേഖലകളിലേക്കു കടന്നു ചെല്ലാനുള്ള നിലവിലുള്ള സ്ഥാപനങ്ങളുടെ ധൈര്യക്കുറവ്.
2. കാർഷിക ലോണുകളുടെ പരിധിനിർണ്ണയം
3. ലോണുകാ കിട്ടാനുള്ള കാലതാമസം
4. അമിതമായ പലിശ
5. ബോധവൽകരണത്തിൻെറ കുറവ്

## നിർദ്ദേശങ്ങാ

1. പുതിയ സഹകരണ സംഘങ്ങാ രൂപീകരിക്കുക

2. കാർഷികരംഗത്ത് കോഴി വളർത്തൽ, ആടു വളർത്തൽ, പശു വളർത്തൽ എന്നിവക്കു സഹകരണ സംഘങ്ങാ രൂപീകരിക്കുക.

3. സഹകരണ സംഘങ്ങാക്കും ഉപഭോക്താക്കാക്കും നേതൃപരിശീലനവും, വിദഗ്ദോപദേശങ്ങളും നൽകുക.

4. ഉല്പാദന സഹകരണ സംഘങ്ങാ സ്ഥാപിക്കുക.

5. സർവ്വീസു സഹകരണ സംഘങ്ങളുടെ പ്രവർത്തനം വൈവിധ്യവല്കരിക്കുക

6. ജനകീയ ഇടപെടലുകളും പങ്കാളിത്തവും ശക്തിപ്പെടുത്തുക.

7. ജനകീയ ആവശ്യത്തിന്നുള്ള സ്കീമുകാ ക്രഡിറ്റു സംഘങ്ങളിൽകൂടി ആവിഷ്കരിക്കുക.

8. ലോൺ കിട്ടാനുള്ള നിയമങ്ങാ ലളിതമാക്കുകയും പരിധി എടുത്തു കളയുകയും ചെയ്യുക.

പഞ്ചായത്തിലെ സഹകരണ മേഖല പ്രത്യേകിച്ച് ക്രെഡിറ്റ് മേഖല ഇനിയും വിപുലപ്പെടുത്തേണ്ടിയിരിക്കുന്നു. നോൺ ക്രെഡിറ്റ് മേഖലയിലും ഇനിയും ധാരാളം സാധ്യതകാ ഉണ്ട്. അതും വിപുലീകരിക്കാൻ ശ്രമങ്ങാ നടത്തേണ്ടിയിരിക്കുന്നു.

# പട്ടികജാതി
# പട്ടികവർഗ്ഗ ക്ഷേമം

**ച**രിത്രപരമായ കാരണങ്ങളാലും ഇന്ത്യയിലെ സാമൂഹ്യ സാഹചര്യത്തിന്റെ പരിണതിയാലും സമുഹത്തിന്റെ അടിത്തട്ടിൽ നിലകൊള്ളുകയും പുരോഗതിയുടെ പാതയിൽ ബഹുദൂരം പിന്നിൽ നിൽക്കുകയും ചെയ്തിരുന്ന പട്ടിക ജാതി–പട്ടിക വർഗത്തിന്റെ ക്ഷേമത്തിനായി പ്രവർത്തിക്കുക എന്നത് രാഷ്ട്രം പ്രഖ്യാപിത നയമായി സ്വീകരിച്ചു. രാഷ്ട്ര പിതാവ് അക്കാര്യം തന്റെ പ്രവർത്തനത്തിന്റെ പ്രധാന ലക്ഷ്യമായി കണക്കിലെടുക്കുകയും ചെയ്തു. രാജ്യവ്യാപകമായ ഈ ദൃശ സംരംഭങ്ങളാൽ പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗത്തിനും കാര്യമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുല്പറ്റ പഞ്ചായത്ത് ഈ രംഗത്ത് ഏറെ നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും ഇനിയും ബഹുദൂരം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ പട്ടികജാതി സ്ത്രീകൾ കുപ്പായം ധരിക്കാതെ ധാരാളം കല്ല് മാലകൾ കഴുത്തിൽ അണിഞ്ഞ്, എഴുതാനും വായിക്കാനും അറിയാതെ, സാമൂഹ്യവും സാമുദായികവുമായ ദുരാചാരങ്ങൾക്ക് വിധേയമായി വളരെ താഴ്ന്ന ജീവിത നിലവാരം പുലർത്തുന്ന ഒരു ദുരവസ്ഥയിലാണ് കഴിഞ്ഞിരുന്നത് എന്ന കാര്യം നാം അനുസ്മരിക്കേണ്ടതുണ്ട്.

എന്നാൽ ഇപ്പോൾ പട്ടികജാതി വിഭാഗക്കാർ വിദ്യാഭ്യാസ സാമൂഹ്യ രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിക്കാൻ തുടങ്ങിയിട്ടുണ്ട്. പഴയ കാലത്തെ അവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ സാമ്പത്തിക രംഗത്തും ചെറിയ തോതിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യ സാമ്പത്തിക രംഗത്ത് ഏറെകാലം ചൂഷണത്തിന് വിധേയമായിരുന്ന ഈ വിഭാഗത്തിന് വിദ്യാഭ്യാസ പുരോഗതിയും കുടികിടപ്പവകാശവും നേടാൻ കഴിഞ്ഞതും മിച്ചഭൂമി ലഭിച്ചതുമെല്ലാം നമ്മുടെ രാജ്യത്ത് വന്ന സാമൂഹ്യ സാംസ്കാരിക സാമ്പത്തിക മാറ്റത്തിലൂടെയാണ്.

പുല്പറ്റ ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യയിൽ 12 ശതമാനം പട്ടികജാതിക്കാരാണെന്നു കാണാം. ഈ പഞ്ചായത്തിൽ പട്ടിക വർഗ്ഗക്കാരില്ല. 26 അംഗീകൃത കോളനികളും 9 ഓളം അംഗീകരിക്കാത്ത കോളനികളുമുണ്ട്. ഈ കോളനികളിലെല്ലാം കൂടി 632 കുടുംബങ്ങളുണ്ട്. ഇതിൽ 46 കുടുംബങ്ങൾ ഇടകലർന്നു താമസിക്കുന്നവരാണ്. ആകെ 3568 അംഗങ്ങൾ ഈ വിഭാഗങ്ങളിൽ ഉണ്ട്.(വിശദവിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു)

കാലാകാലങ്ങളിലായി നിലനിന്ന്പോന്ന ഉച്ചനീചത്വം ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്ന് പറയാം. സാമൂഹ്യ ചടങ്ങുകളിലും പൊതു പരിപാടികളിലും ഈ വിഭാഗത്തിന് മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ അവസരങ്ങളും പരിഗണനയും ലഭിച്ച് പോരുന്നുണ്ട്.

ഈ വിഭാഗത്തിൽ പെട്ട ആളുകളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് സർക്കാർ നടപ്പാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ട് അത് ഫലപ്രദമാക്കി തീർക്കാനോ പ്രയോജനപ്പെടുത്താനോ കഴിഞ്ഞിട്ടില്ലെന്നത് ഒരു സത്യം മാത്രമാണ്. സർക്കാർ നിരവധി പദ്ധതികൾ ഇവർക്ക് വേണ്ടി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ടെങ്കിലും അത് വേണ്ടത്ര

പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. പട്ടിക ജാതിയുടെ ഉന്നമനത്തിനായി ധാരാളം കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ടെങ്കിലും ഉട നടി പരിഹാരം കാണേണ്ട പ്രധാന പ്രശ്നങ്ങൾ ഇവയാണ്: 1. വീടുകൾ, 2. കുടിവെള്ളം, (3) കക്കൂസ്, (4) വൈദ്യുതി, (5) ഗതാഗത സൗകര്യങ്ങൾ

## വിദ്യാഭ്യാസം

മുൻകാലങ്ങളിൽ പട്ടികജാതി വിഭാഗക്കാർ ഭൂരിപക്ഷവും നിരക്ഷരരായിരുന്നുവെങ്കിലും ഇന്ന് വിദ്യാഭ്യാസ രംഗത്ത് ഗണ്യമായ മാറ്റം വന്നിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളിൽ ഭൂരിഭാഗവും രക്ഷിതാക്കളുടെ അശ്രദ്ധയാലും ബോധകുറവിനാലും കുടുംബബാധ്യതകൾ ഏറ്റെടുക്കേണ്ടിവന്നതിനാലും പഠനനിലവാരത്തിൽ മോശമാവുകയും എസ്.എസ്.എൽ.സി.ക്ക് ശേഷം തുടർന്ന് പഠിക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത കണ്ടുവരുന്നുണ്ട്. 1995-96 അദ്ധ്യയന വർഷത്തിൽ 710 പട്ടിക ജാതി വിദ്യാർത്ഥികളായിരുന്നു പഞ്ചായത്തിലെ സ്കൂളികളിൽ പഠനം നടത്തിയിരുന്നത്. ഇതിൽ 192 കുട്ടികൾ പഠനം ഇടയ്ക്കു വച്ചു നിർത്തുകയുണ്ടായി.

1995-96 ൽ ഈ വിഭാഗത്തിൽ പെട്ട 54 കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷക്കിരിക്കുകയും അതിൽ 7 കുട്ടികൾ പാസ്സാവുകയും ചെയ്തിട്ടുണ്ട്. പുല്പറ്റ പഞ്ചായത്തിൽ വർഷങ്ങൾക്കു മുമ്പ്തന്നെ ഈ വിഭാഗത്തിൽപ്പെട്ടവർ ഉന്നത വിദ്യാഭ്യാസം നേടുകയും സർക്കാർ ഉദ്യോഗം നേടുകയും ചെയ്തിട്ടുണ്ട്. രണ്ട് വർഷത്തിനു മുമ്പ് ഈ പഞ്ചായത്തിൽ നിന്ന് ഈ വിഭാഗത്തിൽപ്പെട്ട ഒരു പെൺകുട്ടി മെഡിസിനും ഒരാൾ സാങ്കേതിക വിദ്യാഭ്യാസത്തിനും പഠിക്കാനുള്ള അർഹത നേടുകയും വിദ്യാഭ്യാസം തുടർന്ന് നടത്തുകയും ചെയ്യുന്നുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ പണി എടുക്കുന്നവരായിരുന്നു. എങ്കിലും അടുത്ത കാലത്ത് കാർഷിക മേഖലയിലുണ്ടായ തകർച്ച ഈ വിഭാഗത്തിൽ പെട്ട ആളുകളുടെ തൊഴിലവസരം നഷ്ടപ്പെടുത്തിയിരിക്കുന്നു. ഈ വിഭാഗത്തിൽ ഭൂരിഭാഗവും നിർമ്മാണ മേഖലയിൽ തൊഴിൽ തേടി പോയിരിക്കുകയാണ്. ഈ രംഗത്ത് തൃപ്തികരമായ കൂലി ലഭിക്കുന്നതിനാൽ പുതിയ തലമുറ കാർഷിക മേഖലയിൽ നിന്ന് പൂർണ്ണമായി മാറിക്കൊണ്ടിരിക്കുന്നു. ഇതു മൂലം നടീൽ, കൊയ്ത്ത് തുടങ്ങിയ പ്രവൃത്തികൾക്ക് തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ട് നേരിടുന്നു. തൊഴിൽ എന്നതിലുപരി ഭക്ഷ്യ ധാന്യവിഭവങ്ങളുടെ ഉല്പാദനവർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കേണ്ടതാവശ്യമായിരിക്കുന്നു. പട്ടികജാതിയിൽപെട്ടവരുടെ വരുമാന മാർഗമായിരുന്ന പായ നെയ്ത്ത്, പനമ്പ് നിർമ്മാണം, കുട്ട നിർമ്മാണം മുതലായ പരമ്പരാഗത കൈതൊഴിൽ നശിച്ച്കൊണ്ടിരിക്കുകയാണ്. ഈ മേഖല പുനരുജ്ജീവിപ്പിക്കുകയും പ്രോൽസാഹനം കൊടുക്കുകയും വേണം.

## പാർപ്പിടം

വീട് നിർമ്മാണത്തിന് നൽകുന്ന സഹായ ധനം കാലോചിതമായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ ഇനിയും സമയമെടുക്കും. കാരണം പഞ്ചായത്തിൽ നിന്നും മറ്റ് ഗവർൺമെന്റ് ഏജൻസികളിൽ നിന്നും ഓരോ വർഷവും ലഭിക്കുന്ന സഹായം മൂലം 25 ഓളം വീടുകളേ നൽകാൻ കഴിയുന്നുള്ളൂ. ആകെയുള്ള പട്ടികജാതിക്കാരിൽ 10% ആളുകൾക്ക് സ്വന്തമായി വീടുവെക്കാൻ ആവശ്യമായ സ്ഥലവും വീട്ടിനുള്ള ധനസഹായവും നൽകിയാൽ മാത്രമേ ഈ അവസ്ഥ പരിഹരിക്കപ്പെടുകയുള്ളൂ. ഉള്ള വീടുകളിൽ തന്നെ ഭൂരിഭാഗത്തിനും കക്കൂസുകളില്ല. ഓരോ വീടിനും ഓരോ കക്കൂസ് നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഗ്രാമസഭാ റിപ്പോർട്ടുകൾ പ്രകാരം 363 വീടും 674 കക്കൂസും ഇനിയും ആവശ്യമായിട്ടുണ്ട്.

## പ്രധാന പ്രശ്നങ്ങൾ

1. കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.

2. ഐ.ആർ.ഡി.പി. പദ്ധതികളും മറ്റ് പദ്ധതികളും മതിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.

3. പട്ടികജാതി വികസന കോർപ്പറേഷനും പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പും അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധന സഹായങ്ങളും ലക്ഷ്യം നേടുന്നില്ല.

4. അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലുള്ള തടസ്സങ്ങൾ.

5. ദാരിദ്ര്യം, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ.

6. ക്ഷേമ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ.

7. മദ്യപാനം കൊണ്ടുള്ള ദൂഷ്യങ്ങൾ

## സാധ്യതകൾ

1. സാമ്പത്തിക സഹായം വേണ്ട വിധത്തിൽ ഉപയോഗിക്കേണ്ടതിനെക്കുറിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തുക.

2.പായനെയ്ത്ത്, കുട്ട, പനമ്പ് എന്നിവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ നടപ്പാക്കുക,

3.അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ പരിശീലനം നൽകുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യുക,

4.പഞ്ചായത്തിൽ പട്ടിക ജാതി സ്ത്രീകളെ ഉൾപ്പെടുത്തി പച്ചകറി തോട്ടങ്ങൾ ഉണ്ടാക്കുകയും വിളകൾ വിറ്റഴിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക,

5.വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റ പണികൾ നടത്തുന്നതിനും വായ്പകൾ ലളിതമായ വ്യവസ്ഥയിൽ ഏർപ്പെടുത്തുക,

6.ഓലമേഞ്ഞ കുടിലുകൾ ഓടിടാനുള്ള സാമ്പത്തിക സഹായം നൽകുക,

7.എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഗ്രാമസഭയ്ക്കും പഞ്ചായത്ത് ബോർഡിനും അധികാരങ്ങൾ നൽകുകയും മേൽനോട്ടത്തിനുള്ള അവസരം സൃഷ്ടിക്കുകയും ചെയ്യുക,

8.പഞ്ചായത്തിലെ തൃപ്പനച്ചി പി.എച്ച്.സി.യിൽ കൂടുതൽ ആളുകളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം ഈ വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ അനുഗ്രഹമാകും,

9.ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന്ന് നടപടിക്രമങ്ങൾ ലളിതമാക്കുകയും ചെയ്യേണ്ടതാവശ്യമാണ്.

---

| ക്രമ നമ്പർ | വാർഡ് | അംഗീകരിച്ച കോളനി | അംഗീകരിക്കാത്ത കോളനി | നിലവിലുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ള വീട് | ആവശ്യമായ കക്കൂസ് |
|---|---|---|---|---|---|---|
| 1 | I | ചോലേംക്കുന്നു | | 26 | 5 | 20 |
| 2. | I | കല്ലേങ്ങൽ | | 11 | 5 | 8 |
| 3. | I | കുന്നിക്കൽ | | 15 | 6 | 8 |
| 4. | I | | ഇല്ലത്തും കുണ്ട് | 8 | 5 | 9 |
| 5. | II | കോളനിയിലല്ലാതെ താമസിക്കുന്നവർ | | 46 | | |
| 6. | II | | | | 16 | 39 |
| 7. | III | കുന്നത്തീരി | | 27 | 19 | 25 |
| 8. | ” | മഠത്തിൽ | | 13 | 19 | 25 |
| 9. | ” | | വലിയ പുരക്കൽ | 8 | 2 | 5 |
| [illegible] | IV | ആലുങ്ങാപറമ്പ് | | 37 | 26 | 44 |
| 11. | ” | അണ്ടിക്കാട്ടിൽ | | 30 | 19 | 34 |
| 12. | ” | പുതിയകുളം | | 15 | 31 | 38 |
| 13. | V | പുളിക്കലക്കണ്ടി | | 17 | 20 | 28 |
| 14. | VI ” | പുളിക്കലക്കണ്ടി (ഐ.എച്ച്.ഡി.പി.) | | 17 | 8 | 17 |
| 15. | ” | നടുവത്ത് കുന്ന് | | 8 | 5 | 14 |
| 16. | ” | നെല്ലിക്കുന്നത്ത് | | 14 | 5 | 12 |
| 17. | ” | മനാറക്കൽ | | 19 | 10 | 29 |
| 18. | ” | കാളികണ്ടത്തിൽ | | 21 | 30 | 40 |
| 19. | ” | | വട്ടുവക്കുണ്ടിൽ | 10 | 3 | 8 |
| 20. | VII | ചെമ്പ്രേരി പുതിയത്ത് | | 7 | 4 | 13 |
| 21. | ” | എളാർപറ്റ | | 29 | 5 | 20 |
| 22. | ” | | പുളിക്കലക്കണ്ടി | 15 | 5 | 13 |
| 23. | VIII | ചാവിൽക്കാട് | | 16 | 17 | 25 |
| 24. | ” | | ചേപ്ളി | 4 | 3 | 5 |
| 25. | ” | | പത്തായക്കോട് | 8 | 5 | 9 |
| 26. | IX | ആക്കം പുറത്ത് | | 24 | 6 | 18 |
| 27. | ” | നീരുഴി | | 12 | 5 | 11 |
| 28. | ” | കച്ചേരിക്കുന്ന് | | 15 | 6 | 14 |
| 29. | ” | കുന്നുംപുറം | | 11 | 5 | 11 |
| 30. | ” | | നെച്ചിത്തടം | 5 | 4 | 7 |
| 31. | X | കണ്ണിപറമ്പ് | | 30 | 8 | 23 |
| 32. | ” | | പട്ടീരി | 5 | 3 | 6 |
| 33. | XI | വട്ടുവക്കുണ്ട് | | 10 | 10 | 15 |
| 34. | ” | നടുവത്ത് | | 17 | 10 | 19 |
| 35. | ” | ഒഴലം കുന്ന് | | 19 | 10 | 20 |
| 36. | ” | | പുതിയത്ത് | 14 | 8 | 15 |
| 37. | XII | ചേലക്കക്കുണ്ട് | | 12 | 10 | 15 |
| 38. | ” | | ആതാടിക്കുന്ന് | 15 | 10 | 15 |



# വിഭവസമാഹരണം

വ ൽപ്പറ്റ പഞ്ചായത്ത് നേരിടുന്ന ഏറ്റവും രൂക്ഷമായ പ്രശ്നം സാമ്പത്തികപരാധീനതയാണ് കെട്ടിടനികുതി. തൊഴിൽ നികുതി, ലൈസൻസ്ഫീ എന്നീ ഇനങ്ങളിൽ നിന്നുള്ള വരുമാനവും ഗവൺമെന്റ് ഗ്രാന്റ്, അൺടൈഡ് ഫണ്ട്, ജെ.ആർ.വൈ. ഫണ്ട് എന്നിവയുമാണ് പ്രധാന സാമ്പത്തികസ്രോതസ്സുകൾ. നികുതിവരുമാനത്തിൽ ലഭിക്കുന്ന തുക ഭരണപരമായ ചെലവുകൾക്ക് വേണ്ടിവരുന്നു. പുതിയ പഞ്ചായത്ത് ആക്ട് വന്നതോടുകൂടി ബോർഡ് അംഗങ്ങൾക്ക് കൊടുക്കേണ്ട അലവൻസുകൂടി കഴിയുമ്പോൾ നികുതിയനങ്ങളിൽ ഒന്നും ശേഷിക്കുന്നില്ലെന്ന അവസ്ഥയാണ്.

വികസനപ്രവർത്തനങ്ങൾ നടത്താൻ ഉപകരിക്കുന്നത് പ്രധാനമായും അൺടൈഡ് ഫണ്ടും ജെ.ആർ.വൈ ഫണ്ടുമാണ്. ഇതുതന്നെ മൊത്തം ലഭിക്കുന്നത് എട്ടുലക്ഷത്തോളം രൂപയാണ്. ഇതിൽ നിന്നുതന്നെ 22.5 ശതമാനം പട്ടികജാതി പട്ടികവർഗ വിഭാഗത്തിനുവേണ്ടി മാത്രമായി മാറ്റി വയ്ക്കപ്പെടുന്നു. ബാക്കിവരുന്ന തുകകൊണ്ടാണ് പഞ്ചായത്തിലെ മറ്റുവികസനപ്രവർത്തനങ്ങൾ നടത്തേണ്ടത്.

ഏറനാട് താലൂക്കിലെ ഗതാഗതസൗകര്യങ്ങൾ ഏറ്റവും കുറഞ്ഞ ഒരു പഞ്ചായത്താണ് പുൽപ്പറ്റ. ആയതിനാൽ ലഭ്യമാകുന്ന ഫണ്ടിനെ അമ്പതുശതമാനത്തിലധികം ഈ മേഖലയിൽത്തന്നെ വിനിയോഗിക്കേണ്ടി വരുന്നു. അതുതന്നെ JRY ഫണ്ടും അൺടൈഡ് ഫണ്ടും നിലവിൽ വന്നതിനുശേഷമാണ് വികസനപ്രവർത്തനങ്ങൾ ചെറിയതോതിലെങ്കിലും നടത്താൻ സാധിച്ചത് പഞ്ചായത്തിലെ പല പ്രദേശങ്ങളും ഇനിയും ബാലികേറാമലയായിത്തന്നെ നിലനിൽക്കുന്നു. ആയതിനാൽ പഞ്ചായത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ എല്ലാ ജനവിഭാഗങ്ങൾക്കും പ്രാപ്യമാകണമെങ്കിൽ പുതിയ റോഡുകൾ പല വാർഡുകളിലും ഉണ്ടായേ തീരൂ.

പഞ്ചായത്തിന്റെ ഇന്നത്തെ വരുമാനസ്രോതസ്സുകൾ പരിശോധിച്ചാൽ പ്രതീക്ഷക്ക് വഴി കാണുന്നില്ല. കാരണം ഈ പഞ്ചായത്തിൽ വ്യവസായസ്ഥാപനങ്ങളോ നികുതി ചുമത്താൻ പറ്റിയ കാർഷിക സംരംഭങ്ങളോ സിനിമാശാലകളോ ഇല്ല. അതിനാൽ കൂടുതൽ വികസനപ്രവർത്തനങ്ങൾ നടത്തണമെങ്കിൽ കൂടുതൽ ധനസഹായം സർക്കാരിൽ നിന്ന് ലഭിച്ചേ മതിയാകൂ എന്നതാണ് വസ്തുത.

പഞ്ചായത്തിന്റെ ചെലവിനങ്ങൾ പരിശോധിച്ചാൽ ഏറ്റവുമധികം തുകവേണ്ടിവരുന്നത് ഭരണച്ചെലവിന് (Establishment) ആണ്. കൃത്യമായിപ്പറഞ്ഞാൽ 339539 രൂപ. ഇത് ആകെ വരുമാനത്തിന്റെ 67.67% വരും. (പട്ടിക കാണുക)

പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ ഏറ്റവുമധികം ചെലവുവരുന്നത് പൊതുമരാമത്തിനു വേണ്ടിയാണ്. ഇത് മൊത്തവരുമാനത്തിന്റെ ഏകദേശം 24-37 ശതമാനം വരുന്നതാണ്. അവയിലേറ്റവുമധികം റോഡുനിർമാണത്തിനും റിപ്പയറിനും വേണ്ടിയാണ്.

പൊതുമരാമത്ത് പണികൾ കോൺട്രാക്ട് അടിസ്ഥാനത്തിലും കൺവീനർ മുഖേനയും പഞ്ചായത്ത് നേരിട്ടും ചെയ്യുന്നു. JRY ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ കൺവീനർ മുഖേനയാണ് ചെയ്യുന്നത്. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച്

പഞ്ചായത്തിന്റെ വരുമാനത്തിന്റെയും വരുമാനവർദ്ധനവിന്റെയും ഒരു ചാർട്ട് താഴെ കൊടുക്കുന്നു.

**പഞ്ചായത്തിന്റെ വരുമാനത്തിന്റെയും വരുമാനവർദ്ധനവിന്റെയും ചാർട്ട്**

| നമ്പർ | ഇനം | 1991-92 | 1995-96 |
|---|---|---|---|
| 1. | കെട്ടിടനികുതി | 44306.40 | 107751.00 |
| 2. | തൊഴിൽ നികുതി | 48453.00 | 53350.00 |
| 3. | ലൈസൻസ് ഫീസ് | 4971.25 | 15512.00 |
| 4. | വസ്തുകൈമാറ്റനികുതി 75% | 123693.00 | 139352.00 |
| 5. | വസ്തുകൈമാറ്റനികുതി 25% | 85000.00 | 175000.00 |
| 6. | സർക്കാർ ഗ്രാന്റുകളും മറ്റും ഒഴിച്ചുള്ള വരവുകൾ | 102044.00 | 280674.00 |
| 7. | ജെ.ആർ.വൈ | 530700.00 | 402545.00 |
| 8. | അൺടൈഡ് ഫണ്ട് | 235437.00 | 362300.00 |

**ചെലവിനങ്ങളുടെ പട്ടിക**

| നമ്പർ | ഇനം | തുക |
|---|---|---|
| 1. | പൊതുമരാമത്ത് | 121808.00 |
| 2. | വിദ്യാഭ്യാസം | 1383.00 |
| 3. | ജലവിതരണം/ഓടകൾ/പൊതുജനാരോഗ്യം | 7352.00 |
| 4. | തെരുവുവിളക്കുകൾ സ്ഥാപിക്കൽ | 11225.00 |
| 5. | മറ്റുള്ളവ | 242615.00 |
| | ആകെ | 723922.00 |

*അവലംബം 1-24 പഞ്ചായത്ത് ഫയൽ*

ചെയ്യുന്ന പ്രവൃത്തികൾ കോൺട്രാക്ട് അടിസ്ഥാനത്തിലും അൺടൈഡ് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ പഞ്ചായത്ത് നേരിട്ടും ചെയ്യുന്നു.

സാമൂഹ്യക്ഷേമത്തിനുവേണ്ടിയും പഞ്ചായത്ത് നല്ലൊരു ശതമാനം തുക ചെലവഴിക്കുന്നുണ്ട്. ദാരിദ്ര്യരേഖക്കുതാഴെയുള്ള ജനവിഭാഗങ്ങൾക്ക് വീടും കക്കൂസും നിർമ്മിക്കാൻ പഞ്ചായത്ത് ധനസഹായം നൽകിയിട്ടുണ്ട്.

5000 രൂപ ചെലവഴിച്ചുകൊണ്ടുള്ള റോഡ് റിപ്പയർ വർക്കുകൾ എല്ലാവാർഡിലും നടത്തുന്നുണ്ട്. ഈ റിപ്പയർകൊണ്ട് കാര്യമായ ഗുണം ഉണ്ടാകുന്നില്ലെന്നുമാത്രമല്ല ഫണ്ട് പാഴായിപ്പോകാൻ ഇടവരികയും ചെയ്യുന്നു. 95-96-ൽത്തന്നെ 1,20,000 രൂപ ഈ ഇനത്തിൽ ചെലവഴിക്കേണ്ടിവന്നിട്ടുണ്ട്. പഞ്ചായത്തിന്റെ ധനസ്ഥിതി വച്ചുനോക്കുമ്പോൾ ഇത് ഭീമമായ ഒരുതുകയാണ്. അതുകൊണ്ട് പഞ്ചായത്തിലെ റോഡ് സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്തം ആ റോഡുകൊണ്ട് പ്രയോജനം കിട്ടുന്ന ജനങ്ങളും റോഡ് സ്ഥിതി ചെയ്യുന്ന വാർഡിലെ വികസനസമിതിയും ചേർന്നു നിർവഹിക്കേണ്ടതാണ്.

പഞ്ചായത്ത് ആക്ട് പ്രകാരം പഞ്ചായത്ത് ഭരണസമിതികൾക്ക് ധാരാളം അധികാരങ്ങൾ കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. ആരോഗ്യകേന്ദ്രങ്ങൾ, കൃഷിഭവൻ, പ്രൈമറിസ്കൂൾ തുടങ്ങിയവ ഇപ്പോൾ ഗ്രാമപഞ്ചായത്തിന്റെ കീഴിലാണ്. അധികാരം കൈമാറിയതനുസരിച്ചുള്ള സാമ്പത്തികവിഭവങ്ങൾ നൽകിയെങ്കിൽ മാത്രമേ പഞ്ചായത്തുകൾക്ക് സുഗമമായി പ്രവർത്തിക്കാനാകൂ.

സെൻ കമ്മീഷന്റെയും ഫിനാൻസ് കമ്മീഷന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വരുന്ന മാറ്റങ്ങൾ പഞ്ചായത്തുകൾക്ക് സാമ്പത്തികപരാധീനത പരിഹരിക്കാൻ പര്യാപ്തമാകുമെന്ന് പ്രതീക്ഷിക്കാം. ഇതിന്റെ സൂചനയായി അൺറ്റൈഡ് ഫണ്ടിനെ കാണാം. കഴിഞ്ഞ കാലവർഷങ്ങളിൽ മൂന്ന് ലക്ഷത്തിൽപ്പരം രൂപ ലഭിച്ച സ്ഥാനത്ത് ഇപ്പോൾ പതിനൊന്ന് ലക്ഷത്തിൽപ്പരം രൂപ കിട്ടി. എന്നാൽ എല്ലാ നിലയിലും പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്ത് കൂടുതൽ ഫണ്ടുകൾ ഇനിയും കിട്ടിയെങ്കിൽ മാത്രമേ വികസനരംഗത്ത് ആശാവഹമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ.

### പഞ്ചായത്തിനകത്തെ ധനകാര്യസ്ഥാപനങ്ങൾ

പുൽപ്പറ്റ പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങൾ തൃപ്പനച്ചിയിലെ ഗ്രാമീണബാങ്ക്, പുൽപ്പറ്റ സർവീസ് സഹകരണ ബാങ്ക്, പുൽപ്പറ്റ പട്ടികജാതി-പട്ടികവർഗ വികസന ബാങ്ക് എന്നിവയാണ്. സ്വകാര്യധനവിനിമയസ്ഥാപനങ്ങൾ ഇവിടെ ഇല്ലെന്നുതന്നെ പറയാം. എങ്കിലും ചെറിയതോതിൽ അമിതപലിശക്ക് വായ്പ നൽകുന്ന സ്വകാര്യവ്യക്തികളും സ്വകാര്യസംഘങ്ങളുമുണ്ട്.

പട്ടിക (2) ൽ കാണിച്ച ധനകാര്യസ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന വായ്പകൾ പഞ്ചായത്തിനകത്തുള്ള സാമ്പത്തിക പരാധീനതകൾ പരിഹരിക്കാൻ പര്യാപ്തമല്ല. കൂടുതൽ ധനകാര്യസ്ഥാപനങ്ങളും വായ്പാസൗകര്യങ്ങളും ഉണ്ടാകേണ്ടതുണ്ട്.

പഞ്ചായത്തിലെ എല്ലാ വാർഡുകളിൽനിന്നും കുറേയധികം ചെറുപ്പക്കാർ ജോലിതേടി ഗൾഫിലേക്ക് പോകുന്നുണ്ട്. ഇവരിലധികവും ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളവരോ സാങ്കേതികപരിജ്ഞാനമുള്ളവരോ അല്ല. അതുകൊണ്ടുതന്നെ മെച്ചപ്പെട്ട ജോലികൾ കിട്ടുന്നില്ല. എങ്കിലും ചെറിയതോതിലുള്ള വിദേശനാണയവരുമാനം നാട്ടിലെത്തിക്കാൻ ഇവർക്ക് സാധിക്കുന്നുണ്ട്. പക്ഷേ, ഇങ്ങനെ സമ്പാദിക്കുന്ന പണത്തിന്റെ 75%വും കെട്ടിട നിർമാണരംഗത്താണ് വിനിയോഗിക്കപ്പെടുന്നത്. ഈ വരുമാനത്തിന്റെ ഒരംശമെങ്കിലും പ്രത്യുല്പാദനപരമായ ഏതെങ്കിലും സംരംഭങ്ങളിൽ മുടക്കിയാൽ പഞ്ചായത്തിൽ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കും.

പുൽപ്പറ്റപോലുള്ള പഞ്ചായത്തുകളിൽ വികസനപ്രവർത്തനം ത്വരിതപ്പെടുത്തണമെങ്കിൽ ബഹുജനപങ്കാളിത്തം കൂടിയേതീരൂ. മനുഷ്യശക്തിയുടെ കാര്യത്തിൽ സമ്പന്നമായ നമ്മുടെ നാട്ടിൽ സന്നദ്ധപ്രവർത്തനങ്ങളിലൂടെ നിരവധി പ്രവർത്തനങ്ങൾ നടത്താനാകും. പുനരർപ്പണദിനത്തിൽ (96 നവംബർ 1) പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും നടന്ന സന്നദ്ധപ്രവർത്തനങ്ങൾ ഇതിനൊരു ഉദാഹരണമാണ്. ഇത്തരം പ്രവർത്തനങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാനസാധ്യതകൾ പൂർണമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
2. ഭരണച്ചെലവിലെ വർദ്ധനവ്, പഞ്ചായത്തിന്റെ സാമ്പത്തികപരാധീനത.
3. കോൺട്രാക്ടർമാരുടേയും മറ്റു ഇടത്തട്ടുകാരുടേയും അമിതലാഭം.
4. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ ലഭിക്കുന്നതിനുള്ള കാലതാമസം.
5. സന്നദ്ധപ്രവർത്തനങ്ങളിലെ താല്പര്യക്കുറവ്.
6. ചെറുകിടവ്യവസായങ്ങൾ ഇല്ല.
7. നികുതി ലഭിക്കാവുന്ന കൂടുതൽ സംരംഭങ്ങളില്ല.
8. ഗൾഫിൽ നിന്നുവരുന്ന പണം നിർമാണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല.

(പട്ടിക -2) **പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങളുടെ വായ്പവിതരണവിവരം**

| നമ്പർ | സ്ഥാപനം | കാർഷികം | കാർഷികേതരം | CCDP | IRDP |
|---|---|---|---|---|---|
| 1 | പുൽപ്പറ്റ സർവീസ് സഹകരണബാങ്ക് | 2677596 | 125479 | 85783 | 3140 |
| 2 | പുൽപ്പറ്റ പട്ടികജാതി സർവീസ് സഹകരണസംഘം | 149005 | 211469 | – | – |
| 3 | സൗത്ത് മലബാർ ഗ്രാമീണബാങ്ക് ശാഖ- തൃപ്പനച്ചി | 5852710 | 5828669 | – | – |

## സാധ്യതകൾ

1. നികുതിപിരിവ് ശാസ്ത്രീയമാക്കൽ
2. നികുതി വെട്ടിപ്പ് തടയുക
3. നികുതിയുടെ മിനിമം നിരക്ക് വർദ്ധിപ്പിക്കാൻ പറ്റുമോ എന്നാലോചിക്കൽ
4. പുതിയ നികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തൽ
5. സന്നദ്ധപ്രവർത്തനങ്ങളിലൂടെ മനുഷ്യവിഭവശേഷി പരമാവധി വിനിയോഗിക്കാൻ ശ്രമിക്കുക, ഓരോ വാർഡിലും വികസനസമിതികൾ രൂപീകരിക്കുക.
6. വിദ്യാഭ്യാസ ആരോഗ്യക്ഷേമപ്രവർത്തനങ്ങൾക്ക് നിധി സംഭരിക്കൽ
7. ചെറുകിടവ്യവസായങ്ങൾക്ക് പ്രോത്സാഹനങ്ങൾ നൽകൽ
8. പഞ്ചായത്തിലെ ചെലവുകൾ സുതാര്യമാക്കൽ
9. കണക്കുകൾ ഗ്രാമസഭകളിൽ അവതരിപ്പിക്കുക
10. പുതിയ മാർക്കറ്റുകൾ, ആഴ്ചച്ചന്തകൾ, സിനിമാശാലകൾ തുടങ്ങിയ നികുതി മേഖല വിപുലപ്പെടുത്താൻ കഴിയുന്ന മാർഗങ്ങൾ ആരായുക.
11. വിദേശത്തുനിന്നും ലഭിക്കുന്ന പണം പ്രത്യുല്പാദനപരമായ രംഗത്ത് വിനിയോഗിക്കുക.

OO

# ഉപസംഹാരം

വികസനമെന്നാൽ ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയയാണ് എന്ന് പറയാം. പക്ഷേ ജനമനസ്സുകളിൽ നല്ലൊരു ഭാഗം ഇന്നും റോഡും പാലവും, കുടിവെള്ളവും തെരുവ് വിളക്കുകളുമായാൽ വികസനമായി എന്ന് ധരിക്കുന്നവരാണ്. നമ്മുടെ ഉൽപാദന മേഖലകളായ കാർഷിക വ്യവസായിക മേഖല ശക്തിപ്പെട്ടാലേ വികസനം പൂർണ്ണമാകൂ എന്ന ധാരണയിലേക്ക് ക്രമേണ ജനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. കാർഷികവ്യാവസായിക മേഖലകളുടെ വളർച്ചയും, സേവനതുറകളുടെ ഗുണനിലവാരവുമാണ് ഇന്ന് നമ്മുടെ നാടിന് ഏറ്റവും അത്യന്താപേക്ഷിതമായിട്ടുള്ളത്.

ജനകീയ പ്രശ്നങ്ങളും, വികസനവും സർക്കാർ ആഫീസുകളിലെ ചുവപ്പ് നാടയ്ക്കുള്ളിൽ കുരുങ്ങികിടക്കുന്ന പ്രവണതയ്ക്ക് മാറ്റം വന്നേ തീരൂ. ഭരണതലത്തിൽ താഴെ തട്ട് തൊട്ട് മുകളിലേക്ക് വ്യാപിച്ചു കിടക്കുന്ന അഴിമതിക്കും, പിടിപ്പുകേടിനും അന്ത്യമുണ്ടാകണം. ഇതിനാവശ്യം ജനകീയ ഇടപെടലുകളും അധികാര വികേന്ദ്രീകരണവും ആണ്.

ഫണ്ടില്ലാതെ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയില്ല. എന്നാൽ എല്ലാറ്റിനും സർക്കാർ പഞ്ചായത്ത് തലഫണ്ട് വരട്ടെ എന്ന് കരുതി കാത്തിരിക്കുന്നതും ഭൂഷണമല്ല. ഇവിടെ ഒരു പുതിയ വികസന സംസ്കാരം വികസന പ്രവർത്തനങ്ങൾക്ക് ജനകീയ സഹകരണം ഉണ്ടാകേണ്ടിയിരിക്കുന്നു. ദേശീയ പുനരർപ്പണദിനത്തോടനുബന്ധിച്ച് നമ്മുടെ പഞ്ചായത്തിൽ നടന്ന ശ്രമദാനപ്രവർത്തനങ്ങൾ ജനകീയ സഹകരണം നമ്മുടെ പഞ്ചായത്തിലും സാദ്ധ്യമാവും എന്നു കാണിക്കുന്നു. ഇത് പ്രതീക്ഷക്ക് വക നൽകുന്നു.

പഞ്ചായത്ത് രാജ് നിയമങ്ങളിലൂടെ അധികാര വികേന്ദ്രീകരണം ഒരളവോളം സാധിക്കുന്നു. ജനകീയാസൂത്രണത്തിലൂടെ ആസൂത്രണ വികേന്ദ്രീകരണവും നടപ്പിലാക്കാൻ കഴിയും. ജനങ്ങളുടെ സഹകരണവും കൂടി ലഭിച്ചാൽ നമ്മുടെ നാടിന്റെ മുഖഛായ തന്നെ മാറും.

അഭിവാദനങ്ങളോടെ

പുല്പറ്റ ഗ്രാമ പഞ്ചായത്ത്

പി.മൊയ്തീൻ കുട്ടി ഹാജി
പ്രസിഡന്റ്.

# വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പ്

പി. മൊയ്തീൻകുട്ടി ഹാജി (പ്രസിഡന്റ്)
ഇ.കെ. ആയിശ (വൈസ് പ്രസിഡന്റ്)
എം.സി. കുഞ്ഞാലൻ കുട്ടി. (ബ്ളോക്കു പഞ്ചായത്ത് മെമ്പർ)
രോഹിണി മുത്തൂർ (ബ്ളോക്ക് പഞ്ചായത്ത് മെമ്പർ)
വി.പി. മൊയ്തീൻ കുട്ടി (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)
പി.കെ. ഉണ്ണികൃഷ്ണൻ (പഞ്ചായത്ത് മെമ്പർ)
തയ്യിൽ അലവിഹാജി (")
ടി.പി. മഹബൂബ് (")
കെ.അബ്ദുറഹിമാൻ ഹാജി (")
ഗിരിജ വിജയൻ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി)
പി.ഡി. നമ്പീശൻ (ഡി.ആർ.പി. കൺവീനർ)
ഒ.പി. ആലിബാപ്പു (കോ-ഓർഡിനേറ്റർ
ഒ.പി.കെ. അബ്ദുൽ ഗഫൂർ (ഡി.ആർ.പി)
പി. അബ്ദുസ്സലാം (")
സബാഹ് പുൽപറ്റ (")
ചന്ദ്രശേഖരൻ മാസ്റ്റർ (")
ഇ.അബൂബക്കർ (")
ഒ.പി. അബ്ദുൽ ലത്തീഫ് (")
സി. അബ്ദുൽജബ്ബാർ
പി. അബ്ദുൽ ലത്തീഫ് (എൽ.ആർ.പി.)
മുഹമ്മദ് ടി.കെ. (")
എ.എം. അബൂബക്കർ (")
സി. ദേവദാസ് (")
രാമൻകുട്ടി മാസ്റ്റർ (")
ഇവി വിശ്വനാഥൻ (")
എ.എം. സനാവുള്ള (")
ടി.പി. സൈതലവി (")
കെ. കുട്ടൻ (പഞ്ചായത്ത് ആഫീസ്)
ഡോ: അബ്ദുറസാഖ് (മൃഗാശുപത്രി)
വിജയൻ (കൃഷിഭവൻ)
ബേബി. (വില്ലേജ് ഓഫീസ്)
എസ്. സുപ്രസാദ് ചന്ദ്രപിള്ള

- പഞ്ചവൽസര പദ്ധതികൾ ജനക്ഷേമത്തിന്
- ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
- അധികാരം ജനങ്ങൾക്ക്
- ഗ്രാമസഭകളിലൂടെ ഗ്രാമീണാസൂത്രണം.



പുൽപറ്റ പഞ്ചായത്ത്

- നാൽപത് ശതമാനം പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്.
- വികസന പ്രവർത്തനത്തിന് ജനകീയ പങ്കാളിത്തം
- പുത്തൻ രാഷ്ട്രീയ സംസ്കാരം രൂപം കൊള്ളുന്നു.

